# ആമുഖം

**ജാ**തിമത രാഷ്ട്രീയ ഭേദമെന്യേ പ്രഗത്ഭരായ മഹത്‌വ്യക്തികൾ അലങ്കരിച്ച താണ് ഇന്ത്യയുടെ പരമോന്നത നേതൃസ്ഥാനം. രാഷ്ട്രപിതാവ് മോഹിച്ചതുപോലെ; അംബേദ്കറെപോലുള്ള രാഷ്ട്രശില്പികൾ സ്വപ്നം കണ്ടതുപോലെ, ഹരി ജൻവരെ ആ പദവിയെ പ്രാപിച്ചു. തങ്ങളുടെ കഴിവും വ്യക്തിത്വവും കൊണ്ട വർ അതിനുള്ള യോഗ്യത തെളിയിക്കുകയും ചെയ്തു. ചരിത്രത്തിൽ ആദ്യ മായി ആ സ്ഥാനത്തേക്ക് ഒരു വനിത കടന്നുവരുന്നത് 33% സംവരണത്തിന്റെ കനമുള്ള കമ്പിളി പുതപ്പിനടിയിലിരുന്ന് ഇന്ത്യൻ സ്ത്രീകൾ ഉൾക്കുളിരോടെ കണ്ടിരിക്കുമ്പോഴാണ് ഒരു സാദാരാഷ്ട്രീയകാരിയുടെ നിലവാരത്തിൽ അഭി പ്രായ പ്രകടനവും അതിനകമ്പടിയായി വിവിധ കക്ഷികളുടെ മാധ്യമ കമെന്റുകളും!

ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്ക് ജനങ്ങളാലോ ജനങ്ങൾക്കുവേ ണ്ടിയോ ആനയിക്കപ്പെടുന്ന മഹത്‌വ്യക്തികളോട് ഒരപേക്ഷ. കേവലം പബ്ലി സിറ്റിക്കോ അവസര താൽപര്യങ്ങൾക്കു വേണ്ടിയോ ഒരു രാഷ്ട്രത്തിലെ വലി യൊരു വിഭാഗത്തിന്റെ വിശ്വാസാചാരങ്ങളെ പരിഹസിക്കുന്നതും അവഗണി ക്കുന്നതും ഒട്ടും ശോഭനീയമല്ല. വസ്തുനിഷ്ഠമായി ചിന്തിക്കുകയും സംസാ രിക്കുകയും ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുന്ന നേതാക്കളെയാണ് ഈ നാട്ടിലെ സാധാരണക്കാരൻ കൊതിക്കുന്നത്.

പ്രതിഭയുണ്ടെന്നു കരുതിയ പ്രതിഭാമാഡം പർദ്ദയെ കേവലം ഒരു രാജവംശ ത്തിന്നെതിരായി തയ്യാറാക്കപ്പെട്ട കാലഹരണപ്പെട്ട കവചമായി വിശേഷിപ്പിച്ചത് ഖേദകരം തന്നെ. അവസരം മുതലെടുത്ത് അതേറ്റുപാടിയ വർഗ്ഗീയപാർട്ടികളാണ് ഈ നാടിന്റെ ശാപം. ഭാരതീയ പുരാണേതിഹാസങ്ങളിൽ ചുരുങ്ങിയപക്ഷം ശകു ന്തളയും, കുരുവംശസ്ത്രീകളും മുഖപടമണിഞ്ഞിരുന്നത് (പർദ്ദ) മുഗളന്മാ രിൽനിന്നും രക്ഷപ്പെടാനായിരുന്നിരിക്കയില്ലല്ലോ; രജപുത്രരിപ്പോഴും അതു തുട രുന്നില്ലേ? ജൂതക്രൈസ്തവ ജനതയും മുഗളരെ പേടിച്ചിരിക്കാനിടയില്ല. അവശ്യ സന്ദർഭങ്ങളിലൊഴികെ മുസ്‌ലിംകൾ മുഖം മറക്കേണ്ടതില്ല- ലോകമെമ്പാടു മുള്ള കന്യാസ്ത്രീകളെപോലെ! ഇസ്‌ലാമിക അസഹിഷ്ണുതയാണ്

അത്. ഉത്തരവാദിത്തപ്പെട്ട സാമൂഹിക സാംസ്കാരിക ജന നേതാക്കൾ പ്രതികരിക്കുമ്പോൾ ചരിത്ര വർത്തമാന ബോധത്തോടെ സൂക്ഷിച്ചുവേണം സംസാരിക്കാൻ.

ഇന്നു ലോകത്ത് സ്ത്രീകളുടെ നേരെയുള്ള അക്രമത്തിന്റെ 90% തടയുവാൻ പർദ്ദയുടെ യാഥാർത്ഥ്യബോധത്തോടെയുള്ള ഉപയോഗത്താൽ കഴിയുമെന്നതിന് സംശയം വേണ്ട. പരീക്ഷിച്ചുനോക്കാവുന്നതാണ്. ബാഹ്യമായി ഇന്നുകാണുന്ന ഡിസ്ക്കോ പർദ്ദയല്ല ഉദ്ദേശ്യം. വിശുദ്ധഖുർആൻ മനസ്സിലാക്കിത്തന്ന പർദ്ദ- അതിനുകാരണമായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നത് നിങ്ങൾ തിരിച്ചറിയപ്പെടാതിരിക്കാനും ആക്രമിക്കപ്പെടാതിരിക്കാനും വേണ്ടിയത്രെ! ഭാരതമെന്ന മഹത്തായ സംസ്കൃതിയുടെ പ്രഥമ പൗരസ്ഥാനത്തേക്ക് പരിഗണിക്കപ്പെട്ട മഹിളയുടെ പ്രതിഭയില്ലായ്മ തീർത്തും നിരാശജനകം തന്നെ, എന്നേ പറയാൻ കഴിയൂ.

ഈ ലക്കം ഇറങ്ങും മുമ്പേ തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഇന്ത്യയുടെ ആദ്യവനിതാരാഷ്ട്രത്തലവിക്ക് (പത്നിയെന്ന് ഭാരതമാതാവിനോട് പറയാൻ പറ്റില്ലല്ലോ!!) ഭാവുകങ്ങൾ..... പ്രാർത്ഥനകൾ......... വിരമിക്കുന്ന ഇന്ത്യയുടെ മഹാപ്രതിഭയ്ക്ക് നന്മനിറഞ്ഞ ആശംസകൾ..... രാഷ്ട്ര സേവനത്തിനായി പുതിയ പാതകൾ തെളിയുമാറാകട്ടെ.

ഈ ലക്കം അന്നൂർ ഇറങ്ങുമ്പോഴേക്കും റമളാൻ ആഗതമാകുന്നു. നന്മയിൽ സൃഷ്ടിസേവനത്തിൽ തഖ്‌വയിൽ മുന്നേറാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ. മാന്യവായനക്കാർക്ക് അന്നൂറിന്റെ റമസാൻ ആശംസകൾ.

എഡിറ്റർ

# ഖുർആനിൽ നിന്ന്

"അല്ലാഹുവിനോടൊപ്പം നീ മറ്റൊരു ആരാധ്യനെ കല്പിച്ചുവെക്കരുത്. അങ്ങനെ ചെയ്യുന്നതായാൽ നീ അധിക്ഷിപ്തനും നിസ്സഹായനുമായിപ്പോകും. തന്നെയല്ലാതെ മറ്റാരേയും ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു; മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറണമെന്നും അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ (നിന്റെ ജീവിതകാലത്ത്) വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോട് 'ഛെ' എന്ന് (പോലും) പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്ത് സംസാരിക്കുകയുമരുത്. അവർ രണ്ടുപേരോടും മാന്യമായ വാക്കു പറയുക. കരുണാർദ്രനായി നീ അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക. 'എന്റെ നാഥാ! അവർ രണ്ടുപേരും എന്നെ ചെറുപ്രായത്തിൽ പോറ്റിവളർത്തിയതുപോലെ നീയും അവർക്ക് കരുണ ചെയ്യേണമേ' എന്നു പ്രാർത്ഥിക്കുകയും ചെയ്യുക.

നിങ്ങളുടെ നാഥൻ നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് നല്ലപോലെ അറിയുന്നവനാണ്. നിങ്ങൾ സദ്വൃത്തരാവുന്നതായാൽ (അറിയുക), തീർച്ചയായും പശ്ചാത്തപിച്ച് മടങ്ങിക്കൊണ്ടിരിക്കുന്നവർക്ക് അവൻ സർവ്വഥാ പൊറുത്തുകൊടുക്കുന്നവനാണ്. അടുത്തബന്ധുവിന് അവന്റെ അവകാശം നല്കുക; അഗതിക്കും യാത്രക്കാരനും (അവരുടെ അവകാശവും) ഒരുവിധത്തിലും ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാണ്. പിശാചാകട്ടെ തന്റെ നാഥനോട് വളരെ നന്ദികെട്ടവനുമാണ്." (വിശുദ്ധഖുർആൻ, 17:23-28).

# തിരുനബിവചനങ്ങൾ

അബു ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. റസൂൽ(സ) അരുൾ ചെയ്തു. അല്ലാഹു പറയുന്നു വ്രതം ഒഴികെയുള്ള മനുഷ്യന്റെ കർമ്മങ്ങളെല്ലാം അവനുള്ളതാണ്. വ്രതം എനിക്കുള്ളതാകുന്നു. ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്. വ്രതം (പാപത്തിന്നെതിരെയുള്ള) ഒരു പരിചയാണ്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും വ്രതമനുഷ്ഠിക്കുകയാണെങ്കിൽ അയാൾ അനാവശ്യമായി സംസാരിക്കരുത്. അമിതമായി ശബ്ദിക്കയുമരുത്. ആരെങ്കിലും അയാളെ ശകാരിക്കുകയോ, അയാളോട് ശണ്ഠകൂടുകയോ ചെയ്യുന്നുവെങ്കിൽ 'ഞാൻ നോമ്പുകാരനാണ്' എന്നയാൾ പറയട്ടെ. ആയിശ(റ) നിവേദനം ചെയ്യുന്നു. റമസാൻ മാസത്തിലെ അവസാനത്തെ പത്തുദിവസം തിരുനബി(സ) പള്ളിയിൽനിന്ന് പുറത്തുപോകാതെ പ്രാർത്ഥനാനിരതനായി (ഇഅ്തികാഫ്) ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചരമത്തിനുശേഷം അദ്ദേഹത്തിന്റെ ഭാര്യമാർ അതുപോലെതന്നെ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. (ബുഖാരി).

# നബിവചനങ്ങൾ

ശഅ്ബാൻ മാസത്തിന്റെ അവസാനം നടത്തിയ ഒരു ഉപദേശപ്രസംഗത്തിൽ നബി(സ) തിരുമേനി പറഞ്ഞു: ''അല്ലയോ ജനങ്ങളേ, മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണത്. ആയിരം രാവുകളേക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്ക്കാരം ഐച്ഛികപുണ്യമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമ്മവും ചെയ്ത് ദൈവസാമീപ്യം തേടുന്നവൻ ഇതര മാസങ്ങളിൽ ഒരു നിർബന്ധകർമ്മം അനുഷ്ഠിച്ചവനെ പോലെയാണ്. ഈ മാസത്തിൽ ഒരു നിർബന്ധകർമ്മം ചെയ്യുന്നവൻ മറ്റ് ദിവസങ്ങളിൽ എഴുപത് നിർബന്ധകർമ്മങ്ങൾ അനുഷ്ഠിച്ചവനെപോലെയാണ്. റമസാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർദ്ധനവുണ്ടാകുന്ന മാസവുമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പു തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലം ഒട്ടും കുറയാതെ തന്നെ അത്രയും പ്രതിഫലം നോമ്പു തുറപ്പിച്ചവനും ലഭിക്കും. ഇതുകേട്ടപ്പോൾ സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളിൽ എല്ലാവർക്കും നോമ്പു തുറപ്പിക്കാനുള്ള കഴിവില്ലല്ലോ. നബി(സ) തിരുമേനി പറഞ്ഞു: ഒരു കവിൾ പാലോ ഒരു ചുള കാരക്കയോ ഒരു ഇറക്ക് വെള്ളമോ കൊണ്ട് നോമ്പു തുറപ്പിക്കുന്നവനും ഈ പ്രതിഫലം ലഭിക്കുന്നതാണ്. ഒരു നോമ്പുകാരന് വയറ് നിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ ജലാശയത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹിക്കുകയില്ല. ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മധ്യം പാപമോചനവും അവസാനം നരകവിമുക്തിയുമാണ്. ആരെങ്കിലും റമസാനിൽ തന്റെ അടിമക്ക് ജോലിയിൽ ഇളവ് നല്കിയാൽ അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നതും നരകത്തിൽനിന്നും മോചിപ്പിക്കുന്നതുമാണ്.

''വല്ലവനും അനാവശ്യമായ സംസാരങ്ങളും ദുഷ്പ്രവൃത്തികളും ഉപേക്ഷിക്കുന്നില്ലെങ്കിൽ ഭക്ഷ്യപാനീയങ്ങൾ ഉപേക്ഷിക്കുന്നത് അല്ലാഹുവിന് ആവശ്യമില്ല.'' (ബുഖാരി)

“എത്രയെത്ര നോമ്പുകാർ! നോമ്പുമൂലം ദാഹമല്ലാതെ അവർക്ക് കിട്ടുന്നില്ല. എത്രയെത്ര രാത്രി നമസ്കാരക്കാർ! രാത്രി നമസ്കാരം കൊണ്ട് അവർക്ക് നിദ്രാനഷ്ടമല്ലാതൊന്നും ലഭിക്കുന്നില്ല.”

''വിശ്വാസത്തോടും പ്രതിഫലേച്ഛയോടുംകൂടി ആരെങ്കിലും റമസാനിൽ വ്രതമനുഷ്ഠിച്ചാൽ അവന്റെ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.”

“അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു മനുഷ്യൻ ഒരു ദിവസം നോമ്പനുഷ്ഠിക്കുന്നതായാൽ അവന്റെ മുഖം നരകത്തിൽനിന്ന് എഴുപതുവർഷത്തെ സഞ്ചാരദൂരത്തേക്ക് അകറ്റപ്പെടുന്നതാകുന്നു.'' (ബുഖാരി, മുസ്ലിം)

യാത്രയിലെ വ്രതത്തെ സംബന്ധിച്ച് പറയുന്നു: “നീ ഉദ്ദേശിക്കുകയാണെങ്കിൽ നോമ്പെടുക്കാം. ഉദ്ദേശിക്കുകയാണെങ്കിൽ ഉപേക്ഷിക്കാം.'

യാത്രയിൽ കഷ്ടപ്പെട്ട് നോമ്പെടുത്ത ഒരാളോട് പറഞ്ഞു: “യാത്രയിൽ നോമ്പെടുക്കുന്നത് പുണ്യകരമൊന്നുമല്ല.” (ബുഖാരി, മുസ്ലിം)

അത്താഴത്തെക്കുറിച്ച് പറയുന്നു: “അത്താഴം മുഴുവൻ നന്മയാണ്. അല്പം വെള്ളം കുടിച്ചിട്ടാണെങ്കിലും നിങ്ങളത് ഉപേക്ഷിക്കരുത്. നിശ്ചയം അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവരുടെ മേൽ കാരുണ്യം ചൊരിയും.” (അഹ്മദ്)

''നിങ്ങൾ അത്താഴം കഴിച്ചുകൊള്ളുക. തീർച്ചയായും അത്താഴത്തിൽ ബർക്കത്തുണ്ട്.” (ബുഖാരി)

“വല്ലവനും എന്റെ പേരിൽ സ്വലാത്ത് ചൊല്ലിയാൽ അത് കാരണമായി അല്ലാഹു അവന് പത്തുതവണ അനുഗ്രഹം നേരുന്നു.” (മുസ്ലിം)

“നോമ്പുകാലമായാൽ ആരും ശബ്ദകോലാഹലങ്ങളുണ്ടാക്കുകയോ വേണ്ടാവൃത്തികൾ ചെയ്യുകയോ അരുത്. തന്നോട് ആരെങ്കിലും വഴക്കുകൂടാനോ വക്കാണമുണ്ടാക്കാനോ വന്നാൽ ഞാൻ നോമ്പുകാരനാണ് എന്ന് പറഞ്ഞ് അവൻ മാറിനിന്നുകൊള്ളട്ടെ.” (ബുഖാരി, മുസ്ലിം)

“റമസാൻ മാസം ആഗതമായാൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടും. നരകകവാടങ്ങൾ അടക്കപ്പെടും.

പേജ് 39-ൽ

# ദൈവിക സംരക്ഷണത്തിന്റെ രഹസ്യം

ഹദ്റത്ത് മസീഹ് മൗഊദ്(അ)

**ശ**ഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ എന്ന ആയത്തിൽനിന്ന് പരിശുദ്ധറമസാന്റെ മഹത്വം മനസ്സിലാകുന്നു. ഈ മാസം മനഃസംസ്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയ ദർശനശക്തി ലഭിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽനിന്നും ദൂരപ്പെടുക എന്നും മനഃസംസ്കരണമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവത്തെ കാണുവാൻ സാധിക്കുക എന്നുമാണുദ്ദേശ്യം. ഉൻസില ഫീഹിൽ ഖുർആൻ എന്ന ആയത്ത് ഇതിലേക്കുള്ള സൂചന നല്കുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്വപൂർണ്ണമാണെന്നതിൽ സംശയമില്ല. എന്നാൽ, വിവിധതരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽനിന്ന് തടഞ്ഞു നിറുത്തുന്നു. എനിക്കോർമ്മയുണ്ട്. എന്റെ യൗവ്വനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലുബൈത്തിന്റെ ചര്യയിൽപ്പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് സൽമാനും മിന്നാ അഹ്‌ലുൽബൈത്തി എന്ന് അരുൾചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് രണ്ടുവിധത്തിലുള്ള സമാധാനം എന്നാണർത്ഥം. അതായത്, ആന്തരീകവും ബാഹ്യവുമായ സമാധാനങ്ങൾ– ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവ്വഹിക്കുക. വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നല്കുന്നുവെന്നെനിക്കുതോന്നി. അങ്ങനെ ഞാൻ തുടരെ ആറുമാസക്കാലം നോമ്പനുഷ്ഠിച്ചു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നുപോകുന്നതായെനിക്കു കാണുവാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽനിന്ന് ആകാശത്തേക്കുയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്നാണോ ഉയർന്നുപോകുന്നതെന്നെനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല.

സാധിക്കുന്നേടത്തോളം അല്ലാഹു നിർദ്ദേശിച്ച കടമകൾ നിർവ്വഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു പറയുന്നത് ***വ ഇൻ തസൂമു ഖയ്റുല്ലകും*** (2:185) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്.

എന്തിനാണ് അല്ലാഹു ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന ചിന്ത എന്റെ ഹൃദയത്തിൽ പൊങ്ങിവന്നപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിനായിട്ടാണെന്ന് എന്റെ അന്തഃരംഗം എന്നോട് മറുപടി പറഞ്ഞു. മനുഷ്യന് തൗഫീഖ് നല്കുന്നവൻ അല്ലാഹുവാണ്. അതുകൊണ്ട് ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കും വ്രതാനുഷ്ഠാനത്തിനുള്ള ശക്തിയും കഴിവും നല്കുന്നതാണ്. ആ ശക്തി സംജാതമാകുന്നതിനു വേണ്ടിയാണ്

ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ച് സഹായം തേടേണ്ടതാണ്. അല്ലാഹുവേ! ഇത് നിന്റെ അനുഗൃഹീത മതമാണ്. എന്നാൽ, ഞാനാ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുകയാണ്. അടുത്ത വർഷവും ഞാൻ ജീവനോടുകൂടി ഇരിക്കുമോ ഇല്ലയോ? ഒഴിഞ്ഞുപോയ നോമ്പുകൾ നോറ്റു വീട്ടുവാൻ എനിക്ക് സാധിക്കുമോ ഇല്ലയോ എന്നാർക്കറിയാം?

ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും തൗഫീഖ് നല്കും എന്നെനിക്ക് ഉറച്ച വിശ്വാസമുണ്ട്.

ഈ അവസ്ഥയിൽ ഒരാൾ റമസാൻ മാസത്തിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ ഈ രോഗം അയാൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നിദാനമായിത്തീരുന്നതാണ്. കാരണം ഓരോ പ്രവൃത്തിയുടേയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്. അവർക്കുവേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്.

വളരെ സൂക്ഷ്മവും ലോലവുമായ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിന്റെ ആലസ്യം നിമിത്തം നോമ്പ് ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകായണെങ്കിൽ ഒരുനേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽകൂടി- ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്ന് ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ തനിക്കു ഭാരമാണെന്ന് കരുതുകയാണ് ചെയ്യുന്നത്. അപ്പോൾ അയാൾക്കു അല്ലാഹുവിൽ നിന്നെങ്ങിനെയാണ് പ്രതിഫലം ലഭിക്കുക? എന്നാൽ, ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്തിൽ ആനന്ദം അനുഭവിക്കുകയും അങ്ങനെ റമദാൻ ആഗതമായാൽ നോമ്പനുഷ്ഠിക്കുന്നതാണെന്ന് പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ, തക്കസമയത്ത് രോഗം കാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വരികയും ചെയ്യുന്നുവോ അങ്ങനെയുള്ള ആളിനെ ഉപരിലോകത്ത് നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽപ്പെടുത്തുന്നതായിരിക്കും.

അല്ലാഹു, ഹൃദയത്തിൽ കുടികൊള്ളുന്ന സത്യവും ആത്മാർത്ഥവുമായ ഉദ്ദേശ്യത്തെയാണ് വീക്ഷിക്കുന്നത്. അയാളുടെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്ക് അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നല്കുന്നതാണ്. കാരണം, വേദനയോടുകൂടിയ ഹൃദയം വിലമതിക്കത്തക്കതാണ്. ഒഴികഴിവു മനഃസ്ഥിതിയുള്ള ആൾ പല വിശദീകരണങ്ങളിലും അഭയം തേടുന്നു. എന്നാൽ, അല്ലാഹുവിന്റെ പക്കൽ ഈ അഭയം നിഷ്പ്രയോജനമാണെന്നതിൽ സംശയമില്ല. ഞാൻ ആറുമാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ പ്രവാചകന്മാരുടെ ഒരു കൂട്ടം ആത്മദർശനത്തിൽ വന്ന് എന്നോട് 'നിങ്ങളെന്തിനാണ് നിങ്ങളുടെ ആത്മാവിന് ഇത്രയധികം പ്രയാസം നല്കുന്നത്. ഇതിൽനിന്ന് പുറത്തുവരിക' എന്ന് പറഞ്ഞു. ഇതേപ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിനുവേണ്ടി തന്നെ കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെപ്പോലെ അയാളോടു കരുണ കാണിച്ചുകൊണ്ട് നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു എന്ന് ചോദിക്കുന്നതാണ്...

ഹദ്റത്ത് ഇബ്റാഹിം(അ)ന്റെ സംഭവം നോക്കുക. സ്വയം അഗ്നിയിൽ പ്രവേശിക്കാൻ തയ്യാറാകുന്നവരെ അല്ലാഹു അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തുന്നു. എന്നാൽ, അഗ്നിയിൽനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ അഗ്നിയിൽ ആഹുതി ചെയ്യപ്പെടുന്നു. ഇതിനാണ് ഇസ്‌ലാം എന്നു പറയുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്തുതന്നെ സംഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. റസൂൽ തിരുമേനി(സ) തന്റെ സ്വയം സംരക്ഷകനാവുകയും അതിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ വല്ലാഹു യഅ്സിമുക മിനന്നാസ് (5:68) 'അല്ലാഹു നിന്നെ ജനങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാണ്' എന്ന തിരുവചനം ഇറങ്ങുമായിരുന്നില്ല. ദൈവികസംരക്ഷണത്തിന്റെ രഹസ്യം ഇതിലാണടങ്ങിയിരിക്കുന്നത്.

# കാലത്തിന്നാവശ്യം ഉമ്മു അമ്മാറമാരെയാണ്

(2007 ജൂലൈ 28 – ന് 41 – ാമത് യു.കെ. ജൽസയിൽ ഖലീഫത്തുൽ മസീഹ് സ്ത്രീകളോട് ചെയ്ത പ്രസംഗം)

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا ۗ وَاِنَّ اللّٰهَ لَمَعَ الْمُحْسِنِيْنَ ﴿٧٠﴾

الَّذِيْنَ اِذَا ذُكِرَ اللّٰهُ وَجِلَتْ قُلُوْبُهُمْ وَالصّٰبِرِيْنَ عَلٰى مَاۤ اَصَابَهُمْ وَالْمُقِيْمِي الصَّلٰوةِ ۙ وَمِمَّا رَزَقْنٰهُمْ يُنْفِقُوْنَ ﴿٣٦﴾

وَلَا تَقُوْلُوْا لِمَنْ يُّقْتَلُ فِيْ سَبِيْلِ اللّٰهِ اَمْوَاتٌ ۗ بَلْ اَحْيَآءٌ وَّ لٰكِنْ لَّا تَشْعُرُوْنَ ﴿١٥٥﴾

**പു**രുഷന്മാർക്ക് നന്മയിലും ഭക്തിയിലും വളർന്നുയരാൻ സൗഭാഗ്യം നല്കിയതുപോലെ അഹ്മദീ സ്ത്രീകൾക്കും നന്മയിൽ പദമൂന്നാനും ഭക്തിയിൽ അഭിവൃദ്ധിപ്പെടാനും അവസരം നല്കിയിരിക്കുന്നു എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനോടുള്ള അല്ലാഹുവിന്റെ ഔദാര്യമാണ്. സ്ത്രീകൾ ഇത്തരം രംഗങ്ങളിൽ അഭിവൃദ്ധിപ്പെട്ടുവെന്നുമാത്രമല്ല, ചില രംഗത്ത് പുരുഷന്മാരേക്കാൾ കൂടുതൽ ത്യാഗങ്ങൾ വരിക്കുകയും ഉയർന്നനില സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞുകടന്ന മഹാത്മാക്കളുടെ കാല്പാടുകളിലൂടെ നടന്ന് അവർ കാഴ്ചവെച്ച മാതൃകകൾ തങ്കലിപികളാൽ രേഖപ്പെട്ടുകിടക്കുന്നു.

നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന മുസ്ലിംസ്ത്രീകൾ ജീവിച്ചുകാണിച്ച ഉദാഹരണങ്ങൾ നമുക്കെന്നും വഴികാട്ടിയാണ്. ഞാനോതിയ വചനങ്ങളിൽ ആദ്യത്തെ വചനം അൻകബൂത്ത് എന്ന അധ്യായത്തിൽ നിന്നുള്ളതാണ്. അതിന്റെ തർജമ ഇപ്രകാരമാണ്.

നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും നന്മ പ്രവർത്തിക്കുന്നവരുടെ കൂടെയാകുന്നു (24:70).

ഇതാണ് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവരുടെ ചുരുക്കം. ജിഹാദിന്റെ ബന്ധം വെറും വാളുമായിട്ടല്ല. അല്ലാഹുവിന്റെ സ്നേഹത്തിനും തൃപ്തിക്കും വേണ്ടി കഠിനാധ്വാനം ചെയ്യുമ്പോൾ അവൻ വഴികാട്ടുന്നു. അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊടുക്കുന്നു. അവന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്തും, അവന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിച്ചും മാത്രമേ അവന്റെ തൃപ്തിയും അവനിലേക്കുള്ള വഴിയും സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂവെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ഇന്ന് ഓരോ അഹ്മദിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനായിട്ട് ജിഹാദ് ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് അഹ്മദിസ്ത്രീകൾ, അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാണ്. ദീനിന്റെ കാര്യത്തിൽ അവർ ഒരുപ്രകാരത്തിലും പിന്നിലല്ല.

ഹജ്ജ് എന്ന അധ്യായത്തിൽ അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെട്ടാൽ അവരുടെ ഹൃദയങ്ങൾ ഭയന്നുവിറക്കുന്നതാണ്. തങ്ങളെ ബാധിക്കുന്ന വിപത്തുകളിൽ സഹനം കൈക്കൊള്ളുന്നവരും നമസ്കാരം നിലനിറുത്തുന്നവരുമാണവർ. നാം അവർക്ക് നല്കിയതിൽനിന്ന് അവർ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു" (22:36).

ഞാനിപ്പോൾ പാരായണം ചെയ്ത വചനത്തിനു മുമ്പേയുള്ള വചനത്തിൽ വിനയം കൈക്കൊള്ളുന്നവർക്ക് അല്ലാഹു സുവാർത്ത അറിയിച്ചിരിക്കുന്നു. ഈ വചനത്തിൽ അല്ലാഹുവിനെ സ്മരിക്കുന്നവർക്ക് ഇങ്ങനേയും സുവാർത്ത നല്കിയിട്ടുണ്ട്. പറഞ്ഞു: ഇവരുടെ ഹൃദയമാണ് അല്ലാഹുവിന്റെ സ്മരണകൊണ്ട് നിറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ വഴിയിൽ എല്ലാത്തരം അക്രമങ്ങളും ഇവർ സഹിക്കുന്നു. ഈ സുവിശേഷം നല്കപ്പെട്ടവർ, തങ്ങളുടെ നമസ്കാ

രവും കൃത്യസമയത്ത് അനുഷ്ഠിക്കുന്നവരും അല്ലാഹുവിനെ ആരാധിക്കുന്നവരും നാലാമതായി പറഞ്ഞത് അക്കൂട്ടർ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവരുമാണെന്നാണ്. മതപരമായി എന്തെങ്കിലും ആവശ്യം നേരിട്ടാൽ കൈയയച്ച് ഇവർ ചെലവഴിക്കുന്നു. മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് കൊടുക്കാൻ പറഞ്ഞാൽ, അവിടേയും മടികൂടാതെ ചെലവഴിക്കുന്നു. അതായത്, അല്ലാഹുവിനോടും അവന്റെ ദീനിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നു. ഇക്കൂട്ടർക്കാണ് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുമെന്ന സുവാർത്ത ലഭിക്കുന്നത്.

ഞാനോതിയ മൂന്നാമത്തെ വചനം ബഖറ എന്ന അധ്യായത്തിലേതാണ്. ഇതിൽ അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ സംബന്ധിച്ച് 'മരിച്ചവർ' എന്നു നിങ്ങൾ പറയരുത്. അല്ല. അവർ ജീവിച്ചിരിക്കുന്നവരാണ്. പക്ഷേ, നിങ്ങൾ അത് ഗ്രഹിക്കുന്നില്ലെന്നുമാത്രം (2:155). അതായത്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ പരിശ്രമിച്ചും ദൃഢചിത്തത കാണിച്ചുംകൊണ്ട് വധിക്കപ്പെടുന്നതു പോലും അവർ കാര്യമാക്കുകയില്ല. ഇങ്ങനെ ജീവൻ ബലിയർപ്പിച്ചവർ അല്ലാഹുവിന്റെ പക്കൽ മരിച്ചവരല്ല. അവർ മരിച്ചുപോയിട്ടില്ല. അവർ ഒരു പരലോക ജീവിതം പ്രാപിക്കുന്നവരാണ്. അവിടെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവർ സ്വർഗ്ഗത്തിന്നവകാശികളാകും. തന്റെ ജീവിതവും തന്റെ മരണവും അല്ലാഹുവിനുവേണ്ടിയാണെന്ന ബോധം ഏതൊരു ജനതയിലാണോ ഉണ്ടാകുന്നത്, ആ ജനത മരിക്കാറില്ല. മറിച്ച്, അതിലെ ഓരോരുത്തരുടേയും ത്യാഗം ആയിരക്കണക്കിന് ത്യാഗങ്ങൾക്ക് ജന്മം നല്കുന്നു. ഈ ദൃശ്യം നമ്മൾ നബി(സ)ന്റെ കാലത്ത് സ്ത്രീ സ്വഹാബാക്കളിൽ കണ്ടതാണ്. ഈ ദൃശ്യം ഇക്കാലത്ത് മസീഹ് മഹ്ദിയെ വിശ്വസിച്ചിട്ടുള്ള വിശ്വാസിനികളിലും കാണുന്നു. കണ്ടുകൊണ്ടേയിരിക്കുന്നു. ഇന്ന് ഞാൻ ചരിത്രത്തിൽനിന്ന് കുറച്ചു സംഭവങ്ങൾ എടുത്തിട്ടുണ്ട്. ഇസ്‌ലാമിക ചരിത്രത്തിൽനിന്നും, അവസാനകാലത്ത് രൂപംകൊണ്ട ജമാഅത്തിൽ ചേർന്നവരുടെ ചരിത്രത്തിൽനിന്നുമെടുത്തിട്ടുള്ളതാണത്. ഈ മാതൃകകൾ നമുക്കു വഴികാട്ടിയാകുമെന്നതിനോടൊപ്പം ആ ത്യാഗങ്ങൾ വരിച്ച മഹത്തുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള പ്രചോദനവും നമുക്കു നല്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ഇന്നും ത്യാഗങ്ങൾ വരിക്കേണ്ടിവരുമെന്ന ബോധം അത് നമുക്ക് നല്കും. ത്യാഗങ്ങളിലൂടെ മാത്രമേ അല്ലാഹുവിന്റെ തൃപ്തി ലഭിക്കുകയുള്ളൂ.

### ഹദ്റത്ത് ജുവയ്രിയ്യ (റ.ഹ)

ഹദ്റത്ത് ജുവയ്രിയ്യ (റ.ഹ)യെക്കുറിച്ച് പറയുന്നു: "ഹദ്റത്ത് ജുവയ്രിയ്യ(റ.ഹ) ധർമ്മനിഷ്ഠമായ ജീവിതമാണ് നയിച്ചിരുന്നത്. ഒരിക്കൽ അവർ പള്ളിയിൽ പോയി ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ, നബി (സ) തിരുമേനി അതുകണ്ടുകൊണ്ട് കടന്നുപോയി. ഉച്ചയായപ്പോഴും അവരെ ആ നിലയിൽത്തന്നെ ആ മഹാത്മാവ് കണ്ടു." ആരാധനാകർമ്മങ്ങൾ വളരെ താൽപര്യത്തോടെ അനുഷ്ഠിച്ചിരുന്ന സ്ത്രീയായിരുന്നു അവർ. അവർ ആരാധനയിൽ എത്രമാത്രം ലയിച്ചിരുന്നുവെന്നുവെച്ചാൽ, രാവിലെ കഴിഞ്ഞ് ഉച്ചയാകുന്നതുപോലും അറിഞ്ഞിരുന്നില്ല.

### ഹദ്റത്ത് ഉമ്മുസുലൈം(റ.ഹ)

ഉമ്മുസുലൈം(റ.ഹ) ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാമിനോടുള്ള അവരുടെ സ്നേഹം അത്യധികമായിരുന്നു. അവരെക്കുറിച്ച് പറയുന്നു, അവരുടെ ഭർത്താവ് 'മാലിക്' തന്റെ പൂർവ്വമതത്തിൽത്തന്നെ നില്ക്കാനാണ് ആഗ്രഹിച്ചത്. ഹദ്റത്ത് ഉമ്മുസുലൈം, മതം മാറാൻ തന്റെ ഭർത്താവിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഇക്കാരണത്താൽ രണ്ടുപേർക്കുമിടയിൽ സ്പർദ്ധയുണ്ടായി. മാലിക് ദ്വേഷംപിടിച്ച് ശാമിലേക്കു പോയ്ക്കളഞ്ഞു. അവിടെവെച്ച് അയാൾ മരിക്കുകയും ചെയ്തു. ഉമ്മുസുലൈമിന്റെ ഗോത്രക്കാരനായ അബൂത്വൽഹ, നിക്കാഹ് കഴിക്കാനുള്ള ആഗ്രഹം അവരെ അറിയിച്ചു. അബൂത്വൽഹ ഇസ്‌ലാംമതം സ്വീകരിക്കാത്ത ആളായതുകൊണ്ട് ഉമ്മുസുലൈം അത് നിഷേധിച്ചു. അബൂത്വൽഹ ബഹുദൈവാരാധകനായതുകൊണ്ടാണ് ആ ബന്ധം ഉമ്മുസുലൈം ഇഷ്ടപ്പെടാതിരുന്നത്. എന്നല്ല താങ്കൾ ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ അതായിരിക്കും തന്റെ ഹഖ്മഹ്ർ എന്ന് ഉമ്മുസുലൈം അബൂത്വൽഹയെ അറിയിക്കുകയും ചെയ്തിരുന്നു.

ഇതായിരുന്നു അക്കൂട്ടരുടെ മാതൃക. അത് ഇന്നും നമുക്കു വഴികാട്ടുന്നു. ചിലയാളുകൾ ഇതൊന്നും വേണ്ടത്ര ഗൗനിക്കാറില്ല. അതുകൊണ്ടെന്ത് ചേതം എന്നാണ് അവർ ചിന്തിക്കുന്നത്. ഒരു അഹ്മദി പെൺകുട്ടി എപ്പോഴും അഹ്മദിയാണെന്ന ബോധമുള്ളവളായിരിക്കണം. തന്റെ വിവാഹബന്ധം വെളിയിലെവിടെയെങ്കിലും ഉറച്ചാൽ, തന്റെ വരുംതലമുറ നശിക്കാനിടയുണ്ടെന്നും തന്റെ മതത്തെ അത് ദോഷമായി ബാധിക്കുമെന്നും അവൾ മനസ്സിലാക്കേണ്ടതാണ്. കാരണം അന്യമതക്കാരുടെ വീട്ടിൽ ചെന്നാൽ അവർക്ക് വിധേയരായി ജീവിക്കേണ്ടിവരും. അതുകൊണ്ട് ഉമ്മുസുലൈമിന്റെ ജീവിതമാതൃക ഇന്നും നമുക്ക് വഴികാട്ടിയാണ്.

### ഹദ്റത്ത് ഉമ്മുഹബീബ(റ.ഹ)

മതാഭിമാനത്തിന്റെ ഒരു സംഭവം പറയാം. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബ(റ.ഹ)യുമായി ബന്ധപ്പെട്ടതാണിത്. ഇമാം സഹ്രി നിവേദനം ചെയ്യുന്നു. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ അബൂസുഫ്‌യാൻ മദീനയിൽ വന്നു. ഹുദയ്ബിയ്യ സന്ധിയുടെ കാലാവധി നീട്ടിക്കിട്ടാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു.

അദ്ദേഹം തന്റെ മകൾ ഉമ്മു ഹബീബയുടെ വീട്ടിൽ ചെന്നു. അദ്ദേഹം നബി(സ) തിരുമേനിയുടെ കിടക്കയിൽ ഇരിക്കാൻ ഭാവിക്കുമ്പോൾ ഉമ്മുഹബീബ(റ.ഹ) ആ കിടക്ക മടക്കിവെച്ചു. അപ്പോൾ അബൂസുഫ്യാൻ ചോദിച്ചു: മകളേ, എന്നേക്കാൾ വലുതാണോ നിനക്കീ കിടക്ക. അതിലിരിക്കാൻ ഞാനർഹനല്ലെന്ന് നീ കരുതുന്നുവോ? അപ്പോൾ ഹദ്റത്ത് ഉമ്മുഹബീബ(റ.ഹ) പറഞ്ഞു: "ഈ കിടക്ക നബി(സ) തിരുമേനിയുടെ പരിശുദ്ധമായ കിടക്കയാണ്. അങ്ങ് ബഹുദൈവാരാധകനായ അശുദ്ധനാണ്. എന്റെ ബാപ്പയാണെന്നത് ശരി. പക്ഷേ, ഈ കിടക്കയിലിരിക്കാനുള്ള യോഗ്യത അങ്ങയ്ക്കില്ല."

### ഹദ്റത്ത് അസ്മാ ബിൻത് അബൂബക്കർ(റ.ഹ)

എങ്ങനെയാണ് സ്വഹാബിയാത്ത് ബുദ്ധിമുട്ടുകൾ സഹിച്ചിരുന്നത്? ഹദ്റത്ത് അസ്മാ ബിൻത് അബൂബക്കർ(റ.ഹ) പറയുന്നു. നബികരീം(സ)ഉം ഹദ്റത്ത് അബൂബക്കർ(റ)ഉം ഹിജ്റ പോയതിനുശേഷം ഒരു ഖുറയ്ശീ സംഘം ഞങ്ങളുടെയടുക്കൽ വന്നു. അവരിൽ അബൂജഹ്‌ലും ഉണ്ടായിരുന്നു. അവർ വീട്ടുവാതിൽക്കൽ എത്തിയപ്പോൾ, ഞാൻ അവരുടെയടുത്തേക്ക് വന്നു. നിന്റെ ബാപ്പ അബൂബക്കർ എവിടെയെന്ന് അവർ ചോദിച്ചു. എനിക്കറിയില്ലെന്ന് ഞാൻ പറഞ്ഞു. ഹദ്റത്ത് അസ്മാ(റ.ഹ) പറയുന്നു: ദുഷ്ടനും വൃത്തികെട്ടവനുമായ അബൂജഹ്‌ൽ, എന്റെ കരണത്ത് ആഞ്ഞടിച്ചു. ആ അടിയുടെ ആഘാതത്താൽ എന്റെ കമ്മൽ തെറിച്ചുപോയി. പിന്നീടുണ്ടായ കഠിനമായ വിഷമങ്ങൾക്കു മുമ്പിൽ ഇതെല്ലാം അവർ സഹിച്ച ചെറിയ ചെറിയ വിഷമങ്ങളായിരുന്നു.

### ഹദ്റത്ത് ലുബീന(റ.ഹ)

ഖുറയ്ശീ ഗോത്രത്തിലെ ബനുഅദിയ്യിന്റെ ഒരു ശാഖയായ ബനിമുഅ്മലിലെ ഒരു അടിമസ്ത്രീ ഉണ്ടായിരുന്നു. അവരുടെ പേര് ലുബീന എന്നായിരുന്നു. നബി(സ) തിരുമേനിയുടെ നുബുവ്വത്ത് വാദത്തിനു രണ്ടുവർഷം കഴിഞ്ഞ് അവർക്ക് ഇസ്‌ലാം സ്വീകരിക്കാൻ ഭാഗ്യം കിട്ടി. ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ് (റ.ഹു), ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പേ ലുബീന വിശ്വാസം സ്വീകരിച്ച കാരണത്താൽ അവരെ അദ്ദേഹം മർദ്ദിച്ചിരുന്നു. മർദ്ദിച്ചു ക്ഷീണിക്കുമ്പോൾ, ഞാൻ ക്ഷീണിച്ചതുകൊണ്ടാണ് നിന്നെ ഇപ്പോൾ വിടുന്നതെന്ന് പറയുകയും, ഈ പുതിയമതം ഉപേക്ഷിക്കുക എന്ന് പറഞ്ഞ് വീണ്ടും മർദ്ദിക്കുകയും ചെയ്തിരുന്നു. ഇത് നിത്യസംഭവമായിരുന്നു. മർദ്ദനമേല്ക്കുമ്പോഴെല്ലാം ലുബീന മറുപടി പറയും: "ഒരിക്കലും ഞാനിതുപേക്ഷിക്കുകയില്ല. എത്ര വേണമെങ്കിലും മർദ്ദിച്ചുകൊള്ളുക. നിങ്ങളെന്നോട് പെരുമാറുന്നതുപോലെ അല്ലാഹു നിങ്ങളോടും പെരുമാറട്ടെ." അവസാനം, ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) അവരെ വിലക്കു വാങ്ങി മോചിപ്പിച്ചു.

### ഹദ്റത്ത് സഫ്‌യാ(റ.ഹ)

ഹദ്റത്ത് സഫ്‌യാ(റ.ഹ) തന്റെ മകനായ സുബയ്റിനെ വളരെ നല്ലനിലയിൽ നോക്കിവളർത്തി. തന്റെ മകൻ വളർന്ന് ധൈര്യവാനായ യോദ്ധാവാകണമെന്നത് അവരുടെ ആഗ്രഹമായിരുന്നു. അക്കാരണത്താൽ സുബയ്റിനെക്കൊണ്ട് അവർ കഠിനമായ ജോലികൾ ചെയ്യിച്ചിരുന്നു. വഖ്ഫെനൗ കുട്ടികളുടെ ഉമ്മമാർക്ക് ഈ മാതൃക വഴികാട്ടിയാണ്. അനുവദനീയമല്ലാത്ത ആവശ്യങ്ങൾ നിറവേറ്റിക്കൊടുത്ത് തങ്ങളുടെ കുട്ടികളെ പുന്നാരിച്ച് അവർക്കെന്തും അധ്വാനിക്കാതെ കിട്ടുന്ന ശീലം ഉണ്ടാക്കുന്നതിനു പകരം അവരിൽ കഠിനാധ്വാനശീലം ഉണ്ടാക്കിയെടുക്കേണ്ടതാണ്. ഈ ശിക്ഷണമാണ് വാഖ്ഫെനൗ കുട്ടികൾക്ക് നിങ്ങൾ കൊടുക്കേണ്ടത്. എങ്കിലേ കർമ്മരംഗത്തെത്തുമ്പോൾ ഓരോ പരീക്ഷണത്തിന്റേയും ബുദ്ധിമുട്ടിന്റേയും നേരത്ത് പാറപോലെ ഉറച്ചുനില്ക്കാൻ അവർക്ക് കഴിയുകയുള്ളൂ. എന്തെങ്കിലും ബുദ്ധിമുട്ടും വിപത്തും കാണുമ്പോൾ അവർ ബലഹീനതയിലേക്ക് ചാഞ്ഞുപോകുന്നവരാകാൻ പാടില്ല.

ഹദ്റത്ത് സഫ്‌യാ(റ.ഹ)യെക്കുറിച്ച് വന്നിരിക്കുന്നു. ഉഹ്ദ് യുദ്ധത്തിൽ മുസ്‌ലിംകൾക്ക് പരാജയം സംഭവിച്ചപ്പോൾ, സഫ്‌യാ(റ.ഹ) മദീനയിൽനിന്ന് പുറപ്പെട്ടു. സ്വഹാബാക്കളോട് വളരെ വേദനയോടെ അവർ ചോദിച്ചു. നബി(സ) തിരുമേനിയെ വിട്ടുകൊണ്ട് നിങ്ങൾ പോന്നോ?

അവർ അടുത്തുവരുന്നത് കണ്ടതോടെ നബി(സ) ഹദ്റത്ത് സുബയ്റിനെ വിളിച്ച് ഹംസയുടെ ജഡം അവരെ കാണിക്കണ്ട എന്നു പറഞ്ഞു. ഹദ്റത്ത് സുബയ്ർ(റ) നബി(സ)ന്റെ സന്ദേശം അവരെ അറിയിച്ചു. അതു കേട്ടപ്പോൾ സഫ്‌യാ(റ.ഹ) പറഞ്ഞു: എന്റെ സഹോദരന്റെ ചേതനയറ്റ ശരീരത്തോട് അവർ കാണിച്ച ക്രൂരത ഞാൻ കേട്ടുകഴിഞ്ഞു. പക്ഷേ, അല്ലാഹുവിന്റെ മുന്നിൽ ഇത് വലിയൊരു ത്യാഗമൊന്നുമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തെ കാണുമ്പോൾ ഞാൻ ദുഃഖിക്കുമെന്നും എനിക്ക് സഹിക്കാൻ കഴിയുകയില്ലെന്നും ധരിക്കണ്ട. അങ്ങനെ നബി(സ) അദ്ദേഹത്തിന്റെ മയ്യിത്ത് കാണാൻ അവർക്ക് സമ്മതം കൊടുത്തു. അവർ മയ്യിത്തിന്റെയടുക്കൽ ഇരുന്നു. തന്റെ സഹോദരന്റെ ശരീരം കഷണം കഷണമായി ചിതറിക്കിടക്കുന്നത് അവർ കണ്ടു. പക്ഷേ, ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് ചൊല്ലിക്കൊണ്ട് നിശ്ശബ്ദയായി ദുആയിൽ മുഴുകി.

### ക്ഷമയുടെ മാതൃക

ബനീദീനാറിലെ ഒരു അൻസ്വാരീ സ്ത്രീക്ക് നബി(സ) തിരുമേനിയോടുണ്ടായിരുന്ന സ്നേഹം കാണുക. ഇസ്മാഈൽ ബിൻ മുഹമ്മദ്ബിൻ സഅ്ദ് ബിൻ അബീവഖാസ്(റ) പറയുന്നു: നബി(സ) തിരുമേനി

ഉഹ്ദിൽനിന്ന് മടങ്ങിവരുമ്പോൾ ബനൂദീനാറിലെ ഒരു സ്ത്രീയുടെ അടുത്തൂടെ കടന്നുപോയി. അവരുടെ ഭർത്താവും സഹോദരനും പിതാവും ഉഹ്ദ് യുദ്ധത്തിൽ നബി(സ)യോടൊപ്പം പങ്കെടുക്കുകയും ശഹീദാകുകയും ചെയ്തിരുന്നു. സ്വഹാബത്ത് അവരുടെ ദേഹവിയോഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ, നബി(സ) തിരുമേനിയുടെ അവസ്ഥയെന്താണെന്നാണ് അവർ അന്വേഷിച്ചത്. ഒരു സ്വഹാബി പറഞ്ഞു, ഇന്നയാളുടെ ഉമ്മാ! നബി (സ)ന് വിശേഷമൊന്നുമില്ല. നല്ലനിലയിൽ തന്നെയാണ്. അൽഹംദുലില്ലാഹ്. നിങ്ങൾ കേൾക്കാനിഷ്ടപ്പെട്ട സ്ഥിതിയിൽതന്നെയാണ് നബി(സ). അപ്പോൾ അവർ പറഞ്ഞു, എനിക്കൊന്ന് കാണിച്ചുതരിക, ഞാൻ നബി(സ)യെ നേരിൽ കാണട്ടെ. നിവേദകൻ പറയുന്നു. അതുകേട്ടപ്പോൾ അദ്ദേഹം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇന്നസ്ഥലത്ത് നബി(സ) ഉണ്ടെന്ന് അറിയിച്ചു. അങ്ങനെ നബി (സ)യെ കണ്ടപ്പോൾ അവർ പറഞ്ഞു: ***കുല്ലുമുസീബത്തിൻ ബഅ്ദക്ക ജദൻ*** അല്ലാഹുവിന്റെ റസൂലേ, അങ്ങ് സൗഖ്യത്തിലാണെങ്കിൽ, പിന്നെ എല്ലാ വിപത്തുകളും എനിക്ക് നിസ്സാരമാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ ചരിത്രസംഭവത്തിന്റെ ഒരുവശം വിവരിച്ചുകൊണ്ട് എഴുതുന്നു: നബി(സ) തിരുമേനി ഉഹ്ദ് മൈതാനത്തുനിന്ന് തിരിച്ചുവന്നപ്പോൾ, മദീനയിലെ കുട്ടികളും സ്ത്രീകളും നബി(സ)യെ സ്വീകരിക്കാൻ അടുത്തുവന്നു. റസൂൽ കരീം(സ)ന്റെ ഒട്ടകത്തിന്റെ കടിഞ്ഞാൺ, ആരംഭകാലത്തുതന്നെ ഇസ്ലാം സ്വീകരിച്ചയാളും ധീരനുമായ അൻസ്വാരീസ്വഹാബി സഅ്ദ് ബിൻ മആദ് പിടിച്ചിരിക്കുകയായിരുന്നു. അന്തസ്സോടുകൂടി അദ്ദേഹം മുമ്പേ മുമ്പേ നടക്കുകയായിരുന്നു. പട്ടണത്തിന്നടുത്തെത്തിയപ്പോൾ തന്റെ വൃദ്ധയായ ഉമ്മയെ അദ്ദേഹം കണ്ടു. അവരുടെ കാഴ്ച വളരെ കുറഞ്ഞുപോയിരുന്നു. ഉഹ്ദ് യുദ്ധത്തിൽ അവരുടെ ഒരു മകനും വധിക്കപ്പെട്ടിരുന്നു. അവരും സ്ത്രീകളുടെ മുൻനിരയിൽ നിന്നുകൊണ്ട് നബി(സ) തിരുമേനി എവിടെയെന്ന് നോക്കുന്നുണ്ടായിരുന്നു. അവരുടെ മകൻ സഅ്ദ്ബിൻ മആദ് മനസ്സിലാക്കിയത്, തന്റെ മാതാവ് മകനെക്കുറിച്ച് വിഷമിക്കുന്നുണ്ടാകുമെന്നാണ്. നബി(സ) തിരുമേനിയെ നോക്കിക്കൊണ്ട് 'അവരെ സമാധാനിപ്പിക്കാൻ' എന്തെങ്കിലും പറയാൻ അപേക്ഷിച്ചു. 'നിങ്ങളുടെ മകൻ ഈ യുദ്ധത്തിൽ ശഹീദായതിൽ എനിക്ക് വളരെ ദുഃഖമുണ്ടെ'ന്ന് നബി(സ) അവരോട് പറഞ്ഞു. വൃദ്ധയ്ക്ക് കാഴ്ച നഷ്ടപ്പെട്ടിരുന്നുവെന്നുതന്നെ പറയാം. അതുകൊണ്ട് നബി(സ)യുടെ മുഖം കാണാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. അവർ അവിടെയും ഇവിടെയും തിരഞ്ഞുകൊണ്ടിരുന്നു. അവസാനം അവരുടെ കാഴ്ചകുറഞ്ഞ ദൃഷ്ടി നബി(സ)യുടെ മുഖത്ത് പതിച്ചു. നബിയുടെയടുക്കൽ വന്നിട്ടു അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ(സ) ഞാൻ അങ്ങയെ സമാധാനത്തോടെ കണ്ടപ്പോൾ, ഞാനെന്റെ വിപത്തിനെ പുഴുങ്ങിത്തിന്നുവെന്ന് അങ്ങ് മനസ്സിലാക്കിക്കൊള്ളുക."

**ഹദ്റത്ത് ഫാത്വിമ(റ.ഹ)**

ഒരിക്കൽ നബി(സ) തിരുമേനി ഹദ്റത്ത് ഫാത്വിമത്തുസ്സുഹ്റായുടെ വീട്ടിൽ പോയി. സയ്യിദത്തുന്നിസാഅ്, ഒട്ടകത്തിന്റെ തൊലികൊണ്ടുള്ള വസ്ത്രം ധരിച്ചിരിക്കുന്നതായി കണ്ടു. അത് വളരെ തടിച്ച വസ്ത്രമായിരുന്നു. 13 കണ്ടംവെച്ച് തുന്നിച്ചേർത്ത ഉടുപ്പായിരുന്നു അത്.

(ഇന്ന് നമ്മൾ അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതാണ്. അല്ലാഹു നമുക്കിന്ന് ഏറ്റവും ഉന്നതമായ വസ്ത്രം ധരിക്കാൻ സൗകര്യം ചെയ്തുതന്നിരിക്കുന്നു) ഫാത്വിമ(റ.ഹ) മാവ് കുഴയ്ക്കുകയും ദിക്ർ ചൊല്ലുകയുമായിരുന്നു. ഈ കാഴ്ച കണ്ടപ്പോൾ നബി(സ) തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞു. പറഞ്ഞു: "ഫാത്വിമാ, ലോകത്തിലെ ബുദ്ധിമുട്ടുകൾ ക്ഷമയോടുകൂടി തരണം ചെയ്യുക. പരലോകത്തെ അനശ്വരമായ സന്തോഷം കാത്തിരിക്കുക. അല്ലാഹു നിനക്ക് നല്ലപ്രതിഫലം നല്കും."

ഭർത്താക്കന്മാരോട് അത്യാവശ്യമല്ലാത്ത കാര്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്ന ഭാര്യമാർക്ക് മാർഗ്ഗദർശനം നല്കുന്ന ഒരു ഉദാഹരണം പറയാം.

ഒരിക്കൽ ഹദ്റത്ത് അലി മുർത്തളാ(റ) വീട്ടിൽ വന്നു. കഴിക്കാൻ എന്തെങ്കിലുമുണ്ടോ എന്ന് ഭാര്യയോട് ചോദിച്ചു. ഹദ്റത്ത് ഫാത്വിമ(റ.ഹ) പറഞ്ഞു. വീട്ടിൽ യവത്തിന്റെ ഒരു മണിപോലും ഇല്ലാതായിട്ട് ഇന്ന് മൂന്ന് ദിവസമായിരിക്കുന്നു. ഇതുകേട്ടപ്പോൾ ഹദ്റത്ത് അലി(റ) പറഞ്ഞു: ഫാത്വിമാ! എന്നോടെന്തുകൊണ്ട് നീ അത് പറഞ്ഞില്ല? ഞാനെന്തെങ്കിലും ചെയ്യുമായിരുന്നില്ലേ? ഹദ്റത്ത് ഫാത്വിമ(റ.ഹ) പറഞ്ഞു: എന്നെ നിങ്ങൾ കൂട്ടിക്കൊണ്ടുവന്നപ്പോൾ എന്റെ ഉപ്പ എന്നോട്, 'ഞാനെന്തെങ്കിലും ആവശ്യപ്പെട്ട് അങ്ങയെ നാണംകെടുത്തരുത്' എന്ന് ഉപദേശിച്ചിരുന്നു.

ഞാനെന്തെങ്കിലും ആവശ്യപ്പെട്ടാൽ ചെയ്തുതരാനോ എന്റെ ആഗ്രഹം പൂർത്തിയാക്കാനോ സാധിച്ചില്ലെങ്കിൽ അങ്ങയ്ക്കത് നാണക്കേടാകും. അപ്പോൾ കടം വാങ്ങി പൂർത്തിയാക്കാൻ ശ്രമിക്കും. അല്ലെങ്കിൽ എന്റെ ആഗ്രഹം നിറവേറ്റാൻ കഴിഞ്ഞില്ലല്ലോ എന്നോർത്ത് അങ്ങ് അസ്വസ്ഥനാകും."

ഈ മാതൃക ഓരോ സ്ത്രീയ്ക്കും വഴികാട്ടിയാണ്. പ്രത്യേകിച്ച് ഭർത്താക്കന്മാരോടു, അനാവശ്യമായ കാര്യങ്ങൾ ചോദിച്ച് അവരെ ബുദ്ധിമുട്ടിക്കുന്ന സ്ത്രീകൾക്ക്.

**ഹദ്റത്ത് ഉമ്മുശരീഫ്(റ.ഹ)**

അല്ലാമ ഇബ്നു സഅ്ദ് ത്വബഖാത്തിൽ വിവരിച്ചിരിക്കുന്നു. ഹദ്റത്ത് ഉമ്മുശരീഫ്(റ.ഹ) ഇസ്ലാം സ്വീക

പേജ് 17 - ൽ

# റമസാൻ അനുഗൃഹീതമാസം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്മഹു)

"വിശ്വാസികളെ നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദൈവഭക്തിയുള്ളവരായിരിക്കാൻവേണ്ടി. എണ്ണപ്പെട്ട ചില ദിനങ്ങളാണിത്. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കേണ്ടതാണ്. പ്രായശ്ചിത്തം നല്കുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നല്കേണ്ടതാണ്. ഇനി പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് ആരെങ്കിലും വല്ല നന്മയും ചെയ്താൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ" (2:184,185)

നിങ്ങൾക്ക് മുമ്പുള്ളവരിലും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെന്നാണ് ഈ വചനത്തിൽ പറയുന്നത്. ഇങ്ങനെയൊരു പ്രഖ്യാപനം വിശുദ്ധഖുർആന്റെ മാത്രം സവിശേഷതയാണ്. മറ്റൊരു ഗ്രന്ഥത്തിലും ഇത്തരം ഒരു പ്രഖ്യാപനം കാണുകയില്ല. നോമ്പ് എല്ലാ മതങ്ങളും ഏതെങ്കിലും രീതിയിൽ അനുഷ്ഠിച്ചുപോന്നിട്ടുള്ള ഒരു കർമ്മമാണ്. എന്നാൽ, ആ മതങ്ങളൊന്നും തങ്ങളുടേതല്ലാത്ത മതങ്ങളെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഈയൊരു കാര്യത്തിൽനിന്നുതന്നെ വിശുദ്ധഖുർആൻ ആഗോളഗ്രന്ഥമാണെന്ന് തെളിയുന്നു. അതായത്, വിശുദ്ധഖുർ മാത്രമാണ് മറ്റു മതങ്ങളുടെ കാര്യവും പ്രതിപാദിച്ചിട്ടുള്ളത്. ഓരോ മതത്തിലും ഏതെങ്കിലും രീതിയിൽ നോമ്പനുഷ്ഠാനം ഉണ്ടായിരുന്നുവെന്ന് ഖുർആൻ അംഗീകരിക്കുന്നു. ഹിന്ദുക്കളെ ബഹുദൈവാരാധകരായിട്ടാണ് ഗണിക്കുന്നത്. എന്നാൽ, ഈ മതത്തിന്റെ തുടക്കം ഏകദൈവത്വസിദ്ധാന്തത്തിൽ നിന്നായിരുന്നു. നോമ്പിന്റെ ഒരു രീതി ഇവരിലുമുണ്ട്. ബുദ്ധമതക്കാർ ദൈവനിഷേധികളായി ഗണിക്കപ്പെടുന്നു. എന്നാൽ, അവരിലും നോമ്പുണ്ട്. നോമ്പിന്റെ ഏതെങ്കിലും രൂപം ഉൾക്കൊള്ളാത്ത ഒരു മതവും ലോകത്തില്ല. അല്ലാഹുവിന്റെ ഗ്രന്ഥം അതാണ് എടുത്തുപറഞ്ഞത്.

**നോമ്പിനെക്കുറിച്ചുള്ള നബിവചനങ്ങൾ**

ഹദ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട് നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റു കർമ്മങ്ങളെല്ലാം അവനുതന്നെയുള്ളതാണ്. നോമ്പ് എനിക്കും. ഞാൻ തന്നെയാണ് അതിന് പ്രതിഫലം. പാപങ്ങൾ തടുക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നിങ്ങൾ നോമ്പുദിവസമായാൽ തെറ്റ് ചെയ്യാതിരിക്കുകയും ബഹളമുണ്ടാക്കാതിരിക്കുകയും ചെയ്യട്ടെ. ഇനി വല്ലവനും ഒരാളെ വഴക്കുപറയുകയോ ശണ്ഠകൂടുകയോ ചെയ്യുന്നപക്ഷം 'ഞാൻ നോമ്പുകാരനാണ്' എന്ന് രണ്ടുപ്രാവശ്യം അയാൾ പറയട്ടെ! മുഹമ്മദിന്റെ ആത്മാവ് നിയന്ത്രിക്കുന്നവനെക്കൊണ്ട് സത്യം! നോമ്പുകാരന്റെ വായയുടെ മണം അല്ലാഹുവിങ്കൽ കസ്തൂരിയേക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് നോമ്പ് മുറിക്കുമ്പോഴും മറ്റൊന്ന് തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും. നോമ്പിന്റെ പേരിൽ അവൻ സന്തുഷ്ടനായിത്തീരും" (ബുഖാരി, മുസ്‌ലിം).

നോമ്പുനോല്ക്കുന്ന ആൾ വ്യർത്ഥമായ സംസാരം ഒഴിവാക്കുന്നില്ലെങ്കിൽ അയാളുടെ നോമ്പിന് ഒരു പ്രസക്തിയുമില്ല. അത് വിശപ്പ് മാത്രമായിത്തീരും. നോമ്പു നോല്ക്കുന്നവൻ വളരെ സൂക്ഷ്മത പാലിക്കണം. നാവിനെ നിയന്ത്രിക്കണം. ദ്വേഷം അരുത്. ശണ്ഠകൂടാൻ വന്നാൽ, 'ഞാൻ നോമ്പുകാരനാണ്' എന്നു പറഞ്ഞ് മാറിക്കളയണം.

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം വായയുടെ മണത്തെക്കുറിച്ചാണ്. നോമ്പുകാരന്റെ വായയുടെ മണം കസ്തൂരിയേക്കാൾ കൂടുതൽ സുഗന്ധം വമിക്കുന്നതായി അല്ലാഹുവിന് അനുഭവപ്പെടുന്നു എന്നാണ് പറഞ്ഞത്. നോമ്പുകാർക്ക് ആനന്ദം പ്രദാനം ചെയ്യുന്ന ഒരു കാര്യമാണിത്. അവരുടെ വായിൽ ഒരു ഗന്ധമുണ്ടായിവരുന്നു. അത് അവരിൽ അസ്വസ്ഥത സൃഷ്ടിക്കുമ്പോഴാണ് അല്ലാഹു അവരെ സാന്ത്വനപ്പെടുത്തുന്നത്. ഈ സാന്ത്വനം അവരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇത് കേൾക്കുമ്പോൾ സത്യവിശ്വാസികളിൽ നോമ്പിനോട് താല്പര്യം വർദ്ധിക്കുന്നു.

ഹദ്റത്ത് സഹ്ല്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: റയ്യാൻ എന്നു പേരുള്ള ഒരു കവാടം സ്വർഗ്ഗത്തിലുണ്ട്. (ഇതൊരു ആലങ്കാരിക ഭാഷയാണ്. സ്വർഗ്ഗത്തിൽ ഇത്തരമൊരു കവാടം ഇല്ല. ജനങ്ങൾക്ക് കാര്യം മനസ്സിലാക്കിക്കൊടുക്കാൻ ഉപമാരൂപത്തിൽ വിശദീകരിക്കുകയാണിവിടെ) ഈ കവാടത്തിലൂടെ അന്ത്യദിനത്തിൽ നോമ്പുകാരാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുക. അല്ലാത്ത മറ്റാർക്കും അതിലൂടെ പ്രവേശനമില്ല. തത്സമയം ചോദിക്കും. നോമ്പുകാരെവിടെ? ഉടനെ അവർ എഴുന്നേറ്റുകൊണ്ട്

അതിലൂടെ പ്രവേശിക്കും. അവർ പ്രവേശിച്ചുകഴിഞ്ഞാലുടനെ ആ കവാടം അടയ്ക്കപ്പെടും. പിന്നീടാർക്കും അതിലൂടെ പ്രവേശനം ലഭിക്കുകയില്ല" (ബുഖാരി, മുസ്‌ലിം).

മറ്റു മതവിശ്വാസികളുടെ നോമ്പിന്റെ അവസ്ഥ എന്തായിരിക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. അവർ ആഖിറത്തിലും കണക്കെടുപ്പിലും വിശ്വസിക്കുന്നവരാണെങ്കിൽ സ്വർഗ്ഗത്തിലേക്കുള്ള വഴി അവർക്കും തുറന്നുകിടപ്പുണ്ട്. അവരുടെ നോമ്പും അല്ലാഹു സ്വീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഹദ്റത്ത് അബൂ അമാമ(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ റസൂലിനോട് ചോദിച്ചു. എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്ന എന്തെങ്കിലും കർമ്മം എനിക്കു പറഞ്ഞുതന്നാലും. നബി(സ) പറഞ്ഞു. നീ നോമ്പുപിടിക്കുക. നോമ്പിന് സമാനമായിട്ട് മറ്റൊന്നും തന്നെയില്ല."

**നോമ്പ്– ശരീരത്തിന്റെ സക്കാത്ത്**

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: എല്ലാ വസ്തുവനും സക്കാത്തുണ്ട്. ശരീരത്തിന്റെ സക്കാത്ത് നോമ്പാണ്.

യുക്തിപരമായ ഒരു കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എല്ലാ വസ്തുക്കൾക്കും സക്കാത്ത് കൊടുക്കുമ്പോൾ ശരീരത്തിനും സക്കാത്ത് കൊടുക്കേണ്ടതാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "എത്രയെത്ര നോമ്പുകാർ! പക്ഷേ, അവർക്ക് മിച്ചമുള്ളത് ദാഹം മാത്രം. എത്രയെത്ര രാത്രി നമസ്ക്കാരക്കാർ! അവർക്ക് മിച്ചമുള്ളത് ഉറക്കമിളപ്പും. നോമ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം അവർ പൂർത്തിയാക്കുന്നില്ല."

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ആരൊരുവൻ കളവും അതനുസരിച്ചുള്ള പ്രവർത്തനവും ഉപേക്ഷിക്കുന്നില്ലയോ, അങ്ങനെയുള്ള ആളിന്റെ ആഹാരപാനീയ വർജ്ജനം അല്ലാഹുവിന് ആവശ്യമില്ല."

ഇന്നത്തെ മുസ്‌ലിം മതപണ്ഡിതന്മാരുടെ അവസ്ഥ നോക്കുക. കളവ് പറയുന്ന കാര്യത്തിൽ ആർക്കും അവരെ കവച്ചുവയ്ക്കാൻ കഴിയുന്നില്ല. അപ്പോഴും അവർ നോമ്പുകാരാണ്. കളവ് പറയുന്നവരുടെ നോമ്പ് നിഷ്പ്രയോജനമായിപ്പോകുമെന്ന നബി(സ) തിരുമേനിയുടെ വചനംപോലും അവരുടെ ചെവിയിലെത്തുന്നില്ല.

**ഖലീഫാ അവ്വലിന്റെ ഉപദേശം**

ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: റമസാൻ ശരീഫിന്റെ ഏറ്റവും കനപ്പെട്ട സന്ദേശം, എത്ര വലിയ അത്യാവശ്യകാര്യമാണെങ്കിൽപ്പോലും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി വിശ്വാസികൾ അതെല്ലാം കൈവെടിയാൻ തയ്യാറാകുന്നു എന്നതാണ്. അതിന് ഒരു വിലയും നല്കുന്നില്ല. നോമ്പിന്റെ യാഥാർത്ഥ്യങ്ങളിലേക്കും തത്ത്വത്തിലേക്കും വിശുദ്ധഖുർആൻ വെളിച്ചം വീശുന്നു. അല്ലാഹു പറയുന്നു: ***യാ അയ്യുഹല്ലദീന ആമനൂ കുതിബ അലയ്ക്കുമുസ്സ്വിയാമു കമാകുതിബ അലല്ലദീന മിൻ ഖബ്‌ലിക്കും ലഅല്ലക്കും തത്തഖൂൻ.*** തഖ്‌വ എന്തെന്ന് പഠിക്കാനുള്ള ശീലം ഉണ്ടാകുന്നതിനായിട്ടാണ് നോമ്പു നിശ്ചയിച്ചിട്ടുള്ളത്. നോമ്പുകാരൻ, ശരീഅത്ത് അനുവദിച്ചിട്ടുള്ള കാര്യങ്ങൾപോലും മാറ്റിവയ്ക്കുന്നു. തിന്നാനും കുടിക്കാനും അവന് അനുവാദമുണ്ട്. അത് കഴിക്കാതിരിക്കുന്നത് അപ്പോൾ അത് കഴിക്കരുതെന്ന് അല്ലാഹു പറഞ്ഞതുകൊണ്ടാണ്. കാര്യം ഇങ്ങനെയാകുമ്പോൾ ശരീഅത്ത് അനുവദിക്കാത്ത കാര്യങ്ങൾ ചെയ്യാൻ അവൻ തയ്യാറാകുമോ? നിഷിദ്ധവസ്തുക്കൾ ഭക്ഷിക്കാനും കുടിക്കാനും തെറ്റായ മാർഗ്ഗത്തിലൂടെ വികാരപൂർത്തീകരണം നടത്താനും അവൻ മുതിരുമോ? ഏതുതരത്തിലുള്ള ആളും റമസാൻ കയ്പോടുകൂടിയെങ്കിലും പൂർത്തിയാക്കാറുണ്ട്. പക്ഷേ, റമസാൻ കഴിഞ്ഞാൽ വീണ്ടും പഴയപടിയിലേക്കിറങ്ങിപ്പോകുകയും ചെയ്യും. അങ്ങനെ പോകരുതെന്നാണ് റമസാൻ ഉപദേശിക്കുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വീണ്ടും പറയുന്നു: തഖ്‌വയുടെ വഴിയാണ് നോമ്പ്. ഇതിൽ വ്യക്തിപരവും സാമൂഹികവുമായ ആവശ്യങ്ങളെ അല്ലാഹുവിനുവേണ്ടി ഒരു നിശ്ചിതസമയത്തേക്ക് മനുഷ്യൻ ഉപേക്ഷിക്കുന്നു. ആവശ്യമുള്ള കാര്യങ്ങൾപോലും ഉപേക്ഷിക്കുമ്പോൾ പിന്നെ അനാവശ്യകാര്യങ്ങൾ ചെയ്യുന്നതെങ്ങനെ? അനാവശ്യമായ കാര്യങ്ങൾകൊണ്ട് അല്ലാഹുവിനെ വെറുപ്പിക്കാൻ പാടില്ല. ഇതാണ് നോമ്പിന്റെ പാഠം. അതുകൊണ്ടാണ് പറഞ്ഞത് ***ലഅല്ലക്കും തത്തഖൂൻ***.

***ഫിദ്‌യത്തുൻ ത്വആമു മിസ്ക്കീൻ*** എന്ന് തുടർന്ന് പറയുന്നു. ഒരു അഗതിയുടെ ഭക്ഷണം സദഖ എന്ന നിലയിൽ കൊടുക്കുക എന്ന്. സദഖത്തുൽ ഫിത്ർ കൊടുക്കുന്നതിലേക്കുള്ള സൂചനയാണിത്. ***ത്വആമുൻ*** എന്ന പദംകൊണ്ട് മനസ്സിലാകുന്നത് നോമ്പുകാരെല്ലാം പെരുന്നാളഇന് മുമ്പേ ഒരഗതിയുടെ ഭക്ഷണം സദഖ കൊടുത്തിരിക്കണം എന്നാണ്. ഞാൻ ചെയ്യുന്നതെന്താണെന്നുവെച്ചാൽ, നോമ്പുപിടിക്കും എന്റെ റൊട്ടി ഏതെങ്കിലുമൊരു സാധുവിന് കൊടുക്കുകയും ചെയ്യും."

ഇത് എല്ലാവരേയുംകൊണ്ട് സാധ്യമാകുന്ന കാര്യമല്ല. എന്നാൽ, പെരുന്നാളിന് മുമ്പേ സദഖത്തുൽ ഫിത്ർ കൊടുത്തുവീട്ടണം എന്നത് നിർബന്ധമാണ്. നേരത്തെ കൊടുത്തെങ്കിൽ മാത്രമേ അർഹരായവർക്ക് അതെത്തിക്കാൻ സാധിക്കുകയുള്ളൂ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തുടർന്ന് പറയുന്നു. നോമ്പു പിടിക്കാൻ കഴിയാത്തവർ ഫിദ്‌യ കൊടുക്കേണ്ടതാണ്. ***ഫിദ്‌യത്തുൻ ത്വആമുമി***

***സ്ക്കീൻ*** എന്നതിന് അറബിഭാഷാ നിയമമനുസരിച്ച് രണ്ടർത്ഥമാകാം. ***അല്ലദീന യുത്വീഖൂനഹൂ***. ഫിദ്‌യ കൊടുക്കാൻ കഴിവുള്ളവർ അത് കൊടുക്കേണ്ടതാണ്. നോമ്പു നിർബന്ധമുള്ളവർ, സ്ഥിരമായി പിടിക്കാൻ കഴിവില്ലാത്തവരാണെങ്കിൽ അവരെക്കുറിച്ചും ഇതിൽ പറയുന്നു. അതായത് അവരും ഫിദ്‌യ നിർബന്ധമായും കൊടുക്കണം. അവരുടെ നോമ്പിനുള്ള പകരമെന്ന നിലയ്ക്കാണിത്."

ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഗ്രന്ഥങ്ങളിൽ നിന്ന് കിട്ടുന്ന മറ്റൊരു കാര്യം 'അയ്യാമെബീസ്'ന് നോമ്പുപിടിക്കാൻ കഴിയുന്നില്ലെങ്കിൽ അഗതികൾക്ക് ഭക്ഷണം കൊടുക്കണം എന്നതാണ്. നബി(സ) തിരുമേനി ചന്ദ്രന്റെ 13,14,15 ദിനങ്ങളിൽ നോമ്പുപിടിക്കാറുണ്ടായിരുന്നു. ഇതിനാണ് അയ്യാമെബീസ് എന്ന് പറയുന്നത്. തുടർച്ചയായി ഈ ദിനങ്ങളിൽ നോമ്പുപിടിക്കാൻ കഴിയാത്തവർ റമസാൻ മാസത്തിൽ ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. റമസാൻ മാസം സമാഗതമായാൽ നബി(സ)യുടെ കരങ്ങൾ ദാനധർമ്മങ്ങളുടെ കാര്യത്തിൽ അതിശക്തിയായ കാറ്റിനേക്കാൾ വേഗത്തിൽ ചലിക്കുമായിരുന്നു.

ഖലീഫത്തുൽ മസീഹ് അവ്വൽ പറയുന്നു: 'റമസാൻ മാസത്തിൽ അധികമധികമായി ദുആ ചെയ്യണം. ഖുർആൻ ദർസ് നിർബന്ധമായും സംഘടിപ്പിക്കേണ്ടതാണ്.'

ഖലീഫത്തുൽ മസീഹ് വീണ്ടും പറയുന്നു: റമസാൻകൊണ്ട് ആദ്യപാപങ്ങൾ പൊറുക്കപ്പെടുമെന്ന് പറയുന്നു. അതിന് നബി(സ) തിരുമേനി വെച്ചിട്ടുള്ള നിബന്ധനയാണ് ഈമാനൻ വ ഇഹ്തിസാബൻ. വിശ്വാസം യാഥാർത്ഥ്യപൂർണ്ണമായിരിക്കണം. അതിനുശേഷം ഓരോ ദിവസവും കണക്കെടുത്തുകൊണ്ട് നോമ്പുപിടിക്കണം. എന്നാൽ, ആദ്യപാപങ്ങൾ പൊറുക്കപ്പെടും. ഒരു കാര്യം ദുഃഖത്തോടെ പറയട്ടെ, ചില യാളുകൾ പറയുന്നു, റമസാനിൽ ചെലവ് കൂടുന്നുവെന്ന്. വാസ്തവത്തിൽ ഇത് ശരിയല്ല. അത്തരക്കാർ നോമ്പിന്റെ പൊരുളറിയാത്തവരാണ്. അവർ ഇടയത്താഴം വളരെ കൂടുതൽ കഴിക്കുന്നു. തന്മൂലം ഉച്ച വരെ അത് ദഹിക്കാതെ കിടക്കുന്നു. വല്ലാത്ത അസ്വസ്ഥ അവർക്കുണ്ടായിരിക്കും. നോമ്പു തുറന്നാൽ അവർ പാതിരാവരെ നല്ലനല്ല ഭക്ഷണങ്ങൾ കഴിച്ചുകൊണ്ടേയിരിക്കും. അതുകഴിഞ്ഞ് മൃഗങ്ങളെപ്പോലെ ഉറക്കമായിരിക്കും. ഫലം അലസതയ്ക്കുമേൽ അലസത. യഥാർത്ഥ നോമ്പ് ശരീരേച്ഛയുമായിട്ടുള്ള പോരാട്ടമാണെന്നുപോലും അവർ ഓർക്കുന്നില്ല. ഈ മാസത്തിൽ നിങ്ങൾ അധികം ചെലവ് ചെയ്യരുത്. മൂക്കറ്റം കഴിക്കുകയുമരുത്. ഈ മാസത്തിൽത്തന്നെയാണ് ഖുർആൻ ഇറങ്ങാൻ തുടങ്ങിയത്. ഖുർആൻ ജനങ്ങൾക്ക് ഹിദായത്തിനുള്ള വെളിച്ചമാണ്. ഇത് മനസ്സിലാക്കി പ്രവർത്തിക്കണം. നോമ്പിലൂടെ ഭൗതികതയോടുള്ള ആസക്തി തണുക്കുന്നു. ഇതിലൂടെ ദൈവസാമീപ്യം കരസ്ഥമാകുന്നു."

നബി(സ) തിരുമേനി പറഞ്ഞതനുസരിച്ച് അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ഇവിടേയും നോമ്പുതുറ നടക്കാറുണ്ട്. എന്നാൽ, ഇത് ലളിതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആർഭാടം പാടില്ല. വൻപണം ചെലവുചെയ്ത് ഇത്തരം കാര്യങ്ങൾ നിർവഹിക്കണമെന്നതല്ല നബി(സ) തിരുമേനിയുടെ ഉദ്ദേശ്യം. ലളിതമായരീതിയിൽ നോമ്പ് തുറപ്പിക്കുക. നോമ്പു തുറപ്പിക്കുന്നതിനുള്ള പ്രതിഫലം കിട്ടുന്നതിനായിരിക്കണം അത് ചെയ്യേണ്ടത്. അല്ലാതെ മൂക്കറ്റം തീറ്റിച്ച് ആരാധനാകർമ്മങ്ങളിൽ അലസരാക്കുന്നതിന്റെ പാപം തലയിലേറ്റാനാകരുത്.

ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: ബർക്കത്ത് വിതരണം ചെയ്യുകയും ബർക്കത്ത് സ്വീകരിക്കുകയും ചെയ്യുന്നതായ നാളുകളുണ്ട്. മനുഷ്യൻ അവന്റെ കഴിവനുസരിച്ച് കർമ്മങ്ങൾ ചെയ്യണം. നോമ്പിനെക്കുറിച്ച് അല്ലാഹു പറയുന്നു: ***വ അൻത സൂമു ഖയ്റുല്ലക്കും*** നോമ്പു പിടിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഗുണകരം. ഒരിടത്ത് നോമ്പ് നിർബന്ധമാക്കി എന്നു പറഞ്ഞു. അപ്പോൾ ഇവിടെ പറഞ്ഞ ***ഖയ്റുല്ലക്കും*** എന്നതിന്റെ ഉദ്ദേശ്യം നഫ്‌ലിയായ നോമ്പാകാം. നിങ്ങൾ നഫ്ൽനോമ്പു നോക്കുകയാണെങ്കിൽ അതും നിങ്ങൾക്ക് ഗുണകരമാണ്."

നോമ്പിനെക്കുറിച്ച് ചില പ്രത്യേക ഉപദേശങ്ങൾ

നോമ്പിൽ ശ്രദ്ധിക്കേണ്ട ചില പ്രത്യേക ഉപദേശങ്ങൾ നബി(സ) നമുക്ക് നല്കിയിരിക്കുന്നു.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കണം. നിശ്ചയം, അത്താഴം കഴിക്കുന്നതിൽ നന്മയുണ്ട് (ബുഖാരി, മുസ്‌ലിം).

അത്താഴത്തിന്റെ നേരത്ത് കുട്ടികളേയും ഉണർത്തുക. അവരേയും അതിൽ പങ്കെടുപ്പിക്കുക. ഇതുമുഖേന രാവിലെ എഴുന്നേല്ക്കുന്ന ശീലം അവർക്കുണ്ടാകുന്നു. ഈ രീതിയിലും അത്താഴം അനുഗ്രഹമാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളിലാരെങ്കിലും ബാങ്കു കേട്ടാൽ, ഭക്ഷണപാത്രം അയാളുടെ കൈയിലാണെങ്കിൽ അത് താഴെ വയ്ക്കരുത്, ആവശ്യത്തിന് തിന്നു കഴിയാതെ."

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ബാങ്കുകൊടുത്താൽ നിറുത്തേണ്ട ആവശ്യമില്ല. ഭക്ഷണം കഴിക്കാതെ വിശന്നുകൊണ്ട് ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ പങ്കെടുക്കാൻ ഓടുന്നത് ശരിയല്ല. നമസ്കാരത്തിലാണെങ്കിലും വിശപ്പ് അവനെ അതിൽ നിന്ന് അശ്രദ്ധനാക്കും. ഇത്തരം പ്രവണത ശിർക്കാണ്. നബി(സ) തിരുമേനി പറഞ്ഞു: 'ബാങ്കു കൊടു

ത്താലും സാരമില്ല, ഭക്ഷണം കഴിക്കുക' ചിലപ്പോൾ നബി(സ) തിരുമേനി ഭക്ഷണപാത്രം കൈയിലെടുത്ത് നടന്നുകൊണ്ട് തിന്നിരുന്നു. ഇതിൽനിന്നാണ് ഭക്ഷണം നിന്നു തിന്നാം എന്ന് നാം സമർത്ഥിക്കുന്നത്. ചില പണ്ഡിതന്മാർ ഇതിനെ കർശനമായി എതിർക്കാറുണ്ട്. എന്നാൽ, നബി(സ) തിരുമേനി തന്നെയാണ് ഈ ശരീ അത്തും കാണിച്ചുതന്നിരിക്കുന്നത്. അതുകൊണ്ടാണ് നമ്മൾ അതിനേയും പിന്തുടരുന്നത്. നിന്ന് ഭക്ഷിക്കേണ്ടി വന്നാൽ അതിന് ഒരു വിരോധവുമില്ല. ചില സദ്യകളിൽ ധാരാളം ആളുകൾ പങ്കെടുക്കുന്നു. കസേരയും മേശയും എല്ലാവർക്കും ഇട്ടുകൊടുക്കാൻ സാധ്യമായെന്ന് വരില്ല. അത്തരം അവസരങ്ങളിൽ നിന്നുതിന്നാനുള്ള സംവിധാനം ഏർപ്പെടുത്തുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങളിൽ വല്ലവനും മറന്ന് തിന്നുകയോ കുടിക്കുകയോ ചെയ്താൽ തന്റെ നോമ്പ് അവൻ പൂർത്തിയാക്കിക്കൊള്ളട്ടെ. കാരണം നിശ്ചയമായും അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും" (ബുഖാരി, മുസ്ലിം).

നോമ്പുകാരൻ ചിലപ്പോൾ മറന്നിട്ട് ഭക്ഷണം കഴി ച്ചുപോകാറുണ്ട്. അത് അയാൾക്ക് അല്ലാഹുവിൽനി ന്നുള്ള സദ്യയാണ്. തിന്നതുകൊണ്ട് നോമ്പ് മുറിഞ്ഞു എന്ന ധാരണയിൽ നോമ്പ് വീട്ടാൻ പാടില്ല. അത് പൂർത്തിയാക്കേണ്ടതാണ്. ചിലർ പറയുന്നത് ആരെ ങ്കിലും കണ്ടാൽ നോമ്പ് മുറിയുമെന്നാണ്.

ഒരിക്കൽ ഒരു പെൺകുട്ടി നോമ്പുനോറ്റു. കുറച്ചു കഴിഞ്ഞപ്പോൾ അവൾക്ക് വിശപ്പ് അനുഭവപ്പെട്ടു. അവൾ മറഞ്ഞിരുന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. പെട്ടെന്ന് അവളുടെ സഹോദരൻ അവിടെ വന്നു. അപ്പോൾ ആ പെൺകുട്ടി, ഭായിജാൻ എന്റെ നോമ്പു മുറിച്ചേ എന്നു പറഞ്ഞ് കരയാൻ തുടങ്ങി. വാസ്തവ ത്തിൽ അല്ലാഹുവാണ് എല്ലാം കണ്ടുകൊണ്ടിരിക്കു ന്നവൻ എന്ന കാര്യം അവളോർത്തില്ല. അറിഞ്ഞു കൊണ്ട് ഭക്ഷണം കഴിച്ചാൽ നോമ്പു മുറിയും. എന്നാൽ അറിയാതെ, മറന്നിട്ട് എന്തെങ്കിലും കഴിക്കു കയാണെങ്കിൽ അത് പാപമല്ല.

ഹദ്റത്ത് സഹ്ല്(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: "സമയമായാൽ ധിറുതിപ്പെട്ട് നോമ്പ് മുറിക്കുമ്പോഴെല്ലാം ജനങ്ങൾ ക്ഷേമത്തിലാ യിരിക്കും" (ബുഖാരി, മുസ്ലിം).

ഇതും പ്രത്യേകമായൊരു ഉപദേശമാണ്. ശിയാ ക്കൾ താമസിച്ച് നോമ്പു തുറക്കുന്നത് പുണ്യമായി കരുതാറുണ്ട്. എന്നാൽ, അല്ലാഹുവിൽനിന്ന് അനു വാദം കിട്ടിയാൽ മുറിക്കേണ്ട ആ സമയത്തുതന്നെ നബി(സ) നോമ്പു മുറിക്കുമായിരുന്നു. അല്പം പോലും പിന്തിക്കുമായിരുന്നില്ല. അല്ലാഹു ഒഴിവു നല്കുന്ന കാര്യങ്ങൾ അതുപോലെ സ്വീകരിക്കുന്നത് അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള കാര്യമാണ്. അതിന് ഒരു മടിയും കാണിക്കരുത്. അത് അവനിൽനിന്നുള്ള ഹദ്യയാണെന്ന് മനസ്സിലാക്കുക. ശിയാക്കളെപ്പോലെ നോമ്പുതുറ പിന്തിക്കുന്നത് അനുവദനീയമല്ല.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. അല്ലാഹു പറഞ്ഞതായി നബി(സ) പറഞ്ഞു: "എന്റെ ദാസന്മാരിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവർ അസ്തമ യത്തിനുശേഷം ധിറുതിയിൽ നോമ്പു തുറക്കുന്നവ രാണ്" (തിർമിദി).

**യാത്രക്കാരന് നോമ്പില്ല**

ഹദ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി ഒരു യത്രാവേളയിൽ ഒരു ജനക്കൂ ട്ടത്തെ കണ്ടു. ഒരാളെ അവർ വളഞ്ഞുനില്ക്കുകയാ യിരുന്നു. നബി(സ) ചോദിച്ചു. ഇയാൾക്കെന്തുപറ്റി. അപ്പോൾ അയാൾക്ക് നോമ്പാണെന്ന് അവർ പറഞ്ഞു. നബി(സ) തിരുമേനി പ്രതിവചിച്ചു. യാത്രയിൽ നോമ്പു പിടിക്കൽ നന്മയല്ല. അത് തികച്ചും അനാവശ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രീതിയും ഇതു തന്നെയായിരുന്നു. ചിലർ നോമ്പ് പിടിച്ച് യാത്ര ചെയ്ത് ഖാദിയാനിൽ വരും. ബാങ്ക് കൊടുക്കാൻ അല്പസ മയം മാത്രം ബാക്കിയുള്ളപ്പോഴായിരിക്കും അവർ എത്തിച്ചേരുക. എങ്കിലും ആതിഥ്യമര്യാദയനുസരിച്ച് അവർ വന്നയുടനെ എന്തെങ്കിലും അവർക്ക് കുടി ക്കാൻ കൊടുക്കും. തങ്ങൾക്ക് നോമ്പാണെന്ന് അവർ പറയും. പക്ഷെ, യാത്രയിൽ നോമ്പില്ലെന്ന് ആ മഹാ ത്മാവ് അവരെ ഉപദേശിക്കും. ദൈവേച്ഛയ്ക്കു വിരു ദ്ധമായി നോമ്പുപിടിച്ചാൽ അതെങ്ങനെ സ്വീകരിക്ക പ്പെടാനാണ്?

യാത്രയിൽ നോമ്പ് പിടിക്കരുത്. ചെറിയ യാത്രയാ ണ്. വലിയ യാത്രയാണ്, വിമാനത്തിലുള്ള യാത്രയാ ണ്. ഇങ്ങനെയൊക്കെ ചർച്ച ചെയ്യാറുണ്ട്. ഇതെല്ലാം യാത്ര തന്നെയാണ്. മനുഷ്യൻ ഒരു യാത്രയുടെ ഉദ്ദേ ശ്യത്തോടെ വീട്ടിൽ നിന്നിറങ്ങുമ്പോൾതന്നെ യാത്ര ആരംഭിച്ചുകഴിഞ്ഞു. ഇപ്പോൾ ആധുനിക സംവിധാ നത്തിൽ പെട്ടെന്ന് ഉദ്ദേശിച്ച സ്ഥലത്തെത്താം. പിന്നെന്ത് യാത്ര എന്നും ചിലർ ചോദിക്കാറുണ്ട്. ഇത് അല്ലാഹുവിന്റെ പേരിലുള്ള ദുരാരോപണമാണ്. ഇക്കാ ലത്ത് ഇങ്ങനെയൊക്കെയുള്ള സംവിധാനമുണ്ടാകു മെന്ന് അല്ലാഹുവിന് കാലേക്കൂട്ടി അറിയുമായിരു ന്നില്ലേ? അല്ലാഹുവിന്നറിയാം. ഖുർആൻ ഇത് വ്യക്ത മായും പറയുന്നുണ്ട്. ആകാശത്തിൽ വഴിയൊരുങ്ങും. വിമാനത്തിൽ യാത്രയുണ്ടാകും എന്നൊക്കെ. അറിയും എന്നു മാത്രമല്ല, അതിനെക്കുറിച്ചുള്ള പ്രവ ചനവും ഖുർആനിലുണ്ട്. അതുകൊണ്ട് നബി(സ)യു ടെമേൽ ആരോപണം ഉന്നയിക്കരുത്. അറിവില്ലാതെ പറഞ്ഞതാണെന്ന് ധരിക്കരുത്. യാത്ര ചെറുതാണെങ്കിലും വലുതാണെങ്കിലും യാത്ര പുറപ്പെട്ടാൽ– പട്ടണത്തിൽ നിന്ന് വെളിയിലെത്തിയാൽ യാത്ര ആരംഭിക്കുന്നു.

ഹദ്റത്ത് ആയിശ(റ) പറയുന്നു: "നോമ്പുകാരന്റെ

നല്ല ശീലമാണ് മിസ്‌വാക്ക് ചെയ്യൽ"

രാവിലേയും വൈകുന്നേരവും മിസ്‌വാക്ക് ചെയ്യണം. ഇക്കാലത്ത് ബ്രഷും പേസ്റ്റും ഉപയോഗിച്ചാണ് പല്ലുകൾ വൃത്തിയാക്കുന്നത്. പല്ല് വൃത്തിയാക്കൽ നബി(സ) തിരുമേനിയുടെ ചര്യയിൽപ്പെട്ടതാണ്. സുഗന്ധം പൂശുന്നതും അനുവദനീയമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ജനങ്ങൾ ഇത് സംബന്ധമായി പലതും ചോദിച്ചിരുന്നു. ഒരിക്കൽ ചോദിച്ചു: നോമ്പുകാരൻ കണ്ണാടി നോക്കുന്നത് അനുവദനീയമാണോ? ഹുസൂർ പറഞ്ഞു: അനുവദനീയമാണ്. (കണ്ണാടി നോക്കുന്നതുകൊണ്ട് എന്ത് പാപം ഉണ്ടാകാനാണ്)

മറ്റൊരിക്കൽ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ചോദിച്ചു. നോമ്പുകാരൻ താടിയിലും തലയിലും എണ്ണ തേയ്ക്കുന്നത് അനുവദനീയമാണോ? അദ്ദേഹം പറഞ്ഞു: അനുവദനീയമാണ്.

വീണ്ടും ചോദിച്ചു: നോമ്പുകാരൻ സുഗന്ധം പൂശുന്നത് അനുവദനീയമാണോ? അനുവദനീയമാണ്.

നോമ്പുകാരൻ കണ്ണിൽ സുറുമ എഴുതുന്നത് അനുവദനീയമാണോ? വെറുക്കപ്പെട്ട പ്രവർത്തിയാണത്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? വേണമെങ്കിൽ രാത്രിയിൽ ആകാമല്ലോ?

നോക്കുക, ഏതേതെല്ലാം തരത്തിലുള്ള ചോദ്യങ്ങളാണ് ജനങ്ങൾ ചോദിച്ചിരുന്നത്. കണ്ണിന് ഭംഗികൂട്ടാൻ സുറുമ എഴുതുന്നത് നല്ലതല്ല. പഴയകാലത്ത് ജനങ്ങൾ ഇതുപയോഗിച്ചിരിക്കണം.

ഖുർആൻ അവതീർണ്ണമായ മാസം

സൂറഃബഖറയിൽ അല്ലാഹു പറയുന്നു: "സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമസാൻ."

ഇതിന് മറ്റൊരു തർജമ കൂടിയുണ്ട്. അതും ശരിയാണ്. ഉൻസില ഫീഹിൽ ഖുർആൻ. റമസാനെ സംബന്ധിച്ച് ഖുർആൻ ഇറക്കപ്പെട്ടു. ഇതിൽ റമസാനെ സംബന്ധിച്ച് വിശദീകരിച്ചിരിക്കുന്നു. റമസാൻ മാസത്തിലാണ് ഖുർആൻ ഇറങ്ങാൻ തുടങ്ങിയതും.

"അതുകൊണ്ട് നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്."

ഈ ഇളവും അല്ലാഹുവിൽനിന്നുള്ളത് തന്നെയാണ്. മറ്റു ദിനങ്ങൾ എന്നു പറഞ്ഞാൽ ചൂടുകാലത്ത് വിട്ട നോമ്പ് ചൂടുകാലത്തുതന്നെ പിടിച്ചു വീട്ടണമെന്നില്ല. തണുപ്പുകാലത്തും പിടിച്ചുവീട്ടാം. പക്ഷേ, സൂത്രം കാണിക്കാൻ പാടില്ല.

"അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണുദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് ഞെരുക്കം ഉദ്ദേശിക്കുന്നില്ല. ഇതാകട്ടെ നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാണ്" (2:186).

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "റമസാൻ നിങ്ങളുടെ അടുത്തുവന്നിരിക്കുന്നു. അത് അനുഗൃഹീതമാസമാണ്. അതിലെ നോമ്പ് അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. ആകാശത്തിന്റെ കവാടങ്ങൾ ഈ മാസത്തിൽ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടയ്ക്കപ്പെടുകയും പിശാചുക്കൾ ചങ്ങലയിൽ ബന്ധിതരാവുകയും ചെയ്യും" (നസായി).

ഇതിൽ ചിന്താർഹമായ ഒരു കാര്യം റമസാൻ മാസത്തിലും എല്ലാ അധർമ്മങ്ങളും നടക്കുന്നതായി നാം കാണുന്നു. ഇവിടെ ശയ്ത്വാൻ ബന്ധിക്കപ്പെടുന്നുമില്ല. ഹദീസിൽ പറയുന്നത് സത്യവിശ്വാസികളെക്കുറിച്ചാണെന്ന കാര്യം ഓർക്കുക. സത്യവിശ്വാസികളിലെ ശയ്ത്വാനാണ് ബന്ധിക്കപ്പെടുന്നത്. ഏറ്റവും ചെറിയ തെറ്റുപോലും ചെയ്യാൻ സത്യവിശ്വാസി ഭയക്കുന്നു. ദുൻയാവിലെ ശയ്ത്വാനാവട്ടെ തുറന്നനിലയിൽ വിലസുകയാണ്. അവനെ ആരും ചങ്ങലക്കിട്ടിട്ടില്ല.

ഹദ്റത്ത് നബി(സ) തിരുമേനി പറഞ്ഞു: "റമസാനിലെ രാത്രിയിലുള്ള നന്മയെ ആരാണോ പാഴാക്കിക്കളഞ്ഞത് അവൻ സകല നന്മയേയും പാഴാക്കിക്കളഞ്ഞു.''

അബ്ദുർ റഹ്മാനിബ്നു ഔഫ്(റ) പറയുന്നു. നബി (സ) തിരുമേനി അനുഗൃഹീത റമളാനെക്കുറിച്ച് പറഞ്ഞു: അതിനെ എല്ലാ മാസത്തേക്കാളും ശ്രേഷ്ഠമായ മാസമായി പ്രഖ്യാപിച്ചു. ആരാണോ റമസാൻ മാസത്തിൽ പ്രതിഫലേച്ഛയോടുകൂടി, സ്വയം കണക്കെടുത്തുകൊണ്ട് ആരാധനാകർമ്മങ്ങളിൽ ലയിക്കുന്നത് അവൻ അവന്റെ പാപങ്ങളിൽനിന്ന്, മാതാവിന്റെ വയറ്റിൽനിന്ന് പുറത്തുവന്നതുപോലെ പരിശുദ്ധനാകും."

ഹദ്റത്ത് അബൂ ഹുറയ്റ(റ) പറയുന്നു. നബി(സ) തിരുമേനി പറഞ്ഞു: "സത്യവിശ്വാസികൾക്ക് റമസാൻ തണലാണ്. എന്നാൽ, കപടവിശ്വാസികൾക്ക് അത് ഏറെ ക്ലേശകരമാണ്." വളരെ പ്രയാസത്തോടെയായിരിക്കും അവർ ദിനം തള്ളിനീക്കുക. റമസാൻ കഴിഞ്ഞെങ്കിൽ സ്വതന്ത്രരാകാമായിരുന്നുവെന്ന് അവർ ആശിക്കുന്നു.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ''എന്റെ പേരു കേൾക്കുകയും എന്നാൽ, എന്റെമേൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്തവൻ നിന്ദിതനാകുന്നു. റമസാൻ സമാഗതമാവുകയും അത് കഴിഞ്ഞുപോകുകയും എന്നാൽ അതിൽ പാപം പൊറുക്കപ്പെടാതിരിക്കുകയും ചെയ്തവനും നിന്ദിതനാകുന്നു. മാതാപിതാക്കൾ കൂടെയുണ്ടാകുകയും എന്നാൽ അവരെ സേവിച്ച് സ്വർഗ്ഗത്തിൽ കടക്കാതിരിക്കുകയും ചെയ്ത

വനും നിന്ദിതൻതന്നെ."

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "റമസാനിലെ നോമ്പുകളിൽ ഏതെങ്കിലും ഒരെണ്ണം കരുതിക്കൂട്ടി ഒഴിവാക്കിയാൽ, അവൻ ജീവിതകാലം മുഴുവൻ നോമ്പുപിടിച്ചാലും അതിന് പ്രായശ്ചിത്തമാകുകയില്ല."

മനഃപൂർവ്വം ഒഴിവാക്കുന്ന നോമ്പ് പോയതുതന്നെയാണ്. അതിനുള്ള മരുന്ന് ഇസ്തിഗ്ഫാർ ചെയ്യുക എന്നതു മാത്രമാണ്. തുടർന്ന് ഒഴിവാക്കാതിരിക്കുകയും വേണം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു: ***ശഹറു റമസാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ*** വിശുദ്ധഖുർആന്റെ ശൈലി എന്താണെന്നുവെച്ചാൽ, അത് ആദ്യം പൊതുവായ കാര്യങ്ങൾ പഠിപ്പിക്കുന്നു; പിന്നീട് പ്രധാനപ്പെട്ട കാര്യങ്ങളും. അപ്രകാരംതന്നെ ആദ്യം വലിയ ശിർക്കുകളിൽനിന്നും അത് മനുഷ്യനെ അകറ്റുന്നു. പിന്നീട് സൂക്ഷ്മങ്ങളായ ശിർക്കുകളിൽനിന്നും. ആദ്യം ഉംറ ചെയ്യുന്നതിനെ കുറിച്ച് പറഞ്ഞു. പിന്നീടാണ് ഹജ്ജിന്റെ കാര്യം പറഞ്ഞത്. ആദ്യം സദഖയെക്കുറിച്ച് പറഞ്ഞു. പിന്നീടാണ് സക്കാത്തിനെക്കുറിച്ച് പറഞ്ഞത്. ഇപ്രകാരം ഇവിടെ ആദ്യം നഫ്ൽ നോമ്പിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. പിന്നീട് റമസാനിലെ നോമ്പ് കല്പിച്ചു. ആദ്യം വിവരിച്ചത് റമസാൻ മാസത്തിന്റെ ശ്രേഷ്ഠതയാണ്. അതിൽ വിശുദ്ധഖുർആൻ അവതരിച്ചു. അതായത് ഖുർആൻ ഇറങ്ങിത്തുടങ്ങി. പൂർണ്ണമായും ഇറങ്ങാൻ 23 വർഷമെടുത്തു. ഖുർആൻ മുഴുവനും റമസാൻ മാസത്തിൽ ഇറങ്ങി എന്നല്ല അർത്ഥം. സൂറത്തിന്റെ ഒരുഭാഗം റമസാനിലിറങ്ങിയാലും ഇങ്ങനെ പറയും. ഞാൻ നടത്തിയ ഗവേഷണത്തിൽനിന്ന് എനിക്ക് മനസ്സിലായത് നബികരീം(സ) ഹിറാഗുഹയിൽ ആരാധനാകർമ്മങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത് റമസാൻ മാസത്തിലായിരുന്നു. അവിടെത്തന്നെയാണ് ആദ്യ സൂറത്ത് ഇറങ്ങിയതും.

**നിയന്ത്രണം നന്മകൾക്കുവേണ്ടി**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മറ്റു സമുദായങ്ങളിലെപ്പോലെ അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഈ സമുദായത്തിലും നിയന്ത്രണങ്ങളൊന്നും വെക്കുമായിരുന്നില്ല. നന്മകൾക്കായിട്ടാണ് അവൻ ഈ ഉമ്മത്തിന് നിയന്ത്രണങ്ങൾ വെച്ചിട്ടുള്ളത്. സത്യസന്ധതയോടും തികഞ്ഞ ആത്മാർത്ഥതയോടുംകൂടി അല്ലാഹുവിനോട് ചോദിച്ചാൽ, ഈ മാസത്തിൽനിന്ന് എന്നെ പിന്തള്ളരുതേ എന്ന് പ്രാർത്ഥിച്ചാൽ അല്ലാഹു അവനെ ഒരിക്കലും പിന്തള്ളുകയില്ല. ഇത് വാസ്തവമാണ്. ഇനി അത്തരം ഘട്ടത്തിൽ അവൻ രോഗിയായാൽതന്നെ ആ രോഗം അവന് റഹ്മത്തായിരിക്കും. കാരണം കർമ്മങ്ങളുടെയെല്ലാം അടിത്തറ നിയ്യത്താണ്. അല്ലാഹുവിന്റെ വഴിയിൽ ധീരനാണെന്ന് മുഅ്മിൻ സ്വയം തെളിയിച്ചു കാണിക്കണം. ഹൃദയം നോമ്പുപിടിക്കാൻ വേവലാതിപ്പെടുകയാണെങ്കിൽ അതിനുള്ള പ്രതിഫലം അല്ലാഹു നല്കും. സൂത്രങ്ങളൊന്നും അവന്റെ സന്നിധിയിൽ ഫലിക്കുകയില്ല.

"വിശുദ്ധഖുർആന്റെ കല്പനയനുസരിച്ച് ജീവിക്കുന്നത് തഖ്‌വയാണ്. രോഗികളും യാത്രക്കാരനും മറ്റു ദിനങ്ങളിൽ നോമ്പു പിടിക്കാൻ അല്ലാഹു പറയുന്നു. ഈ കല്പനയനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പുപിടിക്കുന്നത് പാപമാണ്. അല്ലാഹുവിന്റെ തൃപ്തിയാണല്ലോ യഥാർത്ഥ ലക്ഷ്യം. അവന്റെ ഇഷ്ടം ബലമായി പിടിച്ചെടുക്കാൻ ആർക്കും കഴിയില്ല. അല്ലാഹുവിനെ ക്ഷീണിപ്പിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന് നബി(സ) തിരുമേനി വ്യക്തമായും പറഞ്ഞിട്ടുണ്ട്. നന്മ ചെയ്ത് അല്ലാഹുവിനെ ക്ഷീണിപ്പിക്കാനുദ്ദേശിച്ചാൽ അവൻ ക്ഷീണിക്കുന്നവനല്ല. മനുഷ്യൻ സ്വയം ക്ഷീണിക്കുകയേയുള്ളൂ. അതുകൊണ്ട് എളുപ്പമായ കാര്യം, അവന്റെ സന്തോഷം ലഭിക്കുന്നതിന് അവൻ നല്കിയിട്ടുള്ള ഇളവുകൾ സന്തോഷത്തോടെ സ്വീകരിക്കുക എന്നതാണ്.

'***മൻകാന മിൻകും മരീളൻ അൗ അലാ സഫറിൻ ഫ ഇദ്ദത്തുമിൻ അയ്യാമിൻ ഉഖറ***' ഇതിൽ ഒരുസംശയവുമില്ല. രോഗിക്കും യാത്രക്കാരനും താൻ നോമ്പു പിടിക്കുകയില്ലെന്ന് തീരുമാനിക്കാം. ഇന്നും എന്റെ ആരോഗ്യം മോശമാണ്. അതുകൊണ്ട് ഞാൻ നോമ്പ് പിടിച്ചിട്ടില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജീവിതത്തിൽ വളരെയധികം സൂക്ഷ്മത പുലർത്തിയിരുന്നു. കൃത്രിമം ലവലേശം തീണ്ടിയിരുന്നില്ല. യുവത്വകാലത്ത് അവിടന്ന് അടുപ്പിച്ച് ആറുമാസംവരെ നോമ്പ് നോറ്റിരുന്നു.

ഒരിക്കൽ ഒരു സദസ്സിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ ഒരാൾ വെള്ളം മുമ്പിൽകൊണ്ടുവെച്ചു. (നോമ്പുകാലമായിരുന്നു. അദ്ദേഹമാണെങ്കിൽ രോഗത്തിലുമായിരുന്നു) വെള്ളം കുടിച്ചില്ലെങ്കിൽ, അത് മറ്റുള്ളവരെ വഞ്ചിക്കലാവും എന്ന് കരുതി അവിടുന്ന് അല്പം കുടിച്ചു. കാരണം തനിക്ക് നോമ്പുണ്ടെന്ന് ജനങ്ങൾ തെറ്റായി ധരിക്കും. അതുകൊണ്ടാണ് കുടിച്ചത്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹു ഇഷ്ടപ്പെടുകയില്ല. പക്ഷേ, എതിരാളികൾ ബഹളംകൂട്ടി. അതൊരു വലിയ ഫിത്നയാക്കി മാറി.

അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ. റമദാൻ വീണ്ടും വന്നിരിക്കുന്നു. ആ എണ്ണപ്പെട്ട ദിനങ്ങൾ വീണ്ടും ആരംഭിച്ചിരിക്കുന്നു. എല്ലാ അനാവശ്യങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും ശരീരേച്ഛകളിൽനിന്നും മലിനചിന്തകളിൽനിന്നും അകന്ന് നമുക്ക് നോമ്പുപിടിക്കാം. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ (ഖുത്ബ, 16.11.2001).

പേജ് 10-ൽ നിന്ന്

രിച്ചപ്പോൾ ബഹുദൈവാരാധകരായ അവരുടെ ബന്ധുക്കൾ അവരെ വെയിലത്ത് നിറുത്തുമായിരുന്നു. കൂടുതൽ ചൂടേറ്റ് ഉണങ്ങിപ്പോകുന്നതിനായി റൊട്ടിയോടൊപ്പം തേനും കൊടുത്തിരുന്നു. കുടിക്കാൻ വെള്ളമൊട്ടു കൊടുത്തിരുന്നുമില്ല. ഇങ്ങനെ മൂന്നു ദിവസം കഴിഞ്ഞപ്പോൾ ബിംബാരാധകർ, 'നീ സ്വീകരിച്ച മതം ഉപേക്ഷിക്കാൻ' അവരോട് പറഞ്ഞു. മൂന്നു രാപ്പകൽ പട്ടിണിയിലായിരുന്നതുകൊണ്ട് തികച്ചും ക്ഷീണിതയായിരുന്നു അവർ. ബിംബാരാധകർ പറഞ്ഞതിന്റെ പൊരുൾ അവർക്ക് മനസ്സിലായില്ല. അവർ ആകാശത്തേക്ക് ചൂണ്ടിപ്പറഞ്ഞപ്പോൾ, തൗഹീദ് നിഷേധിക്കാനാണ് പറയുന്നതെന്ന് ഉമ്മുശരീഫ്(റ.ഹ) മനസ്സിലാക്കി. ഉടനെ അവർ പറഞ്ഞു: അല്ലാഹുവാണ! ഞാൻ എന്റെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുകയാണ്.

ഇവർ ഇസ്‌ലാം സ്വീകരിച്ച് അടങ്ങിയിരിക്കുകയായിരുന്നില്ല. മറിച്ച്, ഇവരെക്കുറിച്ച് പറയുന്നത്, അങ്ങേയറ്റം വിനയത്തോടെ ഖുറയ്ശീ സ്ത്രീകളേയും സത്യത്തിലേക്ക് ക്ഷണിച്ചിരുന്നുവെന്നാണ്. അല്ലാഹു അവന്റെ തൃപ്തി കരസ്ഥമാക്കാൻ അവരെ ഏല്പിച്ച ജോലിയിൽ വിഘ്നം സൃഷ്ടിക്കാൻ അവർക്ക് നേരിടേണ്ടിവന്ന അക്രമങ്ങൾക്ക് കഴിഞ്ഞില്ല.

### ഹദ്റത്ത് ഉമ്മു ഉബയ്സ്(റ.ഹ)

ഹദ്റത്ത് ഉമ്മു ഉബയ്സ്(റ.ഹ)യെക്കുറിച്ച് പറയുന്നു. അവർ ഒരു അടിമസ്ത്രീയും ആദ്യകാല വിശ്വാസികളിൽപ്പെട്ടവരുമായിരുന്നു. ഇസ്‌ലാംമതം സ്വീകരിച്ച കാരണത്താൽ മക്കയിലെ മുശ്‌രിക്കീങ്ങളുടെ നേതാവായ അസ്‌വദ് ബിൻ അബ്ദി ഔസ് അവരുടെമേൽ അതിരില്ലാത്ത അക്രമം ചെയ്തിരുന്നു. പക്ഷേ, അവർ ഇസ്‌ലാം ഉപേക്ഷിച്ചില്ല. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ആണ് അവരെ വിലക്കു വാങ്ങി മോചിപ്പിച്ചത്.

### ഹദ്റത്ത് സമിയ്യാ(റ.ഹ)

ഹദ്റത്ത് സമിയ്യാ ഉമ്മി അമ്മാർ ബിൻ യാസിറിന്റെ ഇസ്‌ലാം സ്വീകരിച്ച സംഭവമാണ് ഇനി പറയുന്നത്. ഇസ്‌ലാംമത വിശ്വാസികളിൽ ഏഴാമത്തെ വിശ്വാസിയായിരുന്നു ഹദ്റത്ത് സമിയ്യ(റ.ഹ). ഇസ്‌ലാം സ്വീകരിച്ചതിനുശേഷം കുറച്ചുകാലം സമാധാനമായി ജീവിച്ചുവെങ്കിലും, പെട്ടെന്നാണ് ഖുറയ്ശികളുടെ ഉപദ്രവം തുടങ്ങിയത്. അത് വർദ്ധിച്ചുകൊണ്ടേപോയി. ഏത് മുസൽമാനേയും എവിടെവെച്ച് ആര് കണ്ടാലും പലരീതിയിലും ഉപദ്രവിക്കുമായിരുന്ന കാലമായിരുന്നു അത്. ഹദ്റത്ത് സമിയ്യാ(റ.ഹ)യെ വിശ്വാസം ഉപേക്ഷിക്കാൻ ബന്ധുക്കൾ നിർബന്ധിച്ചു. പക്ഷേ, അവർ തന്റെ വിശ്വാസത്തിൽ അടിയുറച്ചുനിന്നു. ഇതിന്റെ ഫലമായി, ബിംബാരാധകർ അവരെ ഇരുമ്പുച്ചട്ട അണിയിച്ച് വെന്തുപൊള്ളുന്ന വെയിലത്ത് നിറുത്തുമായിരുന്നു. നബി(സ) അതിലൂടെ പോകുമ്പോൾ ഈ അവസ്ഥകണ്ട് പറയും: യാസിറിന്റെ കുടുംബമേ, ക്ഷമിക്കുക. ഇതിനുപകരം നിങ്ങൾക്കായി സ്വർഗ്ഗമുണ്ട്. അബൂജഹ്ൽ ഒരു ദിവസം കുന്തംകൊണ്ട് കുത്തി സമിയ്യായെ ശഹീദാക്കുകയാണുണ്ടായത്.

### ഹദ്റത്ത് ഫാത്വിമ ബിൻത് ഖത്ത്വാബ്(റ.ഹ)

ഇസ്‌ലാമിന്റെ ആദ്യകാലത്ത് നടന്ന സംഭവമാണിത്. ഹദ്റത്ത് ഫാത്വിമ ബിൻത് ഖത്ത്വാബ്(റ.ഹ)യെക്കുറിച്ച് പറയുന്നു. അവർ തന്റെ ഭർത്താവായ സഈദ് ബിൻ സയ്ദിനോടൊപ്പം ഇസ്‌ലാംമതം സ്വീകരിച്ചു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അവരുടെ സഹോദരൻ അതായത്, ഹദ്റത്ത് ഉമർ(റ) മുസ്‌ലിമായി. യഥാർത്ഥത്തിൽ ആ സഹോദരി മുഖേനയാണ് ഉമർ (റ) ഇസ്‌ലാം സ്വീകരിച്ചത്. വളരെ പ്രസിദ്ധമായ സംഭവമാണിത്. ഹദ്റത്ത് ഹംസ(റ) ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഹദ്റത്ത് ഉമർ(റ) നബി(സ) തിരുമേനിയെ വധിക്കുക എന്ന ദൃഢനിശ്ചയത്തോടെ പുറപ്പെട്ടു. വഴിയിൽവെച്ച് ഒരു സ്വഹാബിയെ ഉമർ കണ്ടുമുട്ടി. നിങ്ങൾ നിങ്ങളുടെ പൂർവ്വികരുടെ മതം ഉപേക്ഷിച്ച് മുഹമ്മദിന്റെ മതം സ്വീകരിച്ചോ എന്ന് അദ്ദേഹത്തോട് ഉമർ ചോദിച്ചു. അദ്ദേഹം പറഞ്ഞു. അതെ, ഞാൻ മുഹമ്മദിന്റെ മതം സ്വീകരിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു, നിന്റെ വീട്ടിലെ വിശേഷംകൂടി അറിയുക. നിന്റെ സഹോദരിയും അളിയനും മുഹമ്മദ്(സ)ന്റെ മതം സ്വീകരിച്ചിരിക്കുന്നു. ഹദ്റത്ത് ഉമർ നേരെ സഹോദരിയുടെ വീട്ടിലെത്തി. ഫാത്വിമ കതകടച്ച് അകത്തിരുന്ന് ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഉമറിന്റെ കാലടി ശബ്ദം കേട്ട് പാരായണം നിറുത്തി. ഖുർആന്റെ പേജുകൾ മറച്ചുവെച്ചു. പക്ഷേ, ശബ്ദം ഉമറിന്റെ ചെവിയിൽ പതിഞ്ഞുകഴിഞ്ഞിരുന്നു. എന്താണ് ഓതിയതെന്ന് ഉമർ ചോദിച്ചു. ഒന്നുമില്ലെന്ന് അവർ പറഞ്ഞു. നിങ്ങൾ രണ്ടുപേരും മുർത്തദ്ദായിരിക്കുന്നുവെന്ന് ഞാൻ കേട്ടു. ഇതുംപറഞ്ഞ് അളിയനുമായി അടികൂടാൻ തുടങ്ങി. അദ്ദേഹത്തിന്റെ കോളർ പിടിച്ചു. ഹദ്റത്ത് ഫാത്വിമ തന്റെ ഭർത്താവിനെ രക്ഷിക്കുന്നതിനായി ഇടയ്ക്കു കയറി. അവരേയും ഉമർ അടിച്ചു. മുടി പിടിച്ച് താഴെയിട്ട് വലിച്ചു. അവരുടെ ശരീരം ചോരകൊണ്ട് പൊതിയുംവിധം മർദ്ദിച്ചു. മൂക്കിൽനിന്ന് രക്തം വന്നു, തുടങ്ങി പല നിവേദനങ്ങളും ഇതുസംബന്ധമായി വന്നിട്ടുണ്ട്. എന്തായാലും ഉമറിന്റെ സഹോദരി ഫാത്വിമ ഉറച്ച ശബ്ദത്തിൽ പറഞ്ഞു, "ഉമറേ നിന്നെക്കൊണ്ട് കഴിയുന്നതൊക്കെ ചെയ്തുകൊള്ളുക. പക്ഷേ, ഇസ്‌ലാം ഞങ്ങളുടെ ഹൃദയത്തിൽനിന്ന് ഒരിക്കലും പുറത്തുപോകുകയില്ല." ഈ വാക്കുകൾ ഹദ്റത്ത് ഉമറിന്റെ മനസ്സിനെ വല്ലാതെ സ്വാധീനിച്ചു. സഹോദരിയെ സ്നേഹത്തോടെ അദ്ദേഹം നോക്കി. അവർക്ക് മുറിവേറ്റിരുന്നു. അതു കണ്ട് ഉമറിന്റെ മനസ്സലിഞ്ഞു. രക്തം ഒഴുകുന്നതുകണ്ട്

കൂടുതൽ വിഷമമുണ്ടായി. നിങ്ങൾ ഓതിയിരുന്നത് എന്നേയും കേൾപ്പിക്കുക എന്ന് ഉമർ(റ) പറഞ്ഞു. ഹദ്റത്ത് ഫാത്വിമ(റ) ഖുർആന്റെ ചില ഭാഗങ്ങൾ മുന്നിൽകൊണ്ടുവച്ചു. ഹദ്റത്ത് ഉമർ(റ) അത് പാരായണം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിൽ ആദരയുക്തമായ ഒരു ഭയം ഉണ്ടായിക്കൊണ്ടിരുന്നു. അങ്ങനെ ഒരു വചനത്തിൽ എത്തിയപ്പോൾ, വിളിച്ചു പറഞ്ഞു, ***അശ്ഹദു അല്ലായിലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ്.***

**ഹദ്റത്ത് സഫ്യ ബിൻത് അബ്ദുൽ മുത്തലിബ്(റ.ഹ)**

ഹദ്റത്ത് സഫ്യാ ബിൻത് അബ്ദുൽ മുത്തലിബിനെക്കുറിച്ച് പറയുന്നു. ഉഹ്ദ് യുദ്ധാവസരത്തിലെന്ന പോലെ ഖന്തക് യുദ്ധത്തിലും അവർ അങ്ങേയറ്റം സ്ഥിരചിത്തതയോടെ പ്രവർത്തിച്ചിരുന്നു. അൻസാറിന്റെ കോട്ടകളിൽ ഏറ്റവും ഭദ്രമായ കോട്ട ബനു ഖുറയ്ളക്കാർ താമസിക്കുന്ന പ്രദേശത്തോടടുത്തുള്ളതായിരുന്നു. അവിടുത്തെ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി ഹദ്റത്ത് ഹസ്സാൻ(റ)നെയാണ് നിയമിച്ചിരുന്നത്. ഇദ്ദേഹം ഒരു കവിയായിരുന്നു. മുസ്‌ലിംകളുടെ സകല ശക്തിയും മുഹമ്മദ്(സ) നോടൊപ്പമാണെന്നുകണ്ട യഹൂദികൾ സുരക്ഷിതമായി കണ്ടിരുന്ന കോട്ടയുടെനേരെ ആക്രമണം നടത്താൻ തക്കംപാർത്തിരിക്കുകയായിരുന്നു. രഹസ്യം ചോർത്തിയെടുക്കാനായി ഒരു യഹൂദി കോട്ടയുടെ കവാടത്തിലെത്താൻ ശ്രമിച്ചു. ഹദ്റത്ത് സഫ്യാ(റ.ഹ) ഇതുകണ്ടപ്പോൾ ആ യഹൂദിയെ കൊല്ലാൻ ഹസ്സാനോട് പറഞ്ഞു. ഇല്ലെങ്കിൽ അയാൾ ശത്രുക്കൾക്ക് വിവരം നല്കും. മദീനയിലെ ആ ഭാഗം ബലഹീനമായിരുന്നു. ഹദ്റത്ത് ഹസ്സാൻ(റ) തന്റെ വിഷമം പ്രകടിപ്പിച്ചു. ഹദ്റത്ത് സഫ്യ(റ) കൂടാരത്തിന്റെ ഒരു കാല് ഊരിയെടുത്ത് യഹൂദിയുടെ തല പൊട്ടുംവിധം ആഞ്ഞടിച്ചു. ഹദ്റത്ത് സഫ്യാ(റ) തിരിച്ചുവന്ന് ഹസ്സാനോടു പറഞ്ഞു, "ഞാൻ അയാളെ അടിച്ചു, തല പൊട്ടിയിട്ടുണ്ട്. അബോധാവസ്ഥയിലാണ്. താങ്കൾ പോയി അയാളെ കെട്ടിയിടുകയോ അല്ലെങ്കിൽ അയാളുടെ തല മുറിച്ച് താഴേക്കിടുകയോ ചെയ്യുക. യഹൂദികൾ ഭയന്ന് അക്രമത്തിൽനിന്ന് പിന്മാറട്ടെ." അദ്ദേഹം നിഷേധിച്ച കാരണത്താൽ അവർക്കുതന്നെ ആ കൃത്യം നിർവ്വഹിക്കേണ്ടിവന്നു. അതുകൊണ്ട് ആ ഭാഗത്തൂടെ ആക്രമണം നടത്താൻ യഹൂദികൾക്ക് തന്റേടമുണ്ടായില്ല.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. ഉഹ്ദ് ദിവസം ആളുകൾ നബികരീം(സ)യിൽനിന്ന് കുറച്ചു അകന്നുപോയപ്പോൾ ഞാൻ ഹദ്റത്ത് ആയിശയേയും ഹദ്റത്ത് ഉമ്മുസുലയ്മിനേയും കണ്ടു. അവർ രണ്ടു പേരും തങ്ങളുടെ കൈയിലേയും കാലിലേയും വസ്ത്രം മുകളിലേക്ക് ചുരുട്ടിവെച്ചിരുന്നു. ഞാൻ അവരുടെ കാല്പാദം കാണുന്നുണ്ടായിരുന്നു. അവർ വെള്ളം നിറച്ച തോൽപാത്രം ഏറ്റിക്കൊണ്ടുവന്ന് മുറിവേറ്റവരെ കുടിപ്പിക്കുകയായിരുന്നു. വെള്ളം തീർന്നാൽ വീണ്ടും പോയി കൊണ്ടുവരുമായിരുന്നു. യുദ്ധദിനങ്ങളിൽ ഈ സ്ത്രീകൾ ഇങ്ങനെയാണ് സേവനം ചെയ്തിരുന്നത്.

**ഹദ്റത്ത് ഖൻസ**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഉമ്മയുടെ ഏറ്റവും വലിയ ത്യാഗം കുട്ടികളാണ്. ഞാൻ അതിനും ഒരു സ്ത്രീയെ ഉദാഹരണമെന്നോണം സമർപ്പിക്കട്ടെ. ഇസ്‌ലാം സ്വീകരിക്കുന്നതിനു മുമ്പേ ഇസ്‌ലാമിനെ കഠിനമായി നിഷേധിച്ചിരുന്ന ഒരു സ്ത്രീയുണ്ടായിരുന്നു. ഇറാനികളുമായിട്ടുള്ള ഒരു യുദ്ധത്തിൽ മുസ്‌ലിംകൾക്ക് ശക്തമായ പരാജയമുണ്ടായി. അതകറ്റുന്നതിനുവേണ്ടി അവർ വീണ്ടും ഒരുമിച്ചുകൂടി. ഇറാനികളുടെ പക്കൽ എല്ലാവിധ സംവിധാനങ്ങളും ഉണ്ടായിരുന്ന കാരണത്താൽ അവരെ വിജയികളായി കാണാമായിരുന്നു. ആനപ്പടയുമായിട്ടുള്ള പോരാട്ടം മുസ്‌ലിംകൾക്ക് പ്രയാസകരമായി. അവസാനദിവസത്തെ യുദ്ധത്തിൽ ഒരുപാട് സ്വഹാബിമാർ വധിക്കപ്പെട്ടു. അവസാനം മുസ്‌ലിംകൾ കൂടിയാലോചിച്ച്, അടുത്തദിവസം അന്തിമപോരാട്ടം നടത്താൻ തീരുമാനിച്ചു. ഞാൻ പറഞ്ഞ ആ സ്ത്രീയുടെ പേര് ഖൻസാ എന്നായിരുന്നു. അവർ വലിയ കവിയത്രിയും സാഹിത്യകാരിയുമായിരുന്നു. അവർക്ക് നാല് ആൺമക്കളുണ്ടായിരുന്നു. അവർ തന്റെ നാലു മക്കളേയും വിളിച്ചിട്ടു പറഞ്ഞു: എന്റെ മക്കളേ! എനിക്ക് നിങ്ങളോട് ഒരുപാട് കടപ്പാടുണ്ട്. നിങ്ങളുടെ പിതാവ് ചൂതാട്ടക്കാരനായിരുന്നു. ഞാൻ എന്റെ സഹോദരനിൽനിന്ന് നാല് പ്രാവശ്യം സ്വത്ത് വാങ്ങി അദ്ദേഹത്തിന് കൊടുത്തു. എന്നാൽ, നാലുപ്രാവശ്യവും അദ്ദേഹം ചൂതാട്ടത്തിൽ അത് നശിപ്പിച്ചു. (അതായത്, തന്റെ സ്വത്തു മാത്രമല്ല, സഹോദരന്റെ ഓഹരിയിലുള്ള സ്വത്തും വാങ്ങിക്കൊടുത്തു.) അദ്ദേഹം മരിച്ചിട്ടും ഞാൻ എന്റെ അഭിമാനം കാത്തുസൂക്ഷിച്ചു. ഞാനിന്നുവരെ അദ്ദേഹത്തിന്റെ കുടുംബത്തെ ആശ്രയിച്ചിട്ടില്ല. വളരെ പ്രയാസപ്പെട്ട് നിങ്ങളെ വളർത്തി. ഇതെല്ലാം ഓർമ്മിപ്പിച്ചുകൊണ്ട് ഞാനിന്ന് നിങ്ങളോട് ആവശ്യപ്പെടുന്നത്, 'ഒന്നുകിൽ നിങ്ങൾ യുദ്ധത്തിൽ വിജയം വരിച്ചുവരണം, ഇല്ലെങ്കിൽ അവിടെ വധിക്കപ്പെടണം. പരാജിതരായിവന്ന് നിങ്ങളുടെ മുഖം എന്നെ കാണിക്കരുത്.'

ഈ യുദ്ധത്തിന്റെ വിശദീകരണത്തിൽനിന്ന് മനസ്സിലാകുന്നത് ഓരോ മുസ്‌ലിമും, കളിമൈതാനത്ത് ഫുട്ബാൾ വലിച്ചെറിയുന്നതുപോലെ തങ്ങളുടെ ജീവനെ യുദ്ധമൈതാനത്തേക്ക് വലിച്ചെറിയുകയായിരുന്നു എന്നാണ്.

നട്ടുച്ചനേരത്ത്, പൊരിഞ്ഞ പോരാട്ടം നടക്കുമ്പോൾ, ഖൻസ വന്നു. ആ രണാങ്കണത്തിൽനിന്ന്

സൈനികർക്ക് പുറത്തുവരിക എന്നത് ദുഷ്കര മായിരുന്നു. അവർ അവിടെനിന്ന് കൈകളുയർത്തി ദുആ ചെയ്തു. "അല്ലാഹുവേ, ഞാനെന്റെ മക്കളെ ദീനിനായി സമർപ്പിച്ചിരിക്കുന്നു. ഇനി നീ മാത്രമാണ് അവരെ കാത്തുരക്ഷിക്കുന്നവൻ." അല്ലാഹുവിന്റെ അതിരറ്റ ഫള്ലുകൊണ്ട് യുദ്ധം വിജയിച്ചു. അവരുടെ മക്കളും ജീവനോടെ തിരിച്ചെത്തി.

### ഹദ്റത്ത് ഹിന്ദ(റ.ഹ)

ഹിന്ദയുടെ ഭർത്താവായ അബൂസൂഫിയാൻ 20 വർഷംവരെ നബി(സ) തിരുമേനിയുമായി യുദ്ധം ചെയ്തയാളാണ്. മക്ക വിജയാവസരത്തിലാണ് മുസ്ലിമായത്. ഹിന്ദയും നബി(സ) തിരുമേനിയോട് പകവെച്ചുപുലർത്തിയിരുന്നു. ഉഹ്ദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസ(റ) ശഹീദായതിനുശേഷം അവർ തന്നെയാണ് ആ മഹാത്മാവിന്റെ ചെവിയും മൂക്കും ഛേദിപ്പിച്ചത്. ചില നിവേദനങ്ങളിൽ, അദ്ദേഹത്തിന്റെ കരൾ എടുത്തു കടിച്ച് ചവച്ചുവെന്നും വന്നിട്ടുണ്ട്.

ഉഹ്ദ് യുദ്ധത്തിൽ ഹദ്റത്ത് ഹംസ(റ) ശഹീദായി. ആ യുദ്ധത്തിൽ മുസ്ലിംകൾക്ക് പിന്നോട്ടു മാറേണ്ടി വന്നു. മുസ്ലിം ശുഹദാക്കളുടെ ജഡങ്ങൾ സത്യനി ഷേധികളുടെ കരുണയിലും ദയയിലും ആയിരുന്നു. ഹദ്റത്ത് ഹംസ(റ) ഒരു പ്രത്യേക വ്യക്തിയെ വധിച്ച കാരണത്താലാണ് ഹിന്ദ അദ്ദേഹത്തിന്റെ ജഡത്തിന്റെ ചെവിയും മൂക്കും ഛേദിച്ച് വികൃതമാക്കിയത്. അവർ ഇസ്ലാമിന്റേയും നബി(സ)യുടേയും ബദ്ധശത്രുക്ക ളായിരുന്നു. മക്കാവിജയത്തിനുശേഷം, അവരും അവ രുടെ ഭർത്താവ് അബൂസുഫ്യാനും അവരുടെ മകൻ മുആവിയായും ഇസ്ലാം സ്വീകരിച്ചു. പിന്നീട് അവർ ഇസ്ലാമിനുവേണ്ടി പോരാടി. ഇസ്ലാമിന് വളരെയ ധികം സേവനം ചെയ്തു. നബി(സ) തിരുമേനിയുടെ ആത്മീയശക്തിപ്രഭാവം അവരുടെ മുഖച്ഛായതന്നെ മാറ്റിമറിച്ചിരുന്നു.

അവർ പറയുന്നു: ഒരു യുദ്ധാവസരത്തിൽ ഹർക്ക ലിന്റെ സൈന്യവുമായിട്ട് ഘോരയുദ്ധം ചെയ്യേണ്ടിവ ന്നു. മുസ്ലിംകളുടെ അംഗസംഖ്യ ഏറ്റവും കൂടിയാൽ ആറായിരമായിരുന്നു. ശത്രുസൈന്യം പത്തുലക്ഷമാ യിരുന്നുവെന്ന് ചിലരും, ചിലർ മൂന്നോ നാലോ ലക്ഷ മായിരുന്നുവെന്നും എഴുതീട്ടുണ്ട്. ക്രൈസ്തവ ചരി ത്രകാരന്മാരും ഇത് സമ്മതിച്ചിട്ടുണ്ട്. എന്തായാലും മുസ്ലിംകളുടെ അംഗസംഖ്യയേക്കാൾ അഞ്ചാറ് ഇരട്ടി കൂടുതലായിരുന്നു എന്നതിൽ സംശയമില്ല. ഒരു ഘട്ട ത്തിൽ ശത്രുപക്ഷത്തുനിന്ന് ശക്തമായ ആക്രമണം ഉണ്ടായപ്പോൾ മുസ്ലിംകൾക്ക് പിന്നാക്കം പോകേണ്ടി വന്നു. ഹിന്ദ അവരുടെ കൂടാരത്തിലിരുന്ന് പൊടിപട ലങ്ങൾ ഉയരുന്നതുകണ്ടു. അതെന്തുകൊണ്ടാണെന്ന് അവർ തിരക്കി. മുസ്ലിംകൾ പരാജയപ്പെട്ടിരിക്കുന്നു വെന്ന് പറയപ്പെട്ടു. ഹിന്ദ, സ്ത്രീകളോട് പറഞ്ഞു: പുരുഷന്മാർ പരാജയപ്പെടുകയും ഇസ്ലാമിന്റെ പേരിന് കളങ്കമുണ്ടാകുകയും ചെയ്തിട്ടുണ്ടെങ്കിൽ, വരിക നമുക്കുപോയി ശത്രുക്കളെ നേരിടാം. നമുക്കെ ങ്ങനെയാണ് ശത്രുക്കളോടു പൊരുതാൻ കഴിയു കയെന്ന് മറ്റു സ്ത്രീകൾ അവരോടു ചോദിച്ചു. "നമ്മൾ മുസ്ലിംകളുടെ കുതിരകളെ അടിച്ചുതെളി ക്കും, നിങ്ങൾ പിന്തിരിയുകയാണെങ്കിൽ ഞങ്ങൾ മുന്നോട്ടു കുതിക്കുകയാണെന്ന് അവരോടു പറയും." അപ്പോൾ അബൂ സുഫ്യാനും മറ്റു സ്വഹാബിമാരും മടങ്ങിവരികയായിരുന്നു. കാരണം ശക്തമായ പ്രഹ രമാണേറ്റത്. ഹിന്ദ മുന്നോട്ടു വരികയും അവരുടെ കുതിരകളെ അടിച്ചുപായിക്കുകയും ചെയ്യുന്നത് അവർ കണ്ടു. ഹിന്ദ അബൂ സുഫ്യാനോടു പറഞ്ഞു: "താങ്കൾ ഇസ്ലാമിന്നെതിരിൽ വളരെ തന്റേടം കാണി ക്കുകയും പൊരുതുകയും ചെയ്തു. ഇപ്പോൾ ഭീരുത്വം കാണിക്കുകയാണോ? വാസ്തവത്തിൽ ഇസ്ലാമിലാണെങ്കിൽ വീരമൃത്യുവിനുശേഷം അന ശ്വരമായ ജീവിതമാണുള്ളത്." അതുകേട്ടപ്പോൾ അബൂസുഫ്യാൻ മുസ്ലിംകളോടു പറഞ്ഞു: മടങ്ങു ക, ഹിന്ദയുടെ ലാത്തി ശത്രുക്കളുടെ വാളിനേക്കാൾ മൂർച്ചയുള്ളതാണ്. പിന്നീട് മുസ്ലിംകൾ ആക്രമണം നടത്തുകയും അല്ലാഹുതആല വിജയം നല്കി അവരെ അനുഗ്രഹിക്കുകയും ചെയ്തു. ഒരു സ്ത്രീയാണ് ആ യുദ്ധത്തിന്റെ മുഖച്ഛായ മാറ്റിയതെന്ന കാര്യം ഓർക്കുക.

### ഹദ്റത്ത് അസ്മ(റ.ഹ)

ഹദ്റത്ത് ഉമർ ഫാറൂഖ്(റ)ന്റെ ഖിലാഫത്തുകാല ത്ത്, ഭയാനകമായ യർമൂക്ക് യുദ്ധം ചെയ്യേണ്ടിവന്നു. യുദ്ധത്തോടുള്ള താൽപര്യം ഹദ്റത്ത് അസ്മാ (റ.ഹ) യെ വീട്ടിലിരുത്താൻ അനുവദിച്ചില്ല. അവർ തന്റെ കുടുംബക്കാരോടൊപ്പം ഈ യുദ്ധത്തിൽ പങ്കെടു ക്കുകയും ദൃഢപാദരായിക്കൊണ്ട് ധീരത കാണി ക്കുകയും ചെയ്തു. ക്രൈസ്തവസൈന്യം വളരെയ ധികമായിരുന്നു. ഒരവസരത്തിൽ അവരുടെ ശക്തമായ ആക്രമണംകൊണ്ട് മുസ്ലിംകൾ പിന്നോട്ടു മാറിമാറി സ്ത്രീകളുടെ കൂടാരംവരെ എത്തിയിരുന്നു. അവിടെ യുണ്ടായിരുന്ന ഹദ്റത്ത് അസ്മായും മറ്റ് സ്ത്രീകളും കൂടാരത്തിന്റെ കാലുകൾ പറിച്ചെടുത്ത് ശത്രുക്കളുടെ നേരെ പാഞ്ഞു. അവരെ പിന്നോട്ടുതള്ളി നീക്കി. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഈ യുദ്ധത്തിൽ ഹദ്റത്ത് അസ്മാ(റ) തന്റെ ലാത്തികൊണ്ട് 9 റോമ ക്കാരെ വധിക്കുകയുണ്ടായി.

### ബൽക്കീസ് സാഹിബ

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്ത്രീകളിൽ വരുത്തിയ വിപ്ലവങ്ങളിൽ ധനത്യാഗ ത്തെക്കുറിച്ചുള്ള കാര്യങ്ങളും ധാരാളമായി ലഭിക്കു ന്നുണ്ട്. മുഹമ്മദ് ശരീഫ് സാഹിബിന്റെ ഭാര്യ ബൽക്കീസ് സാഹിബ- ഇവർ ടെലഫോൺ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥയായിരുന്നു. 1989-ലാണ്

അവർ വഫാത്തായത്. ദർശനങ്ങളും സ്വപ്നങ്ങളും ഉണ്ടാകുമായിരുന്നു. സാത്ത്വികയായിരുന്നു. ആരാധനാകർമ്മങ്ങളിൽ നിഷ്ഠ പാലിച്ചിരുന്നു. 1/5 വസിയ്യത്ത് ചെയ്ത മൂസിയയുമായിരുന്നു. തുറന്ന കൈയോടെ യായിരുന്നു അവരുടെ ധനത്യാഗം. സ്യൂറിച്ചിലെ പള്ളി നിർമ്മാണ പ്രവർത്തനത്തിനായി ഫണ്ട് പ്രഖ്യാപിച്ചപ്പോൾ തന്റെ മുഴുവൻ ആഭരണവും അതിലേക്കായി കൊടുക്കുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: ''അങ്ങേയറ്റം ദരിദ്രയും ക്ഷീണിതയുമായ ഒരു പട്ടാണി സ്ത്രീയുണ്ടായിരുന്നു. അവർ ഹിജ്റത്ത് ചെയ്തുവന്നതാണ്. വടിയൂന്നി വളരെ പ്രയാസപ്പെട്ടാണ് നടന്നിരുന്നത്. അവർ സ്വയം നടന്നുവന്ന് എന്റെ കൈയിൽ ഇരുനൂറ് രൂപ തന്നു.'' ഈ സ്ത്രീ വളരെ ദരിദ്രയായിരുന്നു. രണ്ടോ നാലോ കോഴികളായിരുന്നു അവരുടെ ഉപജീവനമാർഗ്ഗം. അതിന്റെ മുട്ടകൾ വിറ്റും ജമാഅത്ത് നല്കിയ സഹായധനവുംകൊണ്ടാണ് ജീവിച്ചിരുന്നത്.

ഇപ്രകാരംതന്നെ ഒരു പഞ്ചാബി വിധവ, അവരുടെ ഒരേയൊരു മൂലധനം ഒരാഭരണം മാത്രമായിരുന്നു. അത് അവർ പള്ളിനിർമ്മാണഫണ്ടിലേക്ക് കൊടുത്തു.

യത്തീമായ ഒരുപാട് കുട്ടികളെ സംരക്ഷിച്ചു പോന്ന ഒരു വിധവ ഉണ്ടായിരുന്നു. ആഭരണമോ പണമോ ഒന്നും അവരുടെ കൈയിലില്ലായിരുന്നു. അവർ ഉപയോഗിച്ചിരുന്ന വീട്ടുപാത്രങ്ങൾ ചന്ദയായി കൊടുത്ത സംഭവവുമുണ്ട്. അവരിലൊക്കെ ത്യാഗത്തിന്റെ ഒരു ആവേശവും വികാരവും നിലകൊള്ളുന്നുണ്ടായിരുന്നു. അതിന്റെ ഫലമായിട്ടാണ് അവർ ഇത്തരം ധനത്യാഗത്തിന് തയ്യാറായത്.

ഭാഗൽപൂരിലെ ഒരു സുഹൃത്തിന്റെ ഭാര്യയുടെ കൈയിൽ രണ്ടാടുകളാണുണ്ടായിരുന്നത്. അവർ ആ ആടുകളെ ചന്ദയായിട്ട് കൊടുക്കാൻ കൊണ്ടുവന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഒരിക്കൽ ഒരു പദ്ധതി മുന്നോട്ടുവെച്ചപ്പോൾ, ഒരു സ്ത്രീ 25,30 ആയിരം പൗണ്ട് സമർപ്പിക്കുകയുണ്ടായി. ഇപ്രകാരംതന്നെ നൈജീരിയായിലെ ഒരു സ്ത്രീ 10,000 പൗണ്ട് നല്കി. അക്കാലത്ത് ഇതിന് വലിയ വിലയാണുണ്ടായിരുന്നത്. ദൂരദേശത്ത് കഴിഞ്ഞിരുന്ന ഈ നൈജീരിയൻ സ്ത്രീയും ത്യാഗത്തിൽ ഭാഗഭാക്കായി. മറ്റുള്ളവരെക്കുറിച്ച്, ഖിലാഫത്തിന്റെ സാമീപ്യം ഉണ്ടായിരുന്നു. സ്വഹാബാക്കളുടെ മക്കളായിരുന്നു, ത്യാഗം എന്തെന്നറിയാമായിരുന്നു എന്നൊക്കെ പറയാൻ കഴിയും. പക്ഷേ, ഇക്കൂട്ടർ സ്വന്തം ഇഷ്ടത്താൽ അഹ്മദിയ്യത്ത് സ്വീകരിച്ചവരാണ്. ദൂരെദൂരെ ദേശത്ത് വസിക്കുന്നവരാണ്. അവരുടെ ത്യാഗങ്ങളുടെ മാതൃകയും നോക്കിക്കാണുക. രഹ്ജ ലാർഗ എന്നാണ് അവരുടെ പേര്.

ഈ വിപ്ലവം അവരിലുണ്ടായത് കാലത്തിന്റെ ഇമാമിന്റെ പരിശുദ്ധ ശക്തിപ്രഭാവം കൊണ്ടാണെന്നത് വ്യക്തമാണ്. തന്റെ മസീഹിനെ പിന്തുണയ്ക്കുന്ന ദൃശ്യം അല്ലാഹു നമുക്ക് കാണിച്ചുതരികയാണ്. ദൂരദൂര ദേശത്ത് താമസിക്കുന്നവരായിരുന്നു അവർ. അവരുടെ ഹൃദയങ്ങളിൽ ജമാഅത്തിനോടും ഖിലാഫത്തിനോടും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനോടുമുള്ള സ്നേഹത്തിന്റെ ഒരു അഗ്നി കൊളുത്തി. ഭൗതികമായ സകല സ്നേഹത്തേയും അതണച്ചുകളഞ്ഞു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരു സംഭവം വിവരിക്കുന്നു. ഒരു ഉമ്മ എന്റെ പേരിൽ പത്തായിരം രൂപ അയച്ചു. സ്വന്തം മകൾക്ക് ആഭരണമുണ്ടാക്കാൻ തട്ടാനെ ഏല്പിച്ചിരുന്ന പണമായിരുന്നു അത്. അവർ എഴുതി: ''ധനത്യാഗത്തിനുള്ള ഖുത്ബ കേട്ടപ്പോൾ എന്റെ അല്ലാഹു എന്റെ മകൾക്ക് കൂട്ടുകാരനെ നല്കുമ്പോൾ, എന്നും ജീവിച്ചിരിക്കുന്ന അവൻ അവൾക്ക് ആഭരണവും നല്കുമെന്ന് മനസ്സ് തീരുമാനിച്ചു. ഇന്ന് എന്റെ ഹുസൂറിന് പണം ആവശ്യമാണ്. അതുകൊണ്ട് തട്ടാന് കൊടുത്ത പണം തിരിച്ചുവാങ്ങി ചന്ദ നല്കുന്നു.''

ജീവിതം വഖ്ഫ് ചെയ്തു സേവനം അനുഷ്ഠിച്ചുവന്ന ഒരാളുടെ ഭാര്യയെക്കുറിച്ച് എഴുതിയിരിക്കുന്നു. പറയുന്നു: ''ഈ ത്യാഗത്തിന്റെ അവസരത്തിൽ എന്റെ സാന്നിധ്യം ഉണ്ടാകണമെന്ന് അല്ലാഹു തോന്നിപ്പിച്ചു. ***ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ***, നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല എന്ന ഖുർആന്റെ കല്പനയിൽ ഞാൻ ചിന്തിച്ചു. അപ്പോൾ എനിക്കുള്ള സ്വത്തിൽ ഏറ്റവും പ്രിയപ്പെട്ടത് ഏതാണെന്ന് ഞാൻ നോക്കി. എനിക്കേറ്റവും ഇഷ്ടവും പ്രിയപ്പെട്ടതും ഒരു മാലയായിരുന്നു. അത് ഞാൻ ഈ പദ്ധതിയിലേക്ക് ചന്ദ കൊടുത്തിരിക്കുന്നു.'' ഇതാണ് മാതൃകകൾ. ഇന്നും ഈ മാതൃക നിലനില്ക്കുന്നു.

കുറച്ചുദിവസം മുമ്പേ, ഒരു സ്ത്രീ ആഭരണങ്ങളുടെ പെട്ടികളുമായി എന്റെയടുത്തുവന്നു. ഈ ആഭരണങ്ങളെല്ലാം ഏതു പദ്ധതിയിലേക്കാണ് കൊടുക്കാനാഗ്രഹിക്കുന്നതെന്ന് ഞാൻ ചോദിച്ചു. വീട്ടിൽ എന്താണ് ബാക്കിയുള്ളതെന്നും ചോദിച്ചു. എന്റെ എല്ലാ ആഭരണങ്ങളും ഞാൻ എടുത്തുകൊണ്ട് അങ്ങയുടെയടുക്കൽ വന്നിരിക്കുകയാണെന്ന് അവർ പറഞ്ഞു. അവരുടെ ശബ്ദം വിറയ്ക്കുന്നുണ്ടായിരുന്നു. അവർ പേടിക്കുന്നുണ്ടെന്നു തോന്നി. എന്തിനാണ് ഭയപ്പെടുന്നതെന്ന് ഞാൻ ചോദിച്ചു. അങ്ങ് ഈ ആഭരണങ്ങൾ സ്വീകരിക്കാതിരിക്കുമോ എന്ന ഭയമാണെന്ന് അവർ പറഞ്ഞു. ലക്ഷക്കണക്കിന് രൂപയുടെ ആഭരണ

പേജ് 25-ൽ

# ഒരു ത്യാഗാത്മാവിനെക്കുറിച്ചുള്ള വിതുമ്പുന്ന സ്മരണകൾ

**മെ**യ് 24 -ാം തിയ്യതി ഹദ്റത്ത് മിയാസാഹിബിന്റെ ആരോഗ്യനില സീരിയസ്സാണെന്നും ഐ.സി.യുവിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണെന്നും അറിഞ്ഞതുമുതൽ അദ്ദേഹത്തെ ഒരുനോക്കു കാണുവാൻവേണ്ടി ഒരിയ്ക്കൽകൂടി ഒരവസരം നല്കേണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ ഹൃദയം മിടിയ്ക്കാൻ തുടങ്ങിയതാണ്. അങ്ങനെ അദ്ദേഹത്തെ ഒരു നോക്കുകാണുവാനും ഒടുവിൽ ആ മഹാപ്രഭാവവാന്റെ ജനാസയിൽ അങ്ങേയറ്റം വിലപിക്കുന്ന ഒരു ഹൃദയത്തോടുകൂടി പങ്കെടുക്കാനും എനിയ്ക്ക് സാധിച്ചു. അൽഹംദുലില്ലാഹിറബ്ബിൽ ആലമീൻ.

എന്റെ വന്ദ്യപിതാവ് മരിച്ചതിനുശേഷം എന്റെ ഏറ്റവും വലിയ ദുഃഖമായിരുന്നു ഹദ്റത്ത് മിയാസാഹിബിന്റെ മരണം. അദ്ദേഹം ഇന്ത്യയിലെ മുഴുവൻ അഹ്മദിയ്യാ ജമാഅത്തിന്റേയും ചുക്കാൻ പിടിയ്ക്കുന്ന ഒരു സാരഥി മാത്രമായിരുന്നില്ല അതേസമയംതന്നെ എനിയ്ക്ക് എല്ലാ അർത്ഥത്തിലും ഒരാത്മീയ പിതാവുകൂടിയായിരുന്നു. അക്കാരണംകൊണ്ടുതന്നെ ആ സ്നേഹവും വാത്സല്യവും വളരെയടുത്ത് അനുഭവിക്കാനുള്ള ഭാഗ്യവും മറ്റാരേക്കാളും എനിയ്ക്കു കിട്ടിയിട്ടുമുണ്ട്. എനിയ്ക്ക് ഏകദേശം 7 വയസ്സു പ്രായമുള്ളപ്പോൾ അദ്ദേഹം എന്റെ പിതാവിന്റെ വസതിയിൽ കുറച്ചുദിവസം വന്നുതാമസിച്ചിരുന്നു. അന്ന് ഞാനായിരുന്നു പലപ്പോഴും ചായയും മറ്റും വീടിന്റെ ഒന്നാംനിലയിൽ കൊണ്ടുകൊടുത്തിരുന്നത്. അന്ന് എന്നെ അരികിൽ നിർത്തി 'യഹ് മേരീ ബേഠീ ഹൈ' എന്നു പറയുമായിരുന്നു. അങ്ങനെ ഉർദുവിന്റെ ആദ്യാക്ഷരങ്ങൾ ഞാൻ പഠിക്കുന്നതും ആ നാവിൽനിന്നായിരുന്നു. പിന്നീട് പല പ്രാവശ്യവും വീട്ടിൽവന്ന് അദ്ദേഹത്തിനേയും കുടുംബത്തിനേയും നോക്കാനുള്ള ചുമതലയും എനിയ്ക്ക് ലഭിക്കുകയുണ്ടായി.

അതിനുശേഷം ഓരോ വർഷവും ഖാദിയാനിൽ പോകുമ്പോൾ ജൽസ സമയത്ത് അദ്ദേഹത്തിന്റെ വസതിയ്ക്കു മുകളിലുള്ള ദാറുൽമസ്സീഹിലായിരുന്നു ഞങ്ങളുടെ താമസം. ഭക്ഷണം പലപ്പോഴും താഴെ ആപ്പാജാനും ബന്ധുക്കളോടുമൊപ്പവുമായിരിക്കും. അതല്ലെങ്കിൽ മുകളിലേയ്ക്കെത്തിക്കുകയും ചെയ്യുമായിരുന്നു. നാലുകൊല്ലം മുമ്പ് ഒരു ജൽസ സമയത്ത് ഞങ്ങൾ ചെല്ലുമെന്ന വിവരം പറഞ്ഞ് അദ്ദേഹത്തിന് ഒരു കത്തയച്ചിരുന്നു. ട്രെയിൻ താമസിച്ച കാരണത്താൽ അന്നുരാത്രി രണ്ടു മണിയ്ക്കായിരുന്നു ഞങ്ങൾ അവിടെയെത്തിയത്. മുകളിലത്തെ മുറിയുടെ താക്കോൽ കിട്ടിയ കാരണത്താൽ അസമയത്ത് അദ്ദേഹത്തെ വിളിച്ചുണർത്തണ്ട എന്നുവിചാരിച്ച് മെല്ലെ മുകളിലേക്ക് കയറാൻ തുടങ്ങുമ്പോൾ സുസ്മേരവദനനായി അദ്ദേഹം വാതിൽ തുറന്നിറങ്ങിവരുന്നു. സലാം പറഞ്ഞതിനുശേഷം ജലീൽസാഹിബ് പറഞ്ഞു ഉറക്കത്തിൽനിന്ന് ഉണർത്തണ്ടായെന്ന് കരുതിയാണ് ഞങ്ങൾ വീട്ടിലേക്ക് കയറാതെ പോയതെന്ന്. അപ്പോൾ ഭക്ഷണം കഴിച്ചോ എന്നന്വേഷിക്കുകയും കഴിച്ചെന്നറിഞ്ഞപ്പോൾ ഇരിയ്ക്കാൻ പറഞ്ഞിട്ട് അകത്തേക്ക് പോയി കയ്യിൽ രണ്ട് ഗ്ലാസ്സും ചൂടുവെള്ളമടങ്ങിയ ഫ്ളാസ്കുമായി തിരിച്ചുവന്നു. എനിയ്ക്ക് വളരെ വിഷമം തോന്നി. ഞാൻ പറഞ്ഞു അങ്ങെന്തിനാണ് വെള്ളം ചൂടാക്കാൻ അടുക്കളയിൽ കയറിയത് ഞാൻ വന്നെടുക്കുമായിരുന്നല്ലോ എന്ന്. അപ്പോൾ ചിരിച്ചുകൊണ്ട് പറഞ്ഞു: ആബിദാ മസീഹ് മൗഊദ് (അ) അതിഥികളെക്കുറിച്ച് എത്രയേറെ പറഞ്ഞിരിക്കുന്നുവെന്നറിയാമോ? അപ്പോൾ രണ്ട് ഗ്ലാസ്സ് വെള്ളം ചൂടാക്കുന്നത് അത്ര വലിയ പ്രയാസമാണോ? ഞങ്ങൾ പോരുന്നതുവരെ കുളിയ്ക്കാനുള്ള ചൂടുവെള്ളത്തിന്റെ കാര്യവും കുടിയ്ക്കാനുള്ള ചൂടുവെള്ളത്തിന്റെ കാര്യവും അദ്ദേഹം പ്രത്യേകം പറഞ്ഞ് ഏർപ്പാടുചെയ്യുമായിരുന്നു.

കേരളത്തിൽനിന്ന് വരുന്നവരേയും മറ്റെല്ലാ രാജ്യത്തിൽനിന്ന് വരുന്നവരേയും പ്രത്യേകം പ്രത്യേകം കണ്ട് അവരുടെ മാതാപിതാക്കളെക്കുറിച്ചും, സഹോദരങ്ങളെക്കുറിച്ചും, ജോലിയെക്കുറിച്ചുമെല്ലാം പുഞ്ചിരിയോടുകൂടി അദ്ദേഹം ചോദിച്ചറിയുകയും കുശലാന്വേഷണം നടത്തുകയും ചെയ്യുമായിരുന്നു. ഓരോ കാര്യത്തെക്കുറിച്ചും, ഓരോ വ്യക്തികളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ഓർമ്മ അപാരമായിരുന്നെന്ന് എല്ലാവർക്കുമറിയാവുന്ന ഒരു സത്യമാണ്. അതുപോലെതന്നെ ബോർഡിങ്ങിൽ പഠിക്കാൻ വരുന്ന ഓരോ കുട്ടിയ്ക്കും അദ്ദേഹത്തിന്റെ സ്നേഹത്തിന്റേയും കരുതലിന്റേയും ഒരുപാട് കഥകൾ പറയാനുണ്ട്. നേപ്പാളിൽനിന്ന് സത്യമതത്തെക്കുറിച്ചറിയാനെത്തിയഒരു

ബ്രാഹ്മണസഹോദരൻ (പില്ക്കാലത്ത് അദ്ദേഹം അഹ്മദിമുബല്ലിഗായി) തന്റെ ചരിത്രം ഞങ്ങളോട് വിശദീകരിച്ചപ്പോൾ പറഞ്ഞു. 'എന്റെ മുമ്പിൽ ഏതെങ്കിലും തരത്തിലുള്ള സംശയം ബാക്കിയായിരുന്നെങ്കിൽ പോലും മിയാസാഹിബിനെ കണ്ടപ്പോൾ ആ വ്യക്തി പ്രഭാവത്തിനും ആ സ്നേഹസാമീപ്യത്തിനും മുമ്പിൽ ഞാൻ അടിയറ പറഞ്ഞു. ഉടനെ ബയ്അത്ത് ചെയ്തുവെന്ന്. അങ്ങനെ എത്രയെത്ര വ്യക്തികൾ ഇന്ത്യയിലുടനീളം എല്ലാവരുടേയും നാവിൽനിന്നുതിരുന്നത് ഈ വാക്കുകൾതന്നെയാണ്. ആ ആകാരസൗഷ്ടവം, ഓർമ്മശക്തി, നിശ്ചയദാർഢ്യം, കുലമഹിമ എല്ലാത്തിനുമുപരി പരിശുദ്ധനായ അല്ലാഹുവിനാൽ നിയുക്തനാക്കപ്പെട്ട മഹ്ദീ ഇമാമിന്റെ പൗത്രൻ എന്നിത്യാദി കാര്യങ്ങളാൽ പ്രശോഭിതമായ ആ വ്യക്തിത്വത്തിനു മുമ്പിലാർക്കുംതന്നെ ആ സ്ഥാനത്തിനുപകരം നിൽക്കാനും ആ നഷ്ടം ആരാലും പരിഹരിയ്ക്കാനും സാധ്യമല്ല. എല്ലാ മനുഷ്യനും മരണം നിശ്ചയമാണെന്ന അല്ലാഹുവിന്റെ ആ നിശ്ചയത്തിന് മുമ്പിൽ എല്ലാ ഓരോരുത്തർക്കും ഒരിക്കൽ പോകാതെ വയ്യല്ലോ. ഇനിയെന്നും ഒരു പ്രാർത്ഥന മാത്രമേയുള്ളൂ. അല്ലാഹുവേ, അദ്ദേഹം അറിയാതെ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം പൊറുത്ത് അദ്ദേഹത്തിന് ആഖിറത്തിൽ ഏറ്റവും ഉന്നതമായ ഒരു സ്ഥാനം നല്കേണമേയെന്ന്.

ഒരുകാലത്ത് തന്റെ ബന്ധുക്കളും മിത്രങ്ങളും മറ്റെല്ലാവരും നാടുവിട്ടപ്പോൾ കേവലം വളരെക്കുറച്ച് പ്രായം മാത്രമുള്ള അദ്ദേഹം ഏറ്റവും നിർണ്ണായകമായ ഒരുകാലഘട്ടത്തിൽ ഖാദിയാന്റെ സംരക്ഷണത്തിന്നായി നിയുക്തനാക്കപ്പെട്ടതാണ്. ദീനിനുവേണ്ടി അന്നുമുതൽ ഇന്നുവരെ പോരാടിയ ആ കാവൽ മാലാഖയ്ക്കും, അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും അല്ലാഹുതന്നെ സംരക്ഷണം നല്കട്ടെ. ഞാനൊരിയ്ക്കൽ മക്കളെക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതാണ് മൂന്നു പെൺമക്കളും, ഒരു മോനും വെളിയിലാണ്. ഞാനും ആപ്പാജാനും തനിച്ചാണിവിടെ. പിന്നെ നിങ്ങളെല്ലാമാണ് ഞങ്ങൾക്ക് കൂട്ടെന്ന്. ഒടുവിൽ അദ്ദേഹത്തിന് വളരെ ഏകാന്തത അനുഭവിച്ചുതുടങ്ങിയിരുന്നു. അതിനാൽ അദ്ദേഹം യാത്ര വളരെയധികം ആസ്വദിച്ചിരുന്നു. പ്രത്യേകിച്ച് കേരളത്തിൽ വരുന്നത് രണ്ടുപേർക്കും വളരെ ഇഷ്ടമായിരുന്നു. ഒടുവിൽ കേരളത്തിലേക്ക് വരാൻ അദ്ദേഹവും ഭാര്യയും പെട്ടിവരെ തയ്യാറാക്കിയതായിരുന്നു. പക്ഷേ, വിധി അതിന് സമയം കൊടുത്തില്ല. അതിനുമുമ്പേ പോകേണ്ടിവന്നു. ആപ്പാജാൻ കേരളത്തിന്റെ മനോഹാരിതയെക്കുറിച്ച് വർണ്ണിച്ചപ്പോൾ ഞാൻ പറഞ്ഞു ഒരുമാസം എന്റെ കൂടെവന്ന് നിൽക്കുക. നമുക്കെല്ലാ സ്ഥലവും കാണാം എന്ന്. അപ്പോൾ മിയാസാഹിബ് പറഞ്ഞു ആപ്പാജാന് കണ്ണിന്റെ ട്രീറ്റ്മെന്റുണ്ട് അതിനായി ഹൈദ്രബാദിൽ പോകണം. അതുകൊണ്ട് ആപ്പാജാനുവേണ്ടി വളരെയധികം പ്രാർത്ഥിയ്ക്കണമെന്ന്. ഭാര്യയെ അദ്ദേഹം ഒരു മകളെപ്പോലെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുമായിരുന്നു. ഭക്ഷണം ആദ്യം ആപ്പാജാന് വിളമ്പിയിട്ടേ അദ്ദേഹം കഴിയ്ക്കാറുള്ളൂ. അതുപോലെതന്നെ പത്തുപന്ത്രണ്ട് ഗുളികകൾ കഴിയ്ക്കുമ്പോൾ മറന്നുപോകുമെന്നോർത്ത് അതും അദ്ദേഹംതന്നെ എടുത്തുകൊടുക്കുമായിരുന്നു. ആപ്പാജാനുമൊത്ത് പള്ളിയിലേക്ക് പോകുമ്പോൾ അദ്ദേഹം പുറകിൽനിന്നു പറയുമായിരുന്നു. "ആബിദാ കണ്ണ് ശരിയ്ക്ക് കാണുകയില്ല, സ്റ്റെപ്പിൽവച്ച് ആപ്പാജാനെ ശ്രദ്ധിക്കണേ" എന്ന്. സ്നേഹധനനായ ഒരു ഭർത്താവും മക്കളെ കൂട്ടുകാരെപ്പോലെ സ്നേഹിക്കുന്ന പിതാവും ആശ്രിതർക്ക് ഒരു തണലുമായിരുന്നു ആ മഹാവൃക്ഷം. അല്ലാഹു ആ കുടുംബാംഗങ്ങൾക്ക് ഈ നഷ്ടം താങ്ങാനുള്ള കരുത്തുനല്കട്ടെ. (ആമീൻ).

കഴിഞ്ഞ രണ്ടുകൊല്ലമായി ഞാൻ റമദാൻ മാസം കഴിച്ചുകൂട്ടിയത് ഖാദിയാനിലായിരുന്നു. ഇഅ്ത്തിക്കാഫിന്നിരുന്നതും അവിടെത്തന്നെ. ആ സമയങ്ങളിൽ ഒഴിവുള്ളപ്പോൾ ഞാൻ മിയാൻസാഹിബിന്റെ വീട്ടിൽ പോകാറുണ്ടായിരുന്നു. അദ്ദേഹത്തിന്നിഷ്ടമുള്ള വിഭവങ്ങൾ ഒന്നുകിൽ എന്റെ വീട്ടിൽവച്ചോ അതുമല്ലെങ്കിൽ അദ്ദേഹത്തിന്റെ വീട്ടിൽവച്ചോ ഞാൻ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ദോശ, സാമ്പാർ, ഇഡ്ഡലി, ചൈനീസ് റൈസ് തുടങ്ങിയവയെല്ലാം അദ്ദേഹത്തിനും ആപ്പാജാനും വളരെയധികം ഇഷ്ടപ്പെട്ട വിഭവങ്ങളായിരുന്നു. ഒരു ദിവസം നല്ല പശുവിൻനെയ്യൊഴിച്ച് മൊരിച്ച് മസാലദോശ ചുട്ടുകൊടുത്തുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. രണ്ട് പേർക്കുമായി രണ്ട് ഫ്രൈയിങ്ങ്പാൻവച്ച് ഞാൻ ദോശ ചുട്ടുകൊടുത്തുകൊണ്ടേയിരുന്നു. ആപ്പാജാൻ നാല് ദോശ തിന്നു. മിയാൻസാഹിബാകട്ടെ എട്ട് ദോശ തിന്നു. എനിക്കാണെങ്കിൽ വളരെയധികം സന്തോഷവും തോന്നി. ഒമ്പതാമത്തെ ദോശയായപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു. ഇനിയും എന്റെ മനസ്സ് പറയുന്നു തിന്നാൻ. പക്ഷേ, വയറനുവദിക്കുന്നില്ല. അതിന് ശേഷം ആപ്പാജാൻ ഉണ്ടാക്കിയ ഭക്ഷണം അദ്ദേഹം തന്നെ വിളമ്പി എന്നെക്കൊണ്ട് തീറ്റിക്കുകയും ആപ്പാജാൻ ബാക്കിയുള്ളത് പായ്ക്ക് ചെയ്ത് വീട്ടിലെത്തിക്കുകയും ചെയ്തു. ഭക്ഷണം കഴിച്ചശേഷം അദ്ദേഹം എന്നോടു പറഞ്ഞു. ആബിദാ ഇവിടെത്തന്നെ താമസിക്കുക. എന്നാൽ ഞങ്ങൾക്കെന്നും മസാലദോശ കഴിക്കാമല്ലോ എന്ന്. ഞാൻ പറഞ്ഞു. "എനിക്കിവിടെ നില്ക്കുന്നത് വളരെ ഇഷ്ടമാണ്. മിയാൻസാഹിബ് എന്റെ ഹസ്ബന്റിന്റെ പെർമിഷൻ വാങ്ങിത്തന്നാൽ ഞാൻ എത്രകാലം വേണമെങ്കിലും നില്ക്കാം." (ആസമയമായപ്പോഴേക്കും അമീർ സാഹിബ് നാട്ടിലെത്തി

ക്കഴിഞ്ഞിരുന്നു.) ഉടനെ അദ്ദേഹം പറഞ്ഞു. അതു വേണ്ട. രണ്ടുപേരുംകൂടി ഒന്നിച്ച് താമസിക്കുന്നതാണെനിക്കിഷ്ടം. ഇൻശാഅല്ലാഹ് ഞാൻ ഇനിയും വരാം എന്ന് പറഞ്ഞ് സലാം പറഞ്ഞ് പിരിഞ്ഞു. അപ്പോൾ അദ്ദേഹം എന്റെ കൂടെവന്ന് വീണ്ടും ചോദിച്ചു. Abidha when are you coming again to stay with us എന്ന്. അപ്പോൾ ഞാൻ കരഞ്ഞുകൊണ്ട് പറഞ്ഞു. മിയാൻ സാഹിബ് അങ്ങയ്ക്കോ ഭാര്യയ്ക്കോ എന്തെങ്കിലും ആവശ്യം ഉണ്ടായാൽ ഏതുസമയത്ത് വേണമെങ്കിലും ഒരു ഫോൺ ചെയ്താൽമതി. ഞങ്ങൾ ഓടിയെത്താം. എത്ര ദിവസം വേണമെങ്കിലും താമസിക്കാം എന്ന്. ശരിയെന്ന് തലയാട്ടി ആപ്പാജാനും മിയാൻസാഹിബും വാതുക്കൽതന്നെ നില്ക്കുകയായിരുന്നു. പതിവില്ലാത്തമാതിരി.

അവരുടെ കൂടെ സെക്രട്ടറിയായി നില്ക്കുന്ന ബുശ്റപർവേശ് എനിക്ക് ഫോൺ ചെയ്തപ്പോൾ പറഞ്ഞു. ആപ്പാജാനും മിയാൻസാഹിബിനും നിങ്ങൾ ഇവിടെ വരുന്നതും ഭക്ഷണം പാചകം ചെയ്തുകൊടുക്കുന്നതും ഒന്നിച്ചിരുന്നു സംസാരിക്കുന്നതുമെല്ലാം വളരെ സന്തോഷവും സമാധാനവുമാണ്. അത് അവരുടെ സംഭാഷണത്തിൽനിന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. അതിനാൽ നിങ്ങൾ ഇടയ്ക്കിടെ വരിക. ബുശ്റ സാഹിബ എന്റേയും വളരെയടുത്ത സുഹൃത്താണ്. ഞാൻ പറഞ്ഞു 'ഇൻശാഅല്ലാഹ് ഞങ്ങൾ അടുത്തുതന്നെ വരുന്നുണ്ട്' എന്ന്. പിന്നീട് അദ്ദേഹത്തെ ഞങ്ങൾ കാണുന്നത് അമൃതസർ ആശുപത്രിയിൽ അബോധാവസ്ഥയിൽ കിടക്കുന്നതാണ്.

അതുപോലെത്തന്നെ നമ്മുടെ ജമാഅത്തിൽ ആർക്കും കിട്ടാത്തൊരു സൗഭാഗ്യവും എനിക്കു കിട്ടി. ആപ്പാജാനും മിയാൻസാഹിബും കനിഞ്ഞനുഗ്രഹിച്ചതുകൊണ്ട്. ഒരിക്കൽ ഹുസൂർ വരുന്നകാര്യത്തെക്കുറിച്ച് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഹുസൂർ വന്നുകഴിഞ്ഞാൽ മസ്ജിദ് മുബാറക്കും എന്റെ വീടും മറ്റെല്ലാ ബിൽഡിംഗുകളും നിറയും. അന്ന് നിങ്ങൾക്കാർക്കുംതന്നെ ഇതിനകത്ത് പ്രവേശിക്കാനാവില്ല. ഒരുപക്ഷേ പാക്കിസ്ഥാൻകാരായിരിക്കും അപ്പോൾ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് ഒരു വീടെടുക്കുന്നതായിരിക്കും നല്ലതെന്ന്. ഉടനെ ഞാൻ പറഞ്ഞു അങ്ങ് ഞങ്ങൾക്കൊരു വീടെടുത്തുതരിക. ഒരു മുറിയായാലും വേണ്ടില്ല. പള്ളിയുടെ അരികിൽമതി. എന്റെ ചിരകാലാഭിലാഷമാണത്. അതല്ലെങ്കിൽ ഞങ്ങൾ ഇവിടെനിന്ന് ഇറങ്ങിത്തരില്ല എന്ന്. അപ്പോൾ ചിരിച്ചുകൊണ്ട് പറഞ്ഞു ഇൻശാഅല്ലാഹ് ഞാൻ നോക്കട്ടെ. ഏകദേശം അഞ്ചുമാസത്തിനകം അദ്ദേഹവും കൂടി നോക്കിയിട്ട് രണ്ടു മുറികളുള്ള ഒരു ചെറിയ വീട് പള്ളിയിലേക്ക് നടന്നുപോകുന്ന ദൂരത്തിൽ എടുത്തിട്ടിട്ട് ഞങ്ങൾക്ക് ഫോൺ ചെയ്തു. ഉടനെ ഞങ്ങൾ പോയി വീട് രജിസ്റ്റർ ചെയ്തു. പെയിന്റൊക്കെ അടിച്ച് വീട് വൃത്തിയാക്കിയെടുത്തു. എന്നെ സംബന്ധിച്ചിടത്തോളം ചെറുതെങ്കിലും ആ വീട് വളരെയധികം സന്തോഷം നിറഞ്ഞ ഒരു വസതി തന്നെയാണ്. ഒന്ന് മിയാൻസാഹിബിന്റെ താല്പര്യപ്രകാരം എടുത്തത്. പിന്നെ എന്റെ ചിരകാലസ്വപ്നവും. രണ്ടുംകൂടി പൂർത്തിയായി. അൽഹംദുലില്ലാഹ്. അങ്ങനെ അദ്ദേഹത്തെത്തന്നെ ഞങ്ങൾ വീടിന്റെ ഉദ്ഘാടനത്തിന് വിളിക്കുകയും വളരെ സന്തോഷത്തോടുകൂടി ഞങ്ങളോടൊപ്പം വരികയും വളരെനേരം നമസ്കരിക്കുകയും ദുആ ചെയ്യുകയും ചെയ്തു.

അന്നുരാത്രി ആ വീട്ടിൽ ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ ജലീൽസാഹിബിനോട് പറഞ്ഞു. എനിക്ക് ഇനിയൊരാഗ്രഹം കൂടിയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉപയോഗിച്ചിരുന്ന ഏതെങ്കിലും ഒരു സാധനം അത് പൊട്ടിപ്പൊളിഞ്ഞതാണെങ്കിൽകൂടി എന്റെ ഈ വീട്ടിലേക്ക് കിട്ടിയിരുന്നെങ്കിൽ എന്ന്. ഉടനെ അദ്ദേഹം പറഞ്ഞു. കിടന്നുറങ്ങാൻ നോക്ക്. വീട് കിട്ടിയതും പോരാ, ഇനി വേണ്ടാത്ത ആഗ്രഹങ്ങളും എന്ന്. പക്ഷേ, ഒരു കുട്ടിക്ക് കളിപ്പാട്ടത്തോടുള്ള ആഗ്രഹം പോലെ നടക്കാത്തതെങ്കിലും രാത്രി മുഴുവനും ഞാൻ അതിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടേയിരുന്നു. തഹജ്ജുദ് നമസ്കാരവും പള്ളിയിൽപോയി സുബ്ഹിയും കഴിഞ്ഞ് തിരികെ വീട്ടിൽവന്ന് 10 മണിയായപ്പോൾ ഒരു മുഅല്ലിം കോഴ്സിനു പഠിക്കുന്ന കുട്ടി വന്നുപറഞ്ഞു, ആബിദാ സാഹിബ ഉടനെ മിയാൻ സാഹിബിന്റെ വീട്ടിലേക്ക് ചെല്ലാൻ ആപ്പാജാൻ പറഞ്ഞു. മിയാൻസാഹിബും കാത്തിരിക്കുകയാണെന്ന്. പെട്ടെന്ന് മനസ്സിന് പരിഭ്രമവും തോന്നി. എന്തിനാണാവോ എന്നെ വിളിപ്പിക്കുന്നത് എന്ന ചിന്തയിൽ. ഞാൻ സലാം പറഞ്ഞ് അകത്ത് കയറിയപ്പോൾ ആപ്പാജാനും മിയാൻസാഹിബും കട്ടിലിലിരുന്ന് എന്നോടും ഇരിക്കാൻ പറഞ്ഞു. പഴയ ഒരു ബോക്സ് തുറന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. ആബിദ വീട് മാറിയപ്പോൾ ഞങ്ങൾ ആലോചിക്കുകയായിരുന്നു എന്താണ് ആ വീട്ടിലേക്ക് തരേണ്ടതെന്ന്. ആബിദയുടെ ഖാദിയാനോടും, മസീഹ് മൗഊദ്(അ)നോടുമുള്ള കൂറിനെ മുൻനിറുത്തി അദ്ദേഹത്തിന്റെ (മസീഹ് മൗഊദ്(അ)തന്നെ വസ്ത്രഞ്ജലത്തിന്റെ ഒരു കഷണം ഞങ്ങൾ കുടുംബാംഗങ്ങൾക്കു മാത്രം കൈമാറാനുള്ളത് ഞങ്ങൾ തരികയാണ് എന്നു പറഞ്ഞ് ദുആ ചെയ്തുകൊണ്ട് ഒരു പാക്കറ്റിലാക്കി എനിക്ക് തന്നു. ആ സമ്മാനം കൈയിൽ കിട്ടിയപ്പോൾ സന്തോഷംകൊണ്ട് ഞാൻ കരഞ്ഞുപോയി. കരച്ചിലോടുകൂടി ഞാൻ പറഞ്ഞു. 'ഞാൻ ഇന്നലെ മുഴുവനും ചിന്തിച്ചുകൊണ്ടിരുന്നത് ഹുസൂർ ഉപയോഗിച്ച ഏതെങ്കിലും ഒരു പഴയ സാധനത്തിനു വേണ്ടിയായിരുന്നു. എന്നാൽ, ഇത്രയും വലിയേറിയ ഈ സമ്മാനം സ്വീക

രിക്കാൻ ഞാൻ അർഹയാണോ?' ഇപ്പോഴും ആ രംഗം എന്റെ മനോദർപ്പണത്തിൽ മായാത്ത മുദ്രപതിപ്പിച്ചുകൊണ്ട് ഓടിയെത്തുന്നു. ഇതെന്നും കാലത്തിന്റെ കൈകൾക്കുപോലും മായ്ക്കാൻ കഴിയാത്ത സമ്പാദ്യങ്ങളുടെ കൂട്ടത്തിൽപ്പെട്ട വിലപിടിപ്പുള്ള മണിമുത്തുകളാണ്. ജീവിതത്തിന്റെ കൈക്കുമ്പിളിൽ കോരിയെടുത്ത് ഓമനിക്കേണ്ട അസുലഭനിമിഷങ്ങളും.

ഇനി ഞാൻ ദുഃഖപൂർണ്ണമായ ആ ദിനത്തെക്കുറിച്ച് അല്പം വിശദീകരിക്കട്ടെ. ഞാനും അമീർ സാഹിബും അനുജൻ ജലീൽ അഹ്മദും കൂടി മെയ് 25-ന് വെള്ളിയാഴ്ച രാത്രി പ്ലെയിൻ മാർഗ്ഗം ഡൽഹിയിലേക്ക് പുറപ്പെട്ടു. മെയ് 26 ശനിയാഴ്ച ഉച്ചയ്ക്ക് അമൃത്സർ ഹോസ്പിറ്റലിൽ എത്തി. അവിടെ എത്തിയപ്പോൾ അദ്ദേഹം ഗുരുതരാവസ്ഥയിൽ ഐ.സി.യുവിൽ കിടക്കുകയാണെന്നും ആരേയും സന്ദർശിക്കാൻ അനുവദിക്കുകയില്ലെന്നുമുള്ള വാർത്തയാണ് ഞങ്ങൾക്ക് കിട്ടിയത്. എന്നാൽ മുകളിലുള്ള ഒരു മുറിയിൽ ഡോക്ടറുടെ പ്രതേകാനുമതിയോടുകൂടി ആപ്പാജാനും മക്കൾക്കും അടുത്തബന്ധുക്കൾക്കും നില്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുത്തിരുന്നു. അതിനാൽ ആപ്പാജാനെയെങ്കിലും കണ്ട് വിവരങ്ങൾ അറിയാമല്ലോ എന്നുകരുതി ഞാൻ മുകളിൽപോയി. ആപ്പാജാൻ വളരെ സംയമനത്തോടുകൂടി കാര്യങ്ങളൊക്കെ പറഞ്ഞ് മനസ്സിലാക്കിത്തന്നു.

മിയാൻസാഹിബും ആപ്പാജാനും ഒരു പനിയെത്തുടർന്ന് പതിവുപോലെ ചെക്കപ്പിന് വന്നതായിരുന്നു. കാഷ്വാലിറ്റിയിൽ മറ്റുള്ളവരുമായി സംസാരിച്ചുകൊണ്ടിരിക്കെത്തന്നെ പെട്ടെന്ന് തലചുറ്റി ബോധരഹിതനായി വീഴുകയായിരുന്നു ചെയ്തത്. ഉടനെതന്നെ ഐ.സിയുവിലേക്ക് കൊണ്ടുപോയി. ഏകദേശം അഞ്ചുദിവസത്തോളം അദ്ദേഹം അതേ അവസ്ഥതന്നെതുടർന്നു. ഇതിനിടയിൽ ആപ്പാജാനോടൊപ്പം ഒരുമണിക്കൂർ കഴിച്ചുകൂട്ടിയതിനുശേഷം താഴത്തുവന്ന് വീണ്ടും കാത്തിരുന്നപ്പോൾ മൂന്നരമണിയോടുകൂടി അമേരിക്കയിൽനിന്ന് മകനും കുടുംബവും പാക്കിസ്ഥാനിൽനിന്ന് മരുമക്കൾ രണ്ട് ഡോക്ടർമാരും മറ്റു പേരക്കുട്ടികളുമെത്തുമെന്നും അപ്പോൾ ഡോക്ടറെക്കണ്ട് സംസാരിച്ചതനുസരിച്ച് നാലുമണി മുതൽ ആറുമണിവരെ ബന്ധുക്കൾക്കും ദൂരെനിന്നുവരുന്ന മറ്റ് സന്ദർശകർക്കും കാണാൻ അനുവാദം കിട്ടിയെന്നുമറിഞ്ഞു. ഉടനെതന്നെ ഞാനും ജലീൽസാഹിബും കൂടി ഐ.സിയുവിനുള്ളിലേക്ക് അദ്ദേഹത്തിനെ കാണാൻ കയറി. നാലുഭാഗത്തുനിന്നും പലവിധത്തിലുള്ള ഉപകരണങ്ങളുടെ കണക്ഷനുകളാൽ ബന്ധിതനായി ഇടയ്ക്കിടെ നിന്നുപോകുന്ന ഹാർട്ടിനെ ത്വരതപ്പെടുത്തുവാൻ വേണ്ടിയുള്ള ഡോക്ടർമാരുടെ തുടർച്ചയായുള്ള ഹാർട്ട്മസാജും, ഓക്സിജൻ മാസ്കും എല്ലാം ഘടിപ്പിച്ചുകൊണ്ടുള്ള ആ കിടപ്പ് ഒരുനോക്ക് കണ്ടപ്പോൾത്തന്നെ ബോധം മറയുന്നതുപോലെ തോന്നി. ജലീൽസാഹിബ് പിടിച്ചില്ലായിരുന്നെങ്കിൽ ഞാൻ അവിടെത്തന്നെ വീണുപോകുമായിരുന്നു. അങ്ങനെ അർദ്ധപ്രഞ്ജരായി ഞങ്ങൾ ഖാദിയാനിലേക്ക് തിരിച്ചു. ഖാദിയാനിലെത്തിയപ്പോൾ ഓരോ കുഞ്ഞുകുട്ടികളടക്കം വീർപ്പുമുട്ടി ചോദിച്ചുകൊണ്ടേയിരിക്കുകയായിരുന്നു. മിയാൻസാഹിബ് നമ്മുടെയെല്ലാം ദുആയുടെ ഫലമായി പഴയപടി തിരിച്ചുവരും അല്ലേ എന്ന്. എന്നാൽ, അത്യുന്നതനായ അല്ലാഹുവിന്റെ നിയമപുസ്തകത്തിലെഴുതിവെച്ച ആ ദിവസംതന്നെ 27-ാം തിയ്യതി വൈകുന്നേരം ആ ദീപം പൊലിഞ്ഞു. ഖാദിയാനെ സംബന്ധിച്ചിടത്തോളം ആ ആത്മീയസൂര്യൻ അസ്തമിച്ചു. '***ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ***'. ജലീലും അമീർ സാഹിബും എല്ലാം അദ്ദേഹത്തിന്റെ മരണം ഒരുകണക്കിന് നല്ലതാണ് കഷ്ടപ്പെടുകയോ കിടന്ന് വേദനയനുഭവിക്കുകയോ ഒന്നുംതന്നെ ചെയ്തില്ലല്ലോ എന്നൊക്കെ സമാധാന വാക്കുകൾ പറയുമ്പോഴൊക്കെ എന്റെ മനസ്സിൽ എന്റെ ഖാദിയാനിലുള്ള വാപ്പയും എന്നെ വിട്ടുപോയി. ഇനി ഇവിടേയും ഞാൻ വാപ്പയില്ലാത്ത അനാഥതന്നെയായി എന്ന് മനസ്സ് ഉരുവിട്ടുകൊണ്ടുതന്നേയിരുന്നു. കാരണം, പെരുന്നാളിന് എന്നെ വിളിച്ച് സമ്മാനപ്പൊതികൾ വേറെയും പെരുന്നാൾപൈസ വേറെയും തന്നിട്ട് ഇവിടെ മൈതീൻകുഞ്ഞ് സാഹിബിന് പകരമാണ് ഞാനുള്ളത് ഉമ്മായ്ക്ക് പകരം ആപ്പാജാനും. അതുകൊണ്ട് വാപ്പിച്ചയെക്കുറിച്ചോർത്ത് കരയാതെ സന്തോഷമായിപ്പോയി പെരുന്നാൾ നമസ്കാരം ആഘോഷമായിക്കൊണ്ടാടിയിട്ട് വരൂ എന്ന് പറഞ്ഞ് എന്നെ മൈതാനത്തിലേക്ക് നമസ്കാരത്തിന്നയച്ചതാണ്. ആ നോട്ടുകളും സമ്മാനപ്പൊതികളും ഇപ്പോഴും എന്റെ അലമാരയിലുണ്ട്.

27-ാം തിയ്യതി രാത്രിതന്നെ ജനാസ ഖാദിയാനിൽ കൊണ്ടുവന്നു. ആയിരക്കണക്കിന്നാളുകൾ ആ പ്രിയങ്കരനായ നേതാവിനെ ഒരുനോക്ക് കാണുവാൻ വേണ്ടി തിക്കും തിരക്കുമിട്ടോടി നടക്കുകയായിരുന്നു. അന്ന് ജനാസ ഗോൾകംറയിൽവച്ചു.

28.05.07 കാലത്തും വൈകുന്നേരവും ജനാസ കാണാൻ പുരുഷന്മാർക്കും സ്ത്രീകൾക്കും അവസരം നല്കി. ഖാദിയാനകത്തുനിന്നും പുറന്നാട്ടിൽനിന്നും എത്തിയ എല്ലാ ആൾക്കാരും തിക്കും തിരക്കുമായി മുറിക്കുള്ളിൽനിന്നും കണ്ടുകണ്ട് വീണ്ടും തള്ളിക്കയറിയും മുറി നിറഞ്ഞുകൊണ്ടേയിരുന്നു. ഞാൻ മറ്റുള്ളവരോടൊപ്പം നടന്നുനീങ്ങി അദ്ദേഹത്തിന്നരികെ എത്തിയപ്പോൾ കൂടെനിന്ന ഭാരത ലജന പ്രസിഡന്റ് വാതിൽ രണ്ടും ചാരി. അങ്ങനെ രണ്ടുമിനുട്ട് അവസാനമായി അദ്ദേഹത്തിന്റെയരികിൽ ഒറ്റയ്ക്ക് നില്ക്കാൻ വീണ്ടും ഒരവസരം കിട്ടി. ഐസ്കട്ടകൾ ശരീരത്തിന് പുറത്തും താഴത്തെപെട്ടിയിലും നിരത്തി മുഖം മാത്രം കാണാവുന്ന നിലയിലായിരുന്നു വെച്ചിരുന്നത്. ചെന്താമര വിടർന്നപോലുള്ള ആ മനോഹരമായ മുഖം നീലവർണ്ണമായിരുന്നു. അപ്പോൾ ആ

പേജ് 46-ൽ

പേജ് 20-ൽ നിന്ന്

ണങ്ങളാണത്. അത് അവർ ഒരുകൂസലും കൂടാതെ നല്കി. സ്ത്രീകളുടെ ത്യാഗങ്ങൾ മുമ്പത്തേയുംപോലെ ഇന്നും നിലകൊള്ളുന്നുണ്ടെന്നതിന് തെളിവാണിത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: വിഭജനം ഉണ്ടായപ്പോൾ ഹിജ്റത്ത് ചെയ്ത് പാക്കിസ്ഥാനിൽ വന്ന ജലന്ധറിലെ ഒരു അഹ്മദി സ്ത്രീ എന്നെ കാണാൻവന്നു. രത്തൻബാഗിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. അവിടെയാണ് അവർ വന്നത്. തന്റെ ആഭരണങ്ങൾ എടുത്തുകൊണ്ട്, ഹുസൂർ ഇത് ചന്ദയായി സ്വീകരിക്കണമെന്ന് പറഞ്ഞു. ഞാൻ പറഞ്ഞു: ബീബി. സ്ത്രീകൾ ആഭരണങ്ങൾ വളരെ സൂക്ഷിച്ചു വയ്ക്കുന്നവരാണ്. നിങ്ങളുടെ എല്ലാ ആഭരണങ്ങളും സിക്കുകാർ കൊള്ളയടിച്ചതല്ലെ. (വിഭജനകാലത്ത് സിക്കുകാർ മുസ്‌ലിംകളെ ശരിക്കും കൊള്ളയടിച്ചിരുന്നു) നിങ്ങളുടെ പക്കൽ ഈയൊരു ആഭരണമല്ലേ യുള്ളൂ. അത് നിങ്ങൾ നിങ്ങളുടെ കൈയിൽതന്നെ വയ്ക്കുക. ഇതുകേട്ടപ്പോൾ അവർ പറഞ്ഞു: ഹുസൂർ, ഞാൻ ഇന്ത്യയിൽനിന്നു പുറപ്പെട്ടപ്പോൾ, 'ഞാൻ സമാധാനത്തോടെ ലാഹോറിലെത്തിയാൽ എന്റെ ഈ ആഭരണം ചന്ദയിലേക്ക് കൊടുക്കുമെന്ന് പ്രതിജ്ഞ ചെയ്തിരുന്നു. സിക്കുകാർ മറ്റുള്ള ആഭരണങ്ങളോടൊപ്പം ഇതും തട്ടിപ്പറിച്ചുകൊണ്ടുപോയിരുന്നെങ്കിൽ, എനിക്കെന്താണ് ചെയ്യാൻ കഴിയുമായിരുന്നത്. ചന്ദ കൊടുക്കുമെന്ന് നിയ്യത്തുവെച്ച ഈ ആഭരണം മാത്രം ബാക്കിയായി. മറ്റുള്ളതെല്ലാം കൊള്ളയടിക്കപ്പെട്ടു. അതുകൊണ്ട്, തടസ്സമൊന്നും പറയാതെ അങ്ങ് ഇത് സ്വീകരിച്ചാലും.

**കോപ്പൻഗേഹിലെ പള്ളിനിർമ്മാണം**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഒരു സംഭവം കേൾപ്പിക്കുകയുണ്ടായി.

"കോപ്പൻഗേഹിലെ പള്ളിനിർമ്മാണത്തിന്റെ പദ്ധതി പ്രഖ്യാപിച്ച അവസരത്തിൽ സ്ത്രീകൾ അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തുകൊണ്ടിരുന്നു. സന്ദർഭവശാൽ, ഒരു അനഹ്മദി സ്ത്രീയും അവിടെ ഇരിപ്പുണ്ടായിരുന്നു. അവർ ആ ദൃശ്യം കണ്ടുകൊണ്ടു പറഞ്ഞു: 'മതിമറന്ന് ജനങ്ങൾ പൈസ വാങ്ങുന്നതു നാം കണ്ടിട്ടുണ്ട്. പക്ഷേ, മതിമറന്ന് പൈസ കൊടുക്കുന്നത് ഒരിക്കലും കണ്ടിട്ടില്ല. പണം വാങ്ങുമ്പോൾ തങ്ങൾക്കൊരാവേശവും ഉണ്ടാകാറില്ലെന്നും യഥാർത്ഥ ആവേശം തങ്ങൾക്കുണ്ടാകുന്നത് പണം കൊടുക്കുമ്പോഴാണെന്നും ഇന്ന് അഹ്മദീസ്ത്രീകളാണ് നമുക്ക് പറഞ്ഞുതന്നത്."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദീസ്ത്രീകളെ എല്ലാതരം പ്രവർത്തനങ്ങളിൽനിന്നും ഉയർത്തി നിറുത്തുന്ന ജീവിതത്തിന്റെ ലക്ഷണമാണിത്.

മുബല്ലിഗുമാരുടെ ഭാര്യമാരും, അവസ്ഥകളൊന്നും അത്രനല്ലതല്ലായിരുന്ന ആദ്യകാലത്ത് വലിയ ത്യാഗങ്ങൾ ചെയ്യുകയുണ്ടായി. അവർക്ക് ഭർത്താക്കന്മാരിൽനിന്ന് അകന്നു താമസിക്കേണ്ടിവന്നു. യതീം കുട്ടികളെ വളർത്തുന്നതുപോലെയാണ് അവർ തങ്ങളുടെ കുട്ടികളെ വളർത്തിയത്. ഇത്തരം ഒരു സംഭവമാണ് ഇൻഡോനേഷ്യയിൽ മുബല്ലിഗായിരുന്ന മൗലവി റഹ്മത്തലി സാഹിബിന്റേത്. ദീർഘകാലം അദ്ദേഹം വിദേശത്ത് താമസിച്ചു. അദ്ദേഹത്തിന്റെ കുട്ടികൾ കുട്ടിക്കാലത്ത് തങ്ങളുടെ ഉപ്പ എവിടെയാണെന്ന് ഉമ്മയോടു ചോദിക്കാറുണ്ടായിരുന്നു. കുട്ടികൾ വളർന്നു, യുവത്വം പ്രാപിച്ചു. വിവാഹവും കഴിഞ്ഞു. അപ്പോൾ ഖലീഫത്തുൽ മസീഹ് ഥാനി(റ) റഹ്മത്തലി സാഹിബിനെ മടക്കിവിളിക്കാമെന്ന് തീരുമാനിച്ചു. ഇതറിഞ്ഞ അദ്ദേഹത്തിന്റെ ഭാര്യ ഖലീഫത്തുൽ മസീഹ് ഥാനിയുടെയടുക്കൽ വന്നു. വളരെ വേദനയോടെ പറഞ്ഞു: എന്റെ യുവത്വകാലം ഞാൻ അല്ലാഹുവിനുവേണ്ടി ക്ഷമിച്ചുകൊണ്ട് ജീവിച്ചു. എന്റെ ഭർത്താവിന്റെ അകൽച്ചയിൽ 'ഛെ' എന്നുപോലും ഞാൻ പറഞ്ഞില്ല. എന്റെ മക്കളെ പട്ടിണിയിലും പരിവട്ടത്തിലും വളർത്തിക്കൊണ്ടുവന്നു. അവരെ പ്രായപൂർത്തിയാക്കി. ഇപ്പോൾ ഞാൻ വയസ്സായി. എന്റെ മക്കളെല്ലാം വളർന്നുവലുതാകുകയും ചെയ്തു. ഇപ്പോൾ അദ്ദേഹത്തെ തിരിച്ചുവിളിച്ചതുകൊണ്ടുള്ള ഫലമെന്താണ്? അങ്ങ് എന്റെ ആഗ്രഹം പൂർത്തിയാക്കിയാലും. എന്റെ ഭർത്താവ് അങ്ങകലെ ദീനിന് സേവനം ചെയ്തുകൊണ്ട് മരിച്ചുവെന്നും, ഞാനെന്റെ വിവാഹ ജീവിതം ദീനിനുവേണ്ടി സമർപ്പണം ചെയ്തുവെന്നും അന്തസ്സോടെ പറയണം എന്ന എന്റെ ആഗ്രഹം അങ്ങ് പൂർത്തിയാക്കാൻ അനുവദിച്ചാലും." ഇതാണ് ത്യാഗങ്ങളുടെ നിലവാരം. ഇന്നും ഈ കാഴ്ചകൾ ജമാഅത്തിൽ കാണാം.

**സേവനം പുതിയ രീതിയിൽ**

അമേരിക്കയിൽ പഴയകാലത്ത് വലിയ ദാരിദ്ര്യം നിലനിന്നിരുന്നു. ജന്മനാ അഹ്മദിയായിരുന്ന അമേരിക്കക്കാർ മിക്കവരും ദരിദ്രരായിരുന്നു. ഒരു അഹ്മദി സ്ത്രീ ജമാഅത്തിനുവേണ്ടി സേവനം ചെയ്തുകൊണ്ട് എങ്ങനെയാണ് സമാധാനമടയുക എന്നോർത്ത് ഒരു പുതിയരീതിയാണ് സ്വീകരിച്ചത്. ക്ലീബ്‌ലയ്ൻ എന്ന സ്ഥലവുമായിട്ടായിരുന്നു അവരുടെ ബന്ധം. അവർ പറഞ്ഞു: ഞങ്ങൾ അങ്ങേയറ്റം ദരിദ്രരായിരുന്നു. (ഇത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) വിവരിച്ച സംഭവമാണ്) സേവനം ചെയ്യാൻ എനിക്ക് ഒരു കഴിവുമില്ലായിരുന്നു. ഞാനെന്റെ സമാധാനത്തിനായി, ജുമുഅ ദിവസം അതിരാവിലെ ബക്കറ്റും സോപ്പിന്റെ കഷണവുമായി മിഷൻഹൗസിലേക്ക് പോകും. (അതായത് അക്കാലത്ത് അമേരിക്ക പോലുള്ള രാജ്യത്ത് സോപ്പുപോലും കിട്ടിയിരുന്നില്ല. അതുപോലും വീട്ടിൽ സ്വയമാണ് ഉണ്ടാക്കിയിരുന്നത്. നമ്മുടെ നാട്ടിലും ഗ്രാമങ്ങ

ളിൽ തുണി കഴുകാൻ സോപ്പ് സ്വയം ഉണ്ടാക്കലാണ്) അവർ പറയുന്നു, ഞാൻ സോപ്പ് സ്വന്തം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അതുമായി പള്ളിയിൽ പോകുമായിരുന്നു. അതുകൊണ്ട് പള്ളി കഴുകിവൃത്തിയാക്കുമായിരുന്നു. ആരാണ് ഇത് ചെയ്തതെന്ന് ആരും അറിയാതിരിക്കുവാൻ എല്ലാവരും എത്തുന്നതിനു മുമ്പേ വീട്ടിലേക്ക് മടങ്ങുകയും ചെയ്യുമായിരുന്നു.

### ഹദ്റത്ത് അമ്മാജാൻ(റ.ഹ)

അമ്മാജാൻ എന്ന് നാം വിളിക്കുന്ന ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ നുസ്റത്ത് ജഹാൻ ബീഗം സാഹിബ(റ)യുടെ ക്ഷമയുടെ ഒരു ഉന്നതമായ ഉദാഹരണമാണ് ഇനി പറയുന്നത്. അത്ഭുതകരമായ ഉദാഹരണമാണിത്. അവരുടെ ഓമനപ്പുത്രനായിരുന്നു സാഹിബ് സാദ മിർസാ മുബാറക് അഹ്മദ് സാഹിബ്. അദ്ദേഹത്തിന് സുഖമില്ലാതായി. ഒരുപാട് ചികിത്സിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം എപ്പോഴും ആ കുട്ടിയെക്കുറിച്ചുള്ള ചിന്തയിലായിരുന്നു. ഹദ്റത്ത് അമ്മാജാനും ദുആയിലും ചികിത്സയിലും സദാ മുഴുകിയിരുന്നു. എന്തായാലും ദൈവവിധിയാൽ ആ കുട്ടി വഫാത്തായപ്പോൾ ഹദ്റത്ത് അമ്മാജാൻ ***ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ*** എന്ന് ചൊല്ലിക്കൊണ്ട് പറഞ്ഞു. 'ഞാൻ അല്ലാഹുവിന്റെ വിധിയിൽ തൃപ്തയാണ്.' അല്ലാഹു, ഹദ്റത്ത് അമ്മാജാന്റെ ഈ മഹത്തായ ക്ഷമ കണ്ടപ്പോൾ, അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു, 'ഖുദാ ഖുശ് ഹോ ഗയാ' (അല്ലാഹു സന്തോഷവാനായി). ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനെ നിന്റെ ഈ പ്രവൃത്തിയിൽ അല്ലാഹു സന്തോഷവാനാണെന്ന് ഇൽഹാം മുഖേന തന്നെ അറിയിച്ചിരിക്കുന്നു എന്ന് കേൾപ്പിച്ചപ്പോൾ തനിക്ക് ഈ ഇൽഹാം കേട്ട് എത്രമാത്രം സന്തോഷമുണ്ടായെന്നുവെച്ചാൽ, ഇനി 2000 മുബാറക് അഹ്മദ് മരിച്ചാലും തനിക്കതൊരു പ്രശ്നമല്ലെന്നു പറഞ്ഞു.

അവർ ധനത്യാഗത്തിൽ വളരെ മുമ്പിലായിരുന്നു. എല്ലാ പദ്ധതിയിലും പങ്കെടുക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ജൽസ സംഘടിപ്പിക്കുമ്പോൾ, ചന്ദ ജൽസ സാലാന പിരിച്ചെടുക്കുന്ന സ്ഥിരം ഏർപ്പാട് ഉണ്ടായിരുന്നില്ല. ചില അവസരങ്ങളിൽ ആ മഹാത്മാവ് സ്വന്തവും ചെലവഴിക്കാറുണ്ടായിരുന്നു. ഒരവസരത്തിൽ അതിഥികൾക്ക് ഭക്ഷണമൊരുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെട്ടു. പണം തീർന്നുകഴിഞ്ഞിരുന്നു. അമ്മാജാന്റെ പിതാവായ നാസിർ നവാബ് സാഹിബായിരുന്നു മേൽനോട്ടം വഹിച്ചിരുന്നത്. അദ്ദേഹം വന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരമറിയിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അമ്മാജാന്റെയടുക്കലേക്ക് പറഞ്ഞുവിട്ടുകൊണ്ട് അമ്മാജാന്റെ വളയൂരിത്തരാൻ പറയാൻ പറഞ്ഞു. അവർ അവരുടെ സ്വർണ്ണവള ഉടനെ ഊരിക്കൊടുത്തു.

### ശുഹദാക്കളുടെ ഭാര്യമാർ

അഹ്മദീ ശുഹദാക്കളുടെ ഭാര്യമാർ വലിയ ക്ഷമയാണ് കാഴ്ചവച്ചത്. ഇസ്‌ലാമാബാദിൽ ശഹീദായ ഡാക്ടർ നസീം ബാബർ സാഹിബിന്റെ ഭാര്യയെക്കുറിച്ച് പറയുന്നു. അവർ പറഞ്ഞു: "ഞാൻ രാത്രി മുഴുവൻ കുട്ടികളുടെ മുറിയിൽ അദ്ദേഹത്തിന്റെ തലഭാഗത്ത് കുത്തിയിരുന്നു. കുട്ടികൾ ഉണരുകയും വീട്ടിലെ ഭീകരാവസ്ഥ കണ്ട് അവർ ഭയപ്പെടുകയും ചെയ്യുമോ എന്നായിരുന്നു എന്റെ ചിന്ത. രാത്രിയിൽ ആരോ വന്ന് അവരുടെ ഭർത്താവിനെ ശഹീദാക്കിയതാണ്. ഭർത്താവിന്റെ ചേതനയറ്റ ശരീരത്തിനടുത്ത് നിശ്ശബ്ദയായി അവർ ഇരുന്നു. മറ്റുള്ളവർ വന്നപ്പോൾ ഒച്ചയും ബഹളവും വീട്ടിൽ ഉണ്ടായിട്ടുണ്ടാകും. ഈ ഒച്ചയും ബഹളവും കേട്ട് കുട്ടികൾ പരിഭ്രമിക്കാതിരിക്കാനാണ് അവർ അങ്ങനെ ചെയ്തത്. രാവിലെ, ഉണർന്നപ്പോൾ സാധാരണയിൽനിന്ന് വ്യത്യസ്തമായി ഉമ്മ, ഉപ്പയുടെ തലഭാഗത്തിരിക്കുന്നതുകണ്ട് ചോദിച്ചു, ഉമ്മീ, വാപ്പാ എവിടെ? ഞാൻ വളരെ പതുക്കെ പറഞ്ഞ് കുട്ടികൾക്ക് കാര്യം മനസ്സിലാക്കിക്കൊടുത്തു. രാത്രിയിൽ നിങ്ങളുടെ അബ്ബായെ അല്ലാഹു തന്റെയടുത്തേക്ക് വിളിച്ചു. അബ്ബായുടെ ആയുസ്സ് തീർന്നുകഴിഞ്ഞിരുന്നു. എല്ലാവരും അല്ലാഹുവിന്റെയടുക്കൽ പോകേണ്ടവരാണ്. പിന്നീട്, ഞാൻ അവരോട് പറഞ്ഞു: നിങ്ങളുടെ അബ്ബാ അല്ലാഹുവിന്റെ വഴിയിൽ ശഹീദായി. ഈ ശഹാദത്ത് കാരണം നിങ്ങളുടെ അബ്ബാ എന്നെന്നും ജീവിച്ചിരിക്കുന്ന ആളായിത്തീർന്നു. ഇത് നിങ്ങളുടെ ഭാഗ്യമാണ്. പരിഭ്രമിക്കേണ്ട കാര്യമൊന്നുമില്ല. രണ്ടുകുട്ടികളും ആദ്യം കരഞ്ഞുവെങ്കിലും പിന്നീട് കണ്ണീർ തുടച്ച് പുഞ്ചിരിക്കുവാൻ തുടങ്ങി.

ഇപ്രകാരംതന്നെ ശമീം അഖ്തർ സാഹിബയുടെ സംഭവം വിവരിക്കുന്നു. അവരുടെ ഭർത്താവായ മഖ്ബൂൽ അഹ്മദ് സാഹിബ് 1967ലാണ് ബയ്അത്ത് ചെയ്തത്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം മൗലവിമാർ അദ്ദേഹത്തെ ഒരുപാട് ബുദ്ധിമുട്ടിച്ചിരുന്നു. ഭീഷണിപ്പെടുത്തിയിരുന്നു. ഒരിക്കൽ ഒരു മുഖംമൂടി ധരിച്ചയാൾവന്ന്, കഠാരി ഊരി അദ്ദേഹത്തിന്റെ മേൽ ആക്രമണം നടത്തി ശഹീദാക്കി. ഭർത്താവിന്റെ വേർപാടിൽ ബന്ധുക്കൾ അവരോട് അഹ്മദിയ്യത്ത് ഉപേക്ഷിക്കാനും എന്നാൽ, തങ്ങൾ നോക്കിക്കൊള്ളാം എന്നും പറഞ്ഞു. അവരുടെ ഭർത്താവിന്റെ വീട്ടുകാർ അനഹ്മദികളായിരുന്നു. ശത്രുക്കളും ഭീഷണിപ്പെടുത്താറുണ്ടായിരുന്നു. അഹ്മദിയ്യത്ത് ഉപേക്ഷിച്ചാൽ സ്വീകരിച്ചുകൊള്ളാം എന്ന് അവരും പറഞ്ഞിരുന്നു. പക്ഷേ, ഈ ധീരയായ സ്ത്രീ അവരുടെ എല്ലാ വാക്കും നിഷേധിച്ചു. അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ

തയ്യാറായില്ല.

**ശഹാദത്ത് വരിച്ച അഹ്മദീ സ്ത്രീകൾ**

ഖാരി ആശിഖ് ഹുസയ്ൻ സാഹിബിന്റെ ഭാര്യ റശീദാ ബീഗം സാഹിബ 1976-ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ശാംഗ്ഭു നഗരവാസിയായിരുന്നു. അഹ്മദിയ്യത്തിന്റെ വഴിയിലുണ്ടായ എല്ലാ ദുഃഖങ്ങളും വിഷമങ്ങളും വളരെ സന്തോഷത്തോടെ അവർ സ്വീകരിച്ചു. അവരുടെ മരണസംഭവവും അങ്ങേയറ്റം ദാരുണമായിരുന്നു. അവർ അഹ്മദിയായ കാരണത്താൽ അവർ എടുത്തുവളർത്തിയ മകൻതന്നെയാണ് അവരെ കത്തികൊണ്ട് കുത്തി ശഹീദാക്കിയത്.

മുബാറക്ക് സലീം സാഹിബ് ഭട്ടിന്റെ ഭാര്യ മുബാറക്കാ ബീഗം സാഹിബയെക്കുറിച്ച് എഴുതിയിരിക്കുന്നു. മെയ് 2-ാം തിയ്യതി ദഅ്വത്തെ ഇലല്ലാഹ് പരിപാടിയുമായി ബന്ധപ്പെട്ട് അടുത്തഗ്രാമമായ ഡോഗ്രായിൽ പോയതായിരുന്നു അവർ. നവഅഹ്മദിയായ ആബിദ് സാഹിബിന്റെ വീട്ടിലിരിക്കുമ്പോൾ ജമാഅത്തിന്റെ ഒരു എതിരാളി അവരെ കത്തികൊണ്ട് മുറിവേല്പിച്ചു. മുറിവ് ആഴത്തിലുള്ളതായിരുന്നു. ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

**ആത്മീയമായ രോഷപ്രകടനം**

അഹ്മദി സ്ത്രീകളുടെ വിശ്വാസാഭിമാനത്തെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു. 1917-ൽ മൗലവി സനാഉല്ലാഹ് അമൃതസരി ഖാദിയാനിൽ വന്നു. അവിടെ അവർ ഒരു പൊതുയോഗം സംഘടിപ്പിച്ചിരുന്നു. അഞ്ചാറായിരം അനഹ്മദികൾ ഒരുമിച്ചുകൂടി. അന്ന് ഖാദിയാനിൽ ആളുകൾ വളരെ കുറവായിരുന്നു. നഗരത്തിലും ജനസംഖ്യ തീരെയുണ്ടായിരുന്നില്ല. 1947-ൽ വിഭജനകാലത്ത് 17, 18 ആയിരം അഹ്മദികൾ ഖാദിയാനിലുണ്ടായിരുന്നുവെങ്കിലും അതിനുമുമ്പേ ആയിരമോ ആയിരത്തിയിരുന്നൂറോ പേരേയുണ്ടായിരുന്നുള്ളൂ. ആറേഴായിരം ജനക്കൂട്ടം വളരെ വലുതായിരുന്നു. മൗലവി സനാഉല്ലാഹ് കരുതിയത്, തന്നെ ആരും ഒന്നും പറയുകയില്ലെന്നാണ്. അദ്ദേഹം തന്റെ പ്രസംഗത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ അസഭ്യങ്ങൾ പറഞ്ഞു. ഖാദിയാനടുത്ത് ഭേയ്നി എന്നൊരു ഗ്രാമമുണ്ട്. അവിടുത്തെ ഒരു അഹ്മദിസ്ത്രീ ആ യോഗസ്ഥലത്തിനടുത്ത് നില്പുണ്ടായിരുന്നു. മൗലവി സനാഉല്ലാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ രൂക്ഷമായി ചീത്തപറഞ്ഞപ്പോൾ അഹ്മദീപുരുഷന്മാരെല്ലാം അത് കേട്ടുകൊണ്ടിരുന്നു. അപ്പോൾ ആ സ്ത്രീ മൗലവി സാഹിബിനെ പഞ്ചാബിയിൽ ചീത്തപ്പറഞ്ഞുകൊണ്ട് വളരെ മോശമായി സംസാരിച്ചു. നീ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ സംസാരിക്കുന്നുവോ എന്ന് ഉറക്കെ ചോദിച്ചു ബഹളംവച്ചു. അപ്പോൾ അനഹ്മദികൾ കോപാകുലരായി. അവർ ആ സ്ത്രീയെ മർദ്ദിക്കാനെഴുന്നേറ്റു. ചില അഹ്മദികൾ അവരെ രക്ഷിക്കാനെഴുന്നേറ്റപ്പോൾ കുഴപ്പമുണ്ടാക്കുന്നത് ഹദ്റത്ത് സാഹിബ് വിലക്കിയിട്ടുണ്ടെന്ന് പറഞ്ഞ് മറ്റുള്ള അഹ്മദികൾ അവരെ വിലക്കി.

ഇതറിഞ്ഞപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു, ഞാൻ ആ അഹ്മദികളോട് വളരെ ദേഷ്യപ്പെട്ടു. ആ അഹ്മദി സ്ത്രീ മതാഭിമാനം പ്രകടിപ്പിച്ചപ്പോൾ (അത് പുരുഷന്മാർ ചെയ്യേണ്ടതായിരുന്നു) അനഹ്മദികൾ അവരുടെമേൽ ആക്രമണം നടത്തി. അപ്പോൾ ആ സ്ത്രീയുടെ അഭിമാനം കാക്കാനും ആരും എഴുന്നേറ്റില്ല. നിങ്ങൾ നാണമില്ലാത്തവരാണ്. നിങ്ങൾ മനസ്സിലാക്കിയതായിരുന്നില്ല ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം.

**അഹ്മദീസ്ത്രീകളും തബ്ലീഗും**

തബ്ലീഗ് രംഗത്ത് നമ്മുടെ സ്ത്രീകൾ വലിയ പങ്കാണ് വഹിക്കുന്നത്. ഇന്തോനേഷ്യയിലെ ലജ്ന ഇമായില്ലാഹ് അത്ഭുതകരമായ രീതിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഒരു ഗ്രാമത്തിൽ തബ്ലീഗിനുവേണ്ടി അവർക്ക് പോകേണ്ടിയിരുന്നു. അവിടെ ലജ്ന ഇമായില്ലാഹ് അംഗങ്ങൾ വഖാറെ അമൽ ചെയ്ത് മൂന്നു കിലോമീറ്റർ ദൈർഘ്യത്തിൽ ഒരു വലിയ റോഡ് നിർമ്മിച്ചു. ആ റോഡുകൊണ്ട് ഗ്രാമവാസികൾക്ക് വലിയ നേട്ടമാണിപ്പോൾ ഉണ്ടാകുന്നത്. ഗ്രാമവാസികൾ അവരോട് നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ ഫലമായി ആ ഗ്രാമവാസികളുടെ ശ്രദ്ധ അഹ്മദിയ്യത്തിലേക്കുണ്ടായി. ഇത് 1998-ൽ നടന്ന സംഭവമാണ്. ഇപ്പോൾ അംഗസംഖ്യ ഇതിനേക്കാൾ കൂടിയിട്ടുണ്ടാകും. ആ റോഡ് നിർമ്മാണം കാരണം അവിടെ തബ്ലീഗിനുള്ള വഴി തുറന്നു. 500 ബയ്അത്തുകൾ അവിടെ നടന്നു.

ചക് മംഗള, ഗുംഗ്ർവാന എന്നീ പ്രദേശങ്ങൾ റബ്വയുടെ അടുത്ത സ്ഥലങ്ങളാണ്. ഇവിടേയും ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുക്കൊണ്ടിരിക്കുന്നു. ഈ ജനവിഭാഗത്തിലെ ഒരു ധീരവനിതയെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു ജൽസയിൽ പറയുകയുണ്ടായി. അവർ ബയ്അത്ത് ചെയ്യാൻ ഇവിടെ വന്നിരുന്നു. വൈകുന്നേരം അവരുടെ മകളും വന്നു. ഉമ്മ, നിങ്ങളെന്നെ എവിടേക്കാണ് വിവാഹം കഴിപ്പിച്ചയച്ചതെന്ന് അവൾ ചോദിച്ചു. അവർ ഞാൻ പറയുന്നതൊന്നും കേൾക്കുന്നില്ല. നിങ്ങളെനിക്ക് ബുക്കുകൾ തന്നു. അഹ്മദിയ്യത്തിന്റെ സാഹിത്യങ്ങൾ തന്നു. അവർക്ക് തബ്ലീഗ് ചെയ്യാനും പറഞ്ഞു. ഞാൻ ബുക്കുകൾ അവരെ വായിച്ചുകേൾപ്പിക്കുന്നു. പക്ഷേ, അവർ അത് കേൾക്കുന്നില്ല. ഞാൻ അഹ്മദിയ്യത്തിനെക്കുറിച്ച് പറയുമ്പോൾ അവർ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്യുന്നു. എന്നെ ഭ്രാന്തിയാക്കുന്നു. അപ്പോൾ ആ സ്ത്രീ പറഞ്ഞു: മകളേ, നീ എന്റെ സ്ഥലത്ത് വന്ന് നിന്റെ ഉപ്പയ്ക്കും സഹോദരന്മാർക്കും

മറ്റുള്ളവർക്കും ഭക്ഷണമുണ്ടാക്കിക്കൊടുക്കുക. ഞാൻ നിന്റെ ഭർത്താവിന്റെ വീട്ടിൽ പോകുകയാണ്. ഞാൻ പറയുന്നത് കേൾക്കാത്തതാരാണെന്ന് ഞാനൊന്നു നോക്കട്ടെ. ഞാൻ അവരെയെല്ലാം അഹ്മദിയ്യാക്കി യിട്ടേ തിരിച്ചുവരൂ.

ഹുസൂർ പറയുന്നു, ഈ സ്ത്രീ ജൽസ നടക്കു ന്നതിന് കുറച്ചു ദിവസം മുമ്പേ ഇവിടെ വന്നിരുന്ന താണ്. അവരുടെ കൂടെ ഒരു കുട്ടിയുമുണ്ടായിരുന്നു. അവർ പറഞ്ഞു: ഇതെന്റെ സഹോദരന്റെ കുട്ടിയാ ണ്. അവൻ റബ്‌വയിൽ വരാറില്ല. ഞാൻ അവന്റെ കുട്ടിയേയും കൂട്ടി വന്നത് ഈ കുട്ടിയെ ഓർത്തെ ങ്കിലും അവൻ റബ്‌വയിൽ വരട്ടെ എന്നുകരുതിയാ ണ്. ഹുസൂർ പറഞ്ഞു: അവരുടെ സഹോദരൻ അഹ്മദിയ്യത്തിനോടടുത്തുവെന്ന് എന്നോട് ആരോ പറഞ്ഞിട്ടുണ്ടായിരുന്നു. പിന്നീടറിയാൻ കഴിഞ്ഞു അയാൾ റബ്‌വയിൽ വരികയും അല്ലാഹുവിന്റെ അനു ഗ്രഹത്താൽ ബയ്അത്ത് ചെയ്യുകയും ചെയ്തു. ഈ സംഭവം വിവരിച്ചുകൊണ്ട് ഹുസൂർ പറയുന്നു. ജൽസ സാലാനയിൽ വരുന്നവർ ഇവിടുത്തെ അവ സ്ഥകളും ഇവിടുത്തെ സംവിധാനങ്ങളും ഇവിടുത്തെ വ്യവസ്ഥിതികളും നടപ്പുരീതികളും അഹ്മദികൾ തമ്മിലുള്ള പരസ്പര ബന്ധങ്ങളും കണ്ട് അഹ്മദിയ്യ ത്തിനെക്കുറിച്ച് പഠിക്കാനും അത് സ്വീകരിക്കാനും നിർബന്ധിതരായിത്തീരാറുണ്ട്.

**ഹദ്റത്ത് ഉമ്മുഅമ്മാറ(റ.ഹ)**

ഇസ്‌ലാമിക ചരിത്രത്തിൽ ഒരു ധീരവനിതയെക്കു റിച്ച് പറയുന്നുണ്ട്. അവരുടെ പേര് ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) എന്നായിരുന്നു. ഹദ്റത്ത് ഉമ്മു അമ്മാറ (റ.ഹ) ഉഹ്ദ് യുദ്ധത്തിനുശേഷം ബയ്അത്ത് രിള്‌വാ നിലും ഖൈബർ യുദ്ധത്തിലും, മക്കാവിജയത്തിലും പങ്കെടുത്തിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാല ഘട്ടത്തിൽ യമാമയുമായിട്ട് യുദ്ധം ചെയ്യേണ്ടിവന്നു. അതിലും ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) ധീരമായി പോരാടി. അവർക്ക് 12 മുറിവുകളേറ്റിരുന്നു. അവരുടെ ഒരു കൈ മുറിഞ്ഞുവീണു. ഈ ധീരവനിതയെക്കു റിച്ച് പറയുന്നു.

ഹിജ്റ വർഷത്തിന്റെ മൂന്നാം കൊല്ലം മുസ്‌ലിം കൾക്ക് ഉഹ്ദ് യുദ്ധം ചെയ്യേണ്ടിവന്നു. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) ഇതിൽ പങ്കെടുത്തിരുന്നു. വളരെ വലിയ തന്റേടവും ധൈര്യവുമാണ് അവർ കാഴ്ചവ ച്ചത്. അതിന്റെ ഫലമായി ചരിത്രത്തിൽ '**ഉഹ്ദിലെ വനിത**' എന്ന പേരിൽ അവർ വിഖ്യാതയായി.

ത്വബഖാത്ത് ഇബ്നു സഅ്ദിൽ വന്നിട്ടുള്ള നിവേ ദനമാണ്. ഉമ്മു അമ്മാറ(റ.ഹ)യുടെ ഭർത്താവും രണ്ട് ആൺമക്കളും അതായത് അബ്ദുല്ലായും ഹബീബും ഉഹ്ദ് യുദ്ധത്തിൽ അവരോടൊപ്പം പങ്കെടുത്തിരുന്നു. മുസ്‌ലിംകൾ ഉറച്ചുനിന്ന് പോരാടിക്കൊണ്ടിരിക്കു മ്പോൾ ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) മറ്റു സ്ത്രീക ളോടൊപ്പം പോരാടുന്നവർക്ക് വെള്ളം കൊടുക്കുക യും മുറിവേറ്റവരെ ശുശ്രൂഷിക്കുകയുമായിരുന്നു. ഒരു സന്നിഗ്ദ്ധഘട്ടത്തിൽ മുസ്‌ലിംകൾക്ക് പരാജയമുണ്ടാ യപ്പോൾ ധർമ്മഭടന്മാർ ഛിന്നഭിന്നമായി. നബി(സ) യുടെ അടുക്കൽ ജീവാർപ്പണം ചെയ്യാൻ തയ്യാറായ വളരെ കുറച്ച് സഹാബിമാരേയുണ്ടായിരുന്നുള്ളൂ. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) ഈയവസ്ഥ കണ്ടപ്പോൾ വെള്ളവും കുടവും വലിച്ചെറിഞ്ഞുകൊണ്ട് വാളും പരിചയും കൈയിലേന്തി നബി(സ)യുടെ അടുത്തെ ത്തി. നിഷേധികളുടെ ശക്തമായ ആക്രമണത്തെ അവർ ചെറുത്തുകൊണ്ട് ധീരമായി നിലയുറപ്പിച്ചു. നബി(സ)യുടെ അടുക്കലേക്ക് നിഷേധികൾ പാഞ്ഞടു ക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) മറ്റു ധീരജവാന്മാരോടൊപ്പം ചേർന്ന് വാളും അമ്പും കൊണ്ട് അവരെ നേരിട്ടു. വളരെ നിർണ്ണായകമായ ഘട്ടമായിരുന്നു അത്. വലിയ വലിയ ധീരന്മാരുടെ പാദംപോലും ഇളകിപ്പോയ ഘട്ടം. പക്ഷേ, സിംഹ ത്തിന്റെ ഹൃദയമുണ്ടായിരുന്ന ഈ സ്ത്രീ ദൃഢചിത്ത തയോടുകൂടി രണാങ്കണത്തിൽ പോരാടുകയായിരു ന്നു. ഇത്രയുമായപ്പോൾ ഒരു മുശ്‌രിക്ക് ഇവരുടെ തല യ്ക്കുമീതെ വന്ന് ആഞ്ഞുവെട്ടി. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) തന്റെ പരിചകൊണ്ട് അതിനെ തട യുകയും എതിരാളിയുടെ കുതിരയുടെ കാലിൽ ശക്ത മായി ആഞ്ഞുവെട്ടുകയും ചെയ്തു. കുതിരയും പട യാളിയും നിലത്ത് തെറിച്ചുവീണു. ഈ സംഭവം നബി (സ) ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആ മഹാത്മാവ് ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) യുടെ മകനായ അബ്ദു ല്ലായെ വിളിച്ചുപറഞ്ഞു. അബ്ദുല്ലാ! നിന്റെ ഉമ്മയെ സഹായിക്കുക. അദ്ദേഹം ഉടനെ പാഞ്ഞെത്തുകയും ഒരൊറ്റ വെട്ടുകൊണ്ട് ആ മുശ്‌രിക്കിനെ വധിക്കുകയും ചെയ്തു. ആ സമയത്തുതന്നെ മറ്റൊരു മുശ്‌രിക്ക് അവിടേക്ക് വന്നു. ഹദ്റത്ത് അബ്ദുല്ലായുടെ ഇട ത്കൈക്ക് ആഴത്തിൽ മുറിവേല്ക്കുംവിധം വെട്ടി പരി ക്കേല്പിച്ചു. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) അബ്ദുല്ലാ യുടെ മുറിവ് കെട്ടിക്കൊടുത്തുകൊണ്ട് പറഞ്ഞു: മകനേ നീ പോവുക. ശ്വാസമുള്ളിടത്തോളം പോരാ ടുക. നബി(സ) അവരുടെ ഈ സമർപ്പണാവേശം കണ്ടുകൊണ്ട് പറഞ്ഞു: "ഉമ്മു അമ്മാറ! നിന്നിലുള്ള ഈ ശക്തി മറ്റാരിലാണുള്ളത്." ഈ നേരത്ത് അബ്ദു ല്ലായെ മുറിവേല്പ്പിച്ച ആ മുശ്‌രിക്ക് തിരിച്ചുവന്ന് ആക്രമണം നടത്തി. നബി (സ) ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ)യോട് പറഞ്ഞു: 'ഉമ്മു അമ്മാറ, ശ്രദ്ധി ക്കുക. ഇത് അബ്ദുല്ലായെ വെട്ടിയ അതേ ദുഷ്ടനാണ്.' ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) കോപത്തോടെ അയാ ളുടെ നേരെ ചാടിവീണ് വാളുകൊണ്ട് ആഞ്ഞുവെ ട്ടി. അയാൾ രണ്ട് കഷണമായി താഴെവീണു. അപ്പോൾ നബി(സ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഉമ്മു അമ്മാ റാ, നീ നിന്റെ മകനുവേണ്ടി നല്ലവണ്ണം പകരംവീട്ടി.'

ഈ യുദ്ധത്തിന്നിടയിൽ ഒരു ദുഷ്ടൻ ദൂരെനിന്നു കൊണ്ട് നബി(സ)യെ കല്ലെറിഞ്ഞു. അക്കാരണത്താൽ നബി(സ)യുടെ രണ്ട് പല്ല് ശഹീദായി.

പിന്നീട് നുബൂവ്വത്ത് എന്ന ദീപത്തിനുചുറ്റും വട്ട മിട്ടുകറങ്ങിക്കൊണ്ടിരുന്ന ശലഭങ്ങളായ സ്വഹാബത്ത് ഈ ഭാഗത്തേക്ക് ശ്രദ്ധ തിരിച്ചു. ഇബ്നുകമിയ എന്നു പേരുള്ള ഒരു കാഫിറും നബി(സ)യുടെ അടുക്കലെ ത്തി. അയാൾ നബിയുടെമേൽ ആഞ്ഞുവെട്ടി. നബി (സ) പടത്തൊപ്പിയണിഞ്ഞിരുന്നു. വെട്ടിന്റെ ആഘാ തത്താൽ തൊപ്പിയുടെ രണ്ടാണികൾ നബിയുടെ കവി ളിൽ തറച്ചു. ചോരയൊഴുകി. ഇതെല്ലാം നിമിഷനേരം കൊണ്ടാണ് നടന്നത്. ആരും അറിഞ്ഞതുപോലുമില്ല. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) അസ്വസ്ഥയായി. മുന്നോ ട്ടുകുതിച്ച് ഇബ്നുകമിയായെ പ്രതിരോധിച്ചു. ഇയാൾ ഖുറൈശികളിലെ പേരുകേട്ട അശ്വഭടനായിരുന്നു. പക്ഷേ, സിംഹത്തിന്റെ ഹൃദയമുള്ള ഹദ്റത്ത് ഉമ്മു അമ്മാറ(റ) അയാളെ വകവെച്ചില്ല. തന്റേടത്തോടെ അയാളെ നേരിട്ടു. രണ്ട് പടച്ചട്ട അയാളണിഞ്ഞിരു ന്നു. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) അയാളെ വെട്ടി യെങ്കിലും അതയാൾക്ക് ശരിക്ക് കൊണ്ടില്ല. പക്ഷേ, അയാൾക്ക് ആ സ്ത്രീയോട് പൊരുതാൻ പിന്നീട് ധൈര്യമുണ്ടായില്ല. അയാൾ ആദ്യത്തെ വെട്ടേറ്റയു ടനെ അവിടെനിന്ന് ഓടിക്കളഞ്ഞു. ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) ക്കും ഈയവസരത്തിൽ മുറിവേറ്റിരു ന്നു.

നബി(സ)തിരുമേനിയും മുറിവുകൾ കെട്ടുന്നതിൽ അവരെ സഹായിച്ചിരുന്നു. വലിയ വലിയ സഹാബി മാരുടെ പേരെടുത്തുകൊണ്ട് നബി(സ) പറഞ്ഞു. വല്ലാഹി, ഇന്ന് ഉമ്മു അമ്മാറ അവരേക്കാളെല്ലാം ധൈര്യത്തോടെ പോരാടി. ഉമ്മു അമ്മാറ(റ.ഹ) പറ ഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! എന്റെ ഉമ്മയും ബാപ്പയും അങ്ങേയ്ക്ക് തെണ്ടമായിരിക്കട്ടെ. സ്വർഗ്ഗ ത്തിൽ അങ്ങയുടെ സാമീപ്യം എനിക്കും കിട്ടാൻവേണ്ടി അങ്ങ് ദുആ ചെയ്താലും." നബി(സ) ഭക്തിനിർഭരമായ നിലയിൽ അവർക്കുവേണ്ടി ദുആ ചെയ്തു. ഉറക്കെപ്പറഞ്ഞു ***അല്ലാഹുമ്മ അജ്അലഹും റുഫഖായി ഫിൽജന്നത്തി*** ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) വളരെ സന്തോഷിച്ചു. അനിയന്ത്രിത മായി അവർ പറഞ്ഞുപോയി. ഇനിയെനിക്ക് ലോക ത്തുള്ള ഒരു വിപത്തും പ്രശ്നമല്ല.

യുദ്ധം കഴിഞ്ഞ് അബ്ദുല്ലാഹ് ബിൻ കഅബിനെ അയച്ച് ഉമ്മു അമ്മാറയുടെ സുഖവിവരം അന്വേഷിച്ച് കിട്ടുന്നതുവരെ നബി(സ) അവിടെനിന്നും പോയില്ല. നബി(സ) പറയാറുണ്ടായിരുന്നു ഉഹ്ദ് ദിവസം ഞാൻ ഇടത്തും വലത്തും ദൃഷ്ടി പായിക്കുമ്പോഴെല്ലാം അവി ടെയൊക്കെ ഉമ്മു അമ്മാറ പോരാടുന്നതാണ് കണ്ടത്. ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ)ന് 12 മുറിവുകളേറ്റിരു ന്നു. അല്ലാമ ഇബ്നു സഅ്ദ് പറയുന്നു. ഉഹ്ദ് യുദ്ധ ത്തിനുശേഷം അവർ ബയ്അത്ത് രിള്വാനിലും ഖൈബർ യുദ്ധത്തിലും മറ്റു യുദ്ധങ്ങളിലും പങ്കെടു ത്തു. ഒരു നിവേദനത്തിലുണ്ട്. മക്കാവിജയാവസര ത്തിലും അവർ നബി(സ)യോടൊപ്പമുണ്ടായിരുന്നു.

ഹദ്റത്ത് ഉമ്മു അമ്മാറ(റ.ഹ) യുടെ ഈ ധൈര്യ ത്തോടെയുള്ള പോരാട്ടം അല്ലാഹുവിന്റെ തൃപ്തി കര സ്ഥമാക്കാനായിരുന്നു. റസൂൽ(സ)യുടെ സംരക്ഷണ ത്തിനുവേണ്ടിയായിരുന്നു. ഇസ്ലാമിനുവേണ്ടി ത്യാഗം ചെയ്യാനായിരുന്നു.

**അഹ്മദീസ്ത്രീകൾ ഉമ്മുഅമ്മാറയാകുക**

ഇന്ന് അഹ്മദിസ്ത്രീകളും ഈ കാലത്തിന്നനുസ രിച്ച് ഈ ലക്ഷ്യപ്രാപ്തിക്കായി ത്യാഗങ്ങൾ ചെയ്തു വരുന്നു. ഞാൻ അതിന്റെ ചില ഉദാഹരണങ്ങൾ നിങ്ങ ളോട് പറഞ്ഞു. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ കാണിച്ച ക്ഷമയുടേയും സഹന ത്തിന്റേയും മാതൃക ഇവരും കാണിച്ചുകൊണ്ടിരിക്കു ന്നു. ഇക്കാലത്ത് യുദ്ധമുണ്ടാകുകയും അഹ്മദി സ്ത്രീകൾക്ക് ആ മാതൃക കാണിക്കേണ്ടിവരികയും ചെയ്താൽ അതും കാണിക്കാൻ ഇൻശാഅല്ലാഹ് ഇവർ തയ്യാറായിരിക്കും. ഇവർ പിന്നാക്കം പോകുക യില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് ആവശ്യം വന്നാൽ അഹ്മദി സ്ത്രീകൾക്ക് ആ മാതൃക കാണിക്കാൻ കഴിയുമെന്നാണ്.

ഖാദിയാനിൽ വിഭജനകാലത്ത് അല്ലാഹുവിന്റെ ചിഹ്നങ്ങൾ സംരക്ഷിക്കാനും അവിടെ ഒരുമിച്ചുകൂടിയ സ്ത്രീകളുടെ ചാരിത്ര്യം കാക്കാനും ഒരേർപ്പാട് ചെയ്തിരുന്നു. ഒരു ചിട്ടയോടുകൂടി സ്ത്രീകളെ സംര ക്ഷിക്കാനുള്ള ചുമതല സ്ത്രീകളെത്തന്നെയാണ് ഏല്പിച്ചിരുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴു തുന്നു. ഖാദിയാനിൽ ഹിന്ദുക്കളും സിക്കുകാരും ആക്രമണം നടത്തുമെന്നറിഞ്ഞപ്പോൾ നഗരത്തിനു പുറത്ത് നാം സ്ത്രീകളെ സംഘടിപ്പിച്ചു. അവരുടെ നേതാവും ഒരു സ്ത്രീതന്നെയായിരുന്നു. അവർ ഭേര വാസിയായിരുന്നു. ആ സ്ത്രീ പുരുഷന്മാരേക്കാൾ തന്റേടം കാണിച്ചു. പിന്നീടറിയാൻ കഴിഞ്ഞത് സിക്കു കാരുടേയും ഹിന്ദുക്കളുടേയും തോക്കുകളെ നേരിട്ടു കൊണ്ട് ആ സ്ത്രീകൾ എതിരാളികളെ തുരത്തിയെ ന്നാണ്. ഏറ്റവും മുന്നിൽ ഭേരാവാസിയായ ഈ സ്ത്രീതന്നെയായിരുന്നു ഉണ്ടായിരുന്നത്. നേതാവായി ക്കൊണ്ട് അവർ പിന്നിൽ നിന്നില്ല. അവർ ഏറ്റവും മുന്നിലുണ്ടായിരുന്നു. എങ്ങനെയാണ് യുദ്ധം ചെയ്യേ ണ്ടതെന്ന് അവർ മറ്റു സ്ത്രീകളെ പഠിപ്പിച്ചിരുന്നു. സ്ത്രീകളിലുള്ള ഈ ആവേശം, ഈമാനികാവേശം അവരിൽ തുടിക്കുന്നു എന്നതിനുള്ള വ്യക്തമായ തെളിവാണ്.

പേജ് 37 - ൽ

# ദൈവികഗുണ മാഹാത്മ്യങ്ങൾ

**ദൈ**വത്തെ അറിയുകയും ആരാധിക്കുകയും സൽക്കർമ്മങ്ങളിലൂടെ അവനെ പ്രാപിക്കുകയും ചെയ്യുകയാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം എന്ന് വിശുദ്ധഖുർആൻ മനസ്സിലാക്കിത്തരുന്നു. ഒരു വസ്തുവെ അല്ലെങ്കിൽ ആളെ നാം എത്രകണ്ട് അടുത്തറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നുവോ അത്രത്തോളം നമുക്ക് അതിനോട് ഇഷ്ടവും ആരാധനയും തോന്നും എന്നത് മനുഷ്യപ്രകൃതമാണ്. നമുക്കറിവില്ലാത്ത കാര്യങ്ങളിൽ നമുക്ക് താല്പര്യമേയുണ്ടാവുകയില്ല.

അല്ലാഹുവിനെ അറിയുക എന്നാൽ, അവന്റെ സിഫത്ത്- ഗുണമാഹാത്മ്യങ്ങൾ മനസ്സിലാക്കുക എന്നർത്ഥം. ആ അറിവ് നമ്മെ ദൈവത്തോടടുപ്പിക്കുകയും ദൈവാസ്തിക്യം അനുഭവമായി നമ്മിൽ എത്തിച്ചേരുകയും ദൈവത്തെ ഉള്ളറിഞ്ഞ് ആരാധിക്കുന്നവാനും സൽക്കർമ്മങ്ങൾ ചെയ്യുവാനും നമ്മെ പ്രേരിപ്പിക്കുകയും മോക്ഷാർഹരാക്കുകയും ചെയ്യുന്നതാണ്.

അല്ലാഹുവിന്റെ ഏറ്റവും വലിയ മഹത്വം അവന്റെ ഏകത്വം തന്നെയാണ്. സൂറഃബഖറ 163-ാം വചനം പറയുന്നു. "നിങ്ങളുടെ ദൈവം ഏകദൈവമാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല; പരമകാരുണികനും കരുണാമയനുമാണവൻ." ഏറ്റവും സത്യമായൊരു വചനമാണിത്. ഏകദൈവത്തെ കൂടാതൊരു ദൈവമുണ്ടെങ്കിൽ ആ ദൈവം വന്ന് ഈ വാക്യം ഖണ്ഡിക്കേണ്ടതാണ്. ഏകദൈവത്തെ കൂടാതൊരു ദൈവമുണ്ടെന്നും താനാണതെന്നും പറയുമായിരുന്നു. ദൈവത്തിന്റെ ഏകത്വത്തെ ചോദ്യം ചെയ്യുകയും അവന് പങ്കാളികളെ സങ്കല്പിക്കുകയും ചെയ്യുന്നത് പൊറുക്കപ്പെടാത്ത പാപമായി ഖുർആൻ വെളിപ്പെടുത്തുന്നു. മറ്റു പാപങ്ങൾ ദൈവം അവന്റെ നീതിനിയമത്തിന്നനുസൃതമായി പൊറുത്തുകൊടുക്കുമ്പോൾ ബഹുദൈവാരാധനയെന്ന മഹാപാപം നരകശിക്ഷയിൽ കൂടി മാത്രമേ പൊറുക്കപ്പെടുകയുള്ളൂ. ബഹുദൈവാരാധനയെന്നാൽ കേവലം ബിംബാരാധന മാത്രമല്ല. ഭൗതികമായ ഏതൊരു വസ്തുവിനും ദൈവസ്ഥാനം കല്പിച്ച് അമിതാരാധന നടത്തുന്നതും ശിർക്ക് ആവുന്നതാണ്. തൗഹീദിന്റെയും ശിർക്കിന്റെയും അതിർവരമ്പുകൾ വളരെ ലോലവുമാണ്. അത് പലപ്പോഴും നാം തിരിച്ചറിഞ്ഞെന്ന് വരികയില്ല. അതുകൊണ്ടാണ് നേർവഴിയിൽ നമ്മുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്താൻ എന്നും ദുആ ചെയ്യുവാൻ റസൂൽ (സ) പഠിപ്പിച്ചുതന്നിട്ടുള്ളതും. അല്ലാഹു, അവനല്ലാതെ മറ്റൊരു ദൈവമില്ല. അവനെന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമത്രെ.

ആകാശത്തിലെ ദൈവവും ഭൂമിയിലെ ദൈവവും അവനാകുന്നു. അവൻ തന്ത്രജ്ഞനും അറിവുറ്റവനുമാകുന്നു. വീണ്ടും സൂറഃഇഖ്ലാസിൽ സുന്ദരമായി വിവരിക്കുന്നു. പറയുക. അവൻ അല്ലാഹു ഏകനാകുന്നു. അവൻ നിത്യനുമാകുന്നു. സകലത്തിന്റെ ആശ്രയവുമാകുന്നു. അവൻ ജനിതാവോ ജാതനോ അല്ല. അവന് സമനായി ആരുമില്ല. ദൈവം ഏകനായതുകൊണ്ട് ആരാധനകൾ അർപ്പിക്കുവാനുള്ള അർഹത അവനു മാത്രമേയുള്ളൂ എന്ന് വരുന്നു. സൂറഃബഖറ 255-ാം വചനം. ആയത്തുൽകുർസിയിൽ അല്ലാഹു പറയുന്നു. ദൈവത്തോട് ശുപാർശ ചെയ്യാൻ സാധിക്കുമെന്ന വിശ്വാസത്തിൽ ആരോടെങ്കിലും സങ്കടം ബോധിപ്പിക്കുന്നതുപോലും നിഷിദ്ധമാണ്. ദൈവത്തോട് ശുപാർശ ചെയ്യാൻപോലും അവന്റെ അനുമതി ആവശ്യമത്രെ. മനുഷ്യർക്ക് ലഭിക്കുന്ന അറിവുപോലും അവന്റെ ഉദ്ദേശ്യപ്രകാരം അവൻ മുൻകൂട്ടി വെളിപ്പെടുത്തിക്കൊടുക്കുന്നതാണ്. അവനാഗ്രഹിച്ചില്ലെങ്കിൽ ഒരണു അളവ് അറിവുപോലും മനുഷ്യന് പ്രാപ്യമല്ല. അല്ലാതെ ആർക്കും തന്നെ ഒരറിവും സ്വയാർജ്ജിതമല്ല. അവന്റെ അനുമതി കൂടാതെ ഒരിലപോലും പ്രപഞ്ചത്തിൽ ചലിക്കുന്നുമില്ല.

ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ ദൈവത്തിന്റെ നിയമപ്രകാരം അവന് വെളിപ്പെടുത്തുന്നത് കൊണ്ടുമാത്രം സംഭവിക്കുന്ന കണ്ടെത്തലുകളാണ്. പ്രകൃതിയുടെ അറിവുകൾ ദൈവം ഇച്ഛിക്കുന്നില്ലെങ്കിൽ മനുഷ്യന് കണ്ടെത്താൻ കഴിയുകയില്ലെന്ന് സാരം. അതുകൊണ്ടാണല്ലോ ആകാശസീമകൾ താണ്ടീട്ടും ഭൂമിയിലെ ചില രോഗങ്ങൾക്ക് മുമ്പിൽ പോലും മനുഷ്യൻ പകച്ചുനില്ക്കേണ്ടിവരുന്നത്. ശാസ്ത്രം എത്രതന്നെ പുരോഗമിച്ചാലും സൃഷ്ടികർത്താവിന് സമനാകാൻ കഴിയില്ലെന്നും ഇതിൽ നിന്നും വ്യക്തമാണ്.

മറ്റൊന്ന് ദൈവം അഗോചരനാണെന്നും നഗ്നനേത്രങ്ങൾകൊണ്ടവനെ കണ്ടെത്താൻ കഴിയുകയില്ലെന്നുമുള്ളതാണ്. ഈ ദൈവികഗുണമറിയാതെ സ്വന്തം കണ്ണുകൊണ്ട് കണ്ടാലേ ദൈവത്തെ വിശ്വസിക്കൂ

എന്ന് വീമ്പുപറയുന്നവർ ഒരിക്കലും ദൈവികമാഹാത്മ്യമറിയാതെ ജീവിച്ചുമരിച്ചുപോകുന്നു. ഇതിൽ നിന്നും മനസ്സിലാക്കാവുന്ന മറ്റൊരു കാര്യം ഭൗതിക ദൃഷ്ടിയിൽ കാണുന്ന അല്ലെങ്കിൽ നേത്രങ്ങളാൽ ദൃശ്യമാകുന്ന യാതൊന്നും ദൈവമാകുകയില്ല എന്നാണ്. അതിനാൽ ബിംബങ്ങൾക്കോ മനുഷ്യദൈവങ്ങൾക്കോ ആ സ്ഥാനം കരഗതമാവുകയുമില്ല. "ദൃഷ്ടികൾ അവനെ കണ്ടെത്തുകയയേയില്ല. അവൻ ദൃഷ്ടികളെ കാണുന്നു. അവൻ സൂക്ഷ്മജ്ഞനും ബോധവാനുമാകുന്നു" (6:103).

അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ഹദ്റത്ത് മൂസ (അ) മലയിൽ വരികയും എന്റെ നാഥാ, നിന്നെയെനിക്ക് കാണണം എന്നാവശ്യപ്പെടുകയും ചെയ്തതായി ഖുർആൻ വെളിപ്പെടുത്തുന്നു. നിനക്കെന്നെ നോക്കാൻ കഴിയില്ല എന്നല്ലാഹു അറിയിച്ചപ്പോൾ വീണ്ടും മൂസ (അ) ആഗ്രഹമറിയിച്ചു. അപ്പോൾ അല്ലാഹു പറഞ്ഞു. "നീ ആ മലയിൽ നോക്കുക. അത് അതിന്റെ സ്ഥാനത്തുറച്ചു നില്ക്കുകയാണെങ്കിൽ നിനക്കെന്നെ കാണാം. അല്ലാഹു തന്റെ നൂറിന്റെ ഒരു അംശം ആ മലയിലേക്ക് പതിപ്പിച്ചപ്പോൾ മല തകർന്നുപോവുകയും മൂസാ(അ) ബോധരഹിതനാവുകയും ചെയ്തു. ബോധം തെളിഞ്ഞ അദ്ദേഹം പശ്ചാത്തപിച്ചു മടങ്ങി. (7:143) ഈ ഖുർആനിക വാക്യത്തിൽനിന്നും ദൈവികപ്രകാശത്തിനുപോലും നമ്മുടെ കണ്ണുകൊണ്ട് നേരിടാൻ– എന്തിന് ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമായ സൂര്യവെളിച്ചത്തെ നേരിടാൻപോലും നമ്മുടെ ദൃഷ്ടികൾ ശക്തമല്ല എന്ന് മനസ്സിലാക്കാം. മറ്റൊരു സിഫത്ത് ഖുർആൻ പറയുന്നത് നാശമോ മരണമോ ഉറക്കമോ അവനെ ബാധിക്കുകയില്ല എന്നാണ്.

ഭൂമിയിലുള്ള ഏതും നശിക്കും. മഹിതപ്രഭാവനായ നിന്റെ നാഥന്റെ വദനം മാത്രം ശേഷിക്കും. അതുകൊണ്ടുതന്നെ കരയിലോ വെള്ളത്തിലോ, തീയിലോ നശിക്കുകയോ മരിക്കുകയോ ചെയ്യുന്ന ഒന്നും ദൈവഗണത്തിൽ പെടുകയില്ല. വിശുദ്ധഖുർആൻ അല്ലാഹുവിനെ ഇങ്ങനെ വിശേഷിപ്പിക്കുന്നു. ***അല്ലാഹു നൂറുസ്സമാവാത്തിവൽഅർള്*** നമ്മുടെ ആത്മാവിന് പ്രകാശം ലഭിക്കേണമെങ്കിൽ ആകാശഭൂമികളുടെ പ്രകാശമായ പ്രപഞ്ചനാഥനിൽനിന്നും ലഭിക്കേണ്ടിയിരിക്കുന്നു. അതിനുള്ള അർഹത നാം വളർത്തിയെടുത്തേ മതിയാകൂ. അല്ലാഹു ആകാശത്തിന്റേയും ഭൂമിയുടേയും പ്രകാശമായതിനാൽ അവന്റെ സാമീപ്യം കരസ്ഥമാക്കുന്നവരുടെ ജീവിതവും പ്രകാശപൂർണ്ണമാകും. അവനിൽനിന്നകലുന്നവർ അന്ധകാരത്തിലും ആയിരിക്കും.

സൂറത്തുന്നൂറിൽ 35–ാം വചനത്തിൽ ഖുർആൻ പറയുന്നു. അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. അവന്റെ പ്രകാശത്തിന്റെ സാദൃശ്യം ദീപമുള്ള ദീപമാടംപോലെയാണ്. ആ ദീപം സ്ഫടികത്തിനുള്ളിലാണ്. സ്ഫടികം ശോഭയേറുന്ന നക്ഷത്രം പോൽ പ്രകാശം ചൊരിയുന്നു. അനുഗ്രഹീതമായ ഒരു ഒലിവ് വൃക്ഷത്തിന്റെ എണ്ണയാൽ അത് ജ്വലിക്കുന്നു. ആ ഒലിവ് കിഴക്കിന്റേയോ പടിഞ്ഞാറിന്റേയോ അല്ല. തീ അതിനെ സ്പർശിച്ചില്ലെങ്കിലും അത് തേജോമയമാണ്. പ്രകാശത്തിന്മേൽ പ്രകാശം; അവൻ നിശ്ചയിക്കുന്നവരെ അവനാ പ്രകാശത്തിലേക്ക് നയിക്കുന്നു. മനുഷ്യർക്ക് അല്ലാഹു ഉപമകൾ വിവരിക്കുന്നു. അല്ലാഹു എല്ലാവരെക്കുറിച്ചും അറിവുറ്റവനാകുന്നു. അല്ലാഹുവിന്റെ നൂറിനെ വഹിച്ചിരിക്കുന്ന സ്ഫടിക സദൃശ്യമായ ദീപമാടമായി ഉപമിച്ചിരിക്കുന്നത് റസൂൽ കരീം(സ)യെയാണ്. അല്ലാഹുവിന്റെ അനുമതിയോടെ അവനിലേക്ക് ക്ഷണിക്കുന്ന വിളക്കായി നിന്നെ നാം അയച്ചിരിക്കുന്നു എന്നും ഖുർആൻ പറയുന്നു. ഒലീവ് വൃക്ഷമെന്നത് ഇബ്റാഹിം നബി(അ)ന്റെ വംശം.... ഒലീവ് വൃക്ഷത്തിന്റെ എണ്ണയാൽ ജ്വലിച്ചു എന്നത് അദ്ദേഹത്തിന്റെ പരമ്പരയിൽ നബികരീം(സ) അവതരിച്ചു എന്നർത്ഥം. നബി(സ)യുടെ പ്രകാശം ഇസ്‌ലാം കിഴക്കിനോ പടിഞ്ഞാറിനോ അല്ല മുഴുലോകത്തേക്കും ഉള്ളതാണ് എന്നാണിതിന്റെ വിശദീകരണം. സൂറഃ57, 12–ാം വചനം പറയുന്നു. വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും അവരുടെ പ്രകാശം അവരുടെ മുമ്പിലും പിമ്പിലും വലതുകൈകളിലും പ്രവേശിക്കുന്നതായി നീ കാണുന്ന ദിനം..... നിങ്ങൾക്ക് സന്തോഷവാർത്ത. താഴോരത്തുകൂടി അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങളിൽ അവർ വസിക്കുകയായി. അതുതന്നെയാണ് മഹത്തായ വിജയം. ഇത് പുനരുത്ഥാനനാളിനെ സൂചിപ്പിക്കുന്നു.

ദൈവത്തിന്റെ അടുത്തവിശേഷണം അവൻ സർവ്വാധിരാജനാകുന്നു എന്നതാണ്. പറയുക, ആധിപത്യത്തിന്റെ–അതിരാജനായ അല്ലാഹുവേ, നീ നിർണ്ണയിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ നിശ്ചയിക്കുന്നവരിൽനിന്നും ആധിപത്യം എടുത്തുകളയുകയും ചെയ്യുന്നു. നീ നിശ്ചയിക്കുന്നവരെ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നു.

അല്ലാഹുവിനെപോലെ ആധിപത്യം കയ്യാളുന്നവർ വേറെയില്ല. അവൻ തീരുമാനിക്കുന്നതുപോലെ ചിലർക്ക് അധികാരവും പദവിയും നൽകുകയും എടുത്തുകളയുകയും ചെയ്യുന്നു. സൃഷ്ടികൾക്ക് ലഭിക്കുന്ന അധികാരപദവികൾ ദൈവത്തിന്റെ അനുഗ്രഹമായതിനാൽ തന്റെ കഴിവും സാമർത്ഥ്യവും കൊണ്ടാണ് അധികാര സ്ഥാനത്തെത്തിയത് എന്ന അഹങ്കാരം മനുഷ്യന് ഒരിക്കലും ഭൂഷണമല്ല. മറിച്ച്, സ്രഷ്ടാവ് തനിക്കുതന്ന കഴിവുകൾ സൃഷ്ടികളുടെ സേവനത്തിന് ഉപയോഗപ്പെടുത്തുവാനാണ് ശ്രമിക്കേണ്ടത്. ആകാശഭൂമികളെ സൃഷ്ടിച്ച് നിലനിറുത്തി പരിപാലിച്ചു പോരുന്ന മയക്കമോ ഉറക്കമോ ക്ഷീണമോ ബാധിക്കാത്ത അല്ലാഹുവിന് തുല്യനായി ആരുംതന്നെയില്ല. സർവ്വശ

അല്ലാഹുവിന്റെ മറ്റൊരു സിഫത്തായി വിശുദ്ധഖുർആൻ പറയുന്നത് അവന്റെ പ്രവർത്തനങ്ങൾക്കൊരു മാറ്റവും കാണുകയില്ല എന്നതാണ്. ആദ്യവും അന്ത്യവും രഹസ്യവും പരസ്യവുമറിയുന്ന ദൈവം സർവ്വജ്ഞനായതുകൊണ്ട് അവന്റെ ആത്മീയമോ പ്രാപഞ്ചികമോ ആയ നിയമങ്ങൾക്കൊരു ചാഞ്ചല്യവുമുണ്ടാകുന്നില്ല. പ്രകൃതിനിയമങ്ങളെ അടിസ്ഥാനമാക്കി ശാസ്ത്രീയ ഉപകരണങ്ങൾ ഉണ്ടാക്കുവാൻ മനുഷ്യനെ പര്യാപ്തമാക്കുന്നത് സത്യവാനായ അല്ലാഹുവിന്റെ ഈ നിയമങ്ങൾ മൂലമാണ്. മരത്തിൽ നിന്നും പൊഴിയുന്ന പഴങ്ങൾ ആകാശത്ത് പോകാതെ ഭൂമിയിൽ വീഴുന്നതും രാപകലുകൾ മാറി മാറി വരുന്നതും ഋതുഭേദങ്ങൾ ഉണ്ടാകുന്നതും സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറസ്തമിക്കുന്നതും ദൈവത്തിന്റെ ഈ നിയമസംഹിതയ്ക്കനുസൃതമായാണ്. അതുപോലെ അവന്റെ ആത്മീയനിയമങ്ങളും ശാശ്വതമത്രെ. സൽക്കർമ്മികൾക്ക് പ്രതിഫലം ലഭിക്കുന്നതും ദുഷ്കർമ്മികൾക്ക് ശിക്ഷ ലഭിക്കുന്നതും പ്രവാചകന്മാരെ തുടർച്ചയായി അയക്കുന്നതും മനുഷ്യന്റെ പ്രാർത്ഥനയ്ക്കുത്തരം കിട്ടുന്നതുമെല്ലാം. അതിനാൽ അവയെല്ലാം പണ്ടെന്നപോലെതന്നെ തുടർന്നുകൊണ്ടിരിക്കും.

മുൻകഴിഞ്ഞവരിൽ അല്ലാഹുവിന്റെ നടപടി അങ്ങനെയായിരുന്നു. അല്ലാഹുവിന്റെ നടപടിയിൽ നീയൊരു മാറ്റവും കാണുകയില്ല. ഈ വിശേഷണത്തിന്റെ ഭാഗമായി അല്ലാഹു പറയുന്നു. മനുഷ്യൻ സ്വയം തന്നെയും ഒരു മാറ്റത്തിനാഗ്രഹിക്കാത്ത കാലത്തോളം ദൈവവും അവന്റെ സ്ഥിതി നിർബന്ധമായി മാറ്റുകയില്ല എന്നാണ്. ദൈവം മനുഷ്യന് നൽകിയ ആത്മീയസ്വാതന്ത്ര്യത്തിൽ അവൻ കൈകടത്തുകയില്ലെന്നർത്ഥം. മനുഷ്യൻ ആത്മീയമായും ഭൗതികമായും സ്വയം നന്നാക്കിയെടുക്കാൻ പരിശ്രമിക്കണമെന്നും അവൻ ആ രീതിയിൽ ചിന്തിച്ചു പ്രവർത്തിക്കുവാൻ തുടങ്ങുമ്പോൾ ദൈവികാനുഗ്രഹവും സഹായത്തിനെത്തുമെന്നും സാരം. സ്വസമൂഹത്തിന്റെ ധാർമ്മികാധഃപതനത്തിൽ മനംനൊന്ത് ഹിറാഗുഹയിൽ നബികരീം(സ) ധ്യാനനിമഗ്നനായിരുന്നപ്പോഴാണല്ലോ മനുഷ്യരാശിക്കെന്നേയ്ക്കും ഏറ്റവും അനുഗ്രഹവും മാർഗ്ഗദർശിയുമായ വിശുദ്ധഖുർആൻ അല്ലാഹു ഇറക്കിക്കൊടുത്തത് എന്ന കാര്യം ഓർക്കുക. ദൈവം ഒരു ജനതയ്ക്ക് ഇറക്കിക്കൊടുത്ത അനുഗ്രഹങ്ങൾ അവരുടെ ദുഷ്പ്രവൃത്തികൾ അതിർലംഘിച്ച് അവർ ആ അനുഗ്രഹത്തിന് അർഹരായിത്തീരാത്ത കാലത്തോളം അവരിൽനിന്നെടുത്തുകളയുകയില്ലെന്നും ബനീ ഇസ്റായീൽ ചരിത്രം വ്യക്തമാക്കുന്നു. ദൈവത്തിന്റെ എല്ലാ മഹത്വങ്ങളും ഒത്തുചേർന്ന അല്ലാഹു എന്ന അവന്റെ നാമത്തോട് ഏറ്റവും

ക്തനും ആദി-അന്ത്യകാരണഭൂതനുമായതിനാൽ ജനനമരണ പ്രശ്നവും ദൈവത്തിനില്ലതന്നെ. ഒന്നു ചീഞ്ഞു മറ്റൊന്നിന് വളമാകുക എന്ന സൃഷ്ടിതത്ത്വം സ്രഷ്ടാവിന് ബാധകമല്ല. അവൻ ഇല്ലായ്മയിൽനിന്നും മുൻമാതൃക കൂടാതെ സൃഷ്ടിക്കുവാനും ഉള്ളതിനെ ഇല്ലായ്മ ചെയ്യുവാനും വീണ്ടും പുനഃസൃഷ്ടിക്കുവാനും കഴിവുള്ളവനാണ്. എന്നെ കൂടാതെ നിങ്ങൾ ആരാധിക്കുന്നവർക്കു ഒരു ഈച്ചയെപോലും സൃഷ്ടിക്കാൻ കഴിവില്ല എന്ന് അല്ലാഹു മനുഷ്യരെ വെല്ലുവിളിക്കാൻ കാരണം ആരാധിക്കുന്നവരും ആരാധ്യരും ഒരുപോലെ ദുർബലരായതിനാലത്രെ.

ദൈവം സർവ്വതും അറിയുന്ന ഭൂതവും ഭാവിയും വർത്തമാനവും അവനു ഗോപ്യമല്ല. സൃഷ്ടികൾ പരസ്യപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും അവൻ കാണുന്നു. അവന്റെ പ്രവർത്തനങ്ങളും നിയമസംഹിതകളും അവൻ മാത്രമേ അറിയുന്നുള്ളൂ. അതിനെ കവച്ചുവെക്കാനോ അവന്റെ അറിവിനെ പൂർണ്ണമായി ഉൾക്കൊള്ളാനോ പോന്ന മറ്റൊരു ശക്തിയില്ല. അവന്റെ അറിവോ അനുമതിയോ കൂടാതെ മിഴിയിമ പോലും അനങ്ങുന്നില്ല.

പറയുക. നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയും. ആകാശഭൂമികളിലുള്ളത് അവനറിയുന്നു. (3:29) വീണ്ടും സൂറഃ 58:7-ാം വചനം പറയുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ളത് എല്ലാം നിന്റെ നാഥനറിയുന്നു. മൂന്നുപേരുടെ രഹസ്യാലോചന അവൻ നാലാമനായല്ലാതെ നടക്കുന്നില്ല. അഞ്ചുപേരിൽ അവനാറാമനായല്ലാതെ യാതൊരു രഹസ്യവും നടക്കുകയുമില്ല. അതിൽ കവിഞ്ഞോ കുറവോ എവിടെയായാലും അല്ലാഹു ഇല്ലാതെയും അറിയാതെയും നടക്കുകയില്ല. അവർ പ്രവർത്തിച്ചതിനെക്കുറിച്ച് അവൻ ഉയിർത്തെഴുന്നേറ്റ ദിനം അവരെ അറിയിക്കുന്നതുമാണ്.

അല്ലാഹു മഹാധനികനാണ്. ആരേയും ആശ്രയിക്കേണ്ടതില്ലാത്തവൻ. സൃഷ്ടികൾ ആഗ്രഹിക്കുന്നതത്രയും നൽകിയാൽപോലും അവന്റെ ഖജനാവിൽ ഒരു തുള്ളിപോലും കുറയുകയില്ല. അല്ലാഹു തന്റെ സൃഷ്ടികൾക്ക് അവർക്കാവശ്യമുള്ളതും അതിലപ്പുറവും നൽകിയിട്ടുണ്ട്. അവരാഗ്രഹിക്കുന്നത് മുഴുവൻ അവനവർക്ക് നൽകാത്തത് മനുഷ്യൻ സ്രഷ്ടാവിനെ മറന്നുപോകും എന്നതുകൊണ്ടുമാത്രമാണ്. എന്നാൽ, ആത്മീയമായി ഉയർന്ന് മനുഷ്യൻ ദൈവത്തിൽനിന്നകന്ന് പോകാൻ കഴിയാത്ത ഒരവസ്ഥയിൽ എത്തുമ്പോൾ അവരാഗ്രഹിക്കുന്നത് മുഴുവൻ ദൈവം അവർക്കു നൽകും. (16:31) ***ലഹും ഫീഹാ മായശാഊന*** അവരാഗ്രഹിക്കുന്നതെല്ലാം അവർക്കവിടെ ലഭിക്കുന്നതാണ്. സ്വർഗ്ഗീയമായ അവസ്ഥയെക്കുറിച്ചാണിവിടെ സൂചന.

ചേർന്നുവെച്ചിരിക്കുന്ന ഗുണവിശേഷണമാണ് അർറഹ്മാൻ അഥവാ കാരുണ്യവാൻ (പരമകാരുണികൻ) എന്നത്. എല്ലാ ജീവജാലങ്ങളേയും സൃഷ്ടിക്കുന്നതിനു മുമ്പായി അവർക്ക് വേണ്ടതെല്ലാം ഒരുക്കിത്തന്നവനാണവൻ. അവനെ ആരാധിക്കുന്നവർക്കും ആരാധിക്കാത്തവർക്കും വായുവും വെള്ളവും ഭക്ഷണവും മറ്റനുഗ്രഹങ്ങളും തുല്യനീതിയിൽ ലഭ്യമത്രെ. ശിശു ജനിക്കുന്നതിനു മുമ്പേതന്നെ മാതൃസ്തനത്തിൽ അതിനു വേണ്ട പാൽ ഒരുക്കിവെക്കുന്നത് ഈ കാരുണ്യത്തിന്റെ മഹത്ദൃഷ്ടാന്തമാണ്.

നമ്മുടെ ദൈവം ഏകദൈവമാകുന്നു. അവനല്ലാതെ ഒരു ആരാധ്യനില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ. അല്ലാഹുവിന്റെ കാരുണ്യം അവൻ എഴുതിവെച്ചിരിക്കുന്നുവെന്നും എല്ലാ വസ്തുക്കളിലും അത് വ്യാപിച്ചിരിക്കുന്നുവെന്നും അവന്റെ കാരുണ്യം മറ്റെല്ലാറ്റിനേയും കവച്ചുനില്ക്കുന്നുവെന്നും വിശുദ്ധഖുർആൻ പഠിപ്പിക്കുന്നു. അവന്റെ കാരുണ്യത്തിൽ ആരോടും വിവേചനം കാട്ടുന്നില്ല. അവന്റെ കാരുണ്യകവാടം ആർക്കും എപ്പോഴും ആവോളം കരസ്ഥമാക്കാനുള്ള വഴി മലർക്കെ തുറന്നുവെച്ചിരിക്കുകയാണ്. കാരുണ്യം നിന്റെ നാഥൻ അവന്റെ ബാധ്യതയാക്കിയിരിക്കുന്നു.

എന്റെ കാരുണ്യം എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. എന്തുതന്നെ വിഷമങ്ങളും കഷ്ടപ്പാടുകളും ജീവിതത്തിൽ നേരിടേണ്ടിവന്നാലും ദൈവകാരുണ്യത്തെക്കുറിച്ച് നിരാശപ്പെടരുത്. അത് ദൈവനിഷേധികളുടെ സ്വഭാവമാണ്. പറയുക. സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവൃത്തിച്ചുപോയ എന്റെ അടിമകളെ നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാകരുത്. പശ്ചാത്തപിച്ച് സൽക്കർമ്മം ചെയ്യുന്നവർക്കല്ലാഹു പൊറുത്തുകൊടുക്കുന്നു. തീർച്ചയായും അവനത്രെ പൊറുത്തുകൊടുക്കുന്നവൻ. മനുഷ്യപ്രയത്നം കൂടാതെ എല്ലാവർക്കും തുല്യമായി ലഭിക്കുന്ന കാരുണ്യം കൂടാതെ അവനെ അനുസരിച്ചാരാധിക്കുകമൂലം ലഭിക്കുന്ന പ്രത്യേകാനുഗ്രഹം. ആരുടേയും പ്രയത്നത്തെ നിഷേധിക്കാത്തവനായ ദൈവികകാരുണ്യം- റഹീമിയ്യത്ത് അല്ലാഹുവിന്റെ അർറഹീം എന്ന സിഫത്ത്- ആരാധിക്കുന്നവരേയും ആരാധിക്കാത്തവരേയും വേർതിരിക്കുന്നതിവിടെയാണ്. എന്നോട് ചോദിക്കുന്നവനാരുണ്ട് ഞാൻ നല്കും. എന്നോടെന്റെ ദാസൻ ഒരു മുഴം അടുക്കുമ്പോൾ ഞാൻ ഒരു ചാൺ അടുക്കും. അവൻ എന്നിലേക്ക് നടന്നുവരുമ്പോൾ ഞാനവനിലേക്ക് ഓടിയെത്തും എന്ന് തന്റെ പ്രിയദാസർക്കു പ്രോത്സാഹനം നൽകുന്ന ദൈവം. ആ പ്രത്യേക ദൈവികാനുഗ്രഹത്തിനായി അവനെ ഭയപ്പെടുവാനും ദാനധർമ്മങ്ങളും സൽപ്രവൃത്തികളും ചെയ്യാനും റസൂൽ(സ)യെ പിന്തുടരാനും ദൈവിക ദൃഷ്ടാന്തങ്ങളിൽ വിശ്വാസമർപ്പിക്കാനും ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു. ദൈവികമായ ഈ കാരുണ്യം നേടിയെടുക്കുക എന്നത് ഭൗതികമായ ഉന്നതപദവികൾ നേടിയെടുക്കുന്നതിനേക്കാൾ ഉത്തമമായതാണ്. ഭൗതികമോഹങ്ങൾക്കു വേണ്ടി ആ കാരുണ്യത്തെ വലിച്ചെറിയുന്നവർ സമൂഹത്തിൽ എത്രതന്നെ ഉന്നതരായി കരുതപ്പെട്ടാലും ഒടുക്കം നിരാശയിലും ഖേദത്തിലുമായിത്തീരുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു. മനുഷ്യർക്കും ജീവജാലങ്ങൾക്കുമെല്ലാം വേണ്ടത് ഈ ഭൂമിയിൽ ഒരുക്കിവെച്ചിരിക്കുന്ന കാരുണ്യവാനും കരുണാനിധിയുമായ ദൈവത്തിന്റെ ഗുണമാഹാത്മ്യങ്ങൾ മനുഷ്യഭാവനയുടേയും അപ്പുറത്തെത്തി നില്ക്കുന്നു. ഈ ഭൂമിയിലുള്ളതെല്ലാം തന്റെ ഉത്തമസൃഷ്ടിയുടെ ആവശ്യാർത്ഥം സൃഷ്ടിച്ചതാണെന്ന് അല്ലാഹു വെളിപ്പെടുത്തുന്നു. മനുഷ്യചിന്തയ്ക്ക് അപ്രാപ്യമായ ഗുണവിശേഷങ്ങൾ ഉള്ളവനെങ്കിലും അവന്റെ ബുദ്ധിയ്ക്കും യുക്തിയ്ക്കും ഉൾക്കൊള്ളാൻ കഴിയുന്ന ചില ഗുണവിശേഷങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുകയാണെങ്കിൽതന്നെ അല്ലാഹുവിനോടുള്ള ഭയഭക്തിമൂലം മനുഷ്യൻ സ്രഷ്ടാവിന്റെ മുമ്പിൽ നമ്രശിരസ്കനാകുമായിരുന്നു. ആ ഭയഭക്തി ദൈവത്തെ ഹൃദയാത്മനാ ആരാധിക്കുവാൻ മനുഷ്യന് പ്രേരണ നല്കുന്നു. മനുഷ്യന്റെ ഹൃദയാന്തരങ്ങളോളം കടന്നുചെന്ന് അവന്റെ തുടക്കവും ഒടുക്കവും കാണാൻ കഴിയുന്ന ദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ ബോധമില്ലാതെ നന്ദികേടും മനസ്സിന്റെ ഉള്ളിൽ ഇരുട്ടും കുരുട്ടും നിറച്ച് ബാഹ്യമായി പരിശുദ്ധത നടിക്കുന്ന വിഡ്ഢിയായ മനുഷ്യൻ എത്ര നിസ്സാരനാണ്. ലോകത്താവശ്യമുള്ളതിനേക്കാൾ നാലിരട്ടി ഭക്ഷണം ദൈവം സൃഷ്ടിച്ചിരിക്കേ സ്വാർത്ഥതയും വഞ്ചനയുംമൂലം ലോകത്തിലെ വലിയൊരു വിഭാഗം സഹജീവികളെ പട്ടിണിയിലേക്ക് തള്ളിവിടുന്ന മനുഷ്യന്റെ പാപ്പരത്തത്തെക്കുറിച്ച് ഒരു നിമിഷമോർത്താൽ.... തന്റെ മഹത്തായ ഗുണവിശേഷങ്ങളിലെ അംശങ്ങൾ തന്നുഗ്രഹിച്ച് വിട്ട ദൈവത്തിന്റെ ഏറ്റവും ഉത്തമസൃഷ്ടിയായ നമുക്ക് തലകുനിക്കാം. നന്ദിഭാരംകൊണ്ടും ലജ്ജകൊണ്ടും! അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ച് മാത്രം സ്വയം നന്നാവാനും ചുറ്റുമുള്ളവരെ സഹായിക്കാനും ശ്രമിക്കാം. അല്ലാഹുവിന്റെ റഹ്മാനിയ്യത്തിന്റേയും റഹീമിയ്യത്തിന്റേയും മഗ്ഫിറത്തിന്റേയും കടാക്ഷം നമ്മിലുണ്ടാകട്ടെ. അവന്റെ അനുഗ്രഹങ്ങൾ കോരിയെടുക്കാൻ കൂടുതൽ സൽകർമ്മങ്ങൾ ചെയ്യാൻ ചുരുങ്ങിയപക്ഷം ദുഷ്ചിന്തകളിൽനിന്നും ദുഷ്കർമ്മങ്ങളിൽനിന്നു മൊഴിഞ്ഞു നില്ക്കാൻ. മനസ്സും ശരീരവും ശുദ്ധമായരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. (അവലംബം: വിശ്വാസവും ജീവിതവും വിശുദ്ധഖുർആനിൽ)

**ബിൻത് ഇബ്രാഹീം**

# ഇജ്തിമായുടെ ഉദ്ദേശ്യം

(2006 കേന്ദ്ര ഇജ്തിമായിൽ ചെയ്ത പ്രസംഗം)

ബഹുമാനപ്പെട്ട സഹോദരിമാരേ, കുട്ടികളേ, അസ്സലാമു അലൈക്കും.

ഇന്ന് ലജ്നാ ഇമാഇല്ലാഹ് ഭാരതിന്റെ 12-ാം ഇജ്തിമാഅ് നടക്കുകയാണ്. അൽഹംദുലില്ലാഹ്. സർവ്വശക്തനായ അല്ലാഹു ഈ ഇജ്തിമാഅ് നമുക്കെല്ലാവർക്കും വളരെയധികം അനുഗ്രഹമുള്ളതാക്കിത്തീർക്കട്ടെ. അതുപോലെ നമുക്കെല്ലാവർക്കും ഈ ദിവസങ്ങളിൽനിന്ന് നല്ലപോലെ പ്രയോജനങ്ങൾ ലഭിക്കുമാറാകട്ടെ. ആമീൻ.

ഞാൻ ആദ്യമായി നിങ്ങൾക്കെല്ലാവർക്കും രാജ്യത്തിന്റെ പല ഭാഗങ്ങളിൽനിന്നും വന്ന പ്രതിനിധികൾക്കും മെമ്പർമാർക്കും, കുട്ടികൾക്കും സ്വാഗതം അരുളുന്നതോടൊപ്പം ദുആ ചെയ്യുന്നു. ഖലീഫാ തിരുമനസ്സിന്റെ വിളിക്ക് ഉത്തരം നൽകിക്കൊണ്ട് സമയവും സമ്പത്തും ഖുർബാൻ ചെയ്ത് വളരെ ദൂരത്തുനിന്നും ബുദ്ധിമുട്ടേറിയ യാത്രകൾ സഹിച്ച് ഈ പരിശുദ്ധകേന്ദ്രത്തിൽ വന്നിരിക്കുന്ന നിങ്ങൾക്ക് എല്ലാവിധ അനുഗ്രഹങ്ങളും നൽകുമാറാകട്ടെ. നിങ്ങളുടെ ഈ ഖുർബാനിക്ക് തക്കതായ പ്രതിഫലം നൽകട്ടെ. ആമീൻ.

പ്രിയമുള്ള ശ്രോതാക്കളേ അല്ലാഹു ഖുർആൻ മജീദിൽ പറയുന്നു. “എല്ലാവരും ഒന്നടങ്കം (മതകാര്യങ്ങൾ പഠിപ്പിക്കുവാൻ വേണ്ടി) പുറപ്പെട്ടുപോകുന്നത് സത്യവിശ്വാസികൾക്ക് സാധ്യമല്ല. എന്നാൽ, അവരിൽ ഓരോ വിഭാഗത്തിൽനിന്നും ഓരോ സംഘം, മതകാര്യങ്ങളിൽ നല്ലവണ്ണം അറിവ് സമ്പാദിക്കുന്നതിനും തങ്ങളുടെ ജനങ്ങളിലേക്ക് തിരിച്ചുവന്ന് അവർക്ക് സൂക്ഷ്മത കൈകൊള്ളുന്നതിനായി താക്കീത് ചെയ്യുന്നതിനും എന്തുകൊണ്ട് പുറത്തുപോകുന്നില്ല?” (സൂറഃ അത്തൗബ, 122)

നമ്മുടെ ജമാഅത്തിൽ ഇജ്തിമാഅ് എല്ലാ വർഷവും സംഘടിപ്പിക്കുന്നത് ഖുർആന്റെ ഈ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടാണ് ത്യാഗങ്ങൾ സഹിച്ചുകൊണ്ട് ഈ പരിശുദ്ധ സ്ഥലത്തേക്ക് എല്ലാവരും വരുന്നതും. ഇവിടെവന്ന് മതപരമായ കാര്യങ്ങൾ മനസ്സിലാക്കി തിരിച്ചുപോയി ഇവിടെ വരാൻ കഴിയാത്തവർക്ക് മതകാര്യങ്ങൾ പറഞ്ഞുകൊടുത്ത് ദീനിനോടുള്ള പ്രതിബദ്ധത ഉണ്ടാക്കിത്തീർക്കുക. ദൈവികജമാഅത്തുകൾ ഈവിധത്തിൽ സംഘടിപ്പിക്കുന്ന ജലസകളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഉണ്ടാകുകയും ഈ ദിവസങ്ങളിൽ അല്ലാഹുവിന്റെ ഫസൽ ഇറങ്ങുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്നറിയാം ഈ വരുന്നവരുടെ ഉദ്ദേശ്യം ദുൻയാവ് കൈവരിക്കണമെന്നല്ല ദീൻ കൈവരിക്കണമെന്ന് മാത്രമാണ്.

ഈ അനുഗ്രഹീതദിവസങ്ങളിൽനിന്ന് കഴിയുന്നത്ര പ്രയോജനങ്ങൾ നിങ്ങൾ കരസ്ഥമാക്കുക. ഖാദിയാനിലെ മെമ്പർമാർ ഇജ്തിമാഅ്ന്റെ ഈ മൂന്ന് ദിവസങ്ങളിലും ഹാജരായിക്കൊണ്ട് പരിപാടികൾ കേൾക്കുകയും എന്തെങ്കിലും കുറവ് എവിടെയെങ്കിലും കണ്ടാൽ ഉത്തരവാദത്തിൽപ്പെട്ടവരെ അത് അറിയിക്കുകയും ചെയ്യുക. എല്ലാ മെമ്പർമാരും ഈ കാര്യങ്ങളെപ്പറ്റി മനസ്സിരുത്തി ചിന്തിക്കുക. എങ്ങനെയാണ് ആത്മീയമായ ഉന്നതികൾ കരസ്ഥമാക്കാൻ സാധിക്കുക, എങ്ങനെയാണ് കുട്ടികൾക്ക് ശരിയായ രീതിയിലുള്ള തർബിയ്യത്ത് കൊടുക്കാൻ സാധിക്കുക, ഏത് മാർഗ്ഗമാണ് നമ്മൾ സ്വീകരിക്കേണ്ടത് എന്നൊക്കെ. എന്തുകൊണ്ടെന്നാൽ നമ്മുടെ സ്ഥാപന ഉദ്ദേശ്യം തന്നെ ഇതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ലജ്നാ ഇമായില്ലാഹ് സ്ഥാപിച്ച സമയത്ത് അരുളുകയുണ്ടായി. “കുട്ടികളുടെ തർബിയ്യത്ത് കാര്യത്തിൽ അവരവരുടെ ഉത്തരവാദിത്തം മനസ്സിലാക്കുക. അവരെ ദീനിൽനിന്ന് അകന്നുപോകുന്നവരാക്കാതെ, എല്ലാ കാര്യങ്ങളിലും മടിയില്ലാതെ ബോധപൂർവ്വം പ്രവർത്തിക്കുന്ന, സഹനം കൈക്കൊള്ളുന്ന ദീനിന്റെ മഹത്വം മനസ്സിലാക്കാൻ കഴിവുള്ളവരാക്കി മാറ്റുക. അല്ലാഹുവിനോടും, റസൂലിനോടും മസീഹ് മൗഊദ്(അ)നോടും ഖലീഫമാരോടുമുള്ള സ്നേഹം, അനുസരണത്തോടുള്ള അഭിവാഞ്ഛ അവരുടെ ഉള്ളിൽ ഉണ്ടാക്കുക. ഇസ്‌ലാമിക നിയമമനുസരിച്ച് അവരവരുടെ ജീവിതം ചിലവഴിക്കുന്നതിനുള്ള ഉന്മേഷം അവരിൽ ഉണ്ടാക്കിത്തീർക്കുക. ഇതിനുവേണ്ടിയുള്ള സംരംഭങ്ങളെക്കുറിച്ച് ആലോചിക്കുകയും അത് നടപ്പിൽവരുത്താൻ പരിശ്രമിക്കുകയും ചെയ്യുക.

സ്ത്രീകളെല്ലാവരും ഒത്തൊരുമിച്ച് ഇരുന്നുകൊണ്ട് നമ്മുടെ കുട്ടികളിൽ എന്തെന്തെല്ലാം ബലഹീനതകളാണുള്ളതെന്ന് ആലോചിക്കുകയും ഈ കുറവുകളെ ഇവരിൽനിന്നും ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഉറച്ചതീരുമാനമെടുക്കുകയും വേണം. ഇതിന് സഹകരണത്തിന്റെ ആവശ്യമുണ്ട്.

ഖാദിയാൻ ജലസ മതത്തിന്റെ ഒരു നിർബന്ധ കർമ്മമാണ്. ഇത് ദീൻ പഠിക്കുന്നതിനുള്ള സ്ഥലമാണ്. ഉത്സവപറമ്പുകളിൽ ഭക്ഷണം കഴിക്കുന്നതിനും

വിനോദങ്ങളിൽ ഏർപ്പെടുന്നതിനും വേണ്ടിയല്ല നിങ്ങൾ വന്നിരിക്കുന്നത്. കൊല്ലം മുഴുവൻ ലൗകിക കാര്യങ്ങളിൽ മുഴുകികഴിയുന്ന നിങ്ങൾ ഈ മൂന്ന് ദിവസത്തെ ആത്മീയവിരുന്നിലേർപ്പെട്ട് അല്ലാഹു വിന്റെ ഹഖ് പൂർത്തിയാക്കി എന്ന് കരുതുന്നുണ്ടോ? (1942-ന് ജലസാ സാലാനയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്).

എന്റെ സ്നേഹമുള്ള സഹോദരിമാരേ, കുട്ടികളേ നമ്മുടെ ഉത്തരവാദിത്തം എന്തൊക്കെയാണോ അത് പൂർത്തിയാക്കുന്നതിനുവേണ്ടി നമ്മൾ എന്തൊക്കെ യാണ് ചെയ്യേണ്ടത്? അതിനുവേണ്ടി ഖലീഫമാരുടെ കുറച്ച് ഉപദേശങ്ങൾ നിങ്ങളുടെ മുമ്പാകെ കേൾപ്പി ക്കുകയാണ്.

അനാവശ്യമായ സംസാരങ്ങളിൽനിന്ന് മാറി നിൽക്കുന്നതിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അരുളുകയുണ്ടായി. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. "വ്യർത്ഥമായ കാര്യങ്ങളുടെ അരികിലൂടെ അവർ നടന്നുപോകുന്ന തായാൽ (അതിൽ പ്രവേശിക്കാതെ) അവർ മാന്യന്മാ രായി കടന്നുപോകുന്നതാണ്." (അൽഫുർഖാൻ, 73) എന്നാൽ, വളരെ വ്യസനമെന്ന് പറയട്ടെ സ്ത്രീകൾ എപ്പോഴും വ്യർത്ഥമായ കാര്യങ്ങൾ സംസാരിക്കുന്ന തിലേക്ക് ശ്രദ്ധ തിരിക്കുകയാണ്. പലപ്പോഴും അവ രുടെ സംസാരം വസ്ത്രത്തിലും ആഭരണത്തിലും ഒതുക്കിനിർത്തുന്നു.

അല്ലാഹു പറയുന്നു. മുഅ്മിൻ വ്യർത്ഥമായ പ്രവൃ ത്തികൾ ചെയ്യുന്നതല്ല. വലിയ വലിയ കാര്യങ്ങൾ ചിന്തിക്കുന്നവർക്ക് ചെറിയ ചെറിയ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുവാൻ എപ്പോഴാണ് സമയം കിട്ടുന്നത്? നിങ്ങൾക്ക് ദീനിന്റെ ചിന്തയുണ്ടെങ്കിൽ, ഇസ്‌ലാം ഒരു വലിയ മുസീബത്തിൽ അകപ്പെട്ടിരിക്കുകയാണെന്ന് അറിയാമെങ്കിൽ മറ്റൊന്നിലേക്കും നിങ്ങളുടെ ശ്രദ്ധ തിരിയുന്നതേയല്ല. നിങ്ങളുടെ വീടിന് തീ പിടിച്ചിരി ക്കുകയാണെങ്കിൽ നിങ്ങൾക്ക് എങ്ങനെയാണ് സമാ ധാനം ഉണ്ടാകുക? ഇതുപോലെ ഇന്ന് മുസ്‌ലിംകളുടെ വീടുകളിൽ തീ പിടിച്ചിരിക്കുകയാണെങ്കിൽ ഇതെല്ലാം കണ്ടുകൊണ്ട് എങ്ങനെയാണ് തങ്ങളുടെ ജോലിക ളിൽ മുഴുകിയിരിക്കുവാൻ കഴിയുക? എന്തുകൊണ്ട് ആ സമയം അല്ലാഹുവിന്റെ ദീനിനുവേണ്ടി നിങ്ങൾ വഖ്ഫ് ചെയ്യുന്നില്ല. നിങ്ങളുടെ മനസ്സ് ജീവനറ്റതാണ് അതുകൊണ്ടാണ് അല്ലാഹുവിന്റെ ദീനിന്റെ മുസീ ബത്ത് കണ്ടിട്ടും കരയാതെ വ്യർത്ഥമായ കാര്യങ്ങളി ലേക്ക് ശ്രദ്ധ തിരിയുന്നത്.

മുഅ്മിന്റെ വേറൊരു അടയാളമായി പറയുന്നു. എല്ലാ മനുഷ്യരുടെ സൃഷ്ടിപ്പിലും അല്ലാഹു അവർ വലിപ്പത്തെ ആഗ്രഹിക്കുന്നവരായിട്ടാണ് വെച്ചിട്ടുള്ള ത്. അല്ലാഹു പറയുന്നു. "ഞാൻ നിങ്ങളുടെ ഈ അവ സ്ഥയെപ്പറ്റി അറിവുള്ളവരാണ്." ഞാനും ഇത് തന്നെ യാണ് ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് ശ്രേഷ്ഠത കിട്ടട്ടെ എന്ന്. പക്ഷേ, അത് കിട്ടുന്നതിന് നിങ്ങൾ സ്വയം ഇമാം ആകുന്നതിനുള്ള ദുആ ചെയ്തുകൊണ്ടിരിക്കു ക. ആരുടെ ഇമാം? മുതഖീങ്ങളുടെ ഇമാം. മുതഖീ ങ്ങൾ അല്ലാത്തവരുടേതല്ല. ഒരാൾക്ക് എങ്ങനെ ഇമാമാകാം? സ്ത്രീകളും പുരുഷന്മാരും ഇതിന് പരി ശ്രമിക്കേണ്ടതാണ്. പുരുഷൻ പരിശ്രമിക്കുകയാണെ ങ്കിൽ, തന്റെ ഭാര്യക്ക് എല്ലാം മനസ്സിലാക്കിക്കൊടുക്കു കയും അവളുടെ വിജയത്തിൽ സന്തോഷിക്കുകയും ഭർത്താവിന്റെ സൽപ്രവൃത്തികളിൽ ആകൃഷ്ടയായി ഭാര്യ ഭർത്താവിനെ അനുസരിക്കുന്നവളുമാകുമ്പോൾ ആ ഭർത്താവ് ഇമാം ആകും. ഭാര്യ മഅ്മൂമും. ഇതു പോലെ ഭാര്യ അവരുടെ മക്കൾക്ക് നല്ല തർബിയ്യത്ത് കൊടുക്കുകയാണെങ്കിൽ അവൾ ഇമാം ആകുകയും മക്കൾ മഅ്മൂമാകുകയും ചെയ്യും. നിങ്ങളുടെ സൽപ്ര വൃത്തികൾ അവരെ നിങ്ങളുടെ അടുത്തേക്ക് ആകർഷിക്കപ്പെടുന്നതാണ്. രാത്രിയിലെ നിശ്ശബ്ദത യിൽ ലോകം നിദ്രയിലായിരിക്കുമ്പോൾ നിങ്ങൾ നിങ്ങ ളുടെ കുട്ടിയെ തഹജ്ജുദ് നമസ്കരിക്കുന്ന ശീലമു ള്ളവരാക്കി മാറ്റിയിട്ടുണ്ടെങ്കിൽ മലക്കുകൾ എഴുതു ന്നതായിരിക്കും അവൾ തഹജുദ് നമസ്കരിച്ചു എന്ന്. അപ്പോൾ എത്രവലിയ വിജയമാണ് നിങ്ങൾക്ക് കര സ്ഥമാക്കാൻ സാധിക്കുന്നത്. സൂറഃ കൗസറിന്റെ വിശ ദീകരണം നൽകിക്കൊണ്ട് ഹുസൂർ പറയുന്നു.

നിങ്ങളിൽ പലരും വിചാരിക്കുന്നുണ്ടാകും. നമുക്ക് എന്ത് ഭാഗ്യമാണ് ഉള്ളതെന്ന്? നിങ്ങൾക്ക് കുട്ടികളി ല്ലായിരിക്കാം, സ്വത്തുക്കൾ ഇല്ലായിരിക്കാം, അല്ലെ ങ്കിൽ നിങ്ങളുടെ ഭർത്താവിന്റെ സ്ഥാനം വലുതല്ലാ യിരിക്കാം, ദുനിയാവിനെ പറ്റിയുള്ള ഒരറിവും ഇല്ലാ യിരിക്കാം, പക്ഷേ, നിങ്ങൾക്ക് ദുനിയാവിലെ രാജാ ക്കന്മാർക്ക് കിട്ടാത്ത സമ്മാനം കിട്ടിയിരിക്കുന്നു. ആയി രക്കണക്കിന് രാജാക്കന്മാർ ആ ഖജനാവിൽനിന്ന് പുറ ത്താണ്. അവരുടെ കുട്ടികൾ, ബന്ധുക്കൾ, അവരുടെ മാന്യത എല്ലാം ഈ ദുനിയാവിൽ മരണത്തിന് മുമ്പേ കഴിഞ്ഞുപോകുന്നതായിരിക്കും. മലക്കുകൾ അവരെ ശിക്ഷിക്കുന്നതായിരിക്കും. അത്തരം ആളുകൾക്ക് ഈ ദുനിയാവിൽതന്നെ എല്ലാം ഉപേക്ഷിച്ച് പോകേണ്ടിവ രുന്നതാണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ഏതൊരു സമ്മാനമാണോ നിങ്ങൾക്ക് കിട്ടി യത് അത് പരലോകത്തും നിങ്ങളുടെ കൂടെതന്നെ ഉണ്ടാകുന്നതാണ്. അല്ലാഹുതആലാ നിങ്ങൾക്ക് നല്കി യിരിക്കുന്ന ഖജനാവ് ഒരിക്കലും അവസാനിക്കുന്ന തല്ല. അത്തരം ആളുകളെ ധനവാൻ എന്നും, യജമാ നൻ എന്നും ഭരണാധികാരി എന്നും ഒക്കെ പറയുന്ന താണ്.

നരകാവകാശികൾ കൈനീട്ടി ഒരുതുള്ളി വെള്ള ത്തിനപേക്ഷിച്ചാൽ മുഅ്മിന്റെ മറുപടി ഞങ്ങൾക്ക് അല്ലാഹു അനുവാദം തന്നിട്ടില്ലാ എന്നായിരിക്കും. അല്ലാഹുവിൽനിന്ന് അനുഗ്രഹം ലഭിച്ചവരുടെ നിർബ ന്ധകടമയാണ് അവർ കൂടുതൽ കൂടുതലായി ഇബാ ദത്തിൽ മുഴുകുക എന്നത്. അവർ കൂടുതൽ കൂടു തൽ ഖുർബാനി ചെയ്യുന്നവരായിരിക്കും. അല്ലാഹു നിങ്ങൾക്ക് നൽകിയിരിക്കുന്ന ആ വലിയ അനുഗ്രഹ ത്തിന് സമാനമായി ദുനിയാവിൽ ഒന്നുംതന്നെ ഉണ്ടാ

കുകയില്ല.

ഹുസൂർ വീണ്ടും പറയുന്നു. ഏതുപോലെ പുരുഷന്മാരുടെ രണ്ട് ഇജ്തിമാഅ് ഉണ്ടാകുന്നു (ഒന്ന് ജലസസാലാന മറ്റൊന്ന് മജ്‌ലിസ് ശൂറ) ഇതുപോലെ സ്ത്രീകളും ഈ ജലസ കൂടാതെ വേറൊരു അവസരത്തിൽ മറ്റൊരു ഇജ്തിമാഅ് സംഘടിപ്പിക്കുക. അതിൽ ഇന്ത്യയിലെ എല്ലാ ലജ്നയുടെ പ്രതിനിധികളും പങ്കെടുക്കുകയും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സ്വന്തം വ്യവസ്ഥകളെക്കുറിച്ച് വിചിന്തനം നടത്തുകയും ചെയ്യുക. അപ്പോൾ അവർക്ക് കൂടുതൽ ഉയർച്ചകൾ കരസ്ഥമാക്കാൻ സാധിക്കുന്നതാണ്.

നിങ്ങളുടെ ആദ്യത്തെ ചുവടുവയ്പ് ഇതായിരിക്കണം. ജമാഅത്തിലെ എല്ലാ സ്ത്രീകളേയും എഴുതാനും വായിക്കാനും പഠിപ്പിക്കുക. രണ്ടാമത്തേതായി നമസ്കാരം, നോമ്പ്, ശരീഅത്തിന്റെ മറ്റ് ചെറിയ വിധികളെപറ്റിയുള്ള ചോദ്യങ്ങൾ, പ്രശ്നങ്ങൾ ഉറുദുഭാഷയിൽ എഴുതി എല്ലാ സ്ത്രീകളേയും പഠിപ്പിക്കുക. മൂന്നാമതായി എല്ലാ ഓരോ സ്ത്രീക്കും നമസ്കാരത്തിന്റെ അർത്ഥം അറിഞ്ഞിരിക്കണം. എന്തെന്നാൽ അവരുടെ നമസ്കാരം തത്തകൾ ഉരുവിടുന്നതുപോലെ ആകരുത്. അവസാനമായി എല്ലാ സ്ത്രീകളും ഖുർആൻ അർത്ഥസഹിതം അറിയുന്നവരാകണം. കുറച്ച് കൊല്ലങ്ങൾക്ക് ശേഷം നമ്മുടെ ജമാഅത്തിൽ ഒരു സ്ത്രീയും ഖുർആൻ അർത്ഥം അറിയാത്തവരായി ഉണ്ടാകരുത്. (27.12.1944 ജലസയിൽ ചെയ്ത പ്രസംഗത്തിൽനിന്ന്)

സ്നേഹമുള്ള സഹോദരിമാരേ, ഹുസൂർ പറഞ്ഞ ഈ നാല് കാര്യങ്ങളും എപ്പോഴും മുമ്പിൽ കണ്ടുകൊണ്ട് മുമ്പോട്ട് പോകണം. പഴയ ജമാഅത്തുകളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആദ്യത്തെ മൂന്ന് കാര്യങ്ങളും (അതായത് വായിക്കാനും എഴുതാനും ശരീഅത്തിനെ സംബന്ധിച്ചുള്ള കാര്യങ്ങളുടെ അറിവ് പിന്നെ നമസ്കാരം അർത്ഥസഹിതം) നൂറു ശതമാനം സ്ത്രീകളും പഠിച്ചിട്ടുള്ളവരാണ്. എന്നാൽ, ആരൊക്കെയാണോ പുതിയതായി ജമാഅത്തിൽ പ്രവേശിക്കുന്നത് അവരെ പഠിപ്പിക്കേണ്ടത് പഴയ അഹ്മദികളുടെ കടമയാണ്. എന്തുകൊണ്ടെന്നാൽ, ഈ അടിസ്ഥാന കാര്യങ്ങൾ അറിയാതെ അഹ്ദമദിയ്യത്തിൽ പ്രവേശിക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഖുർആൻ മജീദിന്റെ തർജ്ജമ പഠിക്കുന്ന കാര്യത്തിൽ പഴയ അഹ്മദി സ്ത്രീകളും ശ്രദ്ധ തിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. 1944 -ൽ ചെയ്ത പ്രസംഗത്തിലാണ് ഹുസൂർ കുറച്ച് കൊല്ലങ്ങൾക്കുശേഷം നമ്മുടെ ജമാഅത്തിൽ ഖുർആന്റെ തർജ്ജമ അറിയാത്തവർ ഉണ്ടാകരുതെന്ന് ഉണർത്തിയത്. ഈ ഉപദേശത്തിന് 62 കൊല്ലം കഴിഞ്ഞെങ്കിലും സ്ത്രീകൾ ഇതുവരെ അതിന് മുൻഗണന കൊടുത്തു കാണുന്നില്ല. നമ്മുടെ രാജ്യത്ത് പലഭാഗത്തും വ്യത്യസ്തമായ ഭാഷകളാണ്. എല്ലാ ഭാഷകളിലും നമസ്കാരത്തിന്റെ വാക്കർത്ഥം ഇല്ല എന്നുള്ളതും ഒരു പ്രശ്നമാണ്. അതിനുവേണ്ടി പരിശ്രമിക്കേണ്ടത് വളരെ ആവശ്യമാണ്. നമ്മുടെ ലജ്നകൾ ഉർദു പഠിക്കുന്നത് നിർബന്ധമാക്കുക. ഇത് വളരെയധികം ആവശ്യമാണ്. എന്തുകൊണ്ടെന്നാൽ അത് കൂടാതെ നിങ്ങൾക്ക് വാക്കർത്ഥം പഠിക്കാൻ കഴിയുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പുസ്തകങ്ങൾ, ജമാഅത്തിന്റെ സാഹിത്യങ്ങളും പത്രങ്ങളും വായിക്കാനും മസ്അലകളെ പറ്റി വിചിന്തനം നടത്തുവാനും സാധിക്കുകയില്ല. അതുകൊണ്ട് ലജ്നകൾ ഉർദു പഠിക്കുന്നതിന് വേണ്ടി വളരെയധികം പരിശ്രമിക്കേണ്ടതാണ്.

പ്രിയമുള്ള ശ്രോതാക്കളേ! പരിശുദ്ധഖുർആൻ പഠിക്കാനും, പഠിപ്പിക്കുന്നതിനും വേണ്ടി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് പറഞ്ഞ ഒരു കാര്യം ഞാൻ നിങ്ങളുടെ മുമ്പാകെ വയ്ക്കുകയാണ്. ഹുസൂർ പറയുന്നു: ''ഞാൻ എന്റെ റബ്ബിനോട് വാഗ്ദാനം ചെയ്തിരിക്കുകയാണ് അതുപോലെ അവനോടുളള എന്റെ പ്രാർത്ഥനയാണ് അതെനിക്ക് പൂർത്തിയാക്കാനുള്ള തൗഫീഖ് തരട്ടെ എന്ന്. അതായത് മൂന്ന് കൊല്ലത്തിനുള്ളിൽ എല്ലാ അഹ്മദികൾക്കും പുരുഷനായാലും സ്ത്രീയായാലും അവരെ ഖുർആൻ പഠിപ്പിക്കും. എന്തുകൊണ്ടെന്നാൽ, നാം ഏതൊരു കാര്യപ്രാപ്തിക്കാണോ ജമാഅത്തെ അഹ്മദിയ്യാ സ്ഥാപിച്ചത് അത് ഖുർആൻ അറിയില്ലെങ്കിൽ നമുക്ക് കിട്ടുകയില്ല. പക്ഷേ, എനിക്ക് ഒറ്റയ്ക്ക് ഈ ജോലി ഏറ്റെടുക്കാൻ സാധിക്കുകയില്ല. നിങ്ങളും എന്റെ കൂടെ നിന്നുകൊണ്ട് ഖുർആൻ പഠിക്കാനും, പഠിപ്പിക്കുവാനും സഹായിക്കുകയാണെങ്കിൽ ഈ ജോലി പൂർത്തിയാകുന്നതാണ്. എന്നാൽ, നിങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ ഞാൻ എന്റെ റബ്ബിൽ വിശ്വസിക്കുകയാണ്. അവൻ അഹ്മദിയ്യാ ജമാഅത്തിൽ അത്തരത്തിലുള്ള ആളുകളെ കൊണ്ടുവരുന്നതാണ്.

ഖുർആൻ പഠിക്കാനും പഠിപ്പിക്കുവാനും സമയം കിട്ടിയിരുന്നുവെങ്കിൽ എന്ന് നിങ്ങൾ ആഗ്രഹിക്കുന്ന ഒരു സമയം വരുന്നതാണ്. പക്ഷേ, സമയം നിങ്ങളുടെ കയ്യിൽനിന്ന് കടന്നുപോയിരിക്കും. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും പിറകിലാക്കിക്കൊണ്ട് ഖുർആനിലേക്ക് ശ്രദ്ധിക്കുക. നിങ്ങളുടെ വീടുകളിൽ ഖുർആന്റെ ചർച്ചകൾ നടത്തുക. എഴുതാനും പഠിക്കാനുമായ എല്ലാ കുട്ടികളേയും ഖുർആൻ പഠിപ്പിക്കാൻ ആരംഭിക്കുക. പരിശുദ്ധഖുർആൻ നോക്കി ഓതുന്നതിലും വലിയ അനുഗ്രഹങ്ങളുണ്ട്. അല്ലാഹു അതിന്റെ ഉള്ളിൽ ഒരു പ്രത്യേകതരത്തിലുള്ള ശക്തി വെച്ചിട്ടുണ്ട്. ആരാണോ ശരിയായ നിയ്യത്തോടുകൂടി അത് വായിക്കുന്നത് അവർക്ക് തർജ്ജമ അറിയില്ലെങ്കിലും ഒരു പരിധിവരെ അവരും അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രീഭൂതരാകുന്നു. ഈ അനുഗ്രഹത്താൽ തർജ്ജമ പഠിക്കുന്നതിനുള്ള ആഗ്രഹം അവരിൽ ഉണ്ടായിത്തീരുന്നു. അതിൽ അവർ കൂടുതൽ കൂടുതൽ ബർക്കത്ത് കരസ്ഥമാക്കുന്നു. പിന്നീട് അവരിൽ ഖുർആന്റെ തഫ്സീർ പഠിക്കുന്നതിനുള്ള ആഗ്രഹം ഉണ്ടാകുന്നു. ഈവിധത്തിൽ

അല്ലാഹു തന്റെ അനുഗ്രഹത്തിന്റെ വെളിച്ചം അവരിൽ നിറയ്ക്കുന്നു.

ദൂരെയുള്ള പ്രദേശങ്ങളിൽനിന്നും കഷ്ടപ്പാടും ബുദ്ധിമുട്ടും നിറഞ്ഞ യാത്രകൾ ചെയ്തുകൊണ്ട് ഇവിടെ എത്തിയിരിക്കുന്ന സഹോദരിമാർക്ക് ഖുർആന്റെ സ്നേഹം നൽകുന്നതോടൊപ്പം പറയുകയാണ് നിങ്ങൾ നിങ്ങളുടെ വീടുകളിലേക്ക് തിരിച്ചുപോകുമ്പോൾ ഖുർആനിലേക്ക് ആദ്യത്തേക്കാളുപരി കൂടുതൽ ശ്രദ്ധ തിരിക്കുക. നിങ്ങളുടെ വീടുകളിൽ ഖുർആൻ പഠിക്കാനും പഠിപ്പിക്കാനും സാഹചര്യങ്ങൾ ഉണ്ടാക്കുക. ഇതുപോലെ അവരവരുടെ ലജ്നകളിലും അവരവരുടെ പ്രദേശങ്ങളിലും പരിശ്രമിച്ചുകൊണ്ടിരിക്കുക.

അവസാനമായി ഒരുദ്ധരണികൂടി കേൾപ്പിച്ചുകൊണ്ട് നിറുത്തുകയാണ്. ഹുസൂർ അരുളുന്നു. "അല്ലാഹു നിങ്ങൾക്ക് വളരെ നല്ലൊരു സംരംഭം ഒരുക്കിത്തരികയാണ്. നിങ്ങൾ ഈ അവസരത്തിൽ നിന്നും പ്രയോജനം കൈവരിക്കുക. നിങ്ങൾക്ക് മറ്റൊന്നിനോടുമില്ലാത്ത ഒരു സ്നേഹം ഖുർആനോട് ഉണ്ടാക്കിത്തീർക്കുക. വേറൊന്നിലേക്കും ശ്രദ്ധ തിരിയാത്ത വിധത്തിൽ മുഴുവൻ ശ്രദ്ധയോടെ ഖുർആനെ സ്നേഹിക്കുന്നവരായിത്തീരണം. എല്ലാ നന്മകളും അതിൽനിന്ന് കരസ്ഥമാക്കണം. ദുനിയാവിന് ഒരു മാതൃകയായി ഖിയാമത്തുവരെ നിങ്ങളുടെ പേര് ജീവനുള്ളതായിരിക്കട്ടെ. ഇനി വരാൻ പോകുന്ന നിങ്ങളുടെ തലമുറ അതിശയപ്പെട്ടുകൊണ്ട് നിങ്ങളുടെ ചരിത്രം പഠിക്കട്ടെ. എന്നിട്ട് അവർ പറയണം ഈ ദുനിയാവിൽ എല്ലാ തരത്തിലുള്ള ദുരാഗ്രഹങ്ങളേയും, ദുർമോഹങ്ങളേയും വകവയ്ക്കാതെ ദുനിയാവിനെ തട്ടിമാറ്റിക്കൊണ്ട്, അല്ലാഹു അയച്ചിരിക്കുന്ന നൂറിനെ ദുനിയാവിലേക്ക് കൊണ്ടുവന്നവർ എവിടെയായാലും മിന്നിതിളങ്ങികൊണ്ടിരിക്കും. അല്ലാഹു എനിക്കും നിങ്ങൾക്കും അതിനുള്ള തൗഫീഖ് നൽകികൊണ്ടിരിക്കട്ടെ. (1966-ൽ ഖാദിയാൻ ഇജ്തിമാഅ്ൽ ചെയ്ത പ്രസംഗം)

അല്ലാഹു നമ്മളെല്ലാവരേയും ഈ പറഞ്ഞ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാക്കട്ടെ. ഈ ഇജ്തിമാഅ് നമ്മുടെ എല്ലാ കുറവുകളും ഇല്ലാതാക്കുന്നതിനുള്ള ഒരുപാധിയാകട്ടെ. ഒരു പുതിയ ഉന്മേഷം നമ്മളിൽ ഉണ്ടാകുന്നതിനുള്ള വഴിയാകട്ടെ. നമ്മുടെ തലമുറകളിൽ ഹദ്റത്ത് ഹസൻ പോലുള്ള മക്കൾ ഉണ്ടാകട്ടെ. നമ്മുടെ പരമ്പരയിൽ വാപ്പയും, സഹോദരനും, ഭർത്താവും കുട്ടിയും എല്ലാവരും യുദ്ധത്തിൽ ശഹീദായിട്ടും നബികരീം(സ) ജീവിച്ചിരിപ്പുണ്ട് എന്നറിഞ്ഞപ്പോൾ ആ ദുഃഖത്തെ സന്തോഷത്തിലേക്ക് മാറ്റിയ സഹാബത്തിന്റെ മാതൃക കാണിക്കുന്നവരുണ്ടാകട്ടെ. നമ്മുടെ തലമുറയിൽ സയ്യിദാ ഹദ്റത്ത് നുസ്റത്ത്(റ)യെ പോലെ മാതൃകാപരമായ ജീവിതം നയിക്കുന്നവരുണ്ടാകട്ടെ. ഇസ്ലാമിനുവേണ്ടി ജീവിതം ഖുർബാൻ ചെയ്യുന്ന മുബല്ലിഗ്മാരുണ്ടാകട്ടെ. അവർ തങ്ങളുടെ മുഴുവൻ ജീവിതവും ഇഷ്ടപ്പെട്ട തന്റെ സ്വന്തക്കാരിൽനിന്ന് വിട്ടകന്നുകൊണ്ട് ഇസ്ലാമിനു വേണ്ടി സ്വയം ബലിയർപ്പിച്ചു.

അല്ലാഹു നമ്മളെ അങ്ങനെതന്നെയാക്കുമാറാകട്ടെ. ദുനിയാവിലെ ഒരു ദുരാഗ്രഹവും നമ്മളേയും, നമ്മുടെ തലമുറകളുടേയും വഴിയിൽ തടസ്സം സൃഷ്ടിക്കാതിരിക്കട്ടെ. നമ്മെ അല്ലാഹുവിന്റെ ഇഷ്ടപ്പെട്ടവരാക്കിത്തീർക്കുകയും, അവന്റെ സ്നേഹം കരസ്ഥമാക്കുന്നവരും ആക്കിമാറ്റട്ടെ. (ആമീൻ)

***ബുശ്റ ത്വയ്യിബ***

പേജ് 29-ൽനിന്ന്

ഈ മാതൃകകൾ ദൃഢവിശ്വാസത്തിൽ നമ്മെ കൂടുതൽ ഉറപ്പിച്ചുനിറുത്തേണ്ടതാണ്. യഥാർത്ഥമായ ജീവിതം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കലാണ്. ഇന്ന് നാം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആ മാതൃകകളിൽ ഉറച്ചുനില്ക്കേണ്ടതുണ്ട്. നമ്മുടെ തലമുറകളെ അതിലുറപ്പിച്ചുനിറുത്തേണ്ടതുണ്ട്. അവർ ഈ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടാതിരിക്കാൻ മുൻകഴിഞ്ഞ മഹാത്മാക്കളുടെ ഉന്നതമാതൃക സ്ഥാപിച്ചുകൊണ്ട് നമ്മൾ നിലകൊള്ളണം.

മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവർ അത് കാത്തുരക്ഷിക്കുന്നവരാണ്. അതുകൊണ്ട് പരിശുദ്ധ ഹൃദയവും പവിത്രമായ ആത്മാവുംകൊണ്ട് ത്യാഗങ്ങളിലൂടെ മുന്നോട്ടു കുതിക്കുക. സത്യത്തിന്റെ പാത ഒരിക്കലും ഉപേക്ഷിക്കരുത്. നിങ്ങളുടെ മക്കളെ ബോധവാന്മാരാക്കുക. നിങ്ങളുടെ ജീവിതോദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കൽ മാത്രമായിരിക്കേണ്ടതാണ്. അതിനുവേണ്ടി എന്തു ത്യാഗത്തിനും തയ്യാറായിരിക്കുക.

ഞാൻ വീണ്ടും ഒരിക്കൽകൂടി പറയുന്നു. **അഹ്മദിസ്ത്രീകളേ, അഹ്മദി പെൺകുട്ടികളേ, പ്രത്യേകിച്ച് വഖ്ഫെനൗയിൽ അംഗങ്ങളായിട്ടുള്ള പെൺകുട്ടികളേ,** കാലത്തിന്റെ ഇമാമിന്റെ കാലഘട്ടത്തിലെ ഉമ്മു അമ്മാറമാരാകാൻ നിങ്ങൾക്ക് അല്ലാഹു അവസരം നല്കിയിരിക്കുന്നു. അതുകൊണ്ട് എല്ലാം മറക്കുക. ഇസ്ലാമിന്നെതിരിലുള്ള യുദ്ധത്തിൽ, അത് തെളിവുകൾ കൊണ്ടുള്ള യുദ്ധമാണ്- നിങ്ങളെ തയ്യാറാക്കി ശത്രുക്കളുടെമേൽ ചാടിവീഴുക. ദുൻയാവിലുള്ള ചെറിയ ചെറിയ അത്യാഗ്രഹങ്ങൾ മറന്നുകളയുക. നിങ്ങളിൽ ഒരേയൊരു വിചാരം മാത്രമേ ഉണ്ടാകാവൂ. അതായത് ഇന്ന് നമ്മൾ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ കൊടിക്കീഴിൽ ലോകജനതയെ കൊണ്ടുവന്ന് നിറുത്തേണ്ടവരാണ്. ഈ വിപ്ലവം കൊണ്ടുവരാനാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഈയൊരേയൊരു ചിന്ത മാത്രമായിരിക്കണം നിങ്ങളിലുണ്ടായിരിക്കേണ്ടത്. അല്ലാഹു എല്ലാവർക്കും അതിന് സൗഭാഗ്യം നല്കുമാറാകട്ടെ.

*(വിവ: മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ്)*



# വയനാടൻ വിസ്മയങ്ങളിലേക്ക് വിനയപൂർവ്വം

ഇക്കഴിഞ്ഞ ഏപ്രിൽ 25-ാം തിയ്യതി കൂടാളി ലജ്ന ഇമായില്ലായുടെ 27-ഓളം അംഗങ്ങളും കുട്ടികളും വയനാട്ടിലേക്ക് ഒരു ഉല്ലാസയാത്ര നടത്തുകയുണ്ടായി. വയനാടിന്റെ ഭൂമിശാസ്ത്രപരവും, ചരിത്രപരവുമായ പ്രത്യേകതകളിലേക്കുള്ള ഒരു യാത്രാനുഭവമായിരുന്നു അത്. വിശേഷിച്ചും ജമാഅത്തിലെ വ്യത്യസ്ത പ്രായത്തിലുള്ള ആളുകളോടൊത്ത്. ഇത്തരമൊരു യാത്ര അനിർവചനീയം തന്നെയാണ്. ഹെയർപിൻ വളവുകളിലൂടെ വയനാട്ടിലെത്തിച്ചേരുമ്പോൾ യാത്രാസംഘങ്ങൾ മിക്കവരും ഈയൊരനുഭൂതിയാൽ ഉല്ലാസഭരിതരായിരുന്നു.

വയനാട്ടിൽ ഞങ്ങളുടെ ആദ്യസന്ദർശനം 'ഫാന്റം' മലകളിലേക്കായിരുന്നു. വിശ്രുതമായ 'ഫാന്റം' കഥാപാത്രത്തെപ്പോലെ തോന്നിക്കുന്ന അംബരചുംബിയായ ഒരു മലയാണിത്. കൂറ്റൻ പാറക്കൂട്ടങ്ങളുടെ വലിയൊരു സങ്കേതമാണിത്. ഇക്കൂട്ടത്തിലെ വലിയ പാറയാണ് ഫാന്റത്തിന്റെ മുഖഭാവത്തോടെ ലോകത്തെ കാണുന്നത്. പ്രകൃതിയുടെ അപാരമായ ശില്പചാതുര്യം ഈ പാറക്കെട്ടുകളിൽ തെളിയുന്നുണ്ട്. വലിയ ആകാശത്തിൽ നെഞ്ചുയർത്തി നിൽക്കുന്ന വയനാടൻ മലനിരകളിൽ നിശ്ചിതമായ പ്രകൃതിഘടനയാൽ പ്രത്യേകത കാണിക്കുന്ന ഈ പാറക്കൂട്ടങ്ങൾ ഒത്തിരിപ്പേരെ ആകർഷിക്കുന്നുണ്ട്.

പിന്നീട് ഞങ്ങൾ എടയ്ക്കൽ ഗുഹകളിലേക്കാണ് പോയത്. സമുദ്രനിരപ്പിൽനിന്ന് 4600 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഗുഹകളാണിവ. ഏകദേശം 2 കിലോമീറ്ററോളം താണ്ടിവേണം ഇവിടെ എത്തിച്ചേരാൻ. മിക്കവരും തളരാൻ തുടങ്ങിയിരുന്നു. എന്നാൽ, ആകാംക്ഷയുടേയും, ആശ്ചര്യത്തിന്റേയും പിൻബലത്താൽ സംഘാംഗങ്ങൾ ഒരു വെല്ലുവിളി ഏറ്റെടുത്തു. എടയ്ക്കൽ ഗുഹകളിലേക്ക് നയിക്കുന്ന പടവുകൾ വളരെ ചെറിയ വീതിയുള്ളവയാണ്. അതിനാൽ യാത്രാക്ലേശം വർദ്ധിക്കുന്നു. എന്നാൽ, മുകളിലെത്തിയപ്പോൾ എല്ലാ വൈഷമ്യങ്ങളും മറക്കാനുതകുന്ന കാഴ്ചകളായിരുന്നു. ഉദാത്തമായ പ്രകൃതി സൗന്ദര്യത്തിന്റെ മൂർത്തിഭാവം അവിടെ കണ്ടു.

30,000 വർഷങ്ങൾക്ക് മുമ്പുണ്ടായ വലിയൊരു ഭൂകമ്പത്തിന്റെ അവശേഷമത്രെ എടയ്ക്കൽ ഗുഹകൾ. ബി.സി 4000 മുതൽ 500 വരെ പഴക്കമുള്ള ശിലാലിഖിതങ്ങൾ ഈ ഗുഹകൾക്കകത്ത് കണ്ടെത്തുകയുണ്ടായി. ഒരു വിള്ളലിനു മീതേയ്ക്ക് വലിയ പാറ വന്നുവീണ് രൂപം കൊണ്ടതാകയാലാണ് 'എടയ്ക്കൽ' എന്ന നാമം ഈ ഗുഹകൾക്ക് വന്നുചേർന്നതെന്ന് കരുതപ്പെടുന്നു. ഈ ഗുഹകളിലുള്ള ശിലാലിഖിതങ്ങളിൽ വയനാട്ടിൽ നിലനിന്നിരുന്ന ആദിമ സംസ്കൃതിയുടെ ചരിത്രം രേഖപ്പെട്ടിരിക്കുന്നു. ശിലാചിത്രങ്ങളിൽ സ്ത്രീ, പുരുഷൻ, ആന, മാൻ തുടങ്ങിയവയെ കാണാനുണ്ട്. വിചിത്രമായതും എന്നാൽ, ദൈവികവുമായ ഏതോ സന്ധിയിൽ ഈ ആദിമ സംസ്കൃതി നശിച്ചുപോയതായിരിക്കണം. അല്ലെങ്കിൽ മറ്റ് ആവാസകേന്ദ്രങ്ങളിലേക്ക് കുടിയേറിപ്പോയതാകണം. എന്തായാലും മനുഷ്യന്റെ പരിവർത്തനത്തിന്റെ ഏടുകൾ ഈ കരിങ്കൽമതിലുകളിൽ കോറിയിട്ടിരിക്കുകയാണ്. എടയ്ക്കൽ ഗുഹകളിലൊന്നിലെ വിടവിലൂടെ നോക്കുമ്പോൾ രണ്ടു പാറകൾ സന്ധിക്കുന്നതായി കാണാം. ഹൃദയം നിറയ്ക്കുന്ന സൗന്ദര്യമുണ്ടായിരുന്നു അതിന്. ഞങ്ങളുടെ നമസ്കാരവും ഉച്ചഭക്ഷണവും എടയ്ക്കൽ ഗുഹകളുടെ പരിസരത്തുവച്ച് നടന്നു.

വയനാട്ടിലെ മറ്റൊരു കാഴ്ചവിരുന്നാണ് അമ്പലവയലിലെ 'അഗ്രികൾച്ചർ ഫാം. വിവിധ തരത്തിലുള്ള ചെടികളാൽ സമ്പുഷ്ടമാണിവിടം. നിറങ്ങളുടെ കൃത്യമായ സന്നിവേശത്തിലൂടെ ലോകനാഥനായ ദൈവം തന്റെ അജയ്യത വെളിവാക്കുന്നത് ചെടികളിലൂടെയും പൂക്കളിലൂടെയുമാണ്. സ്ത്രീസഹജമായ ആശ്ചര്യത്തോടെ ഞങ്ങളുടെ സഹോദരിമാർ പൂക്കളുടെ വർഗ്ഗവർണ്ണ വ്യത്യാസങ്ങൾ നോക്കിക്കണ്ടു. വ്യത്യസ്തമായ മുയലുകളുടെ വലിയ ശേഖരംകൂടി അമ്പലവയലിലുണ്ട്.

പിന്നീട് കല്പറ്റയ്ക്കടുത്ത് പൂക്കോട് തടാകം തേടിയായി ഞങ്ങളുടെ യാത്ര. വലിയൊരു കാനനപ്രദേശത്തിന് നടുവിൽ ഒളിച്ചുവെക്കപ്പെട്ട പ്രകൃതിദത്തമായ തടാകമാണ് പൂക്കോട്. ജലത്തിന്റെ നിശ്ചലമനോഹാരിതയ്ക്കപ്പുറം നിത്യഹരിത വനങ്ങൾ കാവൽ നില്ക്കുന്നു. തടാകത്തിലൂടെയുള്ള ബോട്ടുയാത്ര ഈ

വശ്യപ്രകൃതിയെ കൂടുതലറിയാൻ സഹായിക്കുന്നു. ആധുനികതയുടെ കടുത്ത കയ്യേറ്റത്തിനിടയിലും അത്ഭുതമായ പ്രകൃതിരമണീയത കാത്തുസൂക്ഷിക്കുന്ന ഈ സ്ഥലം ഇപ്പോൾ വലിയതോതിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നു. ടൂറിസം വികസന പരിപാടികൾക്കിടയിലും വയനാട്ടിലെ ഇത്തരം ജൈവ ആവാസവ്യവസ്ഥകൾ സൂക്ഷിക്കപ്പെടേണ്ടതുണ്ട്.

ലക്കിടി, വയനാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട സ്ഥലമാണ്. വയനാടിന്റെ തുടക്കമാണിതെന്ന് പറയാം. പൂക്കോടുനിന്ന് ഒരു കിലോമീറ്റർ മാത്രം ദൂരത്തിലാണിത്. വേനൽക്കാലത്തുപോലും കോടമഞ്ഞുയരുന്ന പ്രകൃതിയുള്ള ലക്കിടിയിൽ പക്ഷേ അല്പസമയം മാത്രമേ ഞങ്ങൾക്ക് ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ഇതിനിടയിൽ വയനാട്ടിലെ കമ്പളക്കാട് പള്ളി സന്ദർശിക്കുവാനും ഞങ്ങൾക്ക് ഭാഗ്യം ലഭിച്ചു. അവിടെ ഞങ്ങളെ സ്വീകരിക്കാൻ സ്നേഹോഷ്മളതയോടെ ജമാഅത്ത് പ്രസിഡന്റ് കരീം സാഹിബും ഭാര്യയും ഉണ്ടായിരുന്നു. ഇശാഅ് നമസ്കാരാനന്തരം യാത്രാസംഘം മടക്കയാത്ര തുടങ്ങി.

യാത്രയുടെ സമ്പൂർണ്ണത അതിന്റെ ദൃശ്യങ്ങളിലാണ്. ദൃശ്യങ്ങളുടെ മനോഹാരിത മനസ്സിന്റേയും ശരീരത്തിന്റേയും തമോഗർത്തങ്ങളെ ഇല്ലാതാക്കും. ഈ ചെറുയാത്രയിൽ ലജ്ന സഹോദരിമാരുടെ അനുഭവവും ഇതുതന്നെയായിരുന്നു. സ്രഷ്ടാവിന്റെ അജയ്യതയും, അവന്റെ അനുഗ്രഹങ്ങളുടെ മഹനീയതയും നേരിൽകണ്ട് നെടുവീർപ്പിടാൻ ഞങ്ങൾക്ക് സാധിച്ചു. ഓരോ യാത്രയും പുതിയ അനുഭവങ്ങളുടേതാണത്രെ. ഈ അനുഭവങ്ങളത്രയും പഠിപ്പിക്കുന്നത് പ്രപഞ്ചത്തിന്റെ ചലനങ്ങൾ അല്ലാഹുവിന്റെ നിതാന്തനിയന്ത്രണത്തിലാണെന്നാണ്. പതിനൊന്ന് മണിയോടെ കൂടാളിയിൽ തിരിച്ചെത്തുമ്പോഴും ഞങ്ങൾ ചർച്ച ചെയ്തത് ഇക്കാര്യങ്ങളൊക്കെയായിരുന്നു. ഞങ്ങളുടെ യാത്രയ്ക്ക് കൂടാളി ലജ്ന ഇമായില്ലായുടെ പ്രസിഡന്റ് യു. മശൂദ സാഹിബ നേതൃത്വം നല്കി. കൂടാതെ മുതിർന്ന സഹോദരിമാരായ സറീന സാഹിബ, ശഹ്നാസ് സാഹിബ, താഹിറ ഇബ്റാഹീം സാഹിബ എന്നിവർ പ്രസിഡന്റ് സാഹിബയെ സഹായിച്ചു.

***നാസില ഉമ്മർ, കൂടാളി***

---

പേജ് 4-ൽ നിന്ന്

പിശാചുക്കൾ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും.''

"റമസാനിന്റെ പ്രഥമരാത്രി സമാഗതമായാൽ പിശാചുക്കളും തിന്മ പ്രചരിപ്പിക്കുന്ന ജിന്നുകളും തടവിലാക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. ഇപ്രകാരം വിളംബരം ചെയ്യാൻ അല്ലാഹു മലക്കുകളോട് കല്പിക്കും. "നന്മയാഗ്രഹിക്കുന്നവൻ മുന്നോട്ടുവരട്ടെ, തിന്മ ആഗ്രഹിക്കുന്നവൻ വിരമിക്കട്ടെ. " അവൻ അനേകമാളുകളെ നരകമുക്തരാക്കും. അഥവാ അവർ നരകത്തിൽ പ്രവേശിക്കുകയില്ലെന്ന് തീരുമാനിക്കും.'' (തിർമിദി, ഇബ്നുമാജ)

''അല്ലാഹു അനുവദിച്ച ഇളവോ രോഗമോ കൂടാതെ വല്ലവനും അകാരണമായി റമസാനിൽ ഒരു നോമ്പ് ഉപേക്ഷിച്ചാൽ ആയുഷ്ക്കാലം മുഴുവൻ നോമ്പനുഷ്ഠിച്ചാലും അതിന് പരിഹാരമാവുകയില്ല.'' (ബുഖാരി, അബൂദാവൂദ്, തിർമിദി)

"നോമ്പു തുറക്കുന്നവൻ അതിനു കാരക്ക ഉപയോഗിക്കട്ടെ. അതിൽ ബർക്കത്തുണ്ട്. അതില്ലെങ്കിൽ വെള്ളം ഉപയോഗിക്കട്ടെ. അത് ശുദ്ധമാണ്.'' (അബൂദാവൂദ്)

അല്ലാഹു പറയുന്നു: "എന്റെ അടിമകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവർ നിശ്ചിത സമയമായാൽ നോമ്പ് മുറിക്കാൻ ധിറുതി കാണിക്കുന്നവരാണ്.'' (തിർമിദി)

"നിങ്ങളിൽ വല്ലവനും മറന്നുതിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പ് മുറിയുകയില്ല. നിശ്ചയം, അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും.'' (ബുഖാരി, മുസ്ലിം)

''നിങ്ങളിൽ ഒരുവൻ ബാങ്ക് വിളികേട്ടതിന്റെ പേരിൽ തന്റെ ആവശ്യം പൂർത്തീകരിക്കാതെ ഭക്ഷണപാത്രം താഴെ വയ്ക്കേണ്ടതില്ല.'' (അബൂദാവൂദ്)

അല്ലാഹു പറയുന്നു: "മനുഷ്യന്റെ മുഴുവൻ കർമ്മങ്ങളും അവനുള്ളതത്രെ. വ്രതമോ, അത് എനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം. അവൻ അന്നപാനീയങ്ങളും ശാരീരികേച്ഛകളും ഉപേക്ഷിക്കുന്നത് എനിക്ക് വേണ്ടിയാകുന്നു. ഓരോ സൽക്കർമ്മത്തിനും പത്തിരട്ടി പുണ്യമുണ്ടാകും. നോമ്പുകാരന് രണ്ട് സന്തോഷമുണ്ട്. ഒന്ന്, നോമ്പു മുറിക്കുമ്പോൾ, പിന്നെ തന്റെ രക്ഷിതാവിനെ കണ്ടുമുട്ടുമ്പോഴും. നോമ്പ്മൂലം അവൻ സന്തുഷ്ടനാകുന്നു.'' (ബുഖാരി, മുസ്ലിം)

**നോമ്പുതുറക്കുമ്പോഴുള്ള പ്രാർത്ഥന**

***അല്ലാഹുമ്മ ലക്ക സ്വുംതു വബിക്ക ആമൻതു വ അലാ റിസ്ഖിക്ക അഫ്തർതു***

അല്ലാഹുവേ, ഞാൻ നിനക്കുവേണ്ടി നോമ്പനുഷ്ഠിച്ചു. നിന്റെ ആഹാരം കൊണ്ടുതന്നെ ഞാൻ നോമ്പു തുറക്കുകയും ചെയ്യുന്നു.

***ദഹബള്ളമഉ വബ്തല്ലത്തിൽഉറൂഖു വ ഥബത്തൽ അജ്റു ഇൻശാഅല്ലാഹ്.***

ദാഹം ശമിച്ചു. ഞരമ്പുകൾ നനഞ്ഞു. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ പ്രതിഫലം ഉറച്ചു. ●

# കാമിലെ ഇൻസാൻ– മുഹമ്മദ് നബി(സ) ഒരതുല്യസൃഷ്ടി

**മുൻകേരള ലജ്നാ ഇമായില്ലാ പ്രസിഡണ്ട് അമത്തുൽ ഹഫീസ സാഹിബ ഉത്തരമേഖല നബികീർത്തന യോഗത്തിൽ അവതരിപ്പിച്ച പ്രഭാഷണം**

ഏകദേശം 1400 വർഷങ്ങൾക്കുമുമ്പ് ലോകം പ്രത്യേകിച്ച് അറേബ്യാരാജ്യം അജ്ഞാനാന്ധകാരത്തിൽ മുഴുകി അക്രമം, അനീതി, അഹിംസ, കൊള്ള, കൊല, വ്യഭിചാരം, ബിംബാരാധന, മദ്യപാനം, പിഞ്ചു പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടൽ എന്നിവയടങ്ങിയ കിരാതവും കരാളവുമായ അവസ്ഥയിലായിരുന്നു. Dark Age അഥവാ ഇരുണ്ടകാലം എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിച്ച ***ളഹറൽ ഫസാദു ഫിൽബർറി ഖൽ ബഹ്റി*** (കരയും കടലും ഒരുപോലെ ദുഷിച്ചുപോയിരിക്കുന്നു) എന്നു വിശുദ്ധഖുർആൻ അരുൾചെയ്ത ആ കാലഘട്ടത്തിലായിരുന്നു ഹദ്റത്ത് മുഹമ്മദ്നബി(സ) ഭൂജാതനായത്. ലോകത്തവതീർണ്ണരായ പ്രവാചകന്മാരിലും മതപരിഷ്കർത്താക്കളിലും ആർക്കുംതന്നെ ചെയ്യുവാൻ സാധിക്കാത്ത അതിമഹത്തായ ഒരാത്മീയവിപ്ലവമായിരുന്നു ആ പുണ്യാത്മാവ് 23 വർഷക്കാലത്തിന്നുള്ളിൽ അവിടെ സംജാതമാക്കിയിരുന്നത്.

അദ്ദേഹം തന്റെ ഭഗീരഥപ്രയത്നങ്ങളാലും പ്രാർത്ഥനകളാലും സംജാതമാക്കിയ ആ നിസ്തുല്യവും ഭക്തിനിർഭരവുമായ പരിവർത്തനത്തെക്കുറിച്ച് ആ പുണ്യാത്മാവിന്റെ വരിഷ്ഠദാസനും അനുരക്തനും വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ) അരുൾ ചെയ്യുന്നു. റസൂൽ തിരുമേനി(സ)യുടെ ഒന്നാമത്തെ ഉദ്ദേശ്യം അറേബ്യയുടെ സംസ്കരണമായിരുന്നു. അറേബ്യയിലെ സ്ഥിതി അക്കാലത്ത് എത്രമാത്രം ശോചനീയമായിരുന്നുവെന്നാൽ അവരിലില്ലാത്ത ഒരു തിന്മയും അവശേഷിച്ചിരുന്നില്ല. അവരിലില്ലാത്ത ഒരു ശിർക്കും ഉണ്ടായിരുന്നില്ല. കള്ളവും കൊള്ളയും കൊലയും അവരുടെ ദൈനംദിന ജീവിതചര്യകളായിരുന്നു. ഒരുറുമ്പിനെ കാലുകൊണ്ട് ചതച്ചരക്കുന്ന ലാഘവത്തോടെയായിരുന്നു അവർ കൊലകൾ നടത്തിയിരുന്നത്. അനാഥശിശുക്കളെക്കൊന്ന് അവരുടെ സ്വത്തുക്കൾ അപഹരിച്ചിരുന്നു. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. വ്യഭിചാരം ചെയ്ത് അതിൽ അഭിമാനംകൊണ്ടിരുന്നു. മദ്യപാനം നടക്കാത്ത ഒരു ഭവനവും ഉണ്ടായിരുന്നില്ല. കാട്ടുമൃഗങ്ങളും കൊടിയസർപ്പങ്ങളും ചെന്നായ്ക്കളുംകൂടി ലജ്ജിതരായിരുന്ന ഭയാനകവും മൃഗീയവുമായ ഒരു ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. ഇത്തരത്തിലുള്ളവരുടെ സ്വഭാവ സംസ്കരണത്തിനായിരുന്നു നമ്മുടെ നബികരീം(സ) നിയുക്തനായിരുന്നത്. തന്റെ ആന്തരികമായ ശ്രദ്ധമൂലം അദ്ദേഹം അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കാൻ തുടങ്ങി. കുറഞ്ഞൊരു കാലഘട്ടത്തിനുള്ളിൽ അവരിൽ അതിമഹത്തായൊരു പരിവർത്തനം സംജാതമായി. മൃഗീയമായാവസ്ഥയിൽനിന്നും അവർ മനുഷ്യരായി. പിന്നീടവർ സംസ്ക്കാരസമ്പന്നരായ മനുഷ്യരായും അതിനുശേഷം ദൈവിക മനുഷ്യരായി ഉയരുകയും ചെയ്തു.

ഹദ്റത്ത് അഹ്മദ്(അ) മറ്റൊരിടത്ത് അരുൾചെയ്യുന്നു. അറേബ്യൻ മണലാരണ്യത്തിൽ ഒരത്ഭുതപ്രതിഭാസം സംഭവിച്ചു. ലക്ഷക്കണക്കിലുള്ള മൃതന്മാർ ഏതാനും ദിവസങ്ങൾകൊണ്ട് ജീവനുള്ളവരായിമാറുകയും തലമുറതലമുറകളായി വഴിപിഴച്ചവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്തു. കുരുടന്മാർ കാണുവാൻ തുടങ്ങി. ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിച്ചു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ മഹാത്ഭുതമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ. ഇതെല്ലാം അന്ധകാരനിബിഢമായ രാത്രികളിൽ അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാൾ ഉയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനയുടെ ഫലമായിരുന്നു. ആ പ്രാർത്ഥനകൾ ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യവും അസംഭവ്യവുമായ മഹാത്ഭുതങ്ങൾ വെളിപ്പെടുമാറായി. അദ്ദേഹത്തിന്റെ തിരുനാമവും സ്തുത്യർഹമായിരുന്നു. അദ്ദേഹത്തിന്റെ പണിയും സ്തുത്യർഹമായിരുന്നു. അങ്ങയുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹവും സംരക്ഷണവും എന്നെന്നും ഉണ്ടാകുമാറാകട്ടെ.

ഹദ്റത്ത് റസൂൽ കരിം(സ) തിരുമേനിയുടെ ചര്യയെക്കുറിച്ച് ഒരു സ്വഹാബി ഹദ്റത്ത് ആയിശാ(റ) യോടു അന്വേഷിച്ചപ്പോൾ ആ പ്രിയപത്നിയുടെ മറുപടി ഒരു സമുദ്രത്തെ കൂജയിൽ അടച്ചതുപോലെയായിരുന്നു. അതായത് ***കാന ഖുലുഖുഹുൽ ഖുർആൻ*** തിരുനബിയുടെ സ്വഭാവഗുണം വിശുദ്ധഖുർആന്റെ

പ്രതീകമായിരുന്നു. വിശുദ്ധഖുർആനെക്കുറിച്ച് വിശുദ്ധഖുർആൻതന്നെ പറയുന്നത് ഇപ്രകാരമാണ്.

നീ പറയുക, എന്റെ നാഥന്റെ വചനങ്ങളടങ്ങിയ വിശുദ്ധഖുർആൻ രേഖപ്പെടുത്തുന്നതിന് സമുദ്രം മഷിയായിരുന്നെങ്കിൽ എന്റെ നാഥന്റെ വചനങ്ങൾ അവസാനിക്കുന്നതിനു മുമ്പ് സമുദ്രം വറ്റിപ്പോകുമായിരുന്നു. അതിന് തുല്യമായ മറ്റൊരു സമുദ്രം സഹായത്തിനുവേണ്ടി നാം കൊണ്ടുവന്നാൽപോലും.

അതേപ്രകാരം ഹദ്റത്ത് നബിതിരുമേനിയുടെ ജീവിതവും ഒരു കരകാണാക്കടൽപോലെയാണ്. ആ ജീവിതത്തിൽ സത്യസന്ധത, നിഷ്കളങ്കത, അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, ജനഹൃദയങ്ങളെ ജയിച്ചടക്കുന്ന സ്വഭാവഗുണങ്ങൾ സ്ഥൈര്യം, ധൈര്യം, നിരന്തരമായ അക്ഷീണപരിശ്രമം, അപാരമായ സഹനം, അനുപമമായ വിനയം ഇതെല്ലാം ഒത്തിണങ്ങിയ നാനാത്വത്തിൽ ഏകത്വം വിലസിയിരുന്ന ഒരു മഹൽവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഹദ്റത്ത് നബികരീം(സ).

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അറബിയിലും ഫാർസിയിലും ഉർദുവിലുമെഴുതിയ മഹൽഗ്രന്ഥങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നു.

ഞാൻ അല്ലാഹുവിന്റെ സൃഷ്ടികൾക്കായൊഴുക്കിയിരിക്കുന്ന ഈ നീരുറവ് മുഹമ്മദെന്ന മഹാസമുദ്രത്തിൽനിന്നും എടുക്കപ്പെട്ട ഒരു തുള്ളി മാത്രമാണ്. ഇതിൽനിന്നും ആ പുണ്യാത്മാവ്(സ) തിരുമേനിയുടെ മഹത്വത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

സയിദുനാ മൗലാനാ ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ പരിപാവനജീവിതത്തിലേക്ക് നാം അവഗാഢം ചിന്തിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ ജീവിതവും അധ്യാപനങ്ങളും സ്നേഹത്തിലും സൗഹാർദ്ദത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമാണെന്നു കാണാവുന്നതാണ്. അദ്ദേഹം പ്രബോധനം ചെയ്ത മതത്തിന്റെ പേരുതന്നെ ഇസ്ലാം അഥവാ സമാധാനം എന്നാണ്. അസ്സലാം അതായത് സമാധാനത്തിന്റെ പ്രതീകം എന്ന സവിശേഷഗുണമുള്ള അല്ലാഹു മനുഷ്യകുലത്തെ സമാധാനത്തിലേക്ക് ക്ഷണിച്ചുകൊണ്ടു പറയുന്നു. ***അല്ലാഹു യദ്ഊഇലാ ദാറിസ്സലാം*** അല്ലാഹു സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കുന്നു. മുസ്ലിംകൾ പരസ്പരം അഭിസംബോധനം ചെയ്യുന്നതുതന്നെ ***അസ്സലാമുഅലൈക്കും*** നിങ്ങളുടെമേൽ ശാന്തിയും സമാധാനവും ഉണ്ടാവട്ടെ എന്നാണ്. ചുരുക്കത്തിൽ ആ പുണ്യാത്മാവ് ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശവാഹകനായിരുന്നു.

ഹദ്റത്ത് നബി കരീം(സ) താൻ ദൈവനിയുക്തനാണെന്ന വാദം പുറപ്പെടുവിച്ചതിനുശേഷം മക്കയിൽ സുദീർഘമായ 13 വർഷക്കാലം ശത്രുക്കളുടെ കഠിനമായ പീഢനങ്ങൾക്കും മർദ്ദനങ്ങൾക്കും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അനുചരന്മാർക്കും ഇരയാകേണ്ടിവന്നു. പല സഹാബാക്കളേയും ചാട്ടവാറുകൊണ്ടടിച്ചു ബോധം കെടുന്നതുവരെ പ്രഹരിച്ചുകൊണ്ടിരുന്നു. ഒരു സഹാബിയായിരുന്ന ഹദ്റത്ത് ഖബ്ബാബിനെ മലർത്തിക്കിടത്തി തീക്കനൽ തണുത്ത് വെണ്ണീറാകുന്നതുവരെ തല്ലിക്കൊണ്ടിരുന്നു. ഹദ്റത്ത് യാസർ(റ) അടിയും കുത്തുമേറ്റ് സഹിക്കവയ്യാതെ മരണമടഞ്ഞു. അദ്ദേഹത്തിന്റെ ഭാര്യ സുമയ്യയെ അബൂജഹൽ ചാട്ടവാറുകൊണ്ടടിച്ചുകൊന്നു. അവരുടെ മകൻ അമ്മാറിനെ ചുട്ടുപഴുത്ത പാറക്കല്ലിൽ കിടത്തി ഭേദ്യം ചെയ്തു. ഹദ്റത്ത് ബിലാൽ(റ)യെ ചുട്ടുപഴുത്ത പാറക്കല്ലിൽ മലർത്തിക്കിടത്തി നെഞ്ചിന്മേൽ കരിങ്കല്ലു വെച്ചും ചുട്ടുപഴുത്ത കമ്പികൊണ്ട് കുത്തി തുരുതുരെ അടിച്ചും ഇസ്ലാം ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടപ്പോൾ 'അഹദ്' 'അഹദ്' അല്ലാഹു ഏകനാണ് ഏകനാണ് എന്ന ഒരൊറ്റ മറുപടിയായിരുന്നു ആ ദൈവവിശ്വാസിയുടെ വായിൽനിന്നും ഉതിർന്നുവീണത്. ഇപ്രകാരമുള്ള മർദ്ദനങ്ങളും പീഡനങ്ങളും 13 നീണ്ട വർഷക്കാലം അവരനുഭവിച്ചുവെങ്കിലും പ്രതികാരമായി ഒരു നടപടിയും എടുക്കുവാൻ സമാധാനത്തിന്റേയും ശാന്തിയുടേയും പ്രതീകമായ ഹദ്റത്ത് മുഹമ്മദ് നബി(സ) അനുവദിച്ചില്ല. അവസാനം ഈ മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കാൻ കഴിയാതെ അദ്ദേഹത്തിനും സഹചരന്മാർക്കും നാടുവിടേണ്ടിവന്നു. അങ്ങനെ മക്കയിൽനിന്നും മദീനയിലേക്ക് ഹിജ്റത്ത് ചെയ്യേണ്ടിവന്നു. അവിടേയും ഈ മനുഷ്യാധമന്മാർ സ്വൈര്യമായി ജീവിക്കാനനുവദിക്കാത്തപ്പോൾ ദൈവനിർദ്ദേശമനുസരിച്ച് പ്രതിരോധ നടപടികളെടുക്കേണ്ടിവന്നു. ഇതുസംബന്ധിച്ച് അല്ലാഹു പറയുന്നു.

"മർദ്ദനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായവർക്ക് പ്രതിരോധ നടപടികൾക്കുള്ള അനുവാദം നല്കപ്പെട്ടിരിക്കുന്നു. തീർച്ചയായും അവരെ സഹായിക്കുവാൻ അല്ലാഹു സർവ്വശക്തനാണ്." അങ്ങനെ അദ്ദേഹത്തിനും അനുയായികൾക്കും ശത്രുക്കളുടെ അക്രമണങ്ങളെ പ്രതിരോധിക്കാനുള്ള അനുവാദം ലഭിക്കുകയുണ്ടായി. ഇത് നിമിത്തമാണ് സത്യനിഷേധികൾ ഇസ്ലാം വാൾ കൊണ്ട് പ്രചരിപ്പിക്കപ്പെട്ടതാണെന്ന വ്യാജാരോപണം ചെയ്തിരുന്നത്. ഇത് ഇക്കൂട്ടർ ചെയ്യുന്ന നിഴൽയുദ്ധമാണെന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. മക്കയിൽ 13 വർഷവും അതിനുശേഷം മദീനയിൽ 10 വർഷവും പലവിധ യാതനകളും അനുഭവിച്ചതിനുശേഷം മക്കയിൽ തന്റെ പതിനായിരം അനുയായികളോടൊപ്പം വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ തന്റെ ആജന്മശത്രുക്കളായ ഖുറൈശികൾക്ക് പൊതുമാപ്പ് നല്കി ചരിത്രം സൃഷ്ടിച്ച മഹാത്മാവായിരുന്നു ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ). അദ്ദേഹം കല്പിക്കുമായിരുന്നെങ്കിൽ നൂറുക്കണക്കിലുള്ളവരെ ഗളച്ഛേദം ചെയ്യുവാനും അങ്ങനെ മക്കയുടെ പുണ്യനഗരം രക്തക്കളമായി

മാറ്റുവാനും അവർക്ക് (സഹാബാക്കൾക്ക്) സാധിക്കു മായിരുന്നു.

ഇതുസംബന്ധിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അരുൾചെയ്യുന്നു: നമ്മുടെ നബികരീം(സ) എല്ലാവിധത്തിലുമുള്ള അധികാരങ്ങളും ശക്തികളും ആർജ്ജിച്ച് സർവ്വാധികാരിയായി മക്കയിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ ആജന്മശത്രുക്കളും രക്തദാഹികളുമായിരുന്നവരെ ***ലാ തസ്രിബ അലയ്ക്കുമുൽ യൗമ്*** ഇന്ന് നിങ്ങളുടെമേൽ ഒരു കുറ്റാരോപണവും ഇല്ല എന്ന് പ്രഖ്യാപിക്കുകയുണ്ടായി. ആ പുണ്യാത്മാവ് ദൈവനിയുക്തനായി ആഗതനായ ഘട്ടത്തിൽ അക്രമവും അനീതിയും ബിംബാരാധനയും അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. കരയും കടലും ഒരുപോലെ ദുഷിച്ചുപോയിരിക്കുന്നുവെന്ന് വിശുദ്ധഖുർആൻ തന്നെ സാക്ഷിപറഞ്ഞിരുന്ന കാലഘട്ടത്തിലായിരുന്നു തിരുനബി(സ) ആഗതനായിരുന്നത്. എന്നാൽ, അദ്ദേഹത്തിന് ***ഇദാജാഅ നസ്റുല്ലാഹി വൽഫത്ഹു വറഅയ്ത്തന്നാസ യദ്ഖുലൂന ഫീദീനില്ലാഹി അഫ്വാജാ*** അതായത് ദൈവസഹായവും വിജയവും വരുമ്പോൾ ജനങ്ങൾ കൂട്ടംകൂട്ടമായി അല്ലാഹുവിന്റെ മതത്തിൽ പ്രവേശിക്കുന്നതായി നീ കാണുന്നതാണ് എന്ന ആശ്വാസവചനം സാക്ഷാൽക്കരിക്കപ്പെട്ടതായി സ്വന്തം കണ്ണുകൾകൊണ്ടുത്തന്നെ കാണുവാൻ സാധിച്ചു. ഇത്തരത്തിലുള്ള ഒരു ദൃഷ്ടാന്തം ലോകത്തെവിടെയും കാണുക സാധ്യമല്ല. ഈയൊരു പരിപൂർണ്ണതയെ സ്ഥാപിക്കുവാനായിരുന്നു ആ പുണ്യാത്മാവ് ആഗതനായിരുന്നത്. അതദ്ദേഹം പൂർത്തീകരിച്ചുകാണിച്ചുതന്നു.

ലോകാനുഗ്രഹിയും പ്രവാചകശ്രേഷ്ഠനുമായ ഹദ്റത്ത് മുഹമ്മദ് നബി(സ) തിരുമേനി കാണിച്ചിരുന്ന അതിമഹത്തായ മാതൃകയായിരുന്നു ഇത്. എന്നാൽ, ഇന്ന് മുസ്ലിം നാമധാരികളായ വർഗ്ഗീയ ഭീകരസംഘടനകൾ ഇസ്ലാമിനും ഹദ്റത്ത് മുഹമ്മദ് നബി(സ)ക്കും അങ്ങേയറ്റത്തെ ദുഷ്പ്പേരാണുണ്ടാക്കിയിരിക്കുന്നത് എന്ന യാഥാർത്ഥ്യത്തിലേക്ക് കണ്ണടക്കാൻ നിവൃത്തിയില്ല.

സമത്വസുന്ദരവും സമാധാനസമ്പൂർണ്ണവുമായ ഇസ്ലാമിന്റെ വാഹകർ അനുവർത്തിക്കുന്ന ഹിംസാത്മകമായ നിലപാടു കാരണം ഇസ്ലാമിന് വളരെയധികം ദുഷ്പേര് ആഗോളതലത്തിൽ ഉണ്ടായിരിക്കുന്നു. ഹിസ്ബുൽമുജാഹിദീൻ ലശ്ക്കറെ തയ്യിബ-ജൈശെമുഹമ്മദ്, താലിബാൻ, ജമാഅത്തെ ഇസ്ലാമി എന്നീ മുസ്ലിംനാമധാരികളായ സംഘടനകളുടെ മനുഷ്യത്വരഹിതവും അനിസ്ലാമികവുമായ ഭീകരപ്രവർത്തനങ്ങളും അതിന്റെ പ്രത്യാഘാതങ്ങളും ഇസ്ലാമിനെ വളരെയധികം ബാധിച്ചിരിക്കുന്നു. ഹൈജാക്ക്, ചാവേർപട എന്നിവയുടെ അട്ടഹാസങ്ങൾ കാരണം നിരപരാധികൾ വധിക്കപ്പെടുന്നു. ഇവയുടെയൊക്കെ പ്രതികരണമെന്ന നിലയിൽ ഈയടുത്തകാലത്തുണ്ടായ കാർട്ടൂൺ പ്രശ്നങ്ങളും അതോടനുബന്ധിച്ച കോലാഹലങ്ങളും ഇന്നും കെട്ടടങ്ങിയിട്ടില്ല.

ഈ കാർട്ടൂണുകൾ കാരണം ലോകത്തുള്ള നൂറുകോടി മുസ്ലിംകളുടെ ഹൃദയങ്ങൾ വ്രണിതമാണ്. റസൂൽ തിരുമേനിയുടെ അന്തസ്സിനേയും മഹത്വത്തേയും സംരക്ഷിക്കുവാൻ ഓരോ മുസ്ലിമും എന്തു ത്യാഗത്തിനും തയ്യാറാണ്. ഇതുസംബന്ധിച്ച് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ) അരുൾ ചെയ്യുന്നു. ക്രിസ്തീയ മിഷനറികൾ നമ്മുടെ പ്രിയപ്പെട്ട റസൂൽകരീം(സ)ന്നെതിരായി അസംഖ്യം വ്യാജാരോപണങ്ങൾ കെട്ടിച്ചമയ്ക്കുകയും അനേകരെ വഴിപിഴപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇക്കൂട്ടർ നമ്മുടെ റസൂലിന്നെതിരായി ചെയ്തുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങളും അവഹേളനങ്ങളും എന്നെ കടുത്ത ദുഃഖത്തിലാഴ്ത്തിയതു പോലെ മറ്റൊരു സംഭവവും എന്നെ അത്രത്തോളം ദുഃഖിതനാക്കിയിരുന്നില്ല. ഖൈറുൽബശറായ ആ പുണ്യപാദത്തെതിരിൽ ഇവരുടെ നിന്ദാത്മകമായ ജല്പനങ്ങൾ എന്റെ ഹൃദയത്തെ കീറിമുറിച്ചിരിക്കുകയാണ്. ഞാൻ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുപറയട്ടെ എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും സന്തതസഹചാരികളും എന്റെ കണ്മുമ്പാകെ അറുകൊല ചെയ്യപ്പെട്ടാലും എന്റെ കൈകാലുകൾ വെട്ടിനുറുക്കപ്പെട്ടാലും എന്റെ കണ്മണികൾ ചൂഴ്ന്നെടുക്കപ്പെട്ടാലും എന്റെ എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും നഷ്ടമായിപ്പോയാലും എന്റെ എല്ലാ സുഖസൗകര്യങ്ങളും കവർന്നെടുക്കപ്പെട്ടാലും അവയേക്കാളൊക്കെ എനിക്ക് അസഹ്യമായി അനുഭവപ്പെടുക റസൂൽതിരുമേനിക്കെതിരായി ചെയ്യപ്പെടുന്ന ഈ നീചമായ കുറ്റാരോപണങ്ങളാണ്.

ഹദ്റത്ത് അഹ്മദ്(അ)ന്റെ ഓരോ അനുയായിയുടേയും മാനസകനിലതന്നെയാണിത്. പ്രവാചകനിന്ദയ്ക്കെതിരായി ചില മുസ്ലിംകളും അവരുടെ സംഘടനകളും കാണിച്ച പ്രതികരണങ്ങൾ തികച്ചും അനിസ്ലാമികമായിപ്പോയി എന്നു പറയാതെ നിവൃത്തിയില്ല. പ്രവാചകനിന്ദയുടെ പേരിൽ നിരപരാധികളെ കൊല്ലുക, എമ്പസികൾ ചുട്ടെരിക്കുക എന്നിവ എവിടുത്തെ ഇസ്ലാമാണ്. ഹദ്റത്ത് റസൂൽതിരുമേനി(സ) കാണിച്ച പരിപാവനമായ മാതൃകയാണോ ഈ പേക്കൂത്തുകൾ!

എന്നാൽ, വിശുദ്ധഖുർആൻ ഇത്തരം നിന്ദകൾക്കും പരിഹാസങ്ങൾക്കും കാണിച്ചുതരുന്ന പരിഹാരം ഇക്കാര്യം അല്ലാഹുവിന് വിട്ടുകൊടുക്കുക, അവൻ അത്തരക്കാർക്ക് തക്കശിക്ഷ നല്കിക്കൊള്ളുമെന്നാണ്. അല്ലാഹു അരുൾചെയ്യുന്നു. അല്ലാഹുവിനേയും അവന്റെ റസൂലിനേയും ഉപദ്രവിക്കുന്നവരുടെമേൽ ഇഹത്തിലും പരത്തിലും അല്ലാഹു ശാപമിടുന്നതാണ്. അവർക്കായി അപമാനകരമായ ശിക്ഷ സജ്ജമാക്കിയിട്ടുണ്ട്. തങ്ങൾ സത്യാത്മാക്കളെ പരിഹസിച്ചുകൊ

പേജ് 46-ൽ

# ആധുനിക കാലത്തെ ദുർമാർഗ്ഗങ്ങളും ഇസ്‌ലാമിന്റെ അധ്യാപനങ്ങളും

മനുഷ്യകരങ്ങളുടെ ചെയ്തികളുടെ ഫലമായുണ്ടായ നൂറുനൂറ് ദുരന്തകഥകളുമായാണ് ഓരോ പ്രഭാതവും പൊട്ടിവിടരുന്നത്. കൊള്ള, കൊല, അഴിമതി, മാനഭംഗം തുടങ്ങി വിവിധതരത്തിലുള്ള പ്രവർത്തികളിലൂടെ പ്രായവർഗ്ഗവംശലിംഗ ഭേദമന്യേ ദുർമാർഗ്ഗികൾ വിലസുന്ന കാലഘട്ടം. റസൂൽ തിരുമേനി(സ) ഈ കാലഘട്ടത്തെക്കുറിച്ച് പറയുകയുണ്ടായി. '***ളഹ്റൽ ഫസാദ ഫിൽ ബർറി വൽ ബഹ്‌രി***' കടലും കരയും ഒരുപോലെ അധഃപതിച്ച കാലഘട്ടം- അതായത് പണ്ഡിതനും പാമരനും ഒരുപോലെ അധഃപതിച്ച കാലഘട്ടം. ഇമാം മഹ്ദി ആഗതനാവേണ്ട സമയമാണിതെന്ന് മുസ്‌ലിംകളും ഇത് കലിയുഗം തന്നെയാണെന്ന് ഹിന്ദുക്കളും മിശിഹായുടെ തിരിച്ചുവരവിന്റെ സമയം ഇതുതന്നെയാണെന്ന് ക്രിസ്തീയരും പറഞ്ഞുപോകുന്ന സംഭവവികാസങ്ങളാണ് വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കുന്നത്.

പ്രബല മതങ്ങൾ പ്രതീക്ഷിക്കുന്ന ആ ദൈവദൂതൻ തക്കസമയത്തുതന്നെ ഈ അന്ധകാരത്തെ തുടച്ചുനീക്കാൻ പുണ്യഖാദിയാനിൽ ഉദിച്ചുപൊങ്ങിയിരുന്നു. ഈ അന്ധകാരത്തിന്നെതിരെ പൊരുതാൻ ആ പുണ്യാത്മാവിന്റെ കയ്യിലുണ്ടായിരുന്ന ആയുധം 1400 വർഷങ്ങൾക്കപ്പുറം മക്കാമരുഭൂമിയിൽ ഇറങ്ങിയ അധ്യാപനങ്ങൾ തന്നെയായിരുന്നു. ഇസ്‌ലാമിക അധ്യാപനങ്ങൾ പ്രത്യേക ദേശത്തിനോ, പ്രത്യേക കാലത്തിനോ പ്രത്യേക ഭാഷക്കോ മാത്രം പ്രാവർത്തികമാക്കാനുള്ളതായിരുന്നില്ല. ആധുനിക കാലഘട്ടത്തെ ഓരോ ദുർമാർഗ്ഗത്തിനും സംവത്സരങ്ങൾ പഴക്കമുള്ള ഇസ്‌ലാമികാധ്യാപനങ്ങൾ എത്രമാത്രം ഫലപ്രദമാണെന്ന് നോക്കാം.

ഏറ്റവും വലിയ ദുർമാർഗ്ഗം ശിർക്ക് തന്നെയാണ്. ഭൗതികലോകത്തെ ദൈവമാക്കി ആരാധിക്കുന്ന ഒരിക്കലും സമാധാനം നല്കാത്ത നിരീശ്വരത്വം എന്ന കൊടുംശിർക്കുമായി ഒരുവിഭാഗം. മണ്ണടിഞ്ഞുപോയ മഹാന്മാരെ ദൈവമാക്കി അവർക്ക് വഴിപാട് അർപ്പിച്ച് ഫലം കാണാൻ കഴിയാതെ നിരാശരായി മറ്റൊരു വിഭാഗം. തങ്ങളുടെ കഴിവുമൂലം വവിധ മേഖലകളിൽ പ്രശംസനീയ വിജയം കൈവരിച്ച പ്രതിഭകളെ ആരാധിക്കുന്ന മൂന്നാമതൊരു വിഭാഗം. ആധുനിക കാലത്തിൽ ഏറ്റവും മുഴച്ചുനില്ക്കുന്ന ശിർക്കാണിത്. തന്റെ ആരാധ്യനെ ഇക്കൂട്ടർ അടിമുടി അനുകരിക്കുകയും അവർക്കുവേണ്ടി വാതുവെക്കുകയും അവർക്കുവേണ്ടി കലഹിക്കുകയും ചെയ്യുന്നു. വെറും മനുഷ്യരായ ഇത്തരം പ്രതിഭകളെ പരാജയമോ മരണമോ പിടികൂടുമ്പോൾ ജീവൻ അവസാനിപ്പിക്കാൻ വരെ ഇക്കൂട്ടർ ഒരുമ്പെടുന്നു. ഇവർക്കു പുറമെ പുത്രനില്ലാതെ കരുണ ചെയ്യപ്പെടാൻ അയോഗ്യനാണ് ദൈവം എന്ന് തോന്നിപ്പിക്കുന്ന രീതിയിൽ ദൈവത്തിന് പുത്രനെ സങ്കല്പിച്ച് ആരാധിക്കുന്ന മറ്റൊരു വിഭാഗം.

എന്നാൽ, ഇസ്‌ലാം വിഭാവനം ചെയ്ത യഥാർത്ഥ ദൈവത്തെ നോക്കുക. ***അല്ലാഹു ലാഇലാഹഇല്ലാഹു വൽ ഖയ്യൂൽ കയ്യൂം. ലാ തഹ്ഖുദുഹു സിനത്തും വലാ നൗമ്*** (അല്ലാഹു അവനല്ലാതെ ഒരാരാധ്യനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിറുത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല) ദൈവത്തിന് ഒരു പുത്രന്റെ ആവശ്യമേയില്ല എന്ന് ഇസ്‌ലാം വ്യക്തമായിത്തന്നെ ഉത്ബോധിപ്പിക്കുന്നു. വിശുദ്ധഖുർആൻ പറയുകയാണ്. അല്ലയോ വിശ്വസിച്ചവരേ, ലോകമുള്ള കാലത്തോളം ജനങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുക. അവൻ അല്ലാഹു ഏകനാണ്. പരാശ്രമില്ലാതെ തന്നെ സർവ്വർക്കും ആശ്രയമാണ്. ജനനപ്രക്രിയയിലൂടെ ഉണ്ടായിട്ടില്ല എന്നപോലെ അവൻ കുട്ടികളെ ജനിപ്പിക്കുന്നില്ല. അവന് ഇണയും തുണയുമില്ല. അവന് സമനായിട്ടാരും തന്നെയില്ല." പരാജയമോ മരണമോ ഇല്ലാത്ത ആരേയും നിരാശപ്പെടുത്താത്ത ഒരു ദൈവമാണ് ഇസ്‌ലാമിനുള്ളത്. ഒരു യഹൂദിഗോത്രം ഉസൈർ അല്ലാഹുവിന്റെ പുത്രനാണെന്ന് പറഞ്ഞതും ക്രിസ്ത്യാനികൾ യേശു ദൈവപുത്രനാണെന്ന് പറയുന്നതും അറിവില്ലാത്ത ജനങ്ങളെ അന്ധമായി അനുഗമിച്ചുവരുന്ന പഴഞ്ചൻരീതിയാണ്. അവർക്കോ അവരുടെ പാതിരിമാർക്കോ അതിന്റെ തത്ത്വരഹസ്യത്തെക്കുറിച്ച് യാതൊരറിവുമില്ല. ഈസാനബി(അ) ഒരു സാധാരണ മനുഷ്യപ്രവാചകനായിരുന്നു, അദ്ദേഹത്തിന് മുമ്പുകഴിഞ്ഞുപോയ പ്രവാചകന്മാരെപ്പോലെ അദ്ദേഹത്തിനും മാതാവിനും ജീവൻ നിലനിറുത്താൻ ഭക്ഷണം കഴിക്കേണ്ടിവന്നിരുന്നു തുടങ്ങിയ വെളിപ്പെടുത്തലുകൾ പരിശുദ്ധഖുർആനിൽ കാണാം. മാത്ര

മല്ല തന്നേയും തന്റെ മാതാവിനേയും രണ്ട് ദൈവങ്ങ ളായി ആരാധിക്കണമെന്ന് ജീവിച്ചിരിക്കുന്ന കാലം വരെ അദ്ദേഹം ആരോടും പറഞ്ഞിട്ടില്ല, ഈസാനബി (അ) മരിച്ചതിനുശേഷം അദ്ദേഹത്തിന്റെ പേരിൽ കറ്റു കെട്ടിപ്പറയുന്നതിൽ അദ്ദേഹം ഉത്തരവാദിയുമല്ല എന്നാണ് ഇസ്‌ലാം ഈ ദുർമാർഗ്ഗത്തിന്നെതിരെ നല്കുന്ന അധ്യാപനം.

ലാഇലാഹഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാ എന്ന സാർവ്വലൗകിക സമാധാന സന്ദേശത്തിലൂടെ ഇസ്‌ലാം ലോകത്തിന് നല്കുന്നത് ഒരുയൊരു ദൈവം, ഒരേയൊരു ദൂതൻ, ഒരേയൊരു സമൂഹം എന്ന സ്വർഗ്ഗീയ സുന്ദരലോകമാണ്.

പൈശാചിക പ്രേരണകൾക്കടിപ്പട്ട് ശരീരേച്ഛ കൾക്ക് പിന്നാലെ പോയി തിന്മകളിൽ ജീവിക്കുക എന്നതാണ് ആധുനിക കാലത്തെ മറ്റൊരു ദുർമാർഗ്ഗം. കളവ്, വഞ്ചന, വ്യഭിചാരം, ദുർന്നോട്ടം, ചതി, പര ദ്രോഹം, സമാധാനഭംഗം ഉണ്ടാക്കൽ, രാജ്യദ്രോഹം, പരദൂഷണം, ക്രയവിക്രയങ്ങളിൽ കൃത്രിമം കാണി ക്കൽ, ദുരാഗ്രഹം, അഹംഭാവം, മിഥ്യാഭിമാനം തുട ങ്ങിയവയാണ് പൈശാചിക പ്രേരണകൾക്കടിപ്പെട്ട് ചെയ്യുന്ന തിന്മകൾ. ഇതിൽ ഓരോന്നിനും ഇസ്‌ലാം വിശദമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നുണ്ടെ ങ്കിലും ഇത്തരം തിന്മകളിൽനിന്നെല്ലാം വിട്ടുനില്ക്കു വാനുള്ള ശക്തിയും മാനസികാവസ്ഥയും കൈവരി ക്കാൻ ഇസ്‌ലാം പറഞ്ഞുതന്നതും നബി(സ) സ്വന്തം പ്രവർത്തനത്തിലൂടെ കാണിച്ചുതന്നതുമായ ഒരു മാർഗ്ഗം ഇതാണ്. സൂറഃ ഹൂദ് 115-ാമത്തെ ആയത്തിൽ അല്ലാഹു പറയുന്നു. '***വഅക്കിമി സ്വലാത്ത തറഫിന്ന ഹാരി വസുൽഫൻ മിനല്ലയ്‌ലി ഇന്നൽ ഹസനാത്തി യുദഹിബ്ന സയ്യിആത്തി ദാലിക ദിക്റാലിദാക്കി രീൻ***' (പകലിന്റെ രണ്ടുഭാഗങ്ങളിലും രാവിന്റെ ആദ്യ ഭാഗങ്ങളിലും നമസ്കാരം നിലനിറുത്തുക. തീർച്ച യായും സൽക്കർമ്മങ്ങൾ ദുഷ്കർമ്മങ്ങളെ അകറ്റിക്ക ളയുന്നു. ഈ അധ്യാപനം ഓർമ്മിക്കുന്നവർക്ക് ഒരു ഉൽബോധനമാകുന്നു) നബി(സ) ഈ ഖുർആനിക വചനത്തിന് നമുക്ക് മാതൃക കാണിച്ചുതന്നത് സുബ്ഹ്, ളുഹർ, അസ്ർ, മഗ്‌രിബ്, ഇശാഅ്, തഹ ജ്ജുദ്, വിത്റ്, ളുഹ തുടങ്ങി പകലിലും രാത്രിയിലും ചെറിയ ചെറിയ ഇടവേളകൾ വിട്ട് നമസ്കരിച്ചുകൊ ണ്ടാണ്. വിശുദ്ധഖുർആനിൽ മറ്റൊരിടത്ത് ഇപ്രകാരം കാണാം. 'ഫയിദാ ഫറഗ്ത്ത ഫൻസബ് വഇലാ റബ്ബിക ഫർഹബ് (സമസൃഷ്ടികളോടുള്ള കടമ നിറ വേറ്റിക്കഴിഞ്ഞാൽ അരമുറുക്കി നിന്റെ നാഥനെ വണ ങ്ങുന്നതിൽ താൽപര്യം പ്രകടിപ്പിക്കും) ഇങ്ങനെ ചെയ്താൽ തിന്മ ചെയ്യാൻ സമയം ലഭിക്കില്ല. വിശു ദ്ധഖുർആനിൽ മറ്റൊരിടത്ത് അല്ലാഹു പറയുകയാണ്. 'ഇന്ന സ്വലാത്ത തൻഹ അനിൽ ഫഹ്ശാഹി വൽമുൻക്കർ' (നിശ്ചയമായും നമസ്കാരം ദോഷബാ ധയേയും ദുഷ്കർമ്മങ്ങളേയും തടുക്കുവാനുള്ള പരി ചയാണ്) കൂടാതെ അല്ലാഹുവിന്റെ പ്രവാചകന്മാരെ ധിക്കരിച്ച് തിന്മകളിൽതന്നെ ജീവിച്ച നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്ത്, ശുഹൈബ് തുടങ്ങിയ നബിമാരുടെ സമുദായങ്ങൾക്ക് ലഭിച്ച ശിക്ഷയെക്കുറിച്ച് വിവരിച്ചു കൊണ്ട് അത്തരം തിന്മകളിൽനിന്ന് വിട്ടുനില്ക്കാൻ ഇസ്‌ലാം ഉപദേശിക്കുന്നു.

മതങ്ങളെ ഉപേക്ഷിച്ചുകൊണ്ട് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാം എന്ന വാഗ്ദാനങ്ങളുമായി ഉടലെടുത്ത പുതിയ സംവിധാനങ്ങൾ തീർച്ചയായും ആധുനികകാലത്തെ ദുർമാർഗ്ഗങ്ങളാണ്. അത് നാസി സമോ കമ്മ്യൂണിസമോ ഏത് ഇസമാണെങ്കിലും അവർക്കവരുടെ സിദ്ധാന്തങ്ങൾ നടപ്പിൽ വരുത്താൻ സാധിച്ചിട്ടില്ല. അല്പചിന്തകന്മാർക്ക് പെട്ടെന്ന് നല്ല തെന്ന് തോന്നുന്ന പ്രാവർത്തികമല്ലാത്ത തത്ത്വങ്ങളാ യിരുന്നു അവയെല്ലാം. ഉദാഹരണത്തിന് കുടുംബാ സൂത്രണംതന്നെ എടുക്കാം. ദാരിദ്ര്യനിർമ്മാർജ്ജനം ജനസംഖ്യാ നിയന്ത്രണത്തിലൂടെ സാധിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്നുവെങ്കിലും ജനസംഖ്യാനിയ ന്ത്രണം രാജ്യത്തിന് ആപത്ത് വരുത്തുമോ എന്ന് ഭയ പ്പെടുകയാണിന്ന് ബുദ്ധിജീവികൾ എന്നവകാശപ്പെടു ന്നവർ. ദാരിദ്ര്യത്തെ ഭയന്ന് നിങ്ങൾ നിങ്ങളുടെ സന്താ നങ്ങളെ അറുകൊല ചെയ്യരുതെന്നും അവർക്കും നിങ്ങൾക്കും ഭക്ഷണം നല്കുന്നത് ഞാനാണ് എന്ന സാമാശ്വാസമാണ് വിശുദ്ധഖുർആനിലൂടെ അല്ലാഹു നല്കുന്നത്. ഒപ്പംതന്നെ ദാരിദ്ര്യനിർമ്മാർജ്ജനത്തി നുള്ള ഉപായങ്ങളും വിവരിച്ചുതരുന്നു. സൂറഃ ബഖറ യിൽ ഇപ്രകാരം കാണാം. '**വഅൻഫികൂ ഫീ സബീ ലില്ലാഹി ബി അയ്ദിക്കും ഇലൽ തഹ്‌ലുക്കത്തി വ ഉഹ്സിനു ഇന്നല്ലാഹ യുഹിബ്ബുൽ മുഹ്സിനീൻ**' (അ ല്ലയോ ധനികരേ, നിങ്ങൾ നിങ്ങളുടെ ആവശ്യത്തിൽ കവിഞ്ഞ ധനത്തെ സക്കാത്തെന്ന നിർബന്ധകടമക്ക് പുറമെ അല്ലാഹുവിന്റെ വഴിയിൽ ദരിദ്രർക്കായി ചെലവ് ചെയ്യുക' അങ്ങനെ ചെയ്താൽ നിങ്ങൾക്ക് നഷ്ടം വരാനൊന്നും ഇല്ല. നിങ്ങൾക്ക് ആവശ്യമില്ലാ ത്തതാണ് നിങ്ങൾ നല്കിയത്. അല്ലാത്തപക്ഷം ദരി ദ്രർ ദാരിദ്ര്യം സഹിക്കവയ്യാതെ ഒരുനാൾ കുഴപ്പമു ണ്ടാക്കി നിങ്ങളെ നശിപ്പിക്കും. നിങ്ങൾ അതിനുമുമ്പേ ഔദാര്യം ചെയ്താൽ അല്ലാഹു ഔദാര്യവാന്മാരുടെ കൂടെ ഉണ്ടാകും.

റസൂൽ തിരുമേനി(സ) അരുളി "അയൽവാസി പട്ടിണികിടന്നുകൊണ്ട് വയറുനിറയെ ഭക്ഷിക്കുന്നവൻ എന്നിൽപ്പെട്ടവനല്ല". ഇസ്‌ലാം വാഗ്ദാനം ചെയ്യുന്ന സ്വർഗ്ഗരാജ്യം ഭൂമിയിൽ ഉണ്ടാക്കുന്നതിനായി നബി(സ) യുടെ യഥാർത്ഥപ്രേമി വാഗ്ദത്ത മസീഹ് അൽവസി യ്യത്ത് എന്ന സംവിധാനത്തിന് ഇൽഹാമിന്റെ വെളി ച്ചത്തിൽ തറക്കല്ലിട്ടു. അങ്ങനെ തന്റെ അനുസരണ മുള്ള അനുയായികളോട് തങ്ങളുടെ സ്വത്തിന്റേയും

വരുമാനത്തിന്റേയും ചുരുങ്ങിയത് പത്തിൽ ഒന്ന് മാന വികതക്കുവേണ്ടി വസിയ്യത്ത് ചെയ്യാൻ ആഹ്വാനം നല്കി. ലോകത്തിന്റെ അഹ്മദികളിൽ നല്ലൊരു ഭാഗം ഈ ആഹ്വാനത്തിന് ലബ്ബൈക്ക് ചൊല്ലി. ഇതാണ് ഇസ്‌ലാം നല്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന മാർഗ്ഗം. അല്ലാതെ ഇസ്‌ലാം ധനികനിൽനിന്ന് പിടിച്ചുപറിക്കാൻ ഉപദേശിക്കുന്നില്ല, മറിച്ച് സ്വന്തം ഇഷ്ടപ്രകാരം ധനി കനെ ദാനശീലനാക്കി മാറ്റുകയാണ് ചെയ്യുന്നത്.

ഈ ആധുനിക കാലത്തിലും സ്ത്രീകൾ ചൂഷ ണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നുവെന്നത് മറ്റൊരു ദുർമാർഗ്ഗമാണ്. ഈ കാലത്തിലെ ബുദ്ധിജീ വികൾ സ്ത്രീകൾക്ക് സ്വാതന്ത്ര്യം, സമത്വം എന്നിവ വാഗ്ദാനം ചെയ്തുകൊണ്ട് വസ്ത്രാക്ഷേപം ചെയ്യു കയാണ്. എന്നിട്ടവരുടെ നഗ്നത പല മേഖലകളിലും വില്പനച്ചരക്കാക്കുന്നു. ഗുസ്തിപോലുള്ള കായിക വിനോദംപോലും നഗ്നരായ സ്ത്രീകളുടെ വേദിയാക്കി പുരുഷന്മാർക്ക് ദുർന്നോട്ടത്തിന്നായി ഒരുക്കിക്കൊടു ക്കുന്നു. വിശുദ്ധഖുർആനിൽ അല്ലാഹു പറയുകയാണ് 'സത്യവിശ്വാസികളായ പുരുഷന്മാരോട് പറയുക, അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും നിയ ന്ത്രിക്കുകയും തങ്ങളുടെ ചാരിത്ര്യം സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അതവർക്ക് ഏറ്റവും പരിശുദ്ധ മായ മാർഗ്ഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്ന തിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു. മേൽ ഉദ്ധരിച്ച ഖുർആൻ വചനത്തിലൂടെ പുരുഷ ന്മാരെ ഉപദേശിച്ചതുപോലെതന്നെ മറ്റൊരിടത്ത് ഖുർ ആൻ സ്ത്രീകളേയും അഭിസംബോധന ചെയ്യുകയു ണ്ടായി. സത്യവിശ്വാസിനികളോട് പറയുക അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ ചാരിത്ര്യം സൂക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ. അവ രുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്. അതിൽ നിന്ന് സ്വയം വെളിപ്പെട്ടു പോകുന്നതല്ലാതെ, അവർ തങ്ങളുടെ ശിരോവസ്ത്രം കൊണ്ട് തങ്ങളുടെ മാറിട ത്തിൽ താഴ്ത്തിയിട്ട് മാടിപ്പുതക്കേണ്ടതാണ്. അവർ തങ്ങളുടെ ഭർത്താക്കന്മാർ, പിതാക്കൾ, ഭർത്താക്കന്മാ രുടെ പിതാക്കൾ, പുത്രന്മാർ, ഭർത്താക്കന്മാരുടെ പുത്ര ന്മാർ, സ്വസഹോദരന്മാർ, സഹോദരപുത്രന്മാർ, സഹോദരീപുത്രന്മാർ, അവരെ പോലുള്ള (മാന്യ) സ്ത്രീകൾ, അവരുടെ ഉടമസ്ഥതയിലുള്ളവർ, പുരു ഷന്മാരിൽനിന്നുള്ള ലൈംഗികവിചാരങ്ങളില്ലാത്ത പരി ചാരന്മാർ, സ്ത്രീകളുടെ ലൈംഗികരഹസ്യങ്ങളറിഞ്ഞി ട്ടില്ലാത്ത ആൺകുട്ടികൾ എന്നിവർക്കല്ലാതെ തങ്ങ ളുടെ സൗന്ദര്യം വെളിപ്പെടുത്തരുത്. അവർ മറച്ചു വെക്കുന്ന സൗന്ദര്യം അറിയപ്പെടാൻ വേണ്ടി കാലു കൾകൊണ്ട് നിലത്തടിക്കയുമരുത്. ഏ, സത്യവിശ്വാ സികളെ നിങ്ങൾ വിജയം പ്രാപിക്കുന്നതിനുവേണ്ടി അല്ലാഹുവിലേക്ക് മടങ്ങുക'.

ദൃഷ്ടികൾ താഴ്ത്തിവെച്ച് ദുർവികാരങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ പുരുഷനോടും സ്ത്രീയോടും കല്പി ച്ചതിന് ശേഷം ചില അനുസരണക്കേട് കാണിക്കുന്ന– പിശാചിന്റെ സുഹൃത്തുക്കളായ– പുരുഷന്മാരുടെ ദുർനോട്ടത്തിൽനിന്നും തങ്ങളെ സംരക്ഷിച്ചുകൊ ള്ളാൻ പറയുന്നത് പ്രകൃതി അറിയുന്ന സ്രഷ്ടാവിന്റെ പ്രത്യേക കാരുണ്യമാണ്. ഇസ്‌ലാം സ്ത്രീകളെ വഞ്ചി ക്കുന്നില്ല. അവരുടെ നഗ്നത വിറ്റ് കാശാക്കുന്ന ലോബി കൾക്ക് കൂട്ടുനില്ക്കുന്നില്ല. മറിച്ച്, സത്യം തുറന്നു പറ യുന്നു.

ആധുനിക കാലത്തെ മറ്റൊരു ദുർമാർഗ്ഗമാണ് മദ്യവും ചൂതാട്ടവും. ഇവ രണ്ടും രാഷ്ട്രത്തിന്റെ വരു മാനമാർഗ്ഗമായും തൊഴിലവസരദായകമായും ചിത്രീ കരിക്കപ്പെടുന്നു. കാരണം, ഇതിൽ ചില പ്രയോജന കരമായ കാര്യങ്ങൾ ഉണ്ട്. എന്നാൽ, അതിനകത്തുള്ള മഹാവിപത്ത് മനസ്സിലായപ്പോഴേക്കും അത് തടുക്കാൻ കഴിയാത്തത്ര വ്യാപിച്ചുകഴിഞ്ഞിരുന്നു. എന്നാൽ, 1400 വർഷം മുമ്പുതന്നെ വിശുദ്ധഖുർആൻ മനുഷ്യകുല ത്തിന് മുന്നറിയിപ്പ് നല്കുകയുണ്ടായി. സൂറഃ ബഖറ 220-ാം വചനത്തിൽ ഇപ്രകാരം കാണാം.

'***യസ്അലൂനക്ക അതിൽ ഹമ്റി വൽ മയ്സറി കുൽ ഫീഹിമാ ഇസ്മും കബീറും വമനാഫിഹുലി ന്നാസി വഇസ്മുഹു മാ അക്ബറു മിന്നഫ്ഹിഹിമാ***' മദ്യത്തെക്കുറിച്ചും ചൂതാട്ടത്തെക്കുറിച്ചും അവർ നിന്നോട് ചോദിക്കുന്നു. പറയുക അവ രണ്ടിലും വലിയ തിന്മയുണ്ട്. ജനങ്ങൾക്ക് ചില ഗുണങ്ങളുമു ണ്ട്. എങ്കിലും അവയുടെ ദോഷം അവയുടെ ഗുണ ത്തേക്കാൾ വളരെ വലുതാണ്.

ഈ കാലഘട്ടത്തിലെ ബുദ്ധിജീവികൾ ഇതിലെ ചില പ്രയോജനങ്ങൾ മാത്രം കാണുകയും വലിയ തിന്മ കാണാതിരിക്കുകയും ചെയ്തു. ഫലം തടുക്കാൻ നില്ക്കാത്തിടത്തോളം അത് വ്യാപിച്ചു. ഇസ്‌ലാം പറ ഞ്ഞത് അവ രണ്ട് പൈശാചിക കർമ്മങ്ങളാണ്. അതു കൊണ്ട് അവയിൽനിന്നും പരിപൂർണ്ണമായും വിട്ടുനി ല്ക്കുക എന്നാണ്. ഈ കാലഘട്ടത്തിൽ രാജ്യാവ്യാ പകമായി അരങ്ങേറുന്ന കർഷകരുടെ ആത്മഹത്യക്ക് പിന്നിൽ ഈ രണ്ട് വില്ലന്മാരാണെന്ന വിവരം രാഷ്ട്രീ യക്കാർ മനഃപൂർവ്വം മറച്ചുവെക്കുന്നു. ഇസ്‌ലാം നിരോ ധിച്ച പലിശാസമ്പ്രദായവും പല കുടുംബങ്ങളുടേയും നാശഹേതുവായിട്ടുണ്ട്. ഇനിയും വൈകിയിട്ടില്ല. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ മുറുകെ പിടിച്ചാൽ പല കുടുംബങ്ങൾക്കും രക്ഷപ്പെടാം.

സ്ത്രീകൾക്ക് വംശനാശം സംഭവിക്കുമോ എന്ന് ഭയപ്പെടേണ്ട ഒരു കാലഘട്ടമാണിത്. കാരണം, പെൺഭ്രൂണഹത്യ തന്നെ. റസൂൽതിരുമേനി ആഗത നായ കാലഘട്ടത്തിൽ സ്ത്രീയെ ജീവനോടെ കുഴി ച്ചുമൂടിയിരുന്നു. അന്നത്തെ പിതാവ് സ്വന്തം അഭിമാനം കാക്കാൻവേണ്ടി സ്വന്തം പെൺകുഞ്ഞിനെ ജീവ നോടെ കുഴിച്ചുമൂടിയെങ്കിൽ ഇന്നത്തെ പിതാവ്

സ്വന്തം പെൺകുഞ്ഞിനെ സ്രഷ്ടാവ് സൃഷ്ടികൾക്കു വേണ്ടി ഒരുക്കിയ ഈ ഭൂമി ഒരു നോക്ക് കാണാൻ പോലും അവസരം നല്കാതെയാണ് കുഴിച്ചുമൂടുന്നത്. ഈ ആധുനിക കാലഘട്ടത്തിലെ അനാചാരങ്ങളെ ഭയന്നുകൊണ്ട് മാത്രമാണ്. അനാചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും നടുവിൽവെച്ച് ആധുനിക കാലത്തെ രക്ഷിതാക്കൾ സ്വന്തം നരകം സൃഷ്ടിച്ചെടുക്കുമ്പോൾ പെൺകുട്ടികളെ നല്ലരീതിയിൽ പോറ്റിവളർത്തുന്ന മാതാപിതാക്കൾക്ക് ഇസ്‌ലാം സ്വർഗ്ഗമാണ് വാഗ്ദാനം ചെയ്യുന്നത്.

ഈ ലോകത്തുതന്നെ സ്വർഗ്ഗം സൃഷ്ടിക്കാൻ പര്യാപ്തമായ ഇസ്‌ലാമികാധ്യാപനങ്ങൾ മുസ്‌ലിംകൾ തന്നെ കയ്യൊഴിഞ്ഞ ഈ കാലഘട്ടത്തിൽ ആ അധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പ്രബല മതഗ്രന്ഥങ്ങളിലെ പ്രവചനങ്ങളെ സാക്ഷാത്കരിച്ചുകൊണ്ട് ആഗതനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ തള്ളിപ്പറഞ്ഞതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ദുർമാർഗ്ഗം. കാലം തെളിയിച്ച ഈ സത്യം ആകാശം സാക്ഷ്യം പറഞ്ഞ ഈ സത്യം അംഗീകരിക്കുകയാണ് എല്ലാ ദുർമാർഗ്ഗങ്ങളിൽനിന്നും രക്ഷനേടാനുള്ള ഒറ്റമൂലി.

***സുബൈദ മുഹമ്മദ്***

---

പേജ് 42-ൽനിന്ന്

ണ്ടിരിക്കുന്നവരായിരുന്നു എന്നു നരകവാസികൾ ഏറ്റുപറയുന്നതായി വിശുദ്ധഖുർആൻ അരുൾ ചെയ്യുന്നു. അപ്പോൾ അല്ലാഹുവിന്റെ പ്രവൃത്തി കയ്യിലെടുക്കാൻ നമുക്കധികാരമില്ല.

മസീഹ് മൗഊദ്(അ) തുടരുന്നു. മനുഷ്യർ അവരുടെ ദുർവൃത്തിയിൽനിന്നും പിന്മാറുകയും ദുഷ്കൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോടു ക്ഷമയാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ ലോകത്ത് ഭയങ്കരമായ നാശങ്ങളും വിപത്തുകളും സംഭവിക്കും എന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. ഒരു വിപത്ത് അവസാനിക്കുന്നതിനു മുമ്പു തന്നെ മറ്റൊരു ഭയങ്കരനാശം തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഒടുക്കം മനുഷ്യർ ഈ ഭയങ്കര വിപത്തുകളാൽ സംഭ്രാന്തചിത്തരായി അഹോ ഇനിയെന്താണ് സംഭവിക്കുക എന്നു ചോദിച്ചുതുടങ്ങും. അനേകമാളുകൾ വിവിധ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെപ്പോലെ ആയിത്തീരും. ആകയാൽ അല്ലയോ നാട്ടുകാരായ സഹോദരരേ, ആ അഭിശപ്തനാളുകൾ വരുന്നതിനുമുമ്പായി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ."

ഈ ദൈവിക കാഹളത്തെ ശ്രവിക്കുവാനും അങ്ങനെ ഹദ്റത്ത് മുഹമ്മദുനബി(സ)യുടെ ശ്രേഷ്ഠ മാതൃകയെ അനുകരിക്കുകയും അദ്ദേഹത്തിന്റെ ഉത്ക്കൃഷ്ടമായ അധ്യാപനങ്ങളെ അനുസരിച്ച് തങ്ങളുടെ ജീവിതത്തിൽ പകർത്തുകയും ഒരാത്മീയപരിവർത്തനം നടത്തുകയും ചെയ്യുവാനുള്ള സൗഭാഗ്യം മുസ്‌ലിംസമുദായത്തിന് ലഭിക്കുമാറാകട്ടെ.

---

പേജ് 24-ൽനിന്ന്

അവസ്ഥയും കാണാൻ വളരെയധികം വിഷമമേറിയതായിരുന്നു. മസ്ജിദ് മുബാറഖിലും മുറികളിലും സ്റ്റെപ്പിലുമെല്ലാം ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കോടെ ഓടിനടന്നും വൈകുന്നേരങ്ങളിൽ കുട്ടികളോടൊപ്പം ഫുട്ബോൾ ഗ്രൗണ്ടിൽ പന്ത് കളിച്ചും ഉന്മേഷവാനായി മാത്രം എന്നും കണ്ടിട്ടുള്ള ആ മഹാമനുഷ്യൻ ആ കിടപ്പ് കിടക്കുന്നത് കണ്ടപ്പോൾ ഒരാൾക്കുംതന്നെ പൊട്ടിക്കരയാനാവാതെ അതിനുള്ളിൽനിന്നും ഇറങ്ങാൻ കഴിഞ്ഞില്ല. കുട്ടികളും സ്ത്രീകളുമെല്ലാം പൊട്ടിക്കരഞ്ഞുകൊണ്ടേയിരുന്നു. 29-ാം തിയ്യതി കാലത്തും സന്ദർശകർക്ക് കാണാനുള്ള അനുമതി നല്കിയിരുന്നു. അന്ന് വൈകുന്നേരം വലിയ വലിയ പട്ടാളഓഫീസർമാർ, സിക്കുകാരിൽപെട്ട വലിയ മതനേതാക്കന്മാർ, ഗവർമ്മെന്റ് തലത്തിലുള്ള ഉന്നതവ്യക്തികൾ, കേരളം, ഒറീസ, കാശ്മീർ, ഹൈദരബാദ്, പാക്കിസ്ഥാൻ എന്നുവേണ്ട എല്ലാ നാട്ടിൽനിന്നുമുള്ള പ്രതിനിധികൾ ഒരു വമ്പിച്ച ജനാവലിയുടെ അകമ്പടിയോടുകൂടി പുഷ്പങ്ങളാൽ അലങ്കരിച്ച ആ മയ്യത്ത്കട്ടിലിൽ അദ്ദേഹം യാത്രയായി. അതിന്റെ എതിർഭാഗത്തുള്ള ഒരിടവഴിയിൽകൂടി ഞാനടക്കമുള്ള ലജനകളും. ഈ വഴിയിൽകൂടി വിലാപയാത്ര പോകുന്നത് ഞങ്ങൾക്ക് കാണാമായിരുന്നു. ഒടുവിൽ അത് ബിഹിശ്തി മഖ്ബറയിൽ, ഒന്നാം ഖലീഫ തിരുമനസ്സിനെ തിരഞ്ഞെടുത്ത ആ സ്ഥലത്ത് വെയ്ക്കുകയുണ്ടായി. അവിടെയായിരുന്നു എല്ലാവരും കൂടിച്ചേർന്നുള്ള ജനാസ നമസ്കാരം. അവിടെ അത്യുന്നതനായ തന്റെ പൂർവ്വ പിതാമഹന്മാരോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ ബന്ധുക്കൾ ഖലീഫ അവ്വൽ സഹാബിമാർ തുടങ്ങി ധാരാളം മഹൽരത്നങ്ങളോടുമൊപ്പം അദ്ദേഹത്തേയും ഖബറടക്കം ചെയ്തു. നിശ്ശബ്ദയായ് ആ ഖബറുകളെ കണ്ണുനീരോടെ നോക്കിക്കൊണ്ട് ഇങ്ങനെ മനസ്സ് ഉരുവിട്ടുകൊണ്ടിരുന്നു.

"***അസ്സലാമു അലൈക്കും യാ അഹ്‌ലൽ ഖുബൂർ യഗ്ഫിറുള്ളാഹുലനാ വലക്കും, വ അൻതും സലഫുനാ, വഇന്നാ ഇൻശാ അല്ലാഹു ബിക്കും ലലാഹിഖൂൻ***".

അന്നുരാത്രി ശൂന്യമായ മനസ്സുമായി ഞങ്ങൾ വണ്ടികയറി. പിറ്റേദിവസം വൈകിട്ട് നാട്ടിലെത്തിച്ചേർന്നു. അൽഹംദുലില്ലാഹ്.

***ആബിദ ജലീൽ, കരുനാഗപ്പള്ളി***

# മഹ്ദീ ഉപദേശ മാധുര്യം

**കു**ഞ്ഞായിരുന്നപ്പോൾ കേട്ടുവളർന്നു ഞാൻ
മഹ്ദീ ഇമാമിൻ ഗുണഗണങ്ങൾ.
കുഞ്ഞായിരുന്നപ്പോൾ കണ്ടുവളർന്നു ഞാൻ
മഹ്ദീ മസീഹിന്റെ തൽസ്വരൂപം.
വീണ്ടും വളർന്നു ഞാനെത്തീ ഖലീഫതൻ
സ്നേഹാർദ്രമാകുമാ കൈകൾക്കുള്ളിൽ.
തൻകരം എന്റെ ശിരസ്സിലർപ്പിച്ചു, തൻ
പോക്കറ്റിൽ കൈകളാൽ തപ്പിനോക്കി.
മാധുര്യമേറുമാചോക്ലേറ്റു രണ്ടെണ്ണം
പുഞ്ചിരിയോടെയെനിയ്ക്കു നല്കി,
നന്നായി പഠിയ്ക്കണം ദീനിനുവേണ്ടി നീ
നിൻജീവനെന്നെന്നുമേ കാഴ്ചവയ്ക്കൂ.
മഹ്ദി ഇമാമിന്റെ ദാസിയായി തീരേണം
മറ്റുള്ളോർക്കെന്നുമേ മാതൃകയാകണം
ബയ്അത്തിന്റെർത്ഥങ്ങൾ അപ്പാടെ വായിച്ചു
നിത്യവും ജീവനിൽ കാഴ്ചവയ്ക്കേണം നീ
മറ്റുള്ളോർ നല്കും പ്രതിഫലമൊന്നുമേ
ആശിയ്ക്കാനൊട്ടുമേ പാടുള്ളതല്ലാ നീ
മറ്റുള്ളോർക്കെന്നും നീ ചെയ്യുമലുകൾ-
ഒട്ടും വിടാതവൻ കാണുന്നതോർക്കു നീ
നിൻകരം എന്നുമേ കൂപ്പി നീ നില്ക്കേണം
നിൻദൃഷ്ടി എന്നുമേ മേലോട്ടതാകേണം
എന്നും സ്വരങ്ങളിൽ ദൈവമുണ്ടാകേണം
ഞാനെന്ന ഭാവമതേതുമേ പാടില്ലാ
മാതാപിതാക്കളോ ദൈവമാണെന്നോർക്കേണം.
ദൈവത്തെ എന്നും മുറുകെ പിടിയ്ക്കണം
ചുറ്റും നടക്കുന്ന തെറ്റുകളോരോന്നും
മെല്ലെ ക്ഷമിച്ചു നീ മുന്നോട്ടു പോകേണം
അന്ധകാരത്തിൽ വഴികെട്ടുഴലുമീ
മർത്യന്നുപദേശം നല്കും കരങ്ങളിൽ
ആഴത്തിൽ വേഗത്തിലള്ളിപ്പിടിച്ചു നീ
ജീവിതം മുന്നോട്ടു ഭാസുരമാക്കുവാൻ
ജീവന്റെ ജീവനിൽ സത്യം പകരുവാൻ
ജീവിതമാകുമീ തോണി തുഴഞ്ഞു നീ
ചാഞ്ചല്യമില്ലാതെ മുന്നോട്ടു പോകുക.

*ആബിദാ ജലീൽ*

# ഖിലാഫത്തും മുസ്‌ലിംകളും

നിങ്ങൾ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയുമാണെങ്കിൽ നിങ്ങളിൽ ഖിലാഫത്തുണ്ടായിരിക്കുമെന്ന് അല്ലാഹു പരിശുദ്ധഖുർആനിൽ വാഗ്ദത്തം നല്കിയതാണ്. എന്നാലിന്ന് അഹ്മദിയ്യാ ഖിലാഫത്ത് ഒഴികെ മറ്റാരിലും ഖിലാഫത്ത് നിലനില്ക്കുന്നില്ല. നാമമാത്രമാണെങ്കിലും പതിമൂന്നര നൂറ്റാണ്ട് തുടർന്നുവന്ന ഖിലാഫത്ത് അവസാനിക്കുകയും പ്രവാചകപ്രഭുവായ തിരുനബി(സ)യുടെ അരുളപ്പാടനുസരിച്ചുവന്ന മഹ്ദി മസീഹ് മുഖേന പരിശുദ്ധ അഹ്മദിയ്യാ ജമാഅത്ത് നിലവിൽ വരികയും ചെയ്തു. ഇന്നും ഭൂരിപക്ഷ മുസ്‌ലിംകൾ ഈ ജമാഅത്തിനെ അവഗണിക്കുകയും നിന്ദാർഹമായ നിലയിൽ കാണുകയും ചെയ്യുന്നു. അവർ അല്ലാഹുവിന്റെ വചനങ്ങളെ അഗണ്യമാക്കുകയും തിരുനബി(സ)യുടെ താക്കീതുകളെ വകവയ്ക്കാതിരിക്കുകയുമാണ് ചെയ്യുന്നത്.

അവസാനകാലത്ത് എന്റെ സമുദായം മുൻസമുദായങ്ങളെപ്പോലെ നിഷേധികളും വേദങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നവരുമായിരിക്കുമെന്ന് മഹാനായ തിരുനബി(സ) അരുളിയിട്ടുണ്ട്. അന്ത്യപ്രവാചകനെന്നു പറഞ്ഞുകൊണ്ട് തിരുനബിയുടെ ശ്രേഷ്ഠസ്ഥാനത്തിന് ഇവർ കളങ്കം ചാർത്തുകയാണ് ചെയ്യുന്നത്. തിരുനബിതന്നെ പറയാത്ത അർത്ഥകല്പനകളാണ് ഹദീസുകൾക്കും ഖുർആൻ വചനങ്ങൾക്കും ഇവർ നല്കിയിരിക്കുന്നത്. അവസാനം എവിടംവരെയെത്തിയെന്നാൽ ഖിലാഫത്തിന്റെ ആവശ്യം നമുക്കില്ലെന്നും ഈ ദീനിനെ മുന്നോട്ടുനയിക്കാൻ നമുക്കും നമ്മുടെ സംഘടനകൾക്കും സാധിക്കുമെന്നുവരെ ഇവർ ഘോഷിക്കുകയും ചെയ്യുന്നു. ലോകാരംഭം മുതൽ മനുഷ്യരായ ചിലരെ തന്റെ ദാസന്മാരായി തിരഞ്ഞെടുത്തുകൊണ്ട് അവരിലൂടെ തന്റെ സന്ദേശം മാനവകുലത്തിന് മൊത്തത്തിൽ നല്കുകയാണ് അല്ലാഹുവിന്റെ സുന്നത്ത്. ഈ സുന്നത്തിന് ഒരിക്കലും മാറ്റമുണ്ടാവുകയില്ലെന്ന് പരിശുദ്ധഖുർആനിലും വ്യക്തമാക്കുന്നു. മഹാനായ പ്രവാചകൻ(സ) തന്റെ ശേഷം തന്റെ ദീനിനുണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പു നല്കുകയും തനിക്കുശേഷം തന്റെ ദീനിനെ സംരക്ഷിക്കാൻ പതിനാലാം നൂറ്റാണ്ടിൽ ഇബ്നുമർയം അവതരിക്കുമെന്നും അദ്ദേഹം അവതരിച്ചുകഴിഞ്ഞാൽ തന്റെ സലാം എത്തിക്കണമെന്നും തന്റെ സമുദായത്തോട് താക്കീതു ചെയ്യുകയുമുണ്ടായി.

ഇബ്നുമർയം മരിച്ചുപോയ ഈസാനബി(അ) ആണെന്നും അദ്ദേഹംതന്നെ തിരിച്ചുവരേണമെന്നും ഇവർ വാശിപ്പിടിക്കുന്നു. മരിച്ചവരാരും തിരിച്ചുവരില്ലെന്നും മറ്റു പ്രവാചകന്മാരെപ്പോലെ ഈസാനബി(അ)യും മണ്ണടിഞ്ഞുപോയെന്നും ഖുർആൻ വ്യക്തമാക്കുന്നു. ഇവിടെയാണ് തിരുഹദീസിന്റെ പുലർച്ച കാണുന്നത്. തന്റെ സമുദായം മുൻകഴിഞ്ഞ സമുദായത്തെപ്പോലെ ചാണിനു ചാണായും മുഴത്തിനു മുഴമായും പിൻതുടർന്നുപ്പോകുമെന്ന് തിരുഹദീസ് വ്യക്തമാക്കുന്നു. യഹൂദർ തങ്ങൾ ഏകദൈവത്തിലും തങ്ങൾക്കിറക്കിയ വേദത്തിലും വിശ്വസിക്കുന്നവരാണെന്നവകാശപ്പെട്ടിരുന്നെങ്കിലും അല്ലാഹു നിയോഗിച്ച ഈസാനബിയിലും ഈസാനബിയ്ക്ക് നല്കപ്പെട്ടതിലും വിശ്വസിച്ചില്ല. ക്രിസ്ത്യാനികളാകട്ടെ ഈസാനബി വരെയുള്ള പ്രവാചകന്മാരേയും ഇൻഞ്ചീലിനേയും വിശ്വസിച്ചപ്പോൾ ലോകാനുഗ്രഹിയായ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യേയോ അദ്ദേഹത്തിന് നല്കപ്പെട്ട പരിശുദ്ധഖുർആനെയോ അംഗീകരിച്ചില്ല. ഇതുകാരണം, ഒരുകൂട്ടർ അല്ലാഹുവിന്റെ കോപത്തിനും മറ്റൊരുകൂട്ടർ അല്ലാഹുവിന്റെ ശാപത്തിനും ഇരയായിത്തീർന്നു. കൂടാതെ തങ്ങളുടെ താല്പര്യങ്ങൾക്ക് അനുഗുണമായി സത്യത്തേയും അല്ലാഹുവിന്റെ കല്പനകളേയും തള്ളിക്കളയാൻ ഇവർ സന്നദ്ധരായി. ഇവരെ കുറ്റം പറയാൻ ഇന്നത്തെ മുസ്‌ലിംകൾക്ക് എന്തവകാശമാണുള്ളത്? ഇവരും ഇതുതന്നെയാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹുവിലും തിരുനബി(സ)യിലും വിശ്വസിക്കുന്നുവെന്നു എന്നു പറയുന്നവർ ഖുർആൻ വചനങ്ങളേയും തിരുഹദീസുകളേയും നിഷ്പ്രയോജനമായ നിലയിൽ വ്യാഖ്യാനിച്ച് പരസ്പരം കാഫിറെന്ന് വിളിച്ചാക്ഷേപിക്കുകയും ചെയ്യുന്നു.

അവർ അല്ലാഹുവിനെ മനസ്സിലാക്കേണ്ടവിധം മനസ്സിലാക്കിയിട്ടില്ല (ഖുർആൻ). അറേബ്യൻ മുശ്‌രിക്കുകൾ തിരുനബി(സ)യോടു പറഞ്ഞതായി ഖുർആൻ വ്യക്തമാക്കുന്നു.

നീ പരസ്യമായി ആകാശത്ത് കരേറിപ്പോകുക. എന്നിട്ട് ഞങ്ങൾക്ക് വായിക്കാവുന്ന ഗ്രന്ഥം ഇറക്കിക്കൊണ്ടുവരുന്നതുവരെ നിന്റെ ആകാശാരോഹണം ഞങ്ങൾ വിശ്വസിക്കുകയില്ല (ഖുർആൻ,17:94). ഇതേ ആവശ്യങ്ങളുടെ മറ്റൊരു പതിപ്പാണ് മസീഹ് മൗഊദിനോടും പണ്ഡിതന്മാരെന്നു പറഞ്ഞുനടക്കുന്ന കാലത്തിന്റെ ജീവനില്ലാത്ത മുല്ലാക്കമാരും ആവശ്യപ്പെട്ടിട്ടുള്ളത്. അങ്ങനെ മുൻസമുദായത്തിന്റെ ചര്യകളെ അവലംബിച്ചുകൊണ്ട് സ്വയം നാശത്തിൽ ആപതിക്കുകയാണ് ഇന്നത്തെ മുസ്‌ലിം സമുദായം.

അല്ലാഹു ഇവർക്ക് നേർമാർഗ്ഗം കാണിച്ചുകൊടുക്കുകയും ഇസ്‌ലാമിന്റെ യഥാർത്ഥ ഖിലാഫത്തായ അഹ്മദിയ്യാ ഖിലാഫത്തിൽ അണിചേരാൻ ഇടയാക്കുകയും ചെയ്യുമാറാകട്ടെ (ആമീൻ).

**ലൈല, കോഴിക്കോട്**

# നമസ്കാരം

നമസ്കാരത്തെക്കുറിച്ച് വിശുദ്ധഖുർആൻ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ, അതോടൊപ്പം ആ വിശുദ്ധഗ്രന്ഥം ഇങ്ങനേയും പറഞ്ഞിരിക്കുന്നു. (***ഫ വയ്‌ലുലിൽമുസല്ലീൻ അല്ലസീനഹും അൻസ്വലാത്തിഹിംസാഹൂൻ***) നമസ്കാരത്തിന്റെ യഥാർത്ഥത്തെക്കുറിച്ച് ബോധമില്ലാതെ നമസ്കരിക്കുന്നവർക്ക് അഹോ കഷ്ടം. നമസ്കാരം എന്നാൽ എന്താണ്? അത് ദുഷ്ചിന്തകളും ദുരേച്ഛകളും ഇല്ലാതാകുന്നതിനും ദൈവത്തോട് പരിശുദ്ധമായ പ്രേമവും പാവനമായൊരു ബന്ധവും ഉണ്ടായിത്തീരുന്നതിനും ദൈവശാസനകൾക്കൊത്ത് ജീവിക്കുവാനും അതിന് സൗഭാഗ്യം ലഭിക്കുവാനും വേണ്ടി ആത്മതൃഷ്ണയോടും ഹൃദയവേദനയോടും കൂടെ ദൈവത്തോട് ചെയ്യപ്പെടുന്ന ഒരു പ്രാർത്ഥനയാകുന്നു. നമസ്കാരത്തിന് അറബിയിൽ സ്വലാത്ത് എന്ന് പറയുന്നു. പ്രാർത്ഥനാവേളയിൽ മനുഷ്യൻ തന്നിൽ ഒരുതരം മൃത്യുവരുത്തിയാലല്ലാതെ ദൈവം പ്രാർത്ഥന സ്വീകരിക്കുന്നില്ല. പ്രാർത്ഥനയുടെ ആന്തരികത്വം അറിയുന്നവർ വളരെ ചുരുക്കം പേർ മാത്രമാകുന്നു. ഇന്നിന്ന കാര്യങ്ങൾക്കായി പ്രാർത്ഥന നടത്തിയിട്ട് അത് അല്ലാഹു സ്വീകരിച്ചില്ലെന്ന് പറയുന്നവരുമുണ്ട്. പ്രാർത്ഥകന്റെ ഹൃദയം ദൈവത്തിന്റെ മുമ്പിൽ ഉരുകിപ്പോകുമാറ് തപിക്കുകയും അവൻ ക്ഷമയോടും സ്ഥൈര്യത്തോടുംകൂടി ദൈവാനുഗ്രഹത്തിനായി അർത്ഥിക്കുകയും ചെയ്യുന്നു. നമസ്കാരം വളരെ പ്രധാനമായ പ്രാർത്ഥനാകർമ്മമാകുന്നു. എന്നാൽ, അർഹിക്കുന്ന തരത്തിൽ ജനങ്ങൾ അതിന് വില കല്പിക്കുന്നില്ല. ഇക്കൂട്ടർ നമസ്കാരത്തിന്റെ യഥാർത്ഥ താല്പര്യം ഗ്രഹിക്കാത്തവരത്രെ. നമസ്കാരമെന്ന പാവനമായ ആചാരമുള്ളപ്പോൾ ഭക്തന് യാതൊരു അനാചാരത്തിന്റേയും ആവശ്യമില്ലതന്നെ. വല്ല ബുദ്ധിമുട്ടും നേരിട്ടാൽ വുസു (അംഗശുദ്ധി) ചെയ്ത് നമസ്കാരത്തിലേർപ്പെടുകയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്യുകയായിരുന്നു നബിതിരുമേനിയുടെ സമ്പ്രദായം. ഭക്തനെ ദൈവവുമായി അടുപ്പിക്കുന്നതിന് നമസ്കാരത്തേക്കാൾ ഉത്തമമായി യാതൊരു കർമ്മവുമില്ല.

നമസ്കാരത്തിൽ കൈക്കൊള്ളുന്ന റുക്കൂഅ് സുജൂദ് എന്നീ നിലകൾ മനുഷ്യന്റെ വിനയത്തിന്റേയും സമഭാവനകളുടേയും ഒരു ചിത്രീകരണമാണ്. ഒരുവൻ തന്റെ ബാഹ്യാവയവങ്ങളോടൊപ്പം അന്തകരണത്തേയും അനുസരണ വിധേയമാക്കുകയും സ്വാർത്ഥവിചാരങ്ങളെയെല്ലാം ഉന്മൂലനം ചെയ്യുകയും ചെയ്യുന്നതോടുകൂടി അവന്റെ വ്യക്തിത്വം ദൈവത്തിങ്കൽ വലയം പ്രാപിക്കുന്നു. അപ്പോൾ അവൻ തന്റെ ശിരസ്സ് ദൈവസന്നിധിയിൽ വെച്ചുകൊടുക്കുന്നു. ഇപ്പറഞ്ഞത് യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത കേവലം ഒരു പ്രസ്താവനയല്ല. ഇഷ്ടമുള്ള ഏവർക്കും ഇതിനെ പരീക്ഷിച്ചുനോക്കുകയും അതിന്റെ ഫലങ്ങൾ പരിശോധിച്ചറിയുകയും ചെയ്യാവുന്നതാണ്.

മനുഷ്യൻ തനിക്ക് വല്ല ആപത്തോ ക്ലേശമോ നേരിട്ടാൽ വുസു ചെയ്ത് ദൈവസന്നിധിയിൽനിന്ന് അവനോട് പ്രാർത്ഥിക്കേണ്ടതാവശ്യമാകുന്നു. അവൻ മനുഷ്യന്റെ പ്രാർത്ഥന കേൾക്കുന്നവനും ദയാലുവും സർവ്വജ്ഞനും അഗാധജ്ഞാനിയുമത്രെ. അവനല്ലാതെ സഹായകനും രക്ഷകനുമായി മറ്റാരുമില്ല. അറിവില്ലാത്ത ജനം രോഗം ബാധിക്കുമ്പോൾ ഡോക്ടറുടെ അടുക്കലും വ്യവഹാരം ചെയ്യുമ്പോൾ വക്കീലിന്റെ സമീപത്തും പാഞ്ഞുചെല്ലുകയല്ലാതെ ദൈവത്തെ ഓർക്കുന്നേയില്ല. അവൻ തങ്ങളുടെ പരിശ്രമങ്ങളുടേയും ആശ്രയസാധനകളുടേയും ഇടയ്ക്ക് ദൈവത്തിന് അല്പമെങ്കിലും സ്ഥലം അനുവദിക്കുന്നില്ല. അങ്ങനെ ദൈവത്തിന് ഈവക കാര്യങ്ങളിൽ യാതൊരു പങ്കും ഇല്ലെന്ന് വിചാരിക്കുമാറ് അവർ പ്രവർത്തിക്കുന്നു. സത്യവശ്വാസിയാകട്ടെ, ആദ്യമായി ദൈവത്തെ വിചാരിക്കുകയും അവനിൽ പൂർണ്ണമായി ആശ്രയം കൊള്ളുകയും അവങ്കൽ ദൃഢമായി വിശ്വസിക്കുകയും അതനുസരിച്ച് സമാധാനപരമായി സഹായത്തെ അവലംബിക്കുകയും ചെയ്യുന്നു.

***ആയിശ, കുമ്പള***

നാസിറാത്ത് കോർണർ

# നബി(സ)യുടെ മാഹാത്മ്യം

മനുഷ്യവംശത്തിന്റെ ഉന്നമനത്തിനുവേണ്ടി ലോകത്ത് വന്ന് മഹത്തായ മാറ്റങ്ങൾ വരുത്തി തന്റെ ജീവിതകാലത്തുതന്നെ വിജയശ്രീലാളിതനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യ്ക്ക് എതിരായി ലോകമെമ്പാടും ആസൂത്രിതമായി ആരോപണങ്ങളും ആക്ഷേപങ്ങളും ഉയർന്നുവരുന്ന കാലമാണല്ലോ ഇത്. ഇത്തരം ഇല്ലാക്കഥകൾ കേട്ട് സമരവും ജീവനാശവും വസ്തുനാശവും വരുത്തി മുസ്ലിംകൾ ഇത്തരക്കാർതന്നെ എന്ന് മറ്റുള്ളവർക്കു പറയാൻ നമ്മൾ അവസരം കൊടുക്കരുത്. അതിന് നാം നബി(സ)യുടെ മഹനീയ ജീവിതചരിത്രം നന്നായി പഠിച്ചു മനസ്സിലാക്കുകയും മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുകയും വേണം.

ലോകത്ത് ബഹുദൈവാരാധന കൊടികുത്തി വാഴുന്ന കാലം നന്മയുടെമേൽ തിന്മയും മാലാഖമാരുടെ സ്ഥാനത്ത് ശൈത്താനിക ഹൃദയമുള്ളവരും ശക്തിയാർജ്ജിച്ച ലോകം, അജ്ഞതയുടെ അന്ധവിശ്വാസങ്ങളുടെ, അധികാരമോഹികളുടെ കൂത്തരംഗായ അറേബ്യൻ ജനത.

വിശുദ്ധഖുർആൻ ആ കാലഘട്ടത്തെ ഇങ്ങനെ വിശേഷിപ്പിക്കുന്നു. "***ളഹറൽഫസാദ ഫിൽബർറി വൽ ബഹർ***" 'കടലിലും കരയിലും അധർമ്മം വ്യാപിച്ചിരിക്കുന്നു.'

അജ്ഞതയിലും അന്ധവിശ്വാസത്തിലും ഉഴലുന്ന തന്റെ ദാസരുടെ നേരെ അല്ലാഹുവിന്റെ കാരുണ്യകടാക്ഷം പതിഞ്ഞിരിക്കുന്നു. ഹദ്റത്ത് ഇബ്റാഹിം നബിയുടെ പ്രാർത്ഥനാ സ്വീകാര്യതയ്ക്ക് സമയമായിരിക്കുന്നു. വിജനമായ മക്കാമരുഭൂമിയിൽ ദൈവികപ്രഭ ഉദിച്ചുതുടങ്ങുകയായി. ഖുറൈശി ഗോത്രത്തിൽ ബനൂഹാശിം കുടുംബത്തിൽ അബ്ദുല്ലാഹിബ്നു അബ്ദുൽ മുത്തലിബിന്റേയും ആമിനാബീബിയുടേയും പൊന്നോമന പുത്രനായി ലോകത്തെ മാറ്റിമറിച്ച ആ ദിവ്യശിശു പിറന്നുവീണത് എ.ഡി. 570 റബീഉൽ അവ്വൽ 12-നാണ്.

അല്ലാഹു ഖുർആനിൽ അദ്ദേഹത്തെക്കുറിച്ച് പറയുകയാണ്. "സർവ്വലോകങ്ങൾക്കും അനുഗ്രഹമായിട്ടല്ലാതെ നാം നിന്നെ അയച്ചിട്ടില്ല.

"നിനക്ക് വേണ്ടിയല്ലായിരുന്നെങ്കിൽ നാം ഈ ലോകം സൃഷ്ടിക്കില്ലായിരുന്നു.

"നിശ്ചയമായും നീ അതിവിശിഷ്ട സ്വഭാവഗുണത്തോടുകൂടിയവനത്രെ.

"അല്ലാഹുവിന്റെ പ്രവാചകനിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്."

ധാർമ്മികവും ആത്മീയവുമായ അധഃപതനത്തിന്റെ ആഴക്കടലിൽ വീണുകിടക്കുന്നവരെ ഉത്തമ സംസ്കാരത്തിന്റേയും നാഗരികതയുടേയും ഉടമകളാക്കി മാറ്റി, ലോകത്ത് കാരുണ്യത്തിന്റേയം മാനുഷികതയുടേയും സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും ഉത്തമ മാതൃക കാണിച്ചുകൊടുത്തു പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് മുസ്തഫ(സ).

ഖുർആൻ പറയുന്നു: "ഓ നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായി അയച്ചിരിക്കുന്നു." (33:46)

"അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്കു ക്ഷണിക്കുന്ന ആളായും പ്രകാശം നൽകുന്ന വിളക്കായും നിന്നെ അയച്ചിരിക്കുന്നു." (33:47)

പറയുന്നു. നിങ്ങൾ അല്ലാഹുവിനേയും, ഈ ദൂതനേയും അനുസരിക്കുക. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം (ഓർക്കുക) അല്ലാഹു അവിശ്വാസികളെ സ്നേഹിക്കുന്നില്ല." (3:33)

നബി(സ) പറഞ്ഞു: 'നമ്മുടെ അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറുനിറച്ച് ഭക്ഷണം കഴിക്കുന്നവൻ നമ്മിൽപെട്ടവനല്ല."

അദ്ദേഹം പറയുന്നു: 'ആരുടെ നാവിൽനിന്നും കയ്യിൽനിന്നും മറ്റുള്ളവർ സുരക്ഷിതരാണോ അവനാണ് മുസ്ലിം." നമ്മുടെ നബി(സ) പഠിപ്പിച്ചുതന്നു. "വൃത്തി സത്യവിശ്വാസത്തിന്റെ ഭാഗമാണ്."

പ്രവാചക(സ) പറയുന്നു. "നിങ്ങൾ വയറിന്റെ രണ്ട് ഭാഗം ആഹാരം കഴിക്കുകയും ഒരുഭാഗം വെള്ളം കുടിക്കുകയും ഒരുഭാഗം കാലിയാക്കി ഇടുകയും

# ചൊരിയപ്പെടും അനുഗ്രഹം

**ക**ർക്കിടക വിണ്ണിൻ മൺകുടം പൊട്ടട്ടെ
തുള്ളിക്കൊരുകുടം മണ്ണിൽ ചൊരിയട്ടെ
പെയ്യട്ടെ മഴ തിമർത്തുപെയ്യട്ടെ
അകവും പുറവും നിറഞ്ഞുപെയ്യട്ടെ
സൃഷ്ടിക്കു കനിവായ് കുളിരായി
സ്രഷ്ടാവിൻകാരുണ്യം തകർത്തുപെയ്യട്ടെ
താരും തളിരും കുതിർന്നുതണുക്കട്ടെ
കനവും നിനവും നിറഞ്ഞുവഴിയട്ടെ
നനഞ്ഞുകുതിർന്നു നിറയട്ടെ മണ്ണ്
വിളഞ്ഞുനിറഞ്ഞു ചൊരിയട്ടെ ഭൂമി
ദളമർമ്മരത്താൽ മുഴക്കട്ടെ നന്ദി
ഒഴുക്കട്ടെ സ്തോത്രം പ്രപഞ്ചനാഥന്
മനവും മാനവും കുളിരട്ടെ നമ്മുടെ
നാഥന്റെ കാരുണ്യം വാഴ്ത്തട്ടെ നിത്യം.

---

ചെയ്യുക. ഭക്ഷണം കഴിക്കുന്നതിനുമുമ്പേ കൈകഴുകുക. ഭക്ഷണശേഷം വൃത്തിയാക്കുക. രണ്ട് നേരമെങ്കിലും പല്ല് തേക്കുക. അങ്ങനെ ഒരു മനുഷ്യന് ഭൗതികവും ആത്മീയവുമായ ജീവിതവിജയത്തിനാവശ്യമായ എല്ലാ മാതൃകകളും അദ്ദേഹം പഠിപ്പിച്ചു.

അദ്ദേഹം ഉപദേശിച്ചു. "മാതാപിതാക്കളെ അനുസരിക്കുക. വലിയവരെ ബഹുമാനിക്കുക. ചെറിയവരെ സ്നേഹിക്കുക. സത്യം മാത്രം പറയുക. പാവങ്ങളോടും മറ്റു ജീവികളോടും ദയ കാണിക്കുക."

വിശുദ്ധഖുർആൻ പറയുന്നു. "വല്ലവരും അല്ലാഹുവിനേയും നബിയേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ളവരായ നബിമാർ, സ്വാലിഹീങ്ങൾ, സിദ്ദീഖുകൾ, ശുഹദാക്കൾ എന്നിവരുടെ കൂടെ ഉൾപ്പെടുന്നതാണ്. അവർ ഏറ്റവും നല്ല കൂട്ടുകാരത്രെ. ഇത് അല്ലാഹുവിൽനിന്നുള്ള അനുഗ്രഹമാണ്. എല്ലാ കാര്യവും അറിയുന്നവനായ അല്ലാഹു മതി. (4:70,71)

കേവലം 63 വർഷത്തെ ജീവിതംകൊണ്ട് ലോകത്തെ മറ്റൊരു നേതാവും കാണിക്കാത്ത ജീവിതമാതൃക കാഴ്ചവെച്ച് എ.ഡി. 623-ൽ ആ ദീപം അണഞ്ഞു.

അല്ലാഹു നബി(സ)യോട് പറയുന്നു. "നിശ്ചയം നിനക്ക് ഒരിക്കലും അവസാനിക്കാത്ത പ്രതിഫലമുണ്ട്" (68:4). വിശുദ്ധഖുർആൻ അരുളുന്നു. "അല്ലാഹുവും മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളെ നിങ്ങളും അദ്ദേഹത്തിന് അനുഗ്രഹവും ശാന്തിയും സമാധാനവും ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുക." (33:57)

അതുകൊണ്ട് നാം എന്നും നബിയുടെ മേൽ ധാരാളമായി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കേണ്ടതാണ്.

***ജസീല ജലീൽ***

## അന്നൂർ ബുള്ളറ്റിൻ

കണ്ണൂർ ടൗൺ ജമാഅത്തിലെ സാദിയസലിം (കണ്ണൂർ യൂണിവേഴ്സിറ്റി) ബി.ബി.എം ഫൈനൽ ഇയർ പരീക്ഷയിൽ ഒന്നാം റാങ്കിന്നർഹയായി. സലിം സാഹിബിന്റേയും വഹീദ സലിം സാഹിബയുടേയും മകളാണ് സാദിയ. കണ്ണൂർ ടൗൺ ജമാഅത്തിലെതന്നെ സയീറ അബ്ദുല്ലാ കണ്ണൂർ യൂണിവേഴ്സിറ്റി എം.എ (ഇംഗ്ലീഷ്) പരീക്ഷയിൽ ഒന്നാം റാങ്കിന്നർഹയായി. രണ്ടുവർഷം മുമ്പേ ബി.എ (ഇംഗ്ലീഷ്)ക്കും ഒന്നാം റാങ്കിന്നർഹയായിരുന്നു. അബ്ദുല്ലാ സുബൈർ സാഹിബിന്റേയും ജാസ്മിൻ അബ്ദുല്ല സാഹിബയുടേയും മകളാണ്. ഈ രണ്ടു പേർക്കും അന്നൂറിന്റെ അഭിനന്ദനങ്ങൾ.

പഴയങ്ങാടി ജമാഅത്തിലെ അഹ്മദ് അലി സാഹിബിന്റേയും റംലത്ത് സാഹിബയുടേയും മൂന്നാമത്തെ മകൾ, ഹഫീമ അഹ്മദ് അലി, സ്റ്റേറ്റ് മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 10-ാം റാങ്ക് കരസ്ഥമാക്കി. മൗലവി സി.പി. ആലിക്കുട്ടി സാഹിബിന്റേയും, ഹൈദ്രോസുകുട്ടി സാഹിബി (റിട്ട. ചീഫ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ലക്ഷദ്വീപ്)ന്റേയും പേരമകളാണ് വഖ്ഫെനൗ പദ്ധതിയിൽ അംഗമായ ഹഫീമ.

ദ്വീപിലെ ഹമീദ്കോയ സാഹിബിന്റേയും, നസീമ സാഹിബയുടേയു മകൾ സനഹമീദ്, ലക്ഷദ്വീപ് മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ 2-ാം സ്ഥാനത്തിനനർഹയായി. ഇവർക്കിരുവർക്കും അന്നൂറിന്റെ അഭിനന്ദനങ്ങൾ.

## അറിയിപ്പുകൾ

മൗലവി മുഹമ്മദ് ഉമർ സാഹിബും അമത്തുൽ ഹഫീസ് സാഹിബയും ഖാദിയാനിലേക്ക് പോയ വിവരം എല്ലാവരും അറിഞ്ഞുകാണുമല്ലോ. അമത്തുൽ ഹഫീസ് സാഹിബയുടെ സ്ഥാനത്തേക്ക് സംസ്ഥാന പ്രസിഡണ്ടായി, നായിബ് സദറായി ഇത്രയും കാലം പ്രവർത്തിച്ച ബി. താഹിറ സാഹിബയേയും നായിബ് സദറായി, അന്നൂർ സഹപത്രാധിപ ബി. സൈനബി മസ്ഊദ് സാഹിബയേയും കേന്ദ്ര ലജ്ന ഇമായില്ലാ സദർ നിയമിച്ചിരിക്കുന്നു. എല്ലാവരും സദർ സാഹിബയോട് പൂർണ്ണമായും സഹകരിക്കണമെന്നപേക്ഷിക്കുന്നു. സദർ സാഹിബയുടെ മേൽവിലാസം.

**B.Thahira,**
**“Thamanna”, Payangadi R S- 673 058. Ph: 2870731**

---

ലേഖനങ്ങൾ ആരുംതന്നെ അയച്ചുതരുന്നില്ല. മാന്യവായനക്കാർ നല്ല ലേഖനങ്ങൾ അയച്ചുതന്ന് ‘അന്നൂറി’നോട് സഹകരിക്കണമെന്നപേക്ഷിക്കുന്നു. മേഖലാ സെക്രട്ടറിമാർ അവരവരുടെ കീഴിലുള്ള ജമാഅത്തുകളിൽനിന്നും നല്ല ലേഖനങ്ങൾ സഹപത്രാധിപക്ക് അയച്ചുകൊടുക്കാനപേക്ഷ.

“നിങ്ങളുടെ ഹൃദയം വഞ്ചനയിൽനിന്ന് വിശുദ്ധവും നിങ്ങളുടെ കൈകൾ അക്രമങ്ങളിൽനിന്ന് വിമുക്തവും നിങ്ങളുടെ കണ്ണുകൾ അശുദ്ധികളിൽനിന്നതീതവുമായിരിക്കട്ടെ. നിങ്ങളുടെ ഹൃത്തടങ്ങളിൽ സദ്വിചാരവും സമസൃഷ്ടികളോടുള്ള സഹാനുഭൂതിയുമല്ലാതെ മറ്റൊന്നുമില്ലാതിരിക്കട്ടെ........ ഏതൊരാളുടെ ജീവിതനില സംശയഗ്രസ്തമാണോ, ഏതൊരാളെക്കുറിച്ച് ചതിപ്രയോഗം നടത്തുന്നുവെന്ന് ആക്ഷേപിക്കപ്പെടാമോ അഥവാ, ഏതൊരാൾ കുഴപ്പങ്ങളുണ്ടാക്കുന്ന പ്രകൃതക്കാരനോ മറ്റെന്തെങ്കിലും തരത്തിലുള്ള അശുദ്ധതകളുള്ളവനോ ആയിരിക്കുന്നുവോ അങ്ങനെയുള്ളവൻ ഈ ജമാഅത്തുമായി ബന്ധപ്പെട്ടുനില്ക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.” -

ഹദ്റത്ത് അഹ്മദ്(അ)